കമ്മ്യൂണിറ്റി റേഡിയോ നിലയങ്ങൾ
അയൽപക്കത്തെ ജനകീയ മാധ്യമം

ചമയകല:
പട്ടണം റഷീദ്

സിക്കിം: ശൂന്യസ്ഥലവും
താഴ്‌വരകളും

സ്വൈരവചനം: വേഷങ്ങൾക്ക്
പിന്നിൽ ഒരു ആശ്വാസ വചനം

JULY | VOL.05 | ISSUE 07

മലയാളി.com magazine 2026



# കാൽപ്പന്തു കളിയിലെ മാസ്മരികത

**രാഹുൽ ഗാന്ധി**

## ചെറുത്തുനിൽപ്പിന്റെ രാഷ്ട്രീയം

**യു ഡിഎഫ് സർക്കാർ**

## വി.ഡി.എസും യൂടേണും

**ഓർമ്മ**

## മരണത്തിലും മായാത്ത ഫ്രെയിമുകൾ


445+
SHOWROOMS
14 COUNTRIES
MALABAR
GOLD & DIAMONDS
GOLDEN SUMMER
A Season Of Golden Rewards
Up to
50% off
On Gold Making Charges
& Diamond Value
*T&C Apply Offer Not Valid In Santa Clara
Valid from
27th June to 26th July, 2026

മലയാളി.com Magazine
DIGITAL MAGAZINE
2026 JULY VOL/05 ISSUE/7
Contact: mag@emalayalee.com | www.emalayalee.com

# പാസ്പോർട്ടും പൗരത്വവും

പാസ്പോർട്ട് പൗരത്വത്തിൻറെ തെളിവ് അല്ലെന്നുള്ള വിദേശമന്ത്രാലയത്തിൻറെ നിലപാട് ഒരു കടന്നൽ കൂടു ഇളക്കി വിട്ടിരിക്കുകയാണ് .ഇന്ത്യയിലെ 140 കോടി ജനങ്ങളിൽ പാസ്പോർട്ട് ഉള്ളവരുടെ സംഖ്യ ചെറിയ ഒരു ശതമാനം മാത്രമാണ് . ഒട്ടേറെ നിയമപരമായ പരിശോധനകൾക്ക് ശേഷം ഇന്ത്യൻ പൗരരന്മാർക്ക് നൽകുന്ന ഈ രേഖ അപൂർവ്വം സന്ദർഭങ്ങളിൽ പൗരന്മാർ അല്ലാത്തവർക്കും നൽകാമെന്നു വ്യവസ്ഥയുണ്ട്. അത് നാമമാത്രമായ പേർക്കു അടിയന്തിര സാഹചര്യങ്ങളിൽ ലഭിക്കുന്ന ആനുകുല്യമാണ്.അതിന്റെ പേരിൽ ഒരു ജനതയെ മുഴുവൻ പൌരത്വത്തിൽ നിന്ന് മാറ്റി നിർത്താനാകും എന്ന നിലപാട് എടുക്കുന്നത് നിയമപരമായും പ്രായോഗികമായും ശരിയല്ല. ഇന്ത്യ തന്നെ ഒപ്പ് വെച്ച അന്താരാഷ്ട്ര കൺവൻഷനുകൾക്കും നിരക്കുന്നതല്ല ഇത് .കേന്ദ്രം വൻ തുക ചെലവഴിച്ചു നടപ്പാക്കിയ ആധാർ കാർഡ് പൌരത്വത്തിന്റെ രേഖ അല്ലെന്നു അടുത്തിടെയാണ് സുപ്രീം കോടതി വിധിച്ചത് .ആറു മാസത്തിൽ ഏറെ ഇന്ത്യയിൽ താമസിക്കുന്നവർക്ക് ആർക്കും ആധാർ രേഖ കരസ്ഥമാക്കാം എന്ന ലൂപ്ഹോൾ ഉപയോഗിച്ചായിരുന്നു കേന്ദ്രം അതിനെ എതിർത്തത്.സംസ്ഥാന വ്യാപകമായി നടത്തിയ വോട്ടർപട്ടികയുടെ സമഗ്ര പരിഷ്ക്കരണത്തിലും ആധാർ അടിസ്ഥാനരേഖയായി അംഗീകരിക്കപ്പെട്ടിരുന്നില്ല. പശ്ചിമ ബംഗാളിൽ മാത്രം മുപ്പതു ലക്ഷത്തോളം പേരാണ് വോട്ടർ പട്ടികയിൽ പേര് ചേർക്കാൻ അട്ജുഡിക്കേഷൻ കാത്തു കഴിയുന്നത് .എസ് ഐ ആ റിൽ നിന്ന് ഇതു വരെ ആറുകോടിയോളം പേരാണ് പുറത്തായിരിക്കുന്നത്. വോട്ടർ പട്ടികയിൽ പേര് ചേർക്കാൻ ആധാരമായി കമ്മീഷൻ അംഗീകരിച്ച 12 രേഖകളിൽ പാസ്പോർട്ട് ഉണ്ടായിരുന്നു .ഇതിനിടെ ഒരു പ്രമുഖ പത്രപ്രവർത്തകൻ തന്നെ ബംഗാളിൽ തന്നെ വോട്ടർ പട്ടികയിൽ നിന്ന് ഒഴിവാക്കിയെന്നും പാസ്പോർട്ട് പുതുക്കി നൽകിയില്ലെന്നും കുറ്റപ്പെടുത്തി പരസ്യമായി രംഗത്തെത്തി .ടെലഗ്രാഫ് എഡിറ്റർ രാജഗോപാൽ ആണ് അത് .അച്ഛൻ പൊതു വേദിയിൽ പങ്കെടുക്കുന്ന പഴയ ചിത്രങ്ങൾ തപ്പി നടക്കുകയാണ് അദ്ദേഹം ഇപ്പോൾ . പ്രശ്നം സംഘപരിവാർ അനുഭാവികളെ പോലും അങ്കലാപ്പിലാക്കിയിട്ടുണ്ട്. ഒരു പ്രമുഖപത്രപ്രവർത്തകൻ തന്നെ അതിനെതിരെ രംഗത്ത് വരുന്നു .ഒരു കാലത്ത് ഇന്ത്യ ആയിരുന്ന പാകിസ്ഥാനിൽ നിന്ന് വന്ന അദ്ദേഹത്തിൻറെ ആശങ്ക ഈ വിഷയം ആരെയും ബാധിക്കമെന്ന സൂചന നൽകുന്നു .ശശി തരൂർ എം പി ആണ് ഇതിനെതിരെ വന്ന മറ്റൊരു പ്രശസ്തവ്യക്തി .ആധാറും പാസ്പോർട്ടും പൌരത്വത്തിൻറെ തെളിവുകൾ ആയി കണക്കാക്കണം എന്നദ്ദേഹം ആവശ്യപ്പെടുന്നു .പൌരൻന്മാർ അല്ലാത്തവർക്ക് മറൊരു കളർ കാർഡാണ് അദ്ദേഹം നിർദ്ദേശിക്കുന്നത് .

ബി ജെ പി അധികാരത്തിൽ വന്ന നാൾ മുതൽ പൗരത്വം വലിയൊരു വിഷയമായി മാറി എന്നതാണ് വാസ്തവം .പൌരത്വ വിരുദ്ധ പ്രക്ഷോഭങ്ങളോടെ അത് ഒടുങ്ങി എന്ന് കരുതിയവർക്ക് ഒരു മുന്നറിയിപ്പായിരുന്നു എസ് ഐ ആറും ആധാറും ഇപ്പോൾ പാസ്പോർട്ടും .രാജ്യമൊട്ടാകെ സെൻസസ് നടക്കാനിരിക്കെയാണ് ഇതെല്ലാം .

പൗരത്വം ഒരു സുപ്രധാന വിഷയമാണെന്ന് സ്വതന്ത്ര ഇന്ത്യയുടെ ശൈശവ ദശയിൽ തന്നെ നിയമനിർമ്മാണത്തിലൂടെ വ്യക്തമാക്കിയിരുന്നു .അതിനായുള്ള നിബന്ധനകളും ഭരണഘടനയിൽ ഉണ്ട് .ഇന്ത്യയിൽ ജനിച്ച ഇന്ത്യാക്കാരായ എല്ലാവർക്കും സ്വമേധയാ പൗരത്വം ലഭിക്കും .മറ്റു രാജ്യങ്ങളുടെ പൌരത്വമോ പാസ്പോട്ടോ കരസ്തമാക്കിയവർക്ക് വിലക്കുണ്ട് .അതെ പോലെ ഇവിടെ വന്നു സ്ഥിരമായി താമസിക്കുന്നവർക്കും അനുമതിയില്ലാതെ ഇവിടെ കഴിയാനാകില്ല .വിഭജനകാലത്ത് മറ്റിടങ്ങളിൽ പെട്ടു പോയ പൗരന്മാർക്കും ഇവിടെ പൌരത്വത്തിനു അർഹതയില്ല.മതപീഡനം നേരിടുന്ന മറ്റു രാജ്യങ്ങളിലെ ഹിന്ദു, കൃസത്യൻ ബുദ്ധ വിഭാഗത്തിൽ പെട്ട ഇന്ത്യക്കാർക്ക് പൗരത്വം നല്കാമെന്നു പുതിയ പൌരയ്വ ഭേദഗതി നിയമം (സി ഏ ഏ) അനുവദിക്കുന്നു.ആസ്സാമിലെ ഹിന്ദു അഭയാർഥികളെ ലക്ഷ്യമാക്കിയാണ് ഈ നിയമം .പക്ഷെ അവിടെ പോലും പോലും ഇതിനുള്ള രേഖകൾ എവിടെ നിന്ന് ലഭിക്കും എന്ന പ്രശ്നമുണ്ട് ? ഇന്ത്യയിൽ പ്രായം ചെന്നവരിൽ ഭൂരിഭാഗത്തിനും ജനന സർട്ടിഫിക്കറ്റോ വിദ്യാഭ്യാസ രേഖകളോ ഇല്ല എന്നത് പ്രശ്നം വഷളാക്കുന്നു . വോട്ടർ പട്ടികയിൽ നിന്ന് പുറത്തായവർക്ക് പുറമേ ഈ സംഖ്യ ഇനിയും വർദ്ധിക്കും .

ഇന്ത്യയുടെ പൗരത്വ നിയമം അനുസരിച്ചു ഒരു അടിസ്ഥാന രേഖ സൃഷ്ടിക്കുകയാണ് അഭികാമ്യം ആധാർ അതിനു പറ്റിയ ചുവടു വെയ്പ്പായിരുന്നു ആരെങ്കിലും ക്രമരഹിതമായോ ന്നിയമവിരുദ്ധമായോ .അത് നേടിയിട്ടുണ്ടെങ്കിൽ സർക്കാരിന് നിയമനടപടികൾ സ്വീകരിക്കാവുന്നതെ ഉള്ളൂ .പകരം ഓരോ പൗരനും മുൾമുനയിൽ ആകുന്നതു അഭികാമ്യമല്ല .ഓരോ തവണയും ഓരോ രേഖയും പോരാ എന്ന് പറയുമ്പോൾ അത് സമൂഹത്തിൽ സൃഷ്ടിക്കുന്ന ആശങ്കകൾ വലുതാണ് .ഒരു രേഖ എന്ന നിലയിൽ ഇന്ത്യൻ പാസ്പോർട്ടിന്റെ വില നാൾക്കു നാൾ ഉയരുമ്പോൾ ആണ് ഇങ്ങനെ നെഗറ്റീവ് ആയ നടപടികൾ .രാജ്യമില്ലാതെ വിമാനത്താവളങ്ങളിൽ ആയുസ്സു മുഴുവൻ കഴിയേണ്ടി വരുന്ന ടെർമിനൽ മാൻ ആകാൻ നമ്മുടെ പൌരമാരെ നാം പറഞ്ഞു വിടരുത് .


*സ്നേഹത്തോടെ,*

ഇ-മലയാളി പത്രാധിപസമിതി

EDITORIAL BOARD

**George Joseph** Editor-in-Chief | **Sunil Tristar** Managing Editor | **P.S. Joseph** Executive Editor | **Antony Kanayamplackal** Senior Editor | **Anju** Design | **Abhi** Cover

CONTENTS







05 ദേശീയ രാഷ്ട്രീയം : രാഹുൽ ഗാന്ധി
ചെറുത്തു നിൽപ്പിന്റെ രാഷ്ട്രീയം
പി എസ് ജോസഫ്

09 കേരളം
വി. ഡി. എസും യൂടേണും!
എം കെ നാരായണ മൂർത്തി

13 കായിക രംഗം/ലോകകപ്പ്
കാൽപ്പന്തിന്റെ മാസ്മരികത

17 ചെറുകഥ
ഒരു കപ്പു ജീവിതം
സി ഹനീഫ്

23 മാധ്യമം
മരണത്തിലും മായാത്ത
ഫ്രെയിമുകൾ
കുര്യൻ കെ തോമസ്

31 ചെറുകഥ
ഒരു മരണാനന്തര റിയാലിറ്റി ഷോ
വിജയ കുമാർ കളരിക്കൽ

37 മാധ്യമം
കമ്മ്യൂണിറ്റി റേഡിയോ നിലയങ്ങൾ
അയൽപക്കത്തെ ജനകീയ മാധ്യമം
ഡി പ്രദീപ് കുമാർ

47 സിനിമ /പ്രത്യേക അഭിമുഖം
ചമയകല: പട്ടണം റഷീദ്
മീട്ടു റഹ്മത്ത് കലാം

59 ചെറുകഥ
മറുതീരം തേടുന്നവർ
രമ്യ രതീഷ്

63 അച്ചുതം – 10
ച്യുതിയിലാത്തവൻ
മാങ്ങാട് രത്നാകരൻ

67 ചെറുകഥ
പരേതൻ
ട്രീസ കെ വി

70 കവിത
ഡിജിറ്റൽ തടവറ
സോയ നായർ

71 നമുക്ക് മരങ്ങളെ സംരക്ഷിക്കാം
ആനി പോൾ

72 ആനി
അജയ് നാരായണൻ

73 ഭഗവത് ഗീത – 9
രാജരാജവിദ്യാരാജഗുഹ്യയോഗം
സുധീർ പണിക്കവീട്ടിൽ

77 നോവൽ
നിഗൂഢതകളുടെ തടവറ – 4

85 യാത്ര: സിക്കിം 8
ശൂന്യസ്ഥലവും താഴ്‌വരകളും
സുഭാഷ് വലവൂർ

90 പുസ്തകലോകം
മലയാള നാട് സ്മരണകളിൽ
സുവർണ്ണ രേഖ
സർഗ്ഗജ്വലനത്തിന്റെ മാന്ത്രികത
കെ ബാലചന്ദ്രൻ

95 സിനിമ
ഗാർഹിക പീഢനത്തിനെതിരെ
ഒരു പോരാട്ടം
മാത്യു സണ്ണി കെ

98 സിനിമ
ബാലൻ
ഒരമ്മയുടെ കഥ, മകന്റെയും

99 കല/കഥകളി
വൈരവചനം: വേഷങ്ങൾക്ക്
പിന്നിൽ ഒരു ആശ്വാസ വചനം
എം ടി സാജു





105 സിനിമ /എന്റെ സംഗീത വഴികൾ
എന്റെ ഹാർമോണിയം പെട്ടി
എസ് രാജേന്ദ്ര ബാബു

111 അഞ്ജലി: ഭാരതിരാജ
മുതൽ മരിയാതെ !

115 അഞ്ജലി : സലിം കുമാർ
മായാത്ത ചിരി

118 ചിത്രലോകം
വത്സരാജ്






ആൻഡമാനിൽ ആണെങ്കിലും കോട്ടയിലെ നീറ്റു വിരുദ്ധ യുദ്ധങ്ങളിൽ ആണെങ്കിലും ഉയരുന്ന പ്രതിഷേധം ഒരു സൂചനയായി എടുത്താൽ രാഹുൽ സ്വയം ചെറുത്തു മുന്നേറുകയാണ് എന്ന് മനസ്സിലാകും .

രാഹുൽ കോട്ടയിൽ വിദ്യാർഥികൾക്കൊപ്പം

## രാഹുൽ ഗാന്ധി

# ചെറുത്തു നിൽപ്പിന്റെ രാഷ്ട്രീയം

പി എസ് ജോസഫ്

ഇരുപത് വർഷമായി രാഹുൽ ഗാന്ധി രാഷ്ട്രീയത്തിൽ ഇറങ്ങിയിട്ട് .കോൺഗ്രസ് നേതൃത്വത്തിൽ ഉള്ള യു പി എ സർക്കാർ അധികാരത്തിൽ ഇരിക്കുന്ന കാലത്തായിരുന്നു ഒരു നിയോഗം പോലെ രാഹുൽ കോൺഗ്രസ് തലപ്പത്ത് എത്തിയത് .ഒന്ന് മനസ്സു വെച്ചിരുന്നെങ്കിൽ 2009 ഇൽ അദ്ദേഹത്തിന് ഇന്ത്യയുടെ പ്രധാന മന്ത്രി ആകാൻ കഴിയുമായിരുന്നു . എന്നാൽ അധികാര സ്ഥാനങ്ങൾ ഒന്നും കരസ്ഥമാക്കാതെ അദ്ദേഹം പാർട്ടി പ്രവർത്തനത്തിൽ മുഴുകുകയാണ് ഉണ്ടായത് ..ആദർശശാലിയും രാഷ്ട്രീയമായി മാന്യത പാലിക്കുന്ന വ്യക്തിയുമായ രാഹുലിനെ ഗുജറാത്ത് കലാപത്തെ തുടർന്നുണ്ടായ സങ്കീർണ്ണമായ രാഷ്ട്രീയ വ്യവസ്ഥിതിയിൽ ,ഹിന്ദുത്വ ഒരു വികാരമായി ഇന്ത്യ മുഴുവൻ വ്യാപിച്ച വേളയിൽ രാഷ്ട്രീയമായി അവഗണിക്കാനും ഒരു പരിധിവരെ ആക്ഷേപിക്കാനും പ്രതിയോഗികൾക്ക് കഴിഞ്ഞു .ആപ്പും പ്രതിപക്ഷവും നടത്തിയ ശക്തമായ അഴിമതി വിരുദ്ധ പ്രക്ഷോഭങ്ങളും ടു ജി വിര്ദ്ധ പോരാട്ടവും രാഹുലിനെ ബാധിച്ചു .നരേന്ദ്ര മോദി പുതിയ ഭരണത്തിന്റെ മുഖമായി മാറി .മോദി ഭരണത്തിന്റെ പന്ത്രണ്ടാം വാര്ഷികമായിരുന്നു അടുത്തയിടെ ആഘോഷിച്ചത് .എന്നാൽ അനുദിനം ശോഷിച്ചു കൊണ്ടിരിക്കുന്നു എന്ന തോന്നൽ ഉളവാക്കിയ ഇന്ത്യ മുന്നണിയിലെ രാഹുൽ ഗാന്ധിയുടെ പ്രസംഗം ആയിരുന്നു ഏറെ രാ

> **ആദർശശാലിയും രാഷ്ട്രീയമായി മാന്യത പാലിക്കുന്ന വ്യക്തിയുമായ രാഹുലിനെ ഗുജറാത്ത് കലാപത്തെ തുടർന്നുണ്ടായ സങ്കീർണ്ണമായ രാഷ്ട്രീയ വ്യവസ്ഥിതിയിൽ , ഹിന്ദുത്വ ഒരു വികാരമായി ഇന്ത്യ മുഴുവൻ വ്യാപിച്ച വേളയിൽ രാഷ്ട്രീയമായി അവഗണിക്കാനും ഒരു പരിധിവരെ ആക്ഷേപിക്കാനും പ്രതിയോഗികൾക്ക് കഴിഞ്ഞു**



**രാഹുൽ ,കെ സി വേണുഗോപാൽ ,ഘാർകെ**

ഷ്ട്രീയ ശ്രദ്ധ നേടിയത് .ഒരു മാസം കഴിഞ്ഞിട്ടും അതിന്റെ അനുരണ നങ്ങൾ അവസാനിക്കുന്നില്ല .പപ്പു എന്ന് ആക്ഷേപിച്ചു

പ്രതിയോഗികൾ തള്ളി കളഞ്ഞ രാഹുൽ അവസാനം ഇന്ത്യക്ക് പ്രിയങ്കരനായ നേതാവ് ആയി മാറുകയാണോ ?രാഷ്ട്രീയ മായി ബി ജെപി നേതൃത്വത്തിൽ ഉള്ള എൻ ഡി എ സംഖ്യം അതി ന്റെ ഏറ്റവും ഔന്നത്യത്തിൽ കഴി യുന്ന വേളയിൽ ഇതൊരു അധിക പ്രസംഗം ആയി തോന്നാമെങ്കിലും ഒരു നേതാവ് എന്ന നിലയിൽ രാ ഹുൽ വലിയ ഉയരങ്ങളിൽ എത്തു ന്നതാണ് നാമിപ്പോൾ കാണുന്നത് .

എൻ ഡി എ സംഖ്യം ഭരണത്തി ന്റെ പതിമൂന്നാം വർഷത്തിൽ പഴ യ മുഗൾ സാമ്രാജ്യത്തെപ്പോലെ ഇന്ത്യ മുഴുവൻ വ്യാപിക്കുന്ന കാ ഴ്ചയാണ് ഉള്ളത് .പശ്ചിമ ബംഗാ ളിൽ എസ് ഐ ആർ നടപ്പാക്കി അവർ അധികാരത്തിൽ എത്തി യെന്ന് മാത്രമല്ല ,ബി ജെ പിക്ക്

> **അനു ദിനം ശോഷിച്ചു കൊണ്ടിരിക്കുന്നു എന്ന തോന്നൽ ഉളവാക്കിയ ഇന്ത്യ മുന്നണിയിലെ രാഹുൽ ഗാന്ധിയുടെ പ്രസംഗം ആയിരുന്നു ഏറെ രാഷ്ട്രീയ ശ്രദ്ധ നേടിയത് .ഒരു മാസം കഴിഞ്ഞിട്ടും അതിന്റെ അനുരണനങ്ങൾ അവസാനിക്കുന്നില്ല**

നേരെ ശക്തമായി നില കൊണ്ടി രുന്ന തൃണമൂൽ കോൺഗ്രസിനെ പിളർക്കുകയും ചെയ്തു .

ശോഷിച്ച ഒരു പാർടിയുടെ നേ താവാണ് മമത ബാനർജി ഇന്ന്. അവരുടെ ഇരുപത്തെട്ടിൽ ഇരുപ തു എം പിമാർ ഇന്ന് എൻ ഡി എ ക്കൊപ്പമാണ് .ശിവസേനയിൽ പിളർപ്പുണ്ടാക്കി ഭൂരിഭാഗം എം പി മാരെയും മുന്നണിയിൽ എത്തി ക്കാൻ അവർക്ക് കഴിഞ്ഞിരിക്കു ന്നു.പാർലമെന്റിൽ മൂന്നിൽ രണ്ടു ഭൂരിപക്ഷം എന്ന ലക്ഷ്യത്തിൽ ആണ് അവരിപ്പോൾ .അങ്ങനെ വന്നാൽ മണ്ഡല പുനർനിർണ്ണയം നടത്തി അടുത്ത തെരഞ്ഞെടുപ്പും അവർക്കു സ്വന്തമാകാൻ കഴിഞ്ഞു വെന്നു വരാം ..ഈ സാഹചര്യ ത്തിലായിരുന്നു മമത ഉൾപ്പടെയു ള്ളവർ പങ്കെടുത്ത ഇന്ത്യ മുന്നണി യോഗത്തിൽ രാഹുലിന്റെ പ്രസം ഗം .

ഇരുപതുവർഷം മുൻപുള്ള രാ ഹുലിൽ നിന്ന് അദ്ദേഹം എത്രയോ വളർന്നിരിക്കുന്നു എന്ന് പ്രസം ഗം വ്യക്തമാക്കുന്നു.മാത്രമല്ല കോൺഗ്രസ് പോരാട്ടത്തിൻറെ പാതയിൽ ആയിരിക്കും എന്നദ്ദേ ഹം ഉറപ്പു നൽകുന്നു .ഗാന്ധിജി യെ ഉദ്ധരിക്കുക മാത്രമല്ല ആ പോരാട്ടത്തിലാണ് തൻറെ പാർട്ടി എന്ന് ഉറപ്പ് പറയുകയും ചെയ്യുന്നു അദ്ദേഹം .ഇത് ഇന്ത്യൻ രാഷ്ട്രീയ ത്തിൽ വലിയൊരു മാറ്റത്തിൻറെ സൂചകമാണ് .രാഹുൽ എന്ന നേ

താവിൻറെ ശക്തമായ ഉദയം . വിജയിച്ചാലും ഇല്ലെങ്കിലും ഒരു പോരാട്ട ശക്തിയായി പാർട്ടി മുൻനിരയിൽ ഉണ്ടാകുമെന്ന പ്രഖ്യാപനമായിരുന്നു അത് .

രാഹുൽ ഗാന്ധിയുടെ ഇന്ത്യ മുന്നണി യോഗത്തിലെ പ്രസംഗം

'ഞാൻ 2004 മുതൽ കോൺഗ്രസ് പാർട്ടിയുടെ എംപിയാണ്. ഞാൻ എന്റെ ആദ്യ തിരഞ്ഞെടുപ്പിൽ മത്സരിച്ചു. ഇന്ത്യയിലെ മറ്റ് എല്ലാ പാർട്ടികളേക്കാളും അടിസ്ഥാനപരമായി വ്യത്യസ്തമായാണ് ഞങ്ങളുടെ പാർട്ടി സംഘടിപ്പിച്ചിരിക്കുന്നത്ഇത് ഞാൻ വിനയത്തോടെ പറയുകയാണ്.എന്തുകൊണ്ട്? കാരണം ആധുനിക ഇന്ത്യ നിലവിലില്ലാതിരുന്ന കാലത്ത് ഈ പാർട്ടി ഒരു ചെറുത്തുനിൽപ്പ് പ്രസ്ഥാനമായിട്ടാണ് ആരംഭിച്ചത്. മറ്റ് രാഷ്ട്രീയ പാർട്ടികളിൽ നിന്ന് വ്യത്യസ്തമായി, ഇന്ത്യൻ ഭരണകൂടത്തിന്റെ അടിസ്ഥാന സൗകര്യങ്ങളും സംരക്ഷണവും ഉപയോഗിച്ച് ഇത് കെട്ടിപ്പടുത്തതല്ല. എല്ലാ ഇന്ത്യക്കാരും തുല്യരാണ് എന്ന ആശയത്തെ സംരക്ഷിക്കുന്ന ഒരു ചെറുത്തുനിൽപ്പ് പ്രസ്ഥാനമാണ് കോൺഗ്രസ് പാർട്ടി.

ആർഎസ്എസിന്റെ കാഴ്ചപ്പാടിന് ഞങ്ങൾ അടിസ്ഥാനപരമായി എതിരാണ്. ബിജെപിക്കോ ആർഎസ്എസിനോ ഒപ്പം നിൽക്കുകയോ അവരുമായി ഒത്തുതീർപ്പ് നടത്തുകയോ ചെയ്യുന്നതിനു മുൻപ് ഞങ്ങൾ മരിക്കുംഞങ്ങൾ കോൺഗ്രസ് പാർട്ടിയിൽ മരിക്കും. അത് സംഭവിക്കാൻ ഞങ്ങൾക്ക് ജീവൻ തന്നെ നൽകേണ്ടി വരും . ആർഎസ്എസിനു മുന്നിൽ ഞങ്ങൾ തലകുനിക്കില്ല, ഞങ്ങളുടെ ജീവൻ അർപ്പിക്കാൻ തയാർ ആണെന്നു പറയുന്ന ലക്ഷക്കണക്കിന് കോൺഗ്രസ് പ്രവർത്തകർ ഈ രാജ്യത്തുണ്ടെന്ന് എനിക്കറിയാം.

ഈ ഗ്രൂപ്പിൽ ഒരു ആശയക്കുഴപ്പമുണ്ടെന്ന് പറയാൻ ഞാൻ ഖേദിക്കുന്നു. നിങ്ങളാണെങ്കിൽ എസ് പി , ടിഎംസി, ആർജെഡി, തുടങ്ങിയവർനിങ്ങൾ ഇതുവരെ ഉപയോഗിച്ച രാഷ്ട്രീയ ഉപകരണങ്ങൾ ഇപ്പോഴും പ്രവർത്തിക്കുമെന്ന് വിശ്വസിക്കുന്നു എന്നതാണ് അത് . ഇന്ത്യൻ ഭരണകൂടം അവർക്ക് പ്രവർത്തിക്കാൻ ഒരു നല്ല തലം ഒരുക്കി കൊടുത്തപ്പോൾ മാത്രമാണ് അവ പ്രവർത്തിച്ചത്. ആ തലം ഇപ്പോൾ നിലവിലില്ല. ബിജെപി ഭരണകൂടത്തിന്റെ സ്ഥാപനങ്ങളെ നിയന്ത്രിക്കുന്നു. ബിജെപി നിയമ വ്യവസ്ഥയെ നിയന്ത്രിക്കുന്നു. ബിജെപി ഉദ്യോഗസ്ഥവൃന്ദത്തെ നിയന്ത്രിക്കുന്നു. ബിജെപി തിരഞ്ഞെടുപ്പ് കമ്മീഷനെ പോലും നിയന്ത്രിക്കുന്നു.

**'എസ് പി , ടിഎംസി, ആർജെഡി, തുടങ്ങിയവർനിങ്ങൾ ഇതുവരെ ഉപയോഗിച്ച രാഷ്ട്രീയ ഉപകരണങ്ങൾ – ഇപ്പോഴും പ്രവർത്തിക്കുമെന്ന് വിശ്വസിക്കുന്നു എന്നതാണ് അത് . ഇന്ത്യൻ ഭരണകൂടം അവർക്ക് പ്രവർത്തിക്കാൻ ഒരു നല്ല തലം ഒരുക്കി കൊടുത്തപ്പോൾ മാത്രമാണ് അവ പ്രവർത്തിച്ചത്. ആ തലം ഇപ്പോൾ നിലവിലില്ല. ബിജെപി ഭരണകൂടത്തിന്റെ സ്ഥാപനങ്ങളെ നിയന്ത്രിക്കുന്നു. ബിജെപി നിയമ വ്യവസ്ഥയെ നിയന്ത്രിക്കുന്നു. ബിജെപി ഉദ്യോഗസ്ഥവൃന്ദത്തെ നിയന്ത്രിക്കുന്നു. ബിജെപി തിരഞ്ഞെടുപ്പ് കമ്മീഷനെ പോലും നിയന്ത്രിക്കുന്നു.' – രാഹുൽ**

അടുത്ത് തന്നെ മുൻപ് പ്രവർത്തിച്ചിരുന്ന ആ കുറച്ച് ഉപകരണങ്ങൾ പോലും പ്രവർത്തിക്കാതെയാകും, കാരണം ബിജെപിയും ആർഎസ്എസും ഇന്ത്യൻ ഭരണകൂടത്തിലുള്ള തങ്ങളുടെ പിടി മുറുക്കുകയാണ്. നൂറിലധികം വർഷങ്ങൾക്കു മുൻപ് കോൺഗ്രസ് പാർട്ടിയും ഇതേ അവസ്ഥയാണ് നേരിട്ടത് .



**രാഹുൽ ആൻഡമനിൽ**

1927-നു മുൻപ് ഞങ്ങൾ ഒരു രാഷ്ട്രീയ സംഘടനയായിരുന്നു. ഗാന്ധിജി ഇന്ത്യക്ക് സ്വാതന്ത്ര്യം വേണമെന്ന് പറഞ്ഞ ദിവസം,

ഞങ്ങൾ ഒരു ചെറുത്തുനിൽപ്പ് പ്രസ്ഥാനമായി മാറി.

രാഷ്ട്രീയ പാർട്ടികൾക്ക് പ്രവർത്തിക്കാൻ കഴിയുന്നില്ലെങ്കിൽ, എന്ത് ചെയ്യാനാകും? ചെറുത്തുനിൽപ്പ് ആണ് മാർഗം. ചെറുത്തുനിൽപ്പ് ഫലം കാണും. എവിടെ ചെറുത്തുനിന്നാലും, അത് പ്രവർത്തിക്കും. എന്റെ സ്വന്തം കണ്ണുകൊണ്ട് ഞാൻ അത് കണ്ടിട്ടുണ്ട്. ഈ രാജ്യത്തുടനീളം ഞാൻ 4,000 കിലോമീറ്റർ നടന്നു. ചെറുത്തുനിൽപ്പ് പ്രവർത്തിക്കുന്നു എന്ന് കണ്ടറിഞ്ഞു . നിങ്ങൾക്ക് രാഷ്ട്രീയ രാസവിദ്യ ആവശ്യമില്ല. നിങ്ങൾക്ക് ഉദ്യോഗസ്ഥവൃന്ദം ആവശ്യമില്ല. നിങ്ങൾക്ക് രഹസ്യാന്വേഷണ ഏജൻസികൾ ആവശ്യമില്ല. നിങ്ങൾ ചെറുത്തുനിൽക്കണം . അതായത് ഞാൻ അനീതി അനുവദിക്കില്ല എന്ന നിശ്ചയം ഉണ്ടാകണം . .

നിങ്ങൾ കരുതുന്നത് അടുത്ത തിരഞ്ഞെടുപ്പിൽ വിജയിക്കുക എന്നതാണ് വെല്ലുവിളി എന്നാണ്. അടുത്ത തിരഞ്ഞെടുപ്പിൽ നാം ഇതിനോടകം വിജയിച്ചു കഴിഞ്ഞു. ദയവായി മനസ്സിലാക്കുക: ഇന്ത്യയിലെ ജനങ്ങൾക്കിടയിൽ വളരെയധികം രോഷമുണ്ട് , അടുത്ത തിരഞ്ഞെടുപ്പ് ഇതിനോടകം വിജയിച്ചു കഴിഞ്ഞു. പ്രശ്നം ആർഎസ്എസ് ഇന്ത്യൻ ഭരണകൂടത്തിന്റെ ഉപകരണങ്ങളെ പിടിച്ചടക്കിയതാണ്. പ്രശ്നം നിങ്ങൾക്ക് വിജയിക്കാൻ ഒരു സ്വതന്ത്രവും നീതിയുക്തവുമായ തിരഞ്ഞെടുപ്പ് ഉണ്ടാകില്ല എന്നതാണ്.

അതുകൊണ്ട് നമ്മൾ ചെറുത്തുനിൽപ്പിന്റെ രീതിയിലേക്ക് പോകണം. ചെറുത്തുനിൽപ്പ് ഇണ്ടസ ആണ്. ചെറുത്തുനിൽപ്പ് ചഎജാ ആണ്. ചെറുത്തുനിൽപ്പ് ഗ്രേറ്റ് നിക്കോബാറിലേക്ക് പോകുകയാണ്. ചെറുത്തുനിൽപ്പ് ഭാരത് ജോഡോ യാത്രയാണ്. നിങ്ങൾ രാവിലെ എഴുന്നേൽക്കുമ്പോൾ ചോദിക്കുന്നു: എനിക്ക് എങ്ങനെ ചെറുത്തുനിൽക്കാൻ കഴിയും? നിങ്ങൾ എഴുന്നേൽക്കുമ്പോൾ പറയുന്നു: ഞാൻ ചെറുത്തുനിൽക്കും. അത് പ്രവർത്തിക്കും. അത് പ്രവർത്തിക്കുമെന്ന് ഞാൻ നിങ്ങൾക്ക് ഉറപ്പ് നൽകുന്നു.

എങ്ങനെ മുന്നോട്ട് പോകണം എന്നത് വളരെ ലളിതമാണ്. നമ്മൾ ഒരു പ്രത്യേക ആശയത്തിൽ നിന്ന് അകന്നുനിൽക്കണം. മമതാജിക്ക് 100% ഉറപ്പില്ല, പക്ഷേ അവരുടെ തിരഞ്ഞെടുപ്പ് മോഷ്ടിക്കപ്പെട്ടുവെന്ന് അവർക്ക് ഏകദേശം 90% ഉറപ്പുണ്ട്. ഉദ്ധവ് ജിക്ക് തങ്ങളുടെ തിരഞ്ഞെടുപ്പ് മോഷ്ടിക്കപ്പെട്ടുവെന്ന് 40% ഉറപ്പുണ്ട്. എന്റെ സഹോദരൻ തേജസ്വി ജിക്ക് 40% ഉറപ്പുണ്ട്. 100% തിരഞ്ഞെടുപ്പുകൾ മോഷ്ടിക്കപ്പെടുകയാണ്.

**ഘനഗംഭീരമായ പ്രസംഗം ആണ് രാഹുൽ നടത്തിയത് .പക്ഷെ ഓരോ സംസ്ഥാനവും സംഘടനയും സംഖ്യ കക്ഷികളും മുന്നണി വിടുക ആണെന്നതാണ് യാഥാർത്ഥ്യം. ഭരണ ഘടനയുടെ ഉപകരണങ്ങൾ ഉപയോഗിച്ചു ബി ജെ പി നടത്തുന്ന ഈ പോരാട്ടത്തിൽ കോൺഗ്രസ് ചെറിയ ഒരു ശക്തി മാത്രം ആണെന്നതാണ് വാസ്തവം**

ദയവായി നിങ്ങളുടെ മനസ്സിൽ നിന്ന് സംശയങ്ങൾ ഒഴിവാക്കുക. കൂടാതെ, ഒരു സോഷ്യൽ മീഡിയ സാന്നിധ്യം കെട്ടിപ്പടുക്കാൻ വർഷങ്ങളെടുക്കുമെന്ന് ദയവായി മനസ്സിലാക്കുക, ഒരാഴ്ചകൊണ്ട് അത് സ്വാഭാവികമായി സംഭവിക്കില്ല.

എനിക്ക് 10 ദശലക്ഷം യൂട്യൂബ് ഫോളോവേഴ്സ് ഉണ്ട്, പക്ഷേ എന്റെ അക്കൗണ്ട് പൂർണ്ണമായും അടിച്ചമർത്തപ്പെട്ടിരിക്കുന്നു. അതിനാൽ സോഷ്യൽ മീഡിയ നീതിയുക്തമാണെന്നും പ്രതിപക്ഷത്തെ അത് പിന്തുണയ്ക്കുന്നുണ്ടെന്നും നിങ്ങൾ ധരിക്കുന്നുണ്ടെങ്കിൽ, നിങ്ങൾ മറ്റൊരു യാഥാർത്ഥ്യത്തിലാണ് ജീവിക്കുന്നത്. മുഴുവൻ ഘടനയുംമാധ്യമങ്ങൾ, സോഷ്യൽ മീഡിയ, നിയമവ്യവസ്ഥ, ഉദ്യോഗസ്ഥവൃന്ദം, രഹസ്യാന്വേഷണ ഏജൻസികൾഈ സർക്കാരിനെ അധികാരത്തിൽ നിലനിർത്താൻ വേണ്ടി അണിനിരന്നിരിക്കുന്നു.

എന്നാൽ ഈ സർക്കാർ അതിജീവിക്കില്ല, കാരണം അത് നമ്മുടെ ജനാധിപത്യത്തെ തകർത്തു. അത് ഇന്ത്യൻ ജനതയുടെ ഭാവിയെ തകർത്തു. ഇറാനിലെ സംഭവവികാസങ്ങൾക്ക് ശേഷം എല്ലാം അനിയന്ത്രിതമാണ്, അത് ജനങ്ങളെ അണിനിരത്താൻ നമുക്കുവേണ്ടി ഒരു ഇടം സൃഷ്ടിക്കാൻ പോകുന്നു.'

രാഹുലിന്റെ മുന്നിലുള്ള വെല്ലുവിളികൾ

ഘനഗംഭീരമായ പ്രസംഗം ആണ് രാഹുൽ നടത്തിയത്. പക്ഷെ ഓരോ സംസ്ഥാനവും സംഘടനയും സംഖ്യ കക്ഷികളും മുന്നണി വിടുക ആണെന്നതാണ് യാഥാർത്ഥ്യം.ഭരണ ഘടനയുടെ ഉപകരണങ്ങൾ ഉപയോഗിച്ചു ബി ജെ പി നടത്തുന്ന ഈ പോരാട്ടത്തിൽ കോൺഗ്രസ് ചെറിയ ഒരു ശക്തി മാത്രം ആണെന്നതാണ് വാസ്തവം

എങ്കിലും പ്രതീക്ഷകൾ ഉണ്ട്. തമിഴ് നാട്ടിൽ ടി വി കെയുടെ ഉദയം അത്നൽകുന്നുണ്ട് .ഒന്നും അല്ലാതിരുന്ന കോക്രോച് ജനത പാർട്ടിയുടെ ഉദയം അത് നൽകുന്നുണ്ട് .

ആൻഡമാനിൽ ആണെങ്കിലും കോട്ടയിലെ നീറ്റു വിരുദ്ധ യുദ്ധങ്ങളിൽ ആണെങ്കിലും ഉയരുന്ന പ്രതിഷേധം ഒരു സൂചനയായി എടുത്താൽ രാഹുൽ സ്വയം ചെറുത്തു മുന്നേറുകയാണ് എന്ന് മനസ്സിലാകും . ആർക്കും വിജയം തീറു നല്കിയിട്ടില്ല എന്നതാണല്ലോ ജനാധിപത്യത്തിൻറെ മാധുര്യം .

# വി.ഡി.എസും യൂടേണും



എം.കെ  നാരായണമൂർത്തി



കേരളത്തിൽ അധികാരത്തിൽ വന്ന യു.ഡി.എഫ് സർക്കാരിനെ ജനങ്ങൾ വലിയ പ്രതീക്ഷയോടെയാണ് എതിരേറ്റത്. പ്രതിപക്ഷത്തിരുന്നപ്പോൾ വളരെ നന്നായി ശോഭിച്ചിരുന്ന ഇപ്പോഴത്തെ മുഖ്യമന്ത്രി വി.ഡി സതീശൻ വിസ്മയങ്ങൾ തീർക്കുമെന്ന് ഏറ്റവും കുറഞ്ഞത് സർക്കാർ ഉദ്യോഗസ്ഥരെങ്കിലും വിശ്വസിച്ചു.അധികാരമേറ്റയുടനെ ധവളപത്രം പുറത്തിറക്കി.പിന്നാലെ ബജറ്റും. ബജറ്റ്  അവതരണം കഴിഞ്ഞതോടെയാണ് യു.ഡി.എഫ് സംവിധാനത്തിന് പുറത്ത് ചില തീരുമാനങ്ങൾ ധനകാര്യമന്ത്രി കൂടിയായ താൻ എടുക്കുമെന്ന് സതീശൻ പറയാതെ പറയാൻ ശ്രമിച്ചത്.യു.ഡി,എഫിന്റെ മദ്യനയം വരുന്നതിന് മുമ്പ് തന്നെ വീര്യം കുറഞ്ഞ മദ്യത്തിന്റെ നികുതി 120 ശതമാനമായി കുറച്ച് കൊണ്ടുള്ള അദ്ദേഹത്തിന്റെ ബജറ്റ്  പ്രഖ്യാപനം വന്നു .ബാക്കാഡി കമ്പനിയ്ക്ക് വേണ്ടിയാണ് ഇത്തരം ഒരു നീക്കം നടത്തിയതെന്ന് പ്രതിപക്ഷവും മാധ്യമങ്ങളും

കോൺഗ്രസ്സിൽ ഒരു കാലത്തും സമവായമുണ്ടാകാത്ത ഒന്നാണ് മദ്യനയം. കോൺഗ്രസ് അധികാരത്തിലായാലും പുറത്തായാലും മദ്യത്തിന്റെ കാര്യം വരുമ്പോൾ ചേരികൾ രൂപപ്പെടും. വി,എം സുധീരൻ എല്ലാക്കാലത്തും മദ്യ വിരുദ്ധനാണ്. അബ്കാരികളുടെ പക്കൽ നിന്നും സംഭാവന പോലും സ്വീകരിക്കാത്തയാൾ. പക്ഷേ കെ. ബാബു അങ്ങനെയല്ല. തൃപ്പൂണിത്തുറയിലും പരിസരത്തും ബോർഡ് വയ്ക്കാൻ കാശു വേണമെങ്കിൽ അബ്കാരികൾ വേണമെന്ന് അദ്ദേഹത്തിന് അറിയാം. മുസ്ളീം ലീഗിനാണെങ്കിൽ മദ്യം ഹറാമാണ്.

പറഞ്ഞു.ഇതു വരെ വിൽക്കാൻ അനുമതിയില്ലാത്ത ഒരു ഉൽപ്പന്നത്തിന് സാങ്കൽപ്പിക നികുതി ബജറ്റ് പോലൊരു രേഖയിൽ എഴുതി വയ്ക്കാനും വേണ്ടി വിഡ്ഢിയില്ല വി.ഡി സതീശനെന്ന് അദ്ദേഹത്തെ അറിയുന്നവർക്ക് അറിയാം.പിന്നെന്ത് കൊണ്ട് സ്വന്തം എക്സൈസ് മന്ത്രിയെ പോലും ഇരുട്ടിൽ നിറുത്തി ഇത്തരം പ്രഖ്യാപനം നടത്താൻ സതീശൻ തുനിഞ്ഞു?

കോൺഗ്രസ്സിൽ ഒരു കാലത്തും സമവായമുണ്ടാകാത്ത ഒന്നാണ് മദ്യനയം.കോൺഗ്രസ് അധികാരത്തിലായാലും പുറത്തായാലും മദ്യത്തിന്റെ കാര്യം വരുമ്പോൾ ചേരികൾ രൂപപ്പെടും.വി,എം സുധീരൻ എല്ലാക്കാലത്തും മദ്യ വിരുദ്ധനാണ്.അബ്കാരികളുടെ പക്കൽ

നിന്നും സംഭാവന പോലും സ്വീക രിക്കാത്തയാൾ.പക്ഷേ കെ.ബാബു അങ്ങനെയല്ല.തൃപ്പൂണിത്തുറയിലും പരിസരത്തും ബോർഡ് വയ്ക്കാൻ കാശു വേണമെങ്കിൽ അബ്കാരി കൾ വേണമെന്ന് അദ്ദേഹത്തിന് അറിയാം.മുസ്ളീം ലീഗിനാണെ ങ്കിൽ മദ്യം ഹറാമാണ്.മദ്യമില്ലാതെ കുഞ്ഞാലിക്കുട്ടി സാഹിബ് വ്യവ സായികളുടെ മീറ്റിംഗ് എങ്ങനെ സംഘടിപ്പിക്കുമെന്ന് ചോദിക്കരു ത്.കഥയിൽ ചോദ്യമില്ല.പാണക്കാ ട് കൂടിയ പ്രത്യേക പ്ളീനത്തിൽ അവരും വീര്യം കുറഞ്ഞ മദ്യത്തെ എതിർക്കുമെന്ന് പരസ്യ പ്രസ്താവ നയിറക്കി.പാംപ്ളാനി അച്ചനും ജി ഫ്രിക്കോയ തങ്ങൾക്കും ഇതൊക്കെ സർക്കാർ കാര്യമാണെന്നും തങ്ങൾ അഭിപ്രായം പറയേണ്ടതില്ലെന്നതി ലും സംശയമേയില്ല.ഇത്തരത്തി ലുള്ള അഭിപ്രായ വ്യത്യാസങ്ങളെ മറിക്കടക്കാനാണ് വി.ഡി.എസ് ശ്രമിച്ചതെന്നാണ് സതീശൻ ക്യാ മ്പിന്റെ അഭിപ്രായം.പക്ഷേ എരി തീയിൽ എണ്ണയൊഴിച്ച് കൊണ്ട് കെ.സി വേണുഗോപാൽ എത്തി യതോടെ വിഷയം പിന്നെയും വഷളായി.രമേശ് ചെന്നിത്തലയും തന്നാൽ ആകുന്ന കെണി ഇക്കാര്യ ത്തിൽ സതീശനിട്ടു വച്ചു.ഉമ്മൻചാ ണ്ടി സർക്കാരിന്റെ കാലത്ത് ബാറു കളുടെ എണ്ണം കുറച്ചു എന്ന പച്ച നുണയും കോൺഗ്രസ്സ് വക്താക്കൾ ടെലിവിഷൻ സ്റ്റുഡിയോകളിരുന്ന് പറഞ്ഞു.സുപ്രീം കോടതി ഉത്ത രവ് പ്രകാരം വേണ്ട ക്ളാസിഫി ക്കേഷൻ നേടാൻ ബാറുകാർക്ക് കഴിയാതെ വന്നപ്പോഴാണ് അന്ന് പൂട്ടലുകൾ നടന്നത്.അവർ ആ കൂ ട്ടലുകളും കിഴിക്കലുകളും നടത്തി വന്നപ്പോഴേയ്ക്കും ഒന്നാം പിണ റായി സർക്കാർ വന്നു കഴിഞ്ഞിരു ന്നു.അവ പിന്നെയും തുറന്നു.പിണ റായി വിജയൻ മദ്യപന്മാർക്ക് വേണ്ട ഒത്താശ ചെയ്തു എന്നൊക്കെ ചാ നൽ ചർച്ചകളിൽ പറഞ്ഞ് ബി.ആർ. എം ഷരീഫിനെ പോലുള്ള വക്താ ക്കൾ മദ്യചർച്ചകൾക്ക് അകമഴിഞ്ഞ പിന്തുണ നൽകി വി.ഡി സതീശന് തലവേദനയായി.

പി.എം.ശ്രീ പദ്ധതിയിൽ യൂ ടേൺ എടുത്തതായിരുന്നു അടുത്ത നീക്കം.വിദ്യാഭ്യാസ രംഗത്തെ കാ വിവൽക്കരിക്കാൻ നോക്കുന്ന

> **പി.എം.ശ്രീ പദ്ധതിയിൽ യൂടേൺ എടുത്തതായിരുന്നു അടുത്ത നീക്കം.വിദ്യാഭ്യാസ രംഗത്തെ കാ വിവൽക്കരിക്കാൻ നോക്കുന്ന പി.എം.ശ്രീ പദ്ധതിയെ തങ്ങൾ അധികാരമേറ്റ് ആദ്യദിനത്തിൽ തന്നെ കടലിലെറിയുമെന്നായിരു ന്നു യു.ഡി.എഫ് നേതാക്കൾ തെ രഞ്ഞെടുപ്പ് കാലത്ത് പ്രചരണരം ഗത്ത് പറഞ്ഞിരുന്നത്.വിദ്യാഭ്യാസ വകുപ്പ് മുസ്ളീംലീഗിനെ ഏൽ പ്പിക്കുക കൂടി ചെയ്തപ്പോൾ കറകളഞ്ഞ സഖാക്കൾ പോലും കോരിത്തരിച്ചതാണ്.കേന്ദ്രത്തിൽ നിന്നും ലഭിക്കേണ്ട നക്കാപിച്ച ഇല്ലാതെ മുന്നോട്ട് പോകാൻ കഴി യില്ലെന്നും അതു കൊണ്ട് അതിൽ ഒപ്പു വയ്ക്കേണ്ടി വരുമെന്ന് സതീശനും കൂട്ടരും നയം വ്യക്ത മാക്കിയപ്പോൾ കേരളം മൂക്കത്ത് വിരൽ വച്ചു പോയി**

പി.എം.ശ്രീ പദ്ധതിയെ തങ്ങൾ അധികാരമേറ്റ് ആദ്യദിനത്തിൽ തന്നെ കടലിലെറിയുമെന്നായിരു ന്നു യു.ഡി.എഫ് നേതാക്കൾ തെ രഞ്ഞെടുപ്പ് കാലത്ത് പ്രചരണരം ഗത്ത് പറഞ്ഞിരുന്നത്.വിദ്യാഭ്യാസ വകുപ്പ് മുസ്ളീംലീഗിനെ ഏൽപ്പി ക്കുക കൂടി ചെയ്തപ്പോൾ കറക ളഞ്ഞ സഖാക്കൾ പോലും കോരി ത്തരിച്ചതാണ്.

കേന്ദ്രത്തിൽ നിന്നും ലഭിക്കേണ്ട നക്കാപിച്ച ഇല്ലാതെ മുന്നോട്ട് പോ കാൻ കഴിയില്ലെന്നും അതു കൊണ്ട് അതിൽ ഒപ്പു വയ്ക്കേണ്ടി വരുമെ ന്ന് സതീശനും കൂട്ടരും നയം വ്യ ക്തമാക്കിയപ്പോൾ കേരളം മൂക്കത്ത് വിരൽ വച്ചു പോയി.കേന്ദ്ര സർക്കാ രിന്റെ കാശ് കൊണ്ട് വയ്ക്കുന്ന വീ ടിന്റെ മുന്നിൽ പ്രധാനമന്ത്രിയുടെ ചിത്രം വയ്ക്കുന്നതിൽ തെറ്റില്ലെന്ന് കണ്ടുപിടിച്ച കെ.എം ഷാജി പിന്നീ ട് നിലപാട് മാറ്റി.കേന്ദ്രസർക്കാരി ന്റെ മുദ്രപതിപ്പിക്കുന്നതിൽ തെറ്റി ല്ലെന്നാണ് താൻ പറഞ്ഞതെന്നും ഒരു മുദ്രയില്ലാത്തത് കൊണ്ട് പാ വപ്പെട്ടവർക്ക് വീട് വയ്ക്കാൻ ലഭി ക്കുന്ന അവസരം കളഞ്ഞു കുളിക്കു ന്നത് നെഹ്റുവിയൻ ചിന്താധാര കൾക്ക് എതിരാണെന്നും അദ്ദേഹം അതിവേഗം മനസ്സിലാക്കി.കേന്ദ്രവു മായി അനാവശ്യ ഉടക്കിന് താനില്ലെ ന്ന് കെ.എം ഷാജി അർത്ഥശങ്കയ്ക്ക് ഇടയില്ലാതെ വ്യക്തമാക്കിയപ്പോൾ പ്രതിപക്ഷത്തായിരുന്നപ്പോൾ ഇതല്ലായിരുന്നല്ലോ നിലപാടെന്ന് പത്രക്കാർ ചോദിച്ചു.കാലം മാറിയെ ന്നായിരുന്നു കെ.എം ഷാജിയെന്ന ചാണക്യന്റെ ഉത്തരം.

മാറ്റങ്ങൾക്ക് മാത്രം മാറ്റമില്ലെന്ന ആപ്തവാക്യം പിന്നെ അരക്കിട്ടു റപ്പിച്ചത് ബഹുമാന്യനായ കെ.മു രളീധരനാണ്.എരണംകെട്ടവർ ഭരിക്കുമ്പോൾ വൈറസുകൾ പടരുമെന്ന പഴയ പ്രസ്താവനയിൽ ഇപ്പോഴും ഉറച്ചു നിൽക്കുന്നുണ്ടോ യെന്ന ഏതോ മാധ്യമവിശാരദന്റെ ചോദ്യത്തിന് മറുപടി, അന്ന് താൻ പ്രതിപക്ഷത്തായിരുന്നു എന്നും ഇപ്പോൾ മന്ത്രിയാണെന്നും ഓർ മ്മിപ്പിക്കലായിരുന്നു.മുരളീധരന്റെ രാഷ്ട്രീയ പാപ്പരത്തത്തിന്റെ മറ്റൊരു ഉദാഹരണമായേ അതിനെ പൊതു സമൂഹം കണ്ടുള്ളൂ.പക്ഷേ പ്രശ്നം അവിടെയല്ല.ഷിഗല്ലയും,നിപ്പയും പോലുള്ള മാരക രോഗങ്ങൾ കേര ളത്തിലേക്ക് വീണ്ടുമെത്തിയപ്പോൾ ആരോഗ്യഡയറക്ടർ തസ്തികയിൽ രണ്ടു ഡോക്ടർമ്മാർ തമ്മിൽ നാണ മില്ലാതുള്ള കസേരകളി നടക്കു കയായിരുന്നു.നിപ്പവൈറസിനെ പ്രതിരോധിക്കാനുള്ള മരുന്ന് നാട്ടിലെ മെഡിക്കൽ സ്റ്റോറുകളിൽ ലഭിക്കാത്തത് കൊണ്ട് ആസ്ട്രേലി യയിൽ നിന്നും വരുത്തി ചെന്നൈ യിൽ കുടിയിരുത്തിയ ശേഷമാണ്

മന്ത്രിയുടെ നേതൃത്വത്തിൽ നടന്ന ഈ കസേരകളി.പഴയ ആരോഗ്യ മന്ത്രിമാരൊക്കെ റീൽസിട്ടും വീണ മീട്ടി കളിക്കുകയും ചെയ്തിരുന്നവ രാണെന്ന് കരുണാകരപുത്രൻ നിയ മസഭയിൽ പറഞ്ഞത് നീതിമാനായ സ്പീക്കർ തിരുവഞ്ചൂർ രാധാകൃ ഷ്ണൻ സഭാരേഖകളിൽ നിന്നും നീക്കം ചെയ്തു.റീലിടലി നും വീണമീട്ടലിനും ശേഷം നടന്ന കസേര കളിയിൽ വശംവദരായിരി ക്കുന്നത് ജനങ്ങളാണ്.

സർവ്വവിധ രോഗങ്ങളും കൊണ്ട് സമ്പന്നമായിരിക്കുന്ന ഈ മഴക്കാ ലത്ത് സർക്കാർ ആശുപത്രികളിൽ പാരസെറ്റാമോൾ പോലും കിട്ടാ നില്ല.മന്ത്രിയദ്ദേഹത്തിന്റെ മണ്ഡല മായ വട്ടിയൂർക്കാവിലെ പ്രാ ഥമികാരോഗ്യ കേന്ദ്രങ്ങളിൽ പോ ലും ഇതാണ് സ്ഥിതി.വിവിധ വകു പ്പുകളെ യോജിപ്പിച്ചു കൊണ്ട് ഇനി തിരുവനന്തപുരത്ത് മഴക്കാല ശുചീ കരണം നടക്കുമെന്ന് തോന്നുന്നില്ല.

വന്യമൃഗങ്ങളിൽ നിന്നും നാട്ടു കാരെ സംരക്ഷിക്കാൻ വനംവകു പ്പ് മന്ത്രി ഷിബു ബേബി ജോൺ പറഞ്ഞതിനെ കുട്ടിത്തരമായി കണ്ടാൽ മതി.കാട്ടിലെ കടുവക ളുടെ എണ്ണം കൂടുതലാണെങ്കിൽ അവയെ മയക്കുവെടി വച്ച് പിടികൂ ടി വിമാനമാർഗ്ഗം രാജ്യത്തെ വിവിധ കാടുകളിലേക്ക് മാറ്റുമെന്നാണ് അദ്ദേഹത്തിന്റെ മതം.

പറയുന്നത് കേട്ടാൽ തോന്നും തിരുവനന്തപുരം,കൊച്ചി വിമാന ത്താവളങ്ങളിൽ കടുവയെ കൊ ണ്ടുപോകാനുള്ള വിമാനങ്ങൾ നിര ന്ന് കിടക്കുകയാണെന്ന്.ദേശീയ സംരക്ഷിത മൃഗമായ കടുവയെ പിടിക്കണമെങ്കിലുള്ള നൂലാമാല കൾ കടുവകളെ മയക്കുവെടി വച്ച് പിടിക്കുന്ന ഡോ.അരുൺ സക്കറി യയോടെങ്കിലും ഒന്ന് ചോദിക്കാ നുള്ള മിനിമം കോമൺസെൻസ് മന്ത്രി കാണിച്ചാൽ മതിയായിരുന്നു. ചീഫ് വൈൽഡ് ലൈഫ് സർജ നായ ഡോ.അരുണും മന്ത്രിയും തിരുവനന്തപുരത്ത് തന്നെയുള്ള ആളുകളായത് കൊണ്ട് കൂടിക്കാ ണൽ എളുപ്പവുമായിരുന്നു.നമ്മുടെ സ്വന്തം വൈദ്യുതി മന്ത്രിയും ഈ കുറിപ്പെഴുതുമ്പോഴും കെ.പി.സി. സി പ്രസിഡന്റുമായ സണ്ണിജോ സഫിന്റെ മണ്ഡലമായ പേരാവൂരി ലാണ് ആറളം ഫാം.പണ്ട് സി.കെ ജാനു ഈ ലേഖകനോട് തന്നെ പറഞ്ഞത് പോലെ അതിപ്പോൾ ആനളം ഫാമാണ്.ആനയെ തു

**ഷിഗല്ലയും,നിപ്പയും പോലുള്ള മാ രക രോഗങ്ങൾ കേരളത്തിലേക്ക് വീണ്ടുമെത്തിയപ്പോൾ ആരോഗ്യ ഡയറക്ടർ തസ്തികയിൽ രണ്ടു ഡോക്ടർമ്മാർ തമ്മിൽ നാണമി ല്ലാതുള്ള കസേരകളി നടക്കുക യായിരുന്നു. നിപ്പവൈറസിനെ പ്രതിരോധിക്കാനുള്ള മരുന്ന് നാട്ടി ലെ മെഡിക്കൽ സ്റ്റോറുകളിൽ ലഭിക്കാത്തത് കൊണ്ട് ആസ്ട്രേലി യയിൽ നിന്നും വരുത്തി ചെന്നൈ യിൽ കുടിയിരുത്തിയ ശേഷമാണ് മന്ത്രിയുടെ നേതൃത്വത്തിൽ നടന്ന ഈ കസേരകളി.**

രത്താൻ പോയ വനപാലക സം ഘത്തെ ഓടിക്കുകയും അവരുടെ ജീപ്പ് കുത്തിമറിച്ച ശേഷം കാട്ടിലേ ക്ക് മടങ്ങിയ ആന ഇപ്പോഴും സ്ഥിര താമസം ആറളം ഫാമിലെ ഒമ്പതാം ഡിവിഷനിലാണ്,നേരമിരുട്ടിയാൽ ആളുകൾ പ്രാഥമികാവശ്യങ്ങൾക്ക് പോലും പുറത്തിറങ്ങാൻ മടിക്കുന്ന സ്ഥലമാണ് കണ്ണൂർ ജില്ലയിലെ ആറളം ഫാം.

ആന വരാതിരിക്കാനുള്ള് ആന മതിലും വൈദ്യുതി വേലികളും ഉടൻ പ്രവർത്തനസജ്ജമാക്കു മെന്നാണ് നാലാമത്തെ തവണ പേരാവൂരിൽ നിന്നും ജയിച്ച് എം.എൽ.എയായ സണ്ണിജോസഫ് പറയുന്നത്.കഴിഞ്ഞ മൂന്ന് ടേമുക ളിലും അദ്ദേഹത്തിന് കോൺഗ്രസ്സി ലെ താപ്പാനകളെ മേയ്ക്കാനുള്ള ഉത്തരവാദിത്വങ്ങൾ ആയിരുന്നത് കൊണ്ട് സ്വന്തം മണ്ഡലത്തിലെ ആനകളെ മേയ്ക്കാൻ കഴിഞ്ഞി രുന്നില്ല.ഫലമോ ആനചവിട്ടി കൊല്ലൽ അവിടെ ഇപ്പോഴും രസ കരമായ ഒരു വിനോദമായി തുടരു ന്നു.ആനകളെ പെട്ടെന്ന് പൂട്ടാ നുള്ള മാന്ത്രികവടിയൊന്നും തന്റെ പക്കലില്ലെന്ന് പറഞ്ഞ് ഷിബുബേ ബി ജോൺ നേരത്തെ തന്നെ തടി കഴിച്ചിലാക്കിയിരുന്നു.

കേരളമാകെ പൊതുമരാമത്ത് പ്രവർത്തികൾ ഏറ്റെടുത്ത് ചെ യ്യുന്ന ഊരാളുങ്കൽ സഹകരണ സംഘം വലിയ അഴിമതിക്കാരാ ണെന്നാണ് അന്ന് പ്രതിപക്ഷ നേതാവായിരുന്ന വി.ഡി സതീശൻ പറഞ്ഞിരുന്നത്.സിപി,എമ്മിന്റെ അഴിമതി പണം പാർക്ക് ചെയ്യുന്ന സ്ഥലമാണ് ഊരാളുങ്കൽ ലേബർ കോൺട്രാക്റ്റ് സൊസൈറ്റിയെന്ന ഗുരുതര ആരോപണമാണ് അന്ന് വി.ഡി സതീശൻ ഉന്നയിച്ചത്.അ തിലും യു.ഡി.എഫ് മലക്കം മറി ഞ്ഞു.പൊതുമരാമത്ത് വകുപ്പ് മന്ത്രി പി.കെ ബഷീർ നിയമസഭയിൽ പറഞ്ഞത് ഇങ്ങനെ.'പൊ തുമരാമത്ത് വകുപ്പ് ഊരാളുങ്കൽ കോപ്പറേറ്റീവ് സൊസൈറ്റിക്ക് നടപടിക്രമങ്ങൾ പാലിക്കാതെ പ്രവർത്തി അനുവദിച്ചതായി ശ്രദ്ധ യിൽ പെട്ടിട്ടില്ല. പൊതുമരാമത്ത് വകുപ്പിന്റെ പ്രവർത്തികളെല്ലാം തന്നെ കർശനമായ ഗുണനിലവാര പരിശോധന പാലിക്കുന്നുണ്ട്. ദേശീയപാത നിർമ്മാണത്തിൽ ഊ രാളുങ്കലിന് പ്രത്യേക മുൻഗണന ഇല്ല.ഊരാളുങ്കൽ സൊസൈറ്റിക്ക് പൊതുമരാമത്തു വകുപ്പിന്റെ 165 പ്രവർത്തികൾ ഉണ്ട്. റോഡ് വിഭാഗ ത്തിൽ 61, കിഫ്ബി പ്രവർത്തികൾ 46 എണ്ണം എന്നിങ്ങനെയാണിവ. 40 ഓളം പ്രവർത്തികൾ മന്ദഗതിയി ലാണ്. വർക്ക് ലോഡ് കൂടിയതാണ് കാരണം'.

ഇതൊക്കെയാണ് ഇതുവരെ യുള്ള യു.ഡി.എഫ് വൃത്താന്ത ങ്ങൾ.ബാക്കി കഥകൾ ഇനി വരാനി രിക്കുന്നതേയുള്ളൂ.

HARMONY IN HERITAGE

# 44th INDIA DAY PARADE

**SUNDAY AUGUST 16th, 2026** | **12:00 PM** | **E38TH ST. MADISON AVE. NEW YORK CITY**

## PARADE HOTSPOTS

- Marching Groups & Colorful Floats
  E36th St. | 12:30 PM to 1:00 PM
- Bollywood Celebrities
  E26th & E27th St. Near Review Stage
  1:15 PM to 1:45 PM

## OTHER ATTRACTIONS

- Booths & Food Fest
  Pari Puri King & Queen Contest
  E26th St. | 12:00 PM to 6:00 PM
- Cultural Programs
  E24th St. | 2:00 PM to 5:30 PM

## LIMITED FREE PARKING

- Between 5th Ave. and Park Ave.
  E36th St. | E35th St. | E30th St. | E29th St.
- Between Madison Ave. and Park Ave. - E25th St.
- Between 5th Ave. and Madison Ave. - E24th St.

Scan for Event Map

sponsorship@fianynjct.org
info@fianynjct.org | www.fianynjct.org

www.graciamarcom.com




www.graciamarcom.com

**FREE**

- **EVENT** (NO VISITOR REGISTRATION)
- **PERFORMANCES** • **PARTICIPATION** • **PROGRAMS** • **LIMITED PARKING**




ലയണൽ മെസി റെക്കോർഡ് തകർക്കുന്നു. എ എൻ ഐ

# കാൽപ്പന്തുകളിയിലെ മാസ്മരികത

**ലോകകപ്പിൽ ആഫ്രിക്കൻ കുതിപ്പ്; ഏഷ്യ കിതച്ചു. ആഫ്രിക്കയിൽ നിന്ന് 10 ടീമുകൾ മത്സരിച്ചതിൽ ഒൻപതും രണ്ടാം റൗണ്ടിൽ കടന്നു. ടുണീഷ്യ മാത്രമാണ് പുറത്തായത്. ഏഷ്യയിൽ നിന്ന് ഒൻപത് ടീമുകൾ മത്സരിച്ചതിൽ ജപ്പാനും ഓസ്ട്രേലിയയും മാത്രമാണ് നോക്കൗട്ടിൽ എത്തിയത്. ഇനിയുള്ളത് നോക്കൗട്ട് പോരാട്ടങ്ങളായതിനാൽ ഏതു ടീമും എപ്പോൾ വേണമെങ്കിലും പുറത്താകാം.**

സനിൽ പി. തോമസ്

ലോക കപ്പ് ഫുട്ബോളിൽ നാല് അരങ്ങേറ്റക്കാർ ഉൾപ്പെടെ 48 ടീമുകൾ മത്സരിച്ച ആദ്യ റൗണ്ട് പൂർത്തിയായി. 16 ടീമുകൾ പുറത്ത്. 32 ടീമുകൾ നോക്കൗട്ട് റൗണ്ടിൽ കടന്നു. 2022ൽ ഖത്തറിൽ 32 ടീമുകളാണ് മത്സരിച്ചത്. 2026 ൽ മുന്നോട്ടുള്ള പോരാട്ടം 32 ടീമുകളുടേതാണ്. പക്ഷേ, ഇക്കുറി അത് നോക്കൗട്ട് ആണ്.



ഗ്രൂപ്പ് പോരാട്ടങ്ങൾ ആദ്യ 72 മത്സരങ്ങളോടെ പൂർത്തിയായി. നോക്കൗട്ടിൽ ആദ്യ മത്സരത്തിൽ കാനഡ ദക്ഷിണാഫ്രിക്കയെ തോൽപ്പിച്ചു. ഇനിയുള്ള മത്സരങ്ങളിൽ അട്ടിമറി സാധ്യതയേറെയാണ്.

ആദ്യഘട്ടം പൂർത്തിയായപ്പോൾ കണ്ടത് ആഫ്രിക്കയുടെ കുതിപ്പും ഏഷ്യയുടെ കിതപ്പുമാണ്. ആഫ്രിക്കയിൽ നിന്ന് 10 ടീമുകൾ മത്സരിച്ചതിൽ ഒൻപതും രണ്ടാം റൗണ്ടിൽ കടന്നു. ടുണീഷ്യ മാത്ര




**ക്രിസ്റ്റിയാനോ റൊണാൾഡോയ്ക്കും(41) ലയണൽ മെസിക്കും(39) ഇത് അവസാന ലോകകപ്പ് പോരാട്ടമാണ്. എ എൻ ഐ**

മാണ് പുറത്തായത്. ഏഷ്യയിൽ നിന്ന് ഒൻപത് ടീമുകൾ മത്സരിച്ചതിൽ ജപ്പാനും ഓസ്ട്രേലിയയും മാത്രമാണ് നോക്കൗട്ടിൽ എത്തിയത്.ഓഷ്യാനയിൽ നിന്നെത്തിയ ന്യൂസിലൻഡ് ആദ്യ കടമ്പ കടന്നില്ല. മെക്സിക്കോയിൽ താമസിച്ച് യു.എസിൽ വന്ന് കളിച്ച ഇറാൻ നല്ല പോരാട്ടം കാഴ്ചവച്ചാണു മടങ്ങിയതെന്നു പറയാം. അവർക്ക് വെല്ലുവിളികൾ ഏറെയായിരുന്നു.

മൂന്ന് സമനിലകളിൽ നിന്ന് മൂന്ന് പോയിന്റ് നേടിയ ഇറാൻ ഗ്രൂപ്പ് 'ജി' യിൽ ബെൽജിയത്തിനും ഈജിപ്തിനും പിന്നിൽ മൂന്നാം സ്ഥാനം നേടി. ഓസ്ട്രിയ-അൾജീരിയ സമനിലയിൽ കലാശിച്ചതാണ് മികച്ച എട്ട് മൂന്നാം സ്ഥാനക്കാരിൽ ഇറാൻ പെടാതെ പോയതിനു കാരണം. അൾജീരിയ ജയിച്ചിരുന്നെങ്കിൽ ഇറാൻ നോക്കൗട്ട് റൗണ്ടിൽ കടന്നേനെ. നിരാശരെങ്കിലും തല ഉയർത്തിയാണ് ഇറാൻ മടങ്ങിയത്.

യൂറോപ്പിൽ നിന്ന് 16 ടീമുകളിൽ പതിമൂന്നും അടുത്ത റൗണ്ടിൽ കടന്നു. തുർക്കിയും സ്കോട്ലൻഡും ചെക്ക് റിപ്പബ്ലിക്കും കീഴടങ്ങി. ദക്ഷിണ അമേരിക്കയിൽ നിന്ന് ആറിൽ അഞ്ചും ആദ്യഘട്ടം താണ്ടി. യുറുഗ്വായ് പുറത്തായി. കോൺകാകാഫിൽ ആതിഥേയരായ മെക്സിക്കോയും യു.എസും കാനഡയും നോക്കൗട്ടിൽ എത്തി. മെക്സിക്കോയാണ് രണ്ടാം റൗണ്ട് ഉറപ്പിച്ച ആദ്യ രാജ്യം. ഹെയ്ത്തിയും പാനമയും കുറസാവോയും കീഴടങ്ങി.

> **മൂന്ന് സമനിലകളിൽ നിന്ന് മൂന്ന് പോയിന്റ് നേടിയ ഇറാൻ ഗ്രൂപ്പ് 'ജി' യിൽ ബെൽജിയത്തിനും ഈജിപ്തിനും പിന്നിൽ മൂന്നാം സ്ഥാനം നേടി. ഓസ്ട്രിയ – അൾജീരിയ സമനിലയിൽ കലാശിച്ചതാണ് മികച്ച എട്ട് മൂന്നാം സ്ഥാനക്കാരിൽ ഇറാൻ പെടാതെ പോയതിനു കാരണം. അൾജീരിയ ജയിച്ചിരുന്നെങ്കിൽ ഇറാൻ നോക്കൗട്ട് റൗണ്ടിൽ കടന്നേനെ. നിരാശരെങ്കിലും തല ഉയർത്തിയാണ് ഇറാൻ മടങ്ങിയത്.**

ലോകകപ്പിൽ അരങ്ങേറ്റം കുറിച്ച നാലു രാജ്യങ്ങളിൽ കെയ്പ് വെർദെ രണ്ടാം റൗണ്ടിൽ എത്തി. കുറസാവോയും ജോർദാനും ഉസ്ബക്കിസ്ഥാനും പരാജയപ്പെട്ടു. കാര്യമായ അട്ടിമറിയൊന്നും സംഭവിച്ചില്ലെന്നു പറയാം. പക്ഷേ, ആഫ്രിക്കൻ പ്രതിരോധത്തിനു മുന്നിൽ യൂറോപ്പിലെയും ദക്ഷിണ അമേരിക്കയിലെയും ഫുട്ബോൾ ശക്തികൾ വിയർത്തു. ഗ്രൂപ്പ് മത്സരങ്ങൾ കഴിഞ്ഞതോടെ ഇനി പ്രതിരോധ മികവുകൊണ്ടു മാത്രം മുന്നേറാനാവില്ല. ആഫ്രിക്കൻ ടീമുകൾ ആക്രമിച്ചു കളിക്കാൻ നിർബന്ധിതരാകും. അട്ടിമറി സാധ്യതയും ഈ കുതിപ്പിലായിരിക്കും.

റൗണ്ട് ഓഫ് 32 ൽ യൂറോപ്പ് (13), ആഫ്രിക്ക(9), ദക്ഷിണ ആഫ്രിക്ക(5), കോൺകാകാഫ്(3), ഏഷ്യ(2) എന്നിങ്ങനെയാണ് പ്രാതിനിധ്യം. 2022 ലെ ലോകകപ്പിൽ 32 ടീമുകൾ മത്സരിച്ചപ്പോൾ തുടക്കത്തിൽ യൂറോപ്പ്(13), ഏഷ്യ(6), ആഫ്രിക്ക(5), ദക്ഷിണ അമേരിക്ക(4), കോൺകാകാഫ്(4) എന്നിങ്ങനെയായിരുന്നു പ്രാതിനി




**കിലിയൻ എംബാപ്പെ ഇതുവരെ 16 ഗോൾ നേടി മെസിക്കു പിന്നാലെ കുതിക്കുന്നു .എ എൻ ഐ**

ധ്യം. ഏഷ്യൻ ഫുട്ബോൾ രാജ്യങ്ങൾ പിന്നാക്കം പോയതാണോ എന്ന ചോദ്യത്തിനു പ്രസക്തിയില്ല. കഴിഞ്ഞ ലോകകപ്പിൽ നാലാം സ്ഥാനം നേടിയ ടീമാണു ആഫ്രിക്കൻ പ്രതിനിധിയായ മൊറോക്കോ.

1986 ൽ മൊറോക്കോ രണ്ടാം റൗണ്ടിൽ കടന്നിരുന്നു. 1934 ൽ ഈജിപ്തിലൂടെയായിരുന്നു ആഫ്രിക്കയുടെ ലോകകപ്പ് അരങ്ങേറ്റം. ആദ്യമായൊരു വിജയത്തിനായി 1978 വരെ അവർ കാത്തിരുന്നു. ടുണീഷ്യയാണ് ജയത്തിനു തുടക്കമിട്ടത്. ഗ്രൂപ്പ് രണ്ടിൽ അന്നവർ മെക്സിക്കോയെ തോൽപിച്ചു(31). 1990 ൽ കാമറൂണും 2002 ൽ സെനഗലും 2010 ൽ ഘാനയും ഖത്തറിൽ കളിച്ചു. 2022 ൽ സെമിയിൽ മൊറോക്കോ ഫ്രാൻസിനെതിരെയാണ് പരാജയം രുചിച്ചത്.

ആദ്യമായി ലോകകപ്പ് കളിക്കുന്ന കെയ്പ് വെർദെയുടെ മുന്നേറ്റം ശ്രദ്ധേയമാണ്. ഗ്രൂപ്പ് എച്ചിൽ സ്പെയിനിനു പിന്നിൽ രണ്ടാം സ്ഥാനത്തോടെയാണ് കെയ്പ് വെർദെ രണ്ടാം റൗണ്ടിൽ കടന്നത്. മൂന്നു മത്സരങ്ങളിലും അവർ സമനില നേടി. അഥവാ ഇതേ ഗ്രൂപ്പിൽ സ്പെയിനിനും യുറുഗ്വായ്ക്കും സൗദി അറേബ്യയ്ക്കും കെയ്പ് വെർദെയെ തോൽപിക്കാൻ കഴിഞ്ഞില്ല. യുറുഗ്വായ്ക്കെതിരെ ലീഡ് നേടിയശേഷമാണ് അവർ സമനില (22) വഴങ്ങിയത്.

കരീബിയൻ ദ്വീപ് രാജ്യമായ കുറസാവോയുടെ (കോൺകാകാഫ്) പ്രകടനവും ശ്രദ്ധിക്കപ്പെട്ടു. ഈ കുഞ്ഞൻ രാജ്യം ജർമ്മനിക്കെതിരെ ഒരു ഗോൾ നേടുകയും ചെയ്തു. ഇക്വഡോറിനെ ഗോൾരഹിത സമനിലയിൽ തളച്ച് അവർ ലോകകപ്പിൽ ആദ്യ പോയിന്റും നേടി. ഹെയ്തി, ടുണീഷ്യ, ഇറാഖ്,

**ലോകകപ്പിൽ ക്രിസ്റ്റ്യാനോയ്ക്ക് 10 ഗോൾ ആയി. മെസി ആകട്ടെ ലോകകപ്പിൽ ഇതുവരെ 19 ഗോൾ അടിച്ച് റെക്കോർഡ് സ്ഥാപിച്ചിരിക്കുകയാണ്. തുടർച്ചയായി ഏഴ് ലോകകപ്പ് മത്സരങ്ങളിൽ ഗോൾ അടിച്ച് മെസി മറ്റൊരു റെക്കോർഡിനും ഉടമയായിട്ടുണ്ട്. എംബാപ്പെ ഇതുവരെ 16 ഗോൾ നേടി മെസിക്കു പിന്നാലെ കുതിക്കുന്നു. ഗോൾഡൻ ബൂട്ടിനുവേണ്ടിയുള്ള മത്സരം കടുക്കും.**



**കെയ്പ് വെർദെ ഗോളി വൊസീഞ്ഞോയും കുറസാവോ ഗോളി ഇലോയ് റൂമും ആരാധകരെ സൃഷ്ടിച്ചു. എ എൻ ഐ**

ജോർദാൻ, ഉസ്ബക്കിസ്ഥാൻ, പാനമ ടീമുകൾക്ക് ഒരു പോയിന്റ് പോലും നേടാനായില്ല.

സ്കോട്ലൻഡിനെതിരായ മത്സരത്തിൽ അവസാന ഘട്ടത്തിൽ പകരക്കാരനായി ഇറങ്ങി നെയ്മർ ബ്രസീൽ ടീമിൽ മടങ്ങിയെത്തി. കഴിഞ്ഞ രണ്ടു പതിറ്റാണ്ടായി ലോക ഫുട്ബോളിലെ തിളക്കമാർന്ന താരങ്ങളായ ക്രിസ്റ്റിയാനോ റൊണാൾഡോയ്ക്കും(41) ലയണൽ മെസിക്കും(39) ഇത് അവസാന ലോകകപ്പ് പോരാട്ടമാണ്. ഫ്രാൻസിസിന്റെ കിലിയൻ എംബാപ്പെയും ഇംഗ്ലണ്ടിന്റെ ഹാരി കെയ്നും നോർവേയുടെ എർലിങ് ഹാലൻഡും ബ്രസീലിന്റെ വിനീഷ്യസ് ജൂനിയറുമൊക്കെ ഫോമിലാണ്. ക്രൊയേഷ്യയുടെ ലൂക്കാ മോഡ്രിച്ച്, ജർമ്മനിയുടെ ഗോളി ന്യൂയെർ തുടങ്ങിയവരൊക്കെ ഈ ലോകകപ്പോടെ രംഗ വിടുമെന്നാണു സൂചന.

പോർച്ചുഗൽ, ജർമ്മനി, ഇംഗ്ലണ്ട്, നെതർലൻഡ്സ് ടീമുകളൊക്കെ ഇടയ്ക്ക് വിയർത്തു. ഇനിയുള്ളത് നോക്കൗട്ട് പോരാട്ടങ്ങളായതിനാൽ ഏതു ടീമും എപ്പോൾ വേണമെങ്കിലും പുറത്താകാം. ഫൈനലിൽ പോലും കടന്നിട്ടില്ലാത്ത പോർച്ചുഗലിനെ കിരീടം ചൂടിക്കുക റൊണാൾഡോയുടെ സ്വപ്നമാണ്. തുടരെ ആറു ലോകകപ്പിൽ ഗോൾ നേടി റൊണാൾഡോ റെക്കോർഡ് ഇട്ടിരിക്കുകയാണ്. പക്ഷേ, നായകന് ടീമിനെ ഒത്തൊരുമയോടെ കൊണ്ടുപോകുവാൻ കഴിയുന്നില്ല. എവിടെയൊക്കെയോ ക്രോസുകളും പാസുകളും പിഴയ്ക്കുന്നു. ലോകകപ്പിൽ ക്രിസ്റ്റ്യാനോയ്ക്ക് 10 ഗോൾ ആയി. മെസി ആകട്ടെ ലോകകപ്പിൽ ഇതുവരെ 19 ഗോൾ അടിച്ച് റെക്കോർഡ് സ്ഥാപിച്ചിരിക്കുകയാണ്. തുടർച്ചയായി ഏഴ് ലോകകപ്പ് മത്സരങ്ങളിൽ ഗോൾ അടിച്ച് മെസി മറ്റൊരു റെക്കോർഡിനും ഉടമയായിട്ടുണ്ട്. എംബാപ്പെ ഇതുവരെ 16




ഗോൾ നേടി മെസിക്കു പിന്നാലെ കുതിക്കുന്നു. ഗോൾഡൻ ബൂട്ടിനു വേണ്ടിയുള്ള മത്സരം കടുക്കും.

കെയ്പ് വെർദെ ഗോളി വൊസീഞ്ഞോയും കുറസാവോ ഗോളി ഇലോയ് റൂമും ആരാധകരെ സൃഷ്ടിച്ചു. റൂം ഇക്വഡോറിനെതിരെ 15 ഷോട്ടുകൾ രക്ഷപ്പെടുത്തി റെക്കോർഡിട്ടു. ഈ ലോകകപ്പിൽ നടന്ന 36-ാം മത്സരം അഥവാ ജപ്പാൻ-ടുണിഷ്യ പോരാട്ടം ലോകകപ്പ് ചരിത്രത്തിലെ ആയിരാമത്തെ മത്സരമായിരുന്നു. ആയിരവും കടന്ന് ലോകകപ്പ് പോരാട്ടം തുടരുകയാണ്. മൂന്നു രാജ്യങ്ങൾ ആതിഥേയരായി വന്നത് ആദ്യം. മൂന്നു തവണ ആതിഥേയരായി എന്ന നേട്ടം മെക്സിക്കോയ്ക്ക്. ഇനി ലോകകപ്പ് ആവേശം യു.എസിൽ കേന്ദ്രീകരിക്കും. ജൂലൈ 20ന് പൂലർച്ചെ കലാശപ്പോരാട്ടം. ഒൻപതാമതൊരു രാജ്യം ലോകകപ്പ് നേടുമോ? കാത്തിരിക്കാം. ഫുട്ബോൾ ആവേശം ചോരാതിരിക്കട്ടെ.

**കെയ്പ് വെർദെ ഗോളി വൊസീഞ്ഞോയും കുറസാവോ ഗോളി ഇലോയ് റൂമും ആരാധകരെ സൃഷ്ടിച്ചു. റൂം ഇക്വഡോറിനെതിരെ 15 ഷോട്ടുകൾ രക്ഷപ്പെടുത്തി റെക്കോർഡിട്ടു. ഈ ലോകകപ്പിൽ നടന്ന 36 – ാം മത്സരം അഥവാ ജപ്പാൻ – ടുണിഷ്യ പോരാട്ടം ലോകകപ്പ് ചരിത്രത്തിലെ ആയിരാമത്തെ മത്സരമായിരുന്നു. ആയിരവും കടന്ന് ലോകകപ്പ് പോരാട്ടം തുടരുകയാണ്**

● ചെറുകഥ





◉ സി ഹനീഫ്

*വര:*
**പി ആർ രാജൻ**

# ഒരു കപ്പ് ജീവിതം

പ്രത്യേകം റിങ്ടോൺ സെറ്റ് ചെയ്ത് വെച്ചതു കാരണം കോൾ ആരുടേതാണെന്നറിയാൻ പ്രയാസമുണ്ടായില്ല. സ്ക്രീനിൽ നോക്കാതെ തന്നെ ഞാനത് സൈലന്റ് മോഡിലാക്കി. അതുകണ്ട് നിത്യ ചോദിച്ചു.

“തനിക്കെന്താ ആ കോളൊന്ന് അറ്റന്റ് ചെയ്താൽ?”

“മുനീറാണ് വിളിക്കുന്നത്. അവന്റെകൂടെ ബംഗളൂരുവരെ പോകാനായിരിക്കും”

**മുനീർ ഒരു ധനികന്റെ പരിവേഷമില്ലാതെയാണ് ജീവിക്കുന്നത്. പ്രത്യേകിച്ചും സഹപാഠിയായ തന്നോട്. ബിസിനസ്സ് കാര്യങ്ങളുമായി ലോകം കറങ്ങി നാട്ടിലെത്തുമ്പോൾ എന്തെങ്കിലും ആവശ്യങ്ങൾക്ക് കൂട്ടുപിടിക്കുന്നത് എന്നെയാണ്. ഏതെങ്കിലും ഫെസ്റ്റിവെൽ ഫങ്ഷൻ, കല്യാണം എന്നിവയിലൊക്കെ സംബന്ധിക്കാൻ അവന്റെ കാറിലാവും നമ്മൾ പോവുന്നത്. അതിനുള്ള ചെലവൊക്കെ അവൻ തന്നെ വഹിക്കും. ഈയിടെയായി അക്കാര്യത്തിൽ വല്ലാത്ത മടിയാണെനിക്ക്. പഴയ ചെരിപ്പുകൾ, ഒരേ ഷർട്ടും മുണ്ടും. പ്രസരിപ്പു വറ്റിയ ഭാവം. ആകപ്പാടെ മറ്റുള്ളവരുടെ മുമ്പിൽ നിൽക്കാൻ ഒരു ചമ്മലാണ്.**

‘‘എടോ തന്നോടത്രയുമടുപ്പമുള്ളതു കൊണ്ടല്ലേ അവൻ തന്നെത്തന്നെ കൂട്ടിനു വിളിക്കുന്നെ. നിനക്കാണേൽ പ്രത്യേകിച്ചൊരു പണിയുമില്ല. ഒന്നു പോയാലെന്താ. ആസ്വദിച്ചു പോയ് വരാവുന്ന ഒരു യാത്ര എന്തിനാ വെറുതെ കളയുന്നേ..’’

‘‘നിനക്കറിയാഞ്ഞിട്ടാ നിത്യ. ചെറുപ്പം തൊട്ടേയുള്ള കൂട്ടുകാരാണെങ്കിലും അവനിന്ന് കോടീശ്വരനാ.’’

‘‘അതിനെന്തു കുഴപ്പം. ഈ ചീപ്പ് കോംപ്ലക്സ് ആദ്യം മനസ്സിൽ നിന്നെടുത്തു കളയ്. ഇൻഫീരിയറാണെന്നുള്ളത് വെറും തോന്നലാണ്’’

‘‘അതു തന്നെയാണു നിത്യ എന്റെ പ്രശ്നം. മറ്റുള്ളവരുടെ മുന്നിൽ സ്റ്റാന്റേർഡ് ലൈഫ് എന്നു കരുതുന്ന ഒന്നും എന്നിലില്ല. ചായ കുടിക്കാനായി ഹോട്ടലിൽ കയറിയാൽ സ്കാൻ ചെയ്യാനുള്ള ഒരു അക്കൌണ്ട് പോലും..’’

‘‘നിന്നോട് വേദമോതിയിട്ട് കാര്യമില്ല. താനിങ്ങു വന്നേ..’’

നിത്യ പിടിച്ച പിടിയിൽ എഴുന്നേൽപ്പിച്ച് നിർബന്ധിച്ചതു കൊണ്ടാണ് മുനീറിന്റെ കൂടെയുള്ള ഈ യാത്ര സാധ്യമായത്. മുനീർ ഒരു ധനികന്റെ പരിവേഷമില്ലാതെയാണ് ജീവിക്കുന്നത്. പ്രത്യേകിച്ചും സഹപാഠിയായ തന്നോട്. ബിസിനസ്സ് കാര്യങ്ങളുമായി ലോകം കറങ്ങി നാട്ടിലെത്തുമ്പോൾ എന്തെങ്കിലും ആവശ്യങ്ങൾക്ക് കൂട്ടുപിടിക്കുന്നത് എന്നെയാണ്. നാടൻ രുചികൾ തേടിയുള്ള യാത്ര, ഏതെങ്കിലും ഫെസ്റ്റിവെൽ ഫങ്ഷൻ, കല്യാണം എന്നിവയിലൊക്കെ സംബന്ധിക്കാൻ അവന്റെ കാറിലാവും നമ്മൾ പോവുന്നത്. അതിനുള്ള ചെലവൊക്കെ അവൻ തന്നെ വഹിക്കും. ഈയിടെയായി അക്കാര്യത്തിൽ വല്ലാത്ത മടിയാണെനിക്ക്. പഴയ ചെരിപ്പുകൾ, ഒരേ ഷർട്ടും മുണ്ടും. പ്രസരിപ്പു വറ്റിയ ഭാവം. ആകപ്പാടെ മറ്റുള്ളവരുടെ മുമ്പിൽ നിൽക്കാൻ ഒരു ചമ്മലാണ്.

വ്യക്തിത്വത്തിന്റെ ഉരകല്ല് പുറം മോടിയിലല്ല എന്നത് പറയാനും എഴുതാനുമൊക്കെ കൊള്ളാം. പക്ഷെ ജീവിക്കേണ്ടത് ചുറ്റുമുള്ളവർക്കിടയിലല്ലേ. പലർക്കും പല ഭാവങ്ങൾ കാണിച്ച് കാണിച്ച് എന്റെ യഥാർത്ഥ വ്യക്തിത്വമേതാണെന്ന് അറിയാത്ത അവസ്ഥയിലാണിപ്പോൾ.

**കഴിഞ്ഞ തവണ കുറെ കത്തുകളുമായിട്ടായിരുന്നു മുനീർ വന്നത്. അതിൽ ഞാൻ അവനെഴുതിയ ഇൻലന്റുകളുമുണ്ടായിരുന്നു. നാൽപതു വർഷങ്ങൾക്കു മുമ്പുള്ള പലരുടെയും കൈപ്പടകൾ. അവയിലമർന്നു കിടന്ന വികാരങ്ങളുടെ പേരറിയാ ഗന്ധങ്ങൾ. എഴുതിയവരിൽ പലരും പിന്നീട് എവിടെയാണെന്നറിയാതെ നിശ്ശബ്ദതയിൽ മുഖം കുത്തി വീണവർ..**

കാര്യങ്ങളിങ്ങനെയൊക്കെയാണെങ്കിലും നിത്യയുടെ നിർബന്ധത്തിനു വഴങ്ങി ഇത്തവണ മുനീറിനൊപ്പം നടത്തിയ ബംഗളൂരു യാത്ര കേമമായിരുന്നു. യാത്രകളിലാണ് മുനീറിന്റെ ഓർമകൾക്ക് ചിറകു മുളക്കുക. വിസ്മൃതിയുടെ ആഴങ്ങളിൽ നിന്ന് അവനോരോ മുത്തുകൾ മുങ്ങിയെടുക്കും. കാലത്തിന്റെ ആൽബത്തിൽ കിടക്കുന്ന ആ പ്രത്യേക നിമിഷത്തെ പൊലിപ്പിച്ച് പൊലിപ്പിച്ച് നമ്മൾ തിളക്കമാർന്നതാക്കും. അതിനുള്ളിലെ ഓരോ നേർത്ത ഭാവത്തെയും വിശദാംശങ്ങൾ കൊണ്ട് ആടയാഭരണങ്ങളണിയിക്കും.

കഴിഞ്ഞ തവണ കുറെ കത്തുകളുമായിട്ടായിരുന്നു മുനീർ വന്നത്. അതിൽ ഞാൻ അവനെഴുതിയ ഇൻലന്റുകളുമുണ്ടായിരുന്നു. നാൽപതു വർഷങ്ങൾക്കു മുമ്പുള്ള പലരുടെയും കൈപ്പടകൾ. അവയിലമർന്നു കിടന്ന വികാരങ്ങളുടെ പേരറിയാ ഗന്ധങ്ങൾ.

എഴുതിയവരിൽ പലരും പിന്നീട് എവിടെയാണെന്നറിയാതെ നിശ്ശബ്ദതയിൽ മുഖം കുത്തി വീണവർ..

വഴിയിലുടനീളം മൊബൈൽ സ്നാപ്സുകളുമായി ചുരം കയറിയുള്ള ഡ്രൈവിനിടയിൽ പെട്ടെന്നാണ് വിഷയം ചായയിലേക്ക് മുനീർ കൊണ്ടെത്തിച്ചത്. കോളേജ് കാന്റീനിലെ കടുപ്പം കുറഞ്ഞ ചായ മുതൽ കോഫീ ഹൌസുകളിലെ സാഹിതീ ചർച്ചകളിലെ സ്നേഹക്കൂട്ടായ്മ വരെ ചായ നൽകിയ ജീവിത മുഹർത്തങ്ങൾ മുനീർ ഓർത്തെടുത്തു.

‘‘ചായയുടെ രുചിയേക്കാൾ സന്ദർഭങ്ങളുടെ മധുരിമയാണ് അവയെ പ്രിയതരമാക്കുന്നത്.’’

‘‘ശരിയാണ്. പിൽക്കാലത്ത് വിദേശത്തടക്കമുള്ള വില കൂടിയ തേയില സൽക്കാരങ്ങൾ നമ്മുടെ രതീശന്റെ കടയിലെ കട്ടൻചായയോളം വരില്ല. അല്ലേ.’’

ഡ്രൈവിൽ പലപ്പോഴും മനസ്സിനിണങ്ങിയ ചായക്കടകൾ തേടൽ എങ്ങുമെത്താതെ പോകാറാണു പതിവ്. വഴിയോരത്ത് ഒരു തട്ടുകട കണ്ട് നിർത്താൻ പറയുമ്പോഴേക്കും അത് കടന്നു പോയിരിക്കും. അങ്ങനെ കിലോമീറ്ററുകളോളം സഞ്ചരിച്ച് ഒടുവിൽ എത്തിപ്പെടുന്നതോ സങ്കൽപത്തിൽ മെനഞ്ഞു വെച്ച നാടൻ കടയുടെ വികലമായ ഒരനുകരണത്തിലുമായിരിക്കും.

‘‘ഇത്തവണ എന്തായാലും നമുക്കു തെറ്റില്ല. രംഗണതിട്ടു ജങ്ഷനു മുമ്പ് ഒരു ഒറ്റപ്പെട്ട കടയുണ്ട്. മലയാളിയായ മനാഫ് എന്നൊരാൾ നടത്തുന്നത്. കഴിഞ്ഞ തവണ ഞാൻ അവിചാരിതമായാണ് അവിടെ എത്തിപ്പെട്ടത്. ഇന്ന് നമുക്കവിടെയൊന്ന് ഡ്രൈ



**പരിസരത്തിന്റെ മാധുര്യം നുണയുന്നതിനിടയിൽ മനാഫ് അരികിലെത്തി. മുനീറിനെ ഒരു തവണയേ കണ്ടിട്ടുള്ളൂവെങ്കിലും അയാൾ ചിരിച്ചു കൊണ്ട് പേരു വിളിച്ചാണ് എതിരേറ്റത്. ഞാൻ പ്രതീക്ഷിച്ചതിൽ നിന്നും ഏറെ വ്യത്യസ്തമായ രൂപമായിരുന്നു മനാഫിന്. എഴുപതിലധികം വയസ്സ്. ജീവിതമേൽപിച്ച ഓർമവരകൾക്കു മുകളിലായ് പാകതയുടെ ആവരണമിട്ട മുഖം.**

ചെയ്യാം. തീർച്ചയായും നിനക്കിഷ്ടപ്പെടും.''

സംസാരിച്ചിരിക്കെ അവൻ പറഞ്ഞ ചായക്കടയെത്തി. അടുത്തെങ്ങും മറ്റൊരു കട പോലുമില്ല. വളർന്നു പന്തലിച്ചു നിൽക്കുന്ന കൂറ്റൻ മെയ് ഫ്ലവറുകൾക്കിടയിൽ വലിയ ചെലവില്ലാതെ പണിതിരിക്കുന്ന ഒരു ഷെഡ്. അതിനുള്ളിലായാണ് തട്ടുകടയുടെ ഒരു മോഡൽ ഉണ്ടാക്കി വെച്ചിരിക്കുന്നത്. സമോവറിൽ നിന്നും ചൂടുള്ള ചായ. വൺ ബൈ ടു വേണ്ടവർക്ക് അത്. ചില്ലലമാരയിൽ വാഴയിലയിൽ പൊതിഞ്ഞ് കിടുത്ത, കൈപ്പോള, ഇലഞ്ചി, തലശ്ശേരി തേങ്ങാമുറി.. ബെഞ്ചിലിരുന്നു ചായ കുടിക്കുന്നതിനിടയിൽ മുനീർ ചോദിച്ചു.

''എങ്ങനുണ്ട്?''

''കൊള്ളാം.'' ഞാൻ ശബ്ദം താഴ്ത്തിപ്പറഞ്ഞു.

പരിസരത്തിന്റെ മാധുര്യം നുണയുന്നതിനിടയിൽ മനാഫ് അരികിലെത്തി. മുനീറിനെ ഒരു തവണയേ കണ്ടിട്ടുള്ളൂവെങ്കിലും അയാൾ ചിരിച്ചു കൊണ്ട് പേരു

വിളിച്ചാണ് എതിരേറ്റത്. ഞാൻ പ്രതീക്ഷിച്ചതിൽ നിന്നും ഏറെ വ്യത്യസ്തമായ രൂപമായിരുന്നു മനാഫിന്. എഴുപതിലധികം വയസ്സ്. ജീവിതമേൽപിച്ച ഓർമവരകൾക്കു മുകളിലായ് പാകതയുടെ ആവരണമിട്ട മുഖം. എന്നെക്കൂടി പരിചയപ്പെട്ടതിനു ശേഷം മനാഫ് പറഞ്ഞു.

വരൂ.

ഞങ്ങളയാൾക്കു പിന്നിലായി നടന്നു. മുളവേലി കൊണ്ടുള്ള കൈവരികൾക്കിടയിലെ നടപ്പാത കടന്ന് മനാഫ് ഞങ്ങളെ കൊണ്ടുപോയത് അയാളുടെ തമസസ്ഥലത്തേക്കായിരുന്നു. ആർക്കും ഇഷ്ടപ്പെട്ടു പോകുന്ന തരത്തിൽ സജ്ജീകരിച്ചിരിക്കുന്ന ഒരു കൊച്ചു മുറി. വായിക്കാനുള്ള പുസ്തകങ്ങൾ, പഴയ ഗ്രാമഫോൺ റിക്കോർഡിൽ നിന്നുള്ള ഗാനങ്ങൾ, വാർത്തകൾ കേൾക്കാനായി ഒരു കൊച്ചു റേഡിയോ അങ്ങനെ ആകെക്കൂടി ഒരു കിളിക്കൂടു പോലുള്ള ആ ഇടം എനിക്ക് നന്നേ ഇഷ്ടപ്പെട്ടു.

‘‘എന്തൊക്കെയോ സവിശേഷതകളുള്ള അന്തരീക്ഷം.’’ ഞാൻ ചുറ്റും നോക്കിക്കൊണ്ട് പറഞ്ഞു.

‘‘അങ്ങനെയൊന്നുമില്ല. നമ്മൾക്ക് പ്രത്യേകത ചാർത്തിത്തരുന്നവർ അകലുമ്പോഴാണ് യഥാർത്ഥത്തിൽ ജീവിതം സൌന്ദര്യമുള്ളതാക്കേണ്ടത് എന്നു മാത്രം.’’

അങ്ങനെയായിരുന്നു മനാഫ് തന്റെ ജീവിതത്തെക്കുറിച്ച് പറഞ്ഞു തുടങ്ങിയത്. അയാൾ നാൽപത് വർഷക്കാലം ഗൾഫിലെ മണലാരണ്യത്തിൽ ജോലി ചെയ്തവനായിരുന്നു. എല്ലാ പ്രവാസികളെയും പോലെ നാട്ടിലുള്ള കുടുംബത്തിന് വേണ്ടതെല്ലാം നൽകി. സ്വയം ജീവിക്കാൻ മറന്നു.

‘‘അതൊരു പുതിയ കാര്യമല്ലല്ലോ..’’



ഉവ്വ്. അയാൾ തുടർന്നു.

''ജീവിതം കസാൻസാക്കീസിന്റെ നോവലിലെ സോർബയുടെ നൃത്തം പോലെയാണ്. അതനുഭവിച്ചു തീർക്കയല്ലാതെ വേറെ വഴിയില്ല.''

''നാട്ടുമ്പുറത്തുകാരന്റെ മട്ടും ഭാവവുമുള്ള ഒരാളിൽ ഇത്രയും അതുല്യതയോ..?''

ഞാൻ മുനീറിന്റെ ചെവിയിൽ ചോദിച്ചു.

''അതാണ് ഒരാളെക്കുറിച്ചും മുൻധാരണ പാടില്ലെന്നു പറയുന്നത്.''

മുനീറും ശബ്ദം താഴ്ത്തിയാണു പറഞ്ഞത്. എങ്കിലും അത് കേട്ടിട്ടാണോ എന്തോ മനാഫ് തന്നെക്കുറിച്ച് അൽപം കൂടി വാചാലനായി.

''എല്ലാവരിലുമുള്ളതു പോലെ കൊച്ചു കൊച്ചു സങ്കടങ്ങളല്ലാതെ എന്റെ ജീവിതത്തിൽ വലിയ ട്രാജഡികളൊന്നുമില്ല. ആർക്കും ഉപദ്രവമില്ലാത്ത ചില ശീലങ്ങൾ. ചില ഇഷ്ടങ്ങൾ. തിരക്കിനിടയിൽ അത് മാറ്റി വെച്ചു മാറ്റി വെച്ചു ആയുസ്സു തീർന്നു. രണ്ടു വർഷത്തെ ഇടവേളയിൽ നാട്ടിലെത്തിയാൽ വലിയ ആരവങ്ങളായിരുന്നു. ലീവ് തീരുന്നതറിയില്ല. അതു തരുന്ന ഊർജ്ജമാണ് വീണ്ടും അദ്ധ്വാനിക്കാനുള്ള പ്രചോദനമായിരുന്നത്. ഒടുവിൽ എല്ലാം അവസാനിപ്പിച്ച് നാട്ടിൽ വന്നപ്പോൾ..''

''എന്തുപറ്റി?''

മുനീറിന്റെ ചോദ്യത്തിൽ ഒരു ഓൾഡ് ഏജ് ഹോം മണക്കുന്നുണ്ടയിരുന്നു.

''കുഴപ്പമൊന്നുമില്ല. പണമില്ലെങ്കിൽ പിന്നെ നമ്മളൊന്നിനും കൊള്ളില്ല. ഒറ്റപ്പെടുത്തിക്കളയുന്നതിനേക്കാൾ ഭീകരമാണ് പരിഗണിക്കാതിരിക്കൽ.''


''അതു രണ്ടും ഒന്നല്ലേ..''

ഞാൻ ഇടക്കു കയറി ചോദിച്ചു.

''അല്ല. മറ്റുള്ളവർക്ക് നമ്മെ ഒറ്റപ്പെടുത്താൻ കഴിഞ്ഞെന്നു വരില്ല. പക്ഷെ തിരസ്കരിക്കാൻ കഴിയും.''

പിന്നെ കുറച്ചു നേരം ഒന്നും പറയാതെ ഞങ്ങൾ ചുറ്റുമുള്ള കാഴ്ചകൾ കണ്ടിരുന്നു. ഞാൻ മേശപ്പുറത്തിരുന്ന പുസ്തകമെടുത്തു മറിച്ചു നോക്കി. അതിനിടയിൽ മനാഫിന്റെ ജോലിക്കാരൻ

**"എല്ലാവരിലുമുള്ളതു പോലെ കൊച്ചു കൊച്ചു സങ്കടങ്ങളല്ലാതെ എന്റെ ജീവിതത്തിൽ വലിയ ട്രാജഡികളൊന്നുമില്ല. ആർക്കും ഉപദ്രവമില്ലാത്ത ചില ശീലങ്ങൾ. ചില ഇഷ്ടങ്ങൾ. തിരക്കിനിടയിൽ അത് മാറ്റി വെച്ചു മാറ്റി വെച്ചു ആയുസ്സു തീർന്നു. രണ്ടു വർഷത്തെ ഇടവേളയിൽ നാട്ടിലെത്തിയാൽ വലിയ ആരവങ്ങളായിരുന്നു. ലീവ് തീരുന്നതറിയില്ല. അതു തരുന്ന ഊർജ്ജമാണ് വീണ്ടും അദ്ധ്വാനിക്കാനുള്ള പ്രചോദനമായിരുന്നത്. ഒടുവിൽ എല്ലാം അവസാനിപ്പിച്ച് നാട്ടിൽ വന്നപ്പോൾ.."**



ഞങ്ങൾക്ക് ഓരോ ചായ കൂടി കൊണ്ടു വന്നു. കൂടെ കർണ്ണാടക സ്പെഷൽ ദഹിപുരിയും.

മനാഫ് തന്റെ സംസാര വിഷയത്തിന് വിരാമമിട്ടു കൊണ്ട് പറഞ്ഞു.

''ഭാഗ്യത്തിന് കുറച്ചു പണം ആരുമറിയാതെ സൂക്ഷിച്ചു വെച്ചത് തുണയായി. ഒരു ബംഗളൂരു യാത്രയിൽ നിങ്ങളെപ്പോലെ അവിചാരിതമായി ചായ കുടിക്കാൻ കയറിയതായിരുന്നു ഇവിടെ. ഇഷ്ടപ്പെട്ടപ്പോൾ ഈ കടയ്ക്കു തന്നെ വില പറഞ്ഞു. വാങ്ങിച്ചു. ഇപ്പോൾ ഇവിടെയാണു ജീവിതം. ജോലിയും വിശ്രമവും ആസ്വാദനവുമൊക്കെയായി ഇങ്ങനെ പോവുന്നു.''

''നാട്ടിൽ പോകാറില്ലേ?''

''ഇടയ്ക്ക് പോകും. എല്ലാറ്റിൽ നിന്നും ഒരു നിശ്ചിത അകലം പാലിക്കുന്നതാണ് എല്ലായ്പോഴും നല്ലത്.''

ഞങ്ങൾ കൈ കൊടുത്തു മനാഫിനോട് യാത്ര പറഞ്ഞു. ഏറെ നിർബന്ധിച്ചിട്ടും അയാൾ ചായയുടെ പൈസ വാങ്ങാൻ കൂട്ടാക്കിയില്ല.

ഉറഞ്ഞു പോയ മൌനം കണക്കെ ചുറ്റിലും മഞ്ഞ്. ഏതോ പ്രണയാർത്ഥിയുടെ കരഞ്ഞു കലങ്ങിയ കണ്ണുകൾ പോലെ നിയോൺ വിളക്കുകൾ വിന്റ് സ്ക്രീനിനു മുകളിലൂടെ ഒന്നിനു പിറകെ ഒന്നായി ഒഴുകിയകന്നു.

''എന്താണാലോചിക്കുന്നത്..?''

സീറ്റ്ബെൽറ്റ് ഊരി മാറ്റുന്നതിനിടയിൽ മുനീർ എന്റെ തോളിൽ തട്ടി ചോദിച്ചു.

നോക്കിയപ്പോൾ വണ്ടി എവിടെയോ നിർത്തിയിട്ടിരിക്കുന്നു.

''ഇറങ്ങ്. രംഗണതിട്ടു ജങ്ഷനെത്തി. ഇതാണ് മനാഫിന്റെ ചായക്കട.'' എന്നെ കാത്തു നിൽക്കാതെ മുനീർ മുന്നോട്ട് നടന്നു തുടങ്ങിയിരുന്നു.




**Abel's Garden PVT LTD Karimannoor P.O.**
**Thodupuzha, Idukki, Kerala, India PIN. 685581**
**Email: hello@abelsgarden.in**
**Phone: +917034413000, +917034643000, +919778050077**



**2026 ജൂലൈ 9. ന്യൂസ് ഫോട്ടോഗ്രാഫർ വിക്ടർ ജോർജ്ജ് ഇടുക്കി വെണ്ണിയാനി മലയിലെ ഉരുൾപൊട്ടലിൽ ഓർമ്മയായിട്ട് കാൽനൂറ്റാണ്ട്...**

# മരണത്തിലും മായാത്ത ഫ്രെയിമുകൾ

## ചരിത്രത്തെ അതിജീവിച്ച ദൃശ്യവിസ്മയങ്ങൾ

**പ്രകൃതിയുടെയും മനുഷ്യന്റെയും രൗദ്രഭാവപ്പകർച്ചകൾക്കു നടുവിലേക്ക് ക്യാമറകളുമായി നിർഭയം പാഞ്ഞെത്തി ചരിത്രത്താളുകളിലെ രക്തംപുരണ്ട അനശ്വര ചിത്രങ്ങളായി മാറിയ മാധ്യമപ്രവർത്തകരുടെ അതിജീവനപ്പോരാട്ടങ്ങളിലൂടെ ഒരു തീർത്ഥയാത്ര...**

**കുര്യൻ കെ തോമസ്**
പബ്ലിക്കേഷൻ ഡയറക്ടർ (റിട്ട), എം ജി യൂണിവേഴ്സിറ്റി

ജൂലൈ 9. കേരളത്തിന് ദുഃഖകരമായ ആ മൺസൂൺ ദിനത്തിന്റെ ഇരുപത്തിയഞ്ചാം വാർഷികം. പ്രശസ്ത ന്യൂസ് ഫോട്ടോഗ്രാഫർ വിക്ടർ ജോർജ്ജ് ഓർമ്മയായിട്ട് കാൽനൂറ്റാണ്ട്. ഇടുക്കി വെണ്ണിയാനി മലയിലെ ഉരുൾപൊട്ടലിന്റെ ഭീകരത സ്വന്തം ക്യാമറയിൽ പകർത്തുന്നതിനിടയിലാണ് പ്രകൃതി ആ ധീരനായ ഫോട്ടോ ജേർണലിസ്റ്റിന്റെ ജീവൻ കവർന്നത്.

പ്രകൃതി വിനാശകരമായ താണ്ഡവമാടുമ്പോൾ മനുഷ്യൻ ജീവനുംകൊണ്ട് സുരക്ഷിത ഇടങ്ങളിലേക്ക് ഓടിയൊളിക്കാറാണ് പതിവ്.



എന്നാൽ ആ മരണവഴികളിലേക്ക്, കയ്യിലൊരു ക്യാമറയുമായി ധീരതയോടെ പാഞ്ഞുകയറുന്ന ചില മനുഷ്യരുണ്ട്. പ്രകൃതിയുടെ ഭീകരതയെയും മനുഷ്യന്റെ ആക്രമണവാസനയെയും ലെൻസിലൂടെ പകർത്തി അവർ ജനങ്ങൾക്കു മുന്നിലെത്തിക്കുന്നു.

മരണത്തിന്റെ വിളിപ്പുറത്ത് നിൽക്കുമ്പോഴും പ്രാണനേക്കാൾ പ്രിയപ്പെട്ട ക്യാമറകളെ നെഞ്ചോട് ചേർത്തുപിടിച്ച്, അവസാന ശ്വാസംവരെ ദൃശ്യങ്ങൾ പകർത്തിയ ധീരരായ ഫോട്ടോ ജേണലിസ്റ്റുകൾ ചരിത്രത്തിലുണ്ട്. ക്യാമറയ്ക്കു പിന്നിൽനിന്ന് പ്രപഞ്ചത്തിലെ അതിജീവന പോരാട്ടങ്ങൾ കറുപ്പിൽ വെളുപ്പിൽ നിറങ്ങളിൽ കാട്ടിക്കൊടുക്കുന്നതിനിടയിൽ സ്വന്തം ജീവൻ ബലിനൽകിയവരുടെ പട്ടികയിൽ കേരളത്തിന്റെ വിക്ടർ ജോർജ്ജുമുണ്ട്.



**മഴ മനുഷ്യൻ പ്രകൃതി അതിജീവനം; ഒരു വിക്ടർ ജോർജ്ജ് മഴച്ചിത്രം (ഇറ്റ്സ് റെയിനിങ്,ആൻ ആൽബം ഓഫ് റെയിൻ ബൈ വിക്ടർ ജോർജ്ജ്, മലയാള മനോരമ, 2002)**

പ്രകൃതിയുടെയും മനുഷ്യന്റെയും ഭയപ്പെടുത്തുന്ന രൗദ്രഭാവപ്പകർച്ചകളിൽപെട്ട്, തങ്ങളുടെ പ്രിയപ്പെട്ട ക്യാമറകളുമായി ചരിത്രത്തിന്റെ താളുകളിൽ അമരന്മാരായി മാറിയ ആ ധീരരായ മാധ്യമപ്രവർത്തകരുടെ ഓർമ്മകളിലൂടെ ഒരു യാത്ര...

**ഒരു പെരുമഴക്കാലത്തിന്റെ തോരാദുഖം**

2001 ജൂലൈ 9. ഇടുക്കി വെണ്ണിയാനി മലയിൽ ഉരുൾപൊട്ടലിന്റെ ദൃശ്യങ്ങൾ പകർത്താൻ പോയ മലയാള മനോരമ ചീഫ് ഫോട്ടോഗ്രാഫർ വിക്ടർ ജോർജ്ജ് പ്രകൃതിയുടെ രൗദ്രഭാവപ്പകർച്ചയിൽ മണ്ണിൽ മറഞ്ഞ ഇരുണ്ടദിനം.

പ്രകൃതി വിതച്ച നാശങ്ങൾ താണ്ടി മികച്ച ദൃശ്യങ്ങൾക്കായി മലമുകളിലേക്ക് കയറി. സുഹൃത്തുക്കൾ വിലക്കിയിട്ടും നിക്കോൺ

> **പ്രകൃതി വിനാശകരമായ താണ്ഡവമാടുമ്പോൾ മനുഷ്യൻ ജീവനും കൊണ്ട് സുരക്ഷിത ഇടങ്ങളിലേക്ക് ഓടിയൊളിക്കാറാണ് പതിവ്. എന്നാൽ ആ മരണവഴികളിലേക്ക്, കയ്യിലൊരു ക്യാമറയുമായി ധീരതയോടെ പാഞ്ഞുകയറുന്ന ചില മനുഷ്യരുണ്ട്. പ്രകൃതിയുടെ ഭീകരതയെയും മനുഷ്യന്റെ ആക്രമണവാസനയെയും ലെൻസിലൂടെ പകർത്തി അവർ ജനങ്ങൾക്കു മുന്നിലെത്തിക്കുന്നു.**

ക്യാമറയുമായി വിക്ടർ മലമുകളിലേക്ക് നടന്നു.മലമുകളിൽ ചിത്രങ്ങൾ പകർത്തിക്കൊണ്ടിരിക്കെ അപ്രതീക്ഷമായി രണ്ടാമതും മലയിടിഞ്ഞു. പാറക്കൂട്ടങ്ങളും മണ്ണും പാഞ്ഞടുക്കുമ്പോൾ മരണത്തിന് തൊട്ടു മുൻപുള്ള സെക്കൻഡിലും വിക്ടർ മലവെള്ളപ്പാച്ചിലിന്റെ രൗദ്രത ക്യാമറയിൽ പകർത്തി കൊണ്ടിരിക്കെ ആ ഫോട്ടോഗ്രാഫറെ മഴതന്നെ മണ്ണിന്റെ ആഴങ്ങളിലേക്ക് ഒഴുക്കി കൊണ്ടുപോയി. രണ്ടു ദിവസത്തെ തിരച്ചിലിനൊടുവിൽ ജൂലൈ 11 നാണ് മൃതദേഹം കണ്ടെടുത്തത്.

കായിക-സാഹിത്യ രംഗങ്ങളിൽ സ്വാഭാവികത നിറഞ്ഞ കാൻഡിഡ് ചിത്രങ്ങളിലൂടെ വിക്ടർ ശ്രദ്ധേയനായി. 'ഇറ്റ്സ് റെയ്നിങ്' എന്ന ചിത്ര പുസ്തകത്തിലെയും മനോരമ ഓൺലൈനിലെയും മഴച്ചിത്രങ്ങളിൽ മനുഷ്യനും പ്രകൃതിയും തമ്മിലെ സഹവാസവും അതിജീവനവുമാണ് മുഖ്യവിഷയം. മഴയെ കേവലമൊരു പ്രകൃതി പ്രതിഭാസമെ

ന്നതിനപ്പുറം ജൈവിക സാന്നിദ്ധ്യമായി അദ്ദേഹം ദൃശ്യവൽക്കരിച്ചു.

വിക്ടർ ചിത്രങ്ങൾക്ക് ഡിജിറ്റൽ യുഗത്തിലെ ചിത്രങ്ങളേക്കാൾ സാങ്കേതിക പരിമിതികൾ സ്വാഭാവികം. ആധുനിക സൗകര്യങ്ങൾ ഇല്ലാതിരുന്ന കാലഘട്ടത്തിൽ 36 ചിത്രങ്ങൾക്കായ ഫിലിം റോളും ഒരു കറുത്ത കുടയുംകൊണ്ട് അദ്ദേഹം സൃഷ്ടിച്ച ദൃശ്യങ്ങളുടെ ആത്മാവും കർത്തവ്യബോധവും സാങ്കേതിക വിദ്യകൾക്കും അപ്പുറമായിരുന്നു. പരിമിതികൾ ചിത്രങ്ങളുടെ മൂല്യം കുറയ്ക്കുന്നില്ല, ചിത്രകാരന്റെ പ്രതിഭയെ പ്രതിഫലിപ്പിക്കുന്നു. കാൽനൂറ്റാണ്ടായി ഓരോ പെരുമഴക്കാലത്തും വിക്ടർ മലയാളിയുടെ മനസ്സിൽ വിങ്ങുന്ന ഒരോർമ്മ.


**മൗണ്ട് സെന്റ് ഹെലൻസ് ദുരന്ത സ്മൃതിയിൽ...**

റോബർട്ട് ലാൻഡ്സ്ബർഗും റീഡ് ടർണർ ബ്ലാക്ക്ബേണും 1980 മെയ് 18 നു നടന്ന മാരകവും വിനാശകരവുമായ മൗണ്ട് സെന്റ് ഹെലൻസ് അഗ്നിപർവ്വത സ്ഫോടനത്തിൽ മരിച്ച ഫോട്ടോ ജേർണലിസ്റ്റുകളാണ്. അമേരിക്കയിൽ വാഷിങ്ടൺ സംസ്ഥാനത്ത് സ്ഥിതിചെയ്യുന്ന പുകയുന്നതും സുഷുപ്തമല്ലാത്തതുമായ ഒരു അഗ്നിപർവ്വതമാണ് (Active Volcano) മൗണ്ട് സെന്റ് ഹെലൻസ്.

റിച്ചർ സ്കെയിലിൽ 5.1 തീവ്രത രേഖപ്പെടുത്തിയ ശക്തമായ ഭൂകമ്പത്തിൽ 57 മനുഷ്യജീവനുകൾ പൊലിഞ്ഞു. ആയിരക്കണക്കിന് വന്യമൃഗങ്ങൾ ചത്തൊടുങ്ങുകയും വൻതോതിൽ മണ്ണിടിച്ചിലും വനനശീകരണവും ഉണ്ടാവുകയും ചെയ്തു.

ഈ സ്ഫോടനത്തിന്റെ അപൂ


**പ്രകൃതി വിതച്ച നാശങ്ങൾ താണ്ടി മികച്ച ദൃശ്യങ്ങൾക്കായി മലമുകളിലേക്ക് കയറി. സുഹൃത്തുക്കൾ വിലക്കിയിട്ടും നിക്കോൺ ക്യാമറയുമായി വിക്ടർ മലമുകളിലേക്ക് നടന്നു. മലമുകളിൽ ചിത്രങ്ങൾ പകർത്തിക്കൊണ്ടിരിക്കെ അപ്രതീക്ഷമായി രണ്ടാമതും മലയിടിഞ്ഞു. പാറക്കൂട്ടങ്ങളും മണ്ണും പാഞ്ഞടുക്കുമ്പോൾ മരണത്തിന് തൊട്ടുമുൻപുള്ള സെക്കൻഡിലും വിക്ടർ മലവെള്ളപ്പാച്ചിലിന്റെ രൗദ്രത ക്യാമറയിൽ പകർത്തികൊണ്ടിരിക്കെ ആ ഫോട്ടോഗ്രാഫറെ മഴതന്നെ മണ്ണിന്റെ ആഴങ്ങളിലേക്ക് ഒഴുക്കി കൊണ്ടുപോയി. രണ്ടു ദിവസത്തെ തിരച്ചിലിനൊടുവിൽ ജൂലൈ 11 നാണ് മൃതദേഹം കണ്ടെടുത്തത്.**



**മഴയും വേരോടെ മറിഞ്ഞ മരവും വൃദ്ധനും അയാളുടെ കാറ്റുപിടിച്ച കുടയും നോക്കിനിൽക്കുന്ന സ്കൂൾ കുട്ടികളും; വിക്ടർ ജോർജ്ജിന്റെ മറ്റൊരു മഴച്ചിത്രം (ഇറ്റ്സ് റെയിനിങ്, ആൻ ആൽബം ഓഫ് റെയിൻ ബൈ വിക്ടർ ജോർജ്ജ്, മലയാള മനോരമ, 2002)**

ർവ്വ ദൃശ്യങ്ങൾ പകർത്തുന്നതിനിടെ ജീവൻ വെടിഞ്ഞ റോബർട്ട് എമേഴ്സൺ ലാൻഡ്സ്ബർഗ് ആ ഫിലിമുകൾ തലമുറകൾക്കുവേണ്ടി സംരക്ഷിച്ചതിലൂടെ മാധ്യമ ചരിത്രത്തിൽ ഓർമ്മിക്കപ്പെടുന്ന ഫ്രീലാൻസ് ഫോട്ടോഗ്രാഫറാണ്. 1931 നവംബർ 13 നു വാഷിംഗ്ടൺ നഗരത്തിൽ സിയാറ്റിനിൽ ജനിച്ച അദ്ദേഹംപ്രകൃതിയും ഭൂമിശാസ്ത്ര മാറ്റങ്ങളും ചിത്രങ്ങളാക്കുന്നതിൽ സമർത്ഥനായിരുന്നു.

സെന്റ് ഹെലൻസ് അഗ്നിപർവ്വതത്തിൽ ചലനങ്ങളും പുകയലകളും കണ്ടുതുടങ്ങിയതു മുതൽ ലാൻഡ്സ്ബർഗ് പ്രദേശം നിരന്തരം സന്ദർശിക്കുകയും മാറ്റങ്ങൾ ക്യാമറയിൽ പകർത്തുകയും ചെയ്തു. 1980 മെയ് 18 രാവിലെ സെന്റ് ഹെലൻസ് പർവതത്തിന്റെ മുകളിൽനിന്ന് 6.4 കിലോമീറ്റർമാത്രം അകലെ കാറിൽ ക്യാമ്പ് ചെയ്ത് ചിത്രങ്ങൾ എടുത്തു. 8.32 നു ശക്തിയോടെ അഗ്നിപർവ്വതം പൊട്ടിത്തെറിച്ചു.




**സെന്റ് ഹെലൻസ് അഗ്നിപർവ്വത സ്ഫോടനത്തിൽ മരിച്ച റോബർട്ട് ലാൻഡ്സ്ബർഗും (1931– 980) മരണത്തിനു തൊട്ടുമുമ്പ് അദ്ദേഹം എടുത്ത സ്ഫോടനത്തിന്റെചിത്രങ്ങളും (നാഷണൽ ജിയോഗ്രാഫിക് 1981 ജനുവരി ലക്കം പ്രസിദ്ധീകരിച്ചത്)**

ചുട്ടുപഴുത്ത ചാരവും വിഷവാതകങ്ങളും (Pyroclastic flow) തന്റെ നേരെ പാഞ്ഞടുക്കുന്നത് കണ്ടു. ഓടി രക്ഷപ്പെടാൻ സമയമില്ലെന്ന് അദ്ദേഹം തിരിച്ചറിഞ്ഞു. ഭയചകിതനാകാതെ ക്യാമറ ഉയർത്തി ആഞ്ഞടിക്കുന്ന ഭീമാകാരമായ ചാരമേഘങ്ങളുടെ ചിത്രങ്ങൾ ഒന്നൊന്നായി പകർത്തി. അവസാന നിമിഷത്തിനുമുമ്പ് ക്യാമറയിലെ ഫിലിം ശ്രദ്ധയോടെ റോൾചെയ്ത് ക്യാമറയ്ക്കൊപ്പം ബാഗിലാക്കി ബാക്ക്പാക്കിനുള്ളിൽ സുരക്ഷിതമായി വെച്ചു. ചുട്ടുപഴുത്ത ചാരചൂടിൽ ഫിലിം ഉരുകിപ്പോകാതിരിക്കാൻ ബാഗിനു മുകളിൽ കമഴ്ന്നുകിടന്നു ഫിലിമുകൾക്ക് കവചംതീർത്തു. ചാരമേഘങ്ങൾ മൂടി, വിഷവാതകം

**റോബർട്ട് ലാൻഡ്സ്ബർഗും റീഡ് ടർണർ ബ്ലാക്ക്ബേണും 1980 മെയ് 18 നു നടന്ന മാരകവും വിനാശകരവുമായ മൗണ്ട് സെന്റ് ഹെലൻസ് അഗ്നിപർവ്വത സ്ഫോടനത്തിൽ മരിച്ച ഫോട്ടോജേർണലിസ്റ്റുകളാണ്. അമേരിക്കയിൽ വാഷിങ്ടൺ സംസ്ഥാനത്ത് സ്ഥിതിചെയ്യുന്ന പുകയുന്നതും സുഷുപ്തമല്ലാത്തതുമായ ഒരു അഗ്നിപർവ്വതമാണ് (Active Volcano) മൗണ്ട് സെന്റ് ഹെലൻസ്.**



**മൗണ്ട് സെന്റ് ഹെലൻസ് സ്ഫോടനത്തിൽ ജീവൻ വെടിഞ്ഞറീഡ് ബ്ലാക്ക്ബേൺ (1952–1980)**



**മൗണ്ട് സെന്റ് ഹെലൻസിന്റെ ആകാശകാഴ്ച, വിനാശകരമായ പൊട്ടിത്തെറിക്ക് ഏതാണ്ട് അഞ്ച് ആഴ്ചമുമ്പ് 1980 ഏപ്രിൽ ആദ്യം എടുത്ത ചിത്രം**

ശ്വസിച്ചു കടുത്ത ചൂടിൽ അദ്ദേഹം മരണത്തിനു കീഴടങ്ങി.

മരണം മുന്നിൽ നിൽക്കുമ്പോഴും ലാൻഡ്സ്ബർഗ് മഹാവിനാശത്തിന്റെ നാലു ചിത്രങ്ങൾ ക്യാമറയിൽ പകർത്തി. പർവ്വതമുകളിൽനിന്നും പുകയും ചാരവും പുറത്തേക്ക് തള്ളുന്ന സ്ഫോടനത്തിന്റെ പ്രാരംഭ ഘട്ടമായിരുന്നു ആദ്യചിത്രം. പൈറോക്ലാസ്റ്റിക് പ്രവാഹത്തിന്റെ തുടക്കത്തിൽ, അഗ്നിപർവ്വതത്തിന്റെ വശങ്ങൾ തകരുമ്പോൾ (ലാറ്ററൽ ബ്ലാസ്റ്റ്) സംഭവിക്കുന്ന ചൂടുവാതകങ്ങളും ചാരവും പാറക്കഷ്ണങ്ങളുംചേർന്ന ഭീമൻ മേഘപടലത്തിങ്ങളുടെ അതിവേഗ വ്യാപനമായിരുന്നു രണ്ടാമത്തെ ചിത്രം. ലാൻഡ്സ്ബർഗ് നിന്ന ദിശയിലേക്കു പടർന്നു പന്തലിച്ചു വരുന്ന ഭീകരമായ ചാരമേഘമായിരുന്നു



**മൗണ്ട് സെന്റ് ഹെലൻസ് പൊട്ടിത്തെറിക്കുശേഷം ഏതാണ്ട് 10 മൈൽ അകലെ കണ്ടെത്തിയ റീഡ് ബ്ലാക്ക്ബേണിന്റെ കാർ**

**മരണം മുന്നിൽ നിൽക്കുമ്പോഴും ലാൻഡ്സ്ബർഗ് മഹാവിനാശത്തിന്റെ നാലു ചിത്രങ്ങൾ ക്യാമറയിൽ പകർത്തി. പർവ്വതമുകളിൽനിന്നും പുകയും ചാരവും പുറത്തേക്ക് തള്ളുന്ന സ്ഫോടനത്തിന്റെ പ്രാരംഭ ഘട്ടമായിരുന്നു ആദ്യചിത്രം. പൈറോക്ലാസ്റ്റിക് പ്രവാഹത്തിന്റെ തുടക്കത്തിൽ, അഗ്നിപർവ്വതത്തിന്റെ വശങ്ങൾ തകരുമ്പോൾ (ലാറ്ററൽ ബ്ലാസ്റ്റ്) സംഭവിക്കുന്ന ചൂടുവാതകങ്ങളും ചാരവും പാറക്കഷ്ണങ്ങളുംചേർന്ന ഭീമൻ മേഘപടലത്തിങ്ങളുടെ അതിവേഗ വ്യാപനമായിരുന്നു രണ്ടാമത്തെ ചിത്രം. ലാൻഡ്സ്ബർഗ് നിന്ന ദിശയിലേക്കു പടർന്നു പന്തലിച്ചു വരുന്ന ഭീകരമായ ചാരമേഘമായിരുന്നു മൂന്നാമത്തെ ചിത്രം.**

മൂന്നാമത്തെ ചിത്രം. അവസാനചിത്രം എടുക്കുമ്പോൾ പുകയോടൊപ്പം തൊട്ടടുത്തുവരെ എത്തിയിരുന്ന ചാരപടലങ്ങൾ ലെൻസിൽ പടരാൻ തുടങ്ങിയിരുന്നു. അഗ്നിപർവ്വത സ്ഫോടനത്തിന്റെ തീവ്രതയും വേഗതയും കൃത്യമായി മനസ്സിലാക്കാൻ പിൽക്കാല ജിയോളജി പഠനങ്ങൾക്ക് സഹായകരമായ ഈ ചിത്രങ്ങളും 'മൗണ്ട് സെന്റ് ഹെലൻസ്' എന്ന തലക്കെട്ടോടെ മുഖലേഖനവും നാഷണൽ ജിയോഗ്രാഫിക് മാഗസിൻ (ജനുവരി 1981, വാല്യം 159, ലക്കം 1) പ്രസിദ്ധീകരിച്ചു.

ലാൻഡ്സ്ബർഗിനെപ്പോലെ ഈ സ്ഫോടനത്തിൽ കൊല്ലപ്പെട്ട മറ്റൊരു ഫോട്ടോ ജേർണലിസ്റ്റാണ് റീഡ് ബ്ലാക്ക്ബേൺ. 1952 ഓഗസ്റ്റ് 11 നു വാഷിംഗ്ടൺ ഡിസിയിൽ ജനിച്ച് ജേണലിസത്തിൽ ബിരുദം നേടി വാഷിംഗ്ടണിലെ വാൻകൂവർ ആസ്ഥാനമായ 'ദി കൊളംബിയൻ' പത്രത്തിൽ സ്റ്റാഫ് ഫോട്ടോഗ്രാഫറായി. പിന്നെ നാഷണൽ ജിയോ




**കൊടുങ്കാറ്റ് കവർന്ന മാധ്യമക്കണ്ണുകൾ; മൈക്ക് മക്കോർമിക്കും (1982-2018) ആരോൺ സ്മെൽറ്റ്സറും (1982-2018)**

ഗ്രാഫിക് മാഗസിനും യുണൈറ്റഡ് സ്റ്റേറ്റ്സ് ജിയോളജിക്കൽ സർവേയ്ക്കുംവേണ്ടി (USGS) ചിത്രങ്ങൾ പകർത്തി.

1980 കളുടെ തുടക്കത്തിൽ മൗണ്ട് സെന്റ് ഹെലൻസ് സജീവമായപ്പോൾ അതിന്റെ വ്യോമദൃശ്യങ്ങളും ഭൂമിശാസ്ത്രപരമായ മാറ്റങ്ങളും പകർത്താൻ അദ്ദേഹവും നിയോഗിക്കപ്പെടുന്നു. തന്റെ ദൗത്യം പൂർത്തിയാക്കി മെയ് 17 നു മടങ്ങേണ്ട അദ്ദേഹം കുറച്ചുദിവസങ്ങൾകൂടി അവിടെ തുടരാൻ സ്വയം തീരുമാനിച്ചു. അഗ്നിപർവ്വതത്തിന്റെ വടക്കേ ചരിവിൽ 13 കിലോമീറ്റർ അകലെയുള്ള കോൾഡ് വാട്ടർ ക്രീക്കിലായിരുന്നു ക്യാമ്പ്.

1980 മെയ് 18 രാവിലെ 8.32 പൊട്ടിത്തെറിച്ച അഗ്നിപർവ്വതത്തിന്റെ 'ലാറ്ററൽ ബ്ലാസ്റ്റ്' ബ്ലാക്ക്ബേൺ നിന്നിരുന്ന ഭാഗത്തേക്കായിരുന്നു. കാറിനുള്ളിൽ കയറി രക്ഷപ്പെടാൻ ശ്രമിക്കുന്നതിനിടെ സ്ഫോടനത്തിന്റെ ചാര, വിഷവാതക പ്രളയം (Pyroclastic flow) കാറിനെ മൂടിക്കളഞ്ഞു. നാല് ദിവസങ്ങൾക്കുശേഷം ചാരത്തിൽ മുങ്ങിയനിലയിൽ കണ്ടെത്തിയ കാറിന്റെ ഉള്ളിൽ സ്റ്റീയറിംഗിൽ പിടിച്ചു പർവതത്തിനു വിപരീത ദിശയിലേക്ക് രക്ഷപ്പെടാൻ ശ്രമിച്ച അവസ്ഥയിൽ അദ്ദേഹത്തിന്റെ മൃതദേഹം കണ്ടെത്തി. ചാരത്തിനടിയിൽനിന്നു കണ്ടെടുത്ത ക്യാമറയ്ക്കുള്ളിലെ ഫിലിം പൂർണ്ണമായും കത്തിനശിച്ചുപോയിരുന്നു. അല്ലായിരുന്നെങ്കിൽ അവ ന്യൂസ് ഫോട്ടോഗ്രഫി, ഭൂകമ്പ ഗവേഷണ ചരിത്രത്തിലെ അമൂല്യ ചിത്രങ്ങളായി മാറുമായിരുന്നു. ഇതേ ദുരന്തത്തിൽ മരിച്ച ലാൻഡ്സ്ബർഗ് തന്റെ ശരീരംകൊണ്ട് കാത്തുസൂക്ഷിച്ച ഫിലിമിന്റെ ചരിത്രപരമായ പ്രാധാന്യം.

സംഭവംനടന്നു 33 വർഷങ്ങൾക്കുശേഷം 2013-ൽ പത്രത്തിന്റെ സ്റ്റുഡിയോയിലെ ഒരു പഴയ ബോക്സിൽ ഡവലപ്പ് ചെയ്യാത്ത ഒരു റോൾ ബ്ലാക്ക് ആൻഡ് വൈറ്റ് ഫിലിം കണ്ടെത്തി. കഴുകിയെടുത്തപ്പോൾ പത്രലോകത്തിന് ലഭിച്ചത് ബ്ലാക്ക്ബേൺ മരണത്തിന് അഞ്ചാഴ്ചമുൻപ് പർവ്വത്തിന്റെ മുകളിൽ വിമാനത്തിൽ നിന്നെടുത്ത പുകയുന്ന അഗ്നിപർവ്വതത്തിന്റെ സ്ഫോടനത്തിനു തൊട്ടുമുമ്പുള്ള അപൂർവ്വചിത്രങ്ങൾ ആയിരുന്നു.

### മരണത്തിലും ക്യാമറ കഴുത്തിൽ തൂക്കി...

ഔദ്യോഗിക കൃത്യനിർവഹണത്തിനിടയിൽ ജീവൻ ബലിനൽകേണ്ടി വന്ന മറ്റൊരു ക്യാമറാമാനായിരുന്നു ഷഫാത് സിദ്ദിഖി. 2014 സെപ്റ്റംബർ 7 നു കാശ്മീരിലുണ്ടായ വൻപ്രളയം റിപ്പോർട്ട് ചെയ്യുകയായിരുന്നു 'ദൈനിക് ജാഗരൺ' പത്രത്തിന്റെ ഫോട്ടോഗ്രാഫറായ ഷഫാത്. ശ്രീനഗറിലെ സിവിൽ സെക്രട്ടേറിയറ്റിന് സമീപമുള്ള

**ഔദ്യോഗിക കൃത്യനിർവഹണത്തിനിടയിൽ ജീവൻ ബലിനൽകേണ്ടി വന്ന മറ്റൊരു ക്യാമറാമാനായിരുന്നു ഷഫാത് സിദ്ദിഖി. 2014 സെപ്റ്റംബർ 7 നു കാശ്മീരിലുണ്ടായ വൻപ്രളയം റിപ്പോർട്ട് ചെയ്യുകയായിരുന്നു 'ദൈനിക് ജാഗരൺ' പത്രത്തിന്റെ ഫോട്ടോഗ്രാഫറായ ഷഫാത്. ശ്രീനഗറിലെ സിവിൽ സെക്രട്ടേറിയറ്റിന് സമീപമുള്ള ഫ്ലൈഓവറിൽനിന്ന് ദൃശ്യങ്ങൾ പകർത്തുന്നതിനിടയിൽ കാൽവഴുതി താഴെ കുത്തിയൊഴുകുന്ന പ്രളയജലത്തിലേക്ക് വീഴുകയായിരുന്നു.**



**കശ്മീരിലെ പ്രളയത്തിൽ ജീവൻ നഷ്ടപ്പെട്ട ഷഫാത് സിദ്ദിഖി (1974-2014)**

ഫ്ലൈഓവറിൽനിന്ന് ദൃശ്യങ്ങൾ പകർത്തുന്നതിനിടയിൽ കാൽവഴുതി താഴെ കുത്തിയൊഴുകുന്ന പ്രളയജലത്തിലേക്ക് വീഴുകയായിരുന്നു. അദ്ദേഹം ഒഴുക്കിൽപ്പെട്ട വിവരം ആദ്യദിവസങ്ങളിൽ ആരും ശ്രദ്ധിച്ചിരുന്നില്ല. അഞ്ചു ദിവസങ്ങൾക്കുശേഷം സെപ്റ്റംബർ 12 നു ലാൻഡ്സ്ബർഗിന്റെ അവസാന നിമിഷങ്ങളെ ഓർമ്മിപ്പിക്കുംവിധം കഴുത്തിൽ തുങ്ങിക്കിടന്ന ക്യാമറയുമായി മൃതദേഹം കണ്ടെത്തി. ഈ ന്യൂസ് ഫോട്ടോഗ്രാഫറുടെ 20 വർഷത്തെ കരിയറിൽ എടുത്ത ചിത്രങ്ങളിൽ

**2025 മാർച്ച് 28 നു നേപ്പാളിലെ കാഠ്മണ്ഡുവിൽ നടന്ന വലിയ പ്രതിഷേധ പ്രകടനത്തിന്റെ തത്സമയ ദൃശ്യങ്ങൾ പകർത്തുന്നതിനിടയിൽ, പ്രതിഷേധക്കാർ കെട്ടിടത്തിന് തീയിട്ടപ്പോൾ മരണമടഞ്ഞ യുവ ഫോട്ടോ ജേർണലിസ്റ്റ് സുരേഷ് രജക് നേപ്പാളിലെ പ്രമുഖ വാർത്താചാനലായ 'അവന്യൂസ് ടെലിവിഷന്റെ' ക്യാമറ/വീഡിയോ വിഭാഗം മേധാവിയായിരുന്നു.**



**താലിബാൻ ആക്രമണത്തിൽ കൊല്ലപ്പെട്ട ഡാനിഷ് സിദ്ദിഖി (1983–2021)**

ഫയൽ ചെയ്യാൻ കഴിയാതെപോയ ഏക ചിത്രദൗത്യവും ഇതായിരുന്നു.

### കൊടുങ്കാറ്റ് കവർന്ന മാധ്യമക്കണ്ണുകൾ

ഫിലിപ്പ് ആരോൺ സ്മെൽറ്റ്സറും മൈക്ക് മക്കോർമിക്കും അമേരിക്കയിലെ നോർത്ത് കരോലിനയിൽ വീശിയടിച്ച 'അൽബർട്ടോ' കൊടുങ്കാറ്റ് റിപ്പോർട്ട് ചെയ്യുന്നതിനിടയിൽ അപ്രതീക്ഷിതമായ അപകടത്തിൽ ദാരുണമായി കൊല്ലപ്പെട്ട മാധ്യമപ്രവർത്തകർ. മൈക്ക് മക്കോർമിക് അമേരിക്കൻ വാർത്താചാനലായ 'WYFF ന്യൂസ് 4' ടീമിലെ പ്രമുഖ വാർത്താവതാരകനും റിപ്പോർട്ടറും. ആരോൺ സ്മെൽറ്റ്സർ നാലുതവണ എമ്മി അവാർഡ് നേടിയ ഫോട്ടോ ജേർണലിസ്റ്റ്.

2018 മെയ് 28 നു പോൾക്ക് കൗണ്ടിയിലെ ഹൈവേ 176 ൽ ആയിരുന്നു അപകടം. ദിവസങ്ങളായ ശക്തമായ മഴയെ തുടർന്നു ജനങ്ങൾക്ക് സുരക്ഷാ മുന്നറിയിപ്പുകൾ നൽകാനും തത്സമയ വിവരങ്ങൾ ശേഖരിക്കാനും പോയതായിരുന്നു സംഘം. കൊടുങ്കാറ്റിന്റെ കെടുതികൾ ചിത്രീകരിച്ച് മടങ്ങുമ്പോൾ കനത്ത കാറ്റിൽ വേരോടെ പിഴുതുവീണ വൻമരം ഇവരുടെ വാഹനത്തിന് മുകളിലേക്ക് പതിക്കുകയും ഇരുവരും തൽക്ഷണം മരിക്കുകയുമായിരുന്നു.

### കാഠ്മണ്ഡുവിലെ കനൽവഴികളിൽ എരിഞ്ഞൊടുങ്ങിയ ക്യാമറ

2025 മാർച്ച് 28 നു നേപ്പാളിലെ കാഠ്മണ്ഡുവിൽ നടന്ന വലിയ പ്രതിഷേധ പ്രകടനത്തിന്റെ തത്സമയ ദൃശ്യങ്ങൾ പകർത്തുന്നതിനിടയിൽ, പ്രതിഷേധക്കാർ കെട്ടിടത്തിന് തീയിട്ടപ്പോൾ മരണമടഞ്ഞ യുവ ഫോട്ടോ ജേർണലിസ്റ്റ് സുരേഷ് രജക് നേപ്പാളിലെ പ്രമുഖ വാർത്താചാനലായ 'അവന്യൂസ് ടെലിവിഷന്റെ' ക്യാമറ/വീഡിയോ വിഭാഗം മേധാവിയായിരുന്നു.

പ്രതിഷേധ പ്രകടനങ്ങളുടെ തത്സമയ ദൃശ്യങ്ങൾ പകർത്താനായി സുരേഷും അദ്ദേഹത്തിന്റെ സഹപ്രവർത്തകരും തിൻകുനെയിലെ ഒരു കെട്ടിടത്തിന്റെ മുകൾനിലയിലേക്കു കയറി. കെട്ടിടത്തിന്റെ മുകളിൽ നിന്ന് പോലീസ് പ്രതിഷേധക്കാർക്ക് നേരെ കണ്ണീർവാതകം പ്രയോഗിച്ചു. പ്രകോപിതരായ ജനക്കൂട്ടം താഴത്തെ നിലയ്ക്കു തീയിടുകയായിരുന്നു. തീ പടർന്നതോടെ മുകൾനിലയിലുണ്ടായിരുന്ന സുരേഷ് രജക്കിന് പുറത്തേക്കിറങ്ങാൻ കഴിഞ്ഞില്ല. ഒപ്പമുണ്ടായിരുന്ന സഹപ്രവർത്തകർ പരസ് ശ്രേഷ്ഠയും അനിൽ രായമാജിയും അത്ഭുതകരമായി രക്ഷപ്പെട്ടു. കെട്ടിടത്തിനുള്ളിൽ ആരുമില്ലെന്ന നിഗമനത്തിൽ പോലീസ് തിരച്ചിൽ നടത്താൻ തയ്യാറായില്ലെന്ന് ആക്ഷേപമുണ്ടായി. പ്രതിഷേധക്കാർ ഫയർഫോഴ്സ് വാഹനങ്ങൾക്ക് നേരെ കല്ലെറിഞ്ഞതും രക്ഷാപ്രവർത്തനത്തിനു തടസ്സമായി. ഒടുവിൽ രജക്കിന്റെ കത്തിയമർന്ന മൃതദേഹം കെട്ടിടത്തിന്റെ നാലാം നിലയിൽ കണ്ടെത്തി.

### പെൺ ചോരപ്പാടുകൾ

ധീരരായ വനിതകളുടെ ചോരയും ഫോട്ടോ ജേർണലിസത്തിന്റെ രക്തസാക്ഷിത്വ ചരിത്രത്തിൽ പതിഞ്ഞിട്ടുണ്ട്. യുദ്ധമുഖത്ത് ഔദ്യോഗിക കൃത്യനിർവഹണത്തിനിടയിൽ മരണപ്പെടുന്ന ലോകത്തിലെ ആദ്യ

വനിതാ ഫോട്ടോ ജേർണലിസ്റ്റായ ജർമ്മൻകാരി ഗെർഡ ടാരോ(26). 1937 ജൂലൈ 26 നു സ്പാനിഷ് ആഭ്യന്തര യുദ്ധത്തിലെ ക്രൂരതകൾ ക്യാമറയിലാക്കി മടങ്ങവെ നിയന്ത്രണം വിട്ട സൈനിക ടാങ്ക് ഇടിച്ചായിരുന്നു ഗെർഡയുടെ അന്ത്യം.

രണ്ടാം ലോകമഹായുദ്ധം മുതൽ മരണംവരെ താൻ പകർത്തിയ യുദ്ധചിത്രങ്ങളിലൂടെ അനശ്വരയായി മാറിയ അമേരിക്കൻ വനിതാ ഫോട്ടോഗ്രാഫർ ഡിക്കി ചാപ്പലിന്റെ (47) അന്ത്യം1965 നവംബർ 4 നു വിയറ്റ്നാം യുദ്ധമുഖത്ത് യുഎസ് മറൈൻ സൈന്യത്തോടൊപ്പം ദൃശ്യങ്ങൾ പകർത്തവേ ലാൻഡ് മൈൻ സ്ഫോടനത്തിലായിരുന്നു.

**ദുരന്തങ്ങളുടെ നീളുന്ന പട്ടിക**

കഴിഞ്ഞ മുക്കാൽ നൂറ്റാണ്ടിനിടയിൽ (19502025) കരിയറിന്റെയും യൗവ്വനത്തിന്റെയും തിളക്കത്തിൽ അകാലത്തിൽ ഇല്ലാതായ ആഗോള ഫോട്ടോഗ്രാഫർമാർ ഇനിയുമേറെ. 1954 മെയ് 25-ന് ഇൻഡോ-ചൈന യുദ്ധരംഗം ചിത്രീകരിക്കുന്നതിനിടയിൽ ലാൻഡ് മൈൻ പൊട്ടിത്തെറിച്ച് കൈകളിൽ ക്യാമറയുമായി മരിച്ച ലോകപ്രശസ്ത യുദ്ധകാല ഫോട്ടോഗ്രാഫർ റോബർട്ട് കാപ്പ (40). 1970 ഒക്ടോബർ 28 നു കംബോഡിയൻ യുദ്ധമേഖലയിൽവെച്ച് അക്രമികളുടെ വെടിയേറ്റു കൊല്ലപ്പെട്ട വിഖ്യാത വിയറ്റ്നാം യുദ്ധചിത്രങ്ങളിലൂടെ പുലിറ്റ്സർ സമ്മാനം നേടിയ ജാപ്പനീസ് ഫോട്ടോഗ്രാഫർ ക്യോച്ചി സവാദ (34). 1971 ഫെബ്രുവരി 10 നു വിയറ്റ്നാം യുദ്ധദൃശ്യങ്ങൾ പകർത്താൻ ഹെലികോപ്റ്ററിൽ പോകവേ ശത്രുസൈന്യത്തിന്റെ വെടിവെപ്പിൽ മരണമടഞ്ഞ 'ലൈഫ്' മാഗസിനിലെ ഫോട്ടോ ജേർണലിസ്റ്റായ ലാരി ബറോസ് (44).

1976 ജൂൺ 16-ന് ദക്ഷിണാഫ്രിക്കയിലെ ചരിത്രപ്രസിദ്ധമായ 'സൊവേറ്റോ' കലാപത്തിൽ പോലീസ് ജനക്കൂട്ടത്തിന് നേരെ വെടിയുതിർക്കുന്ന ചിത്രങ്ങൾ പകർത്തുന്നതിനിടയിൽ കൊല്ലപ്പെട്ട കറുത്തവർഗ്ഗക്കാരനായ യുവ ഫോട്ടോഗ്രാഫർ ലൂക്കാസ് മബേല (26). റോയിട്ടേഴ്സിനുവേണ്ടി 1983 ഓഗസ്റ്റ് 11-ന് ഇറാൻ-ഇറാഖ് അതിർത്തിയിലെ കടുത്ത യുദ്ധരംഗങ്ങൾ ചിത്രീകരിക്കുന്നതിനിടയിൽ ലാൻഡ് മൈൻ സ്ഫോടനത്തിൽ ജീവൻ നഷ്ടപ്പെട്ട ഇന്ത്യൻ ഫോട്ടോഗ്രാഫർ നജ്മുൽ

> **ധീരരായ വനിതകളുടെ ചോരയും ഫോട്ടോ ജേർണലിസത്തിന്റെ രക്തസാക്ഷിത്വ ചരിത്രത്തിൽ പതിഞ്ഞിട്ടുണ്ട്. യുദ്ധമുഖത്ത് ഔദ്യോഗിക കൃത്യനിർവഹണത്തിനിടയിൽ മരണപ്പെടുന്ന ലോകത്തിലെ ആദ്യ വനിതാ ഫോട്ടോ ജേർണലിസ്റ്റായ ജർമ്മൻകാരി ഗെർഡ ടാരോ(26). 1937 ജൂലൈ 26 നു സ്പാനിഷ് ആഭ്യന്തര യുദ്ധത്തിലെ ക്രൂരതകൾ ക്യാമറയിലാക്കി മടങ്ങവെ നിയന്ത്രണംവിട്ട സൈനിക ടാങ്ക് ഇടിച്ചായിരുന്നു ഗെർഡയുടെ അന്ത്യം.**

ഹസൻ (37). 1993 ഫെബ്രുവരി 4-ന് കാബൂളിൽ താലിബാൻ ഉൾപ്പെടെയുള്ള വിവിധ ഗ്രൂപ്പുകൾ തമ്മിൽ നടന്ന കടുത്ത ബോംബാക്രമണങ്ങൾ ക്യാമറയിൽ പകർത്തവെ വാഹനം തകർന്ന് മരണമടഞ്ഞ ജപ്പാൻ ഫോട്ടോ ജേർണലിസ്റ്റ് യാസുഹീറോ ഇഷിമാരു (32). ദക്ഷിണാഫ്രിക്കയിലെ വർണ്ണവിവേചന ഭരണം അവസാനിക്കുന്ന ഘട്ടത്തിൽ ജോഹന്നാസ്ബർഗിൽ ഉണ്ടായ ക്രൂരമായ വംശീയ കലാപങ്ങൾ ക്യാമറയിൽ പകർത്തുന്നതിനിടയിൽ 1994 ഏപ്രിൽ 18 നു അബദ്ധത്തിൽ സമാധാനസേനയുടെ വെടിയേറ്റു മരിച്ച 'ബാങ്-ബാങ് ക്ലബ്ബിലെ' പ്രധാനി കെൻ ഓസ്റ്റർബ്രോക്ക് (32).

2001 സെപ്റ്റംബർ 11 വേൾഡ് ട്രേഡ് സെന്റർ ഭീകരാക്രമണത്തിൽ ആദ്യഗോപുരം തകരുന്ന ദൃശ്യങ്ങൾ പകർത്തി, രണ്ടാമത്തെ ഗോപുരം തകർന്നുവീണപ്പോൾ അതിനടിയിൽപെട്ട് മരിച്ച ബിൽ ബിഗ്ഗാർട്ട് (53). 2011 ഏപ്രിൽ 20-ന് ലിബിയൻ ആഭ്യന്തര യുദ്ധത്തിലെ കനത്ത ബോംബാക്രമണത്തിൽ മരിച്ച ഗെറ്റി ഇമേജസിന്റെ ഫോട്ടോഗ്രാഫറായ ക്രിസ് ഹോൺഡ്രോസ് (41). (ഓസ്കാർ നാമനിർദ്ദേശം ലഭിച്ച ഡോക്യുമെന്ററി സംവിധായകൻ ടിം ഹെതറിംഗ്ടണും (40) ഇതേ അപകടത്തിൽ ഇതേദിവസം കൊല്ലപ്പെട്ടു).

2021 ജൂലൈ 16-ന് അഫ്ഗാനിസ്ഥാനിൽ വെച്ച് കൊല്ലപ്പെട്ട പുലിറ്റ്സർ സമ്മാന ജേതാവായ പ്രശസ്ത ഇന്ത്യൻ ഫോട്ടോജേണലിസ്റ്റ് ഡാനിഷ് സിദ്ദിഖി (38). പട്ടികയിലെ പേരുകൾ ഇങ്ങനെ നീളുന്നു.

**ദുരന്തസ്മൃതിയിൽ ആദരവോടെ**

വിക്ടർ ജോർജ്ജ് അടക്കം അകാലത്തിൽ പൊലിഞ്ഞ മാധ്യമപ്രവർത്തകരുടെ ജീവിതങ്ങൾ കേവലം ദുരന്തവാർത്തകളോ ഓർമ്മക്കുറിപ്പുകളോ അല്ല, പ്രകൃതിയുടെ പ്രകോപനങ്ങൾക്കു മുന്നിലെ അതിജീവന പോരാട്ടങ്ങളാണ്; ദൃശ്യമാധ്യമ ചരിത്രത്തിലെ ആത്മസമർപ്പണത്തിന്റെ ചോരപുരണ്ട അടയാളങ്ങളാണ്.

കരിയറിന്റെയും ജീവിതത്തിന്റെയും മനോഹരമായ പ്രായത്തിലായിരുന്നു ഈ മാധ്യമപ്രവർത്തകരുടെയെല്ലാം ദാരുണമായ അന്ത്യം. മരണം സംഭവിക്കുമ്പോൾ അവരിൽ ബിൽ ബിഗാർട്ട് (53) ഒഴികെ മറ്റൊരാൾക്കും അൻപത് വയസ്സ് തികഞ്ഞിരുന്നില്ല!

സുരക്ഷിതമായ മുറിയിലിരുന്ന് കണ്ടുരസിക്കുന്ന ചില പത്രചിത്രങ്ങൾക്കെങ്കിലും മരണനിമിഷത്തിലും സ്വന്തം സുരക്ഷപോലും മറന്ന് ക്യാമറ ഷട്ടറിൽ കണ്ണും കയ്യുമൊരുക്കി കാത്തിരുന്ന ചില മനുഷ്യരുടെ ചോരയുടെ നിറവും നനവുമുണ്ടെന്നു പലപ്പോഴും ഓർക്കാറില്ല. ഈ ഓർമ്മപുതുക്കൽ ധീരരായ എല്ലാ ഫോട്ടോ ജേണലിസ്റ്റുകൾക്കുമുള്ള ആദരവാണ്.

ചെറുകഥ



വര:
പി ആർ രാജൻ

# ഒരു മരണാനന്തര റിയാലിറ്റി ഷോ



വിജയകുമാർ കളരിക്കൽ

ബേക്കറിക്കടക്കാരൻ ബാലൻ വാർത്ത കാണുകയാണ്. കവലയിലെ ചെറിയകടയിൽ അയാൾ സെയിൽമാനും മാനേജരും മുതലാളിയുമൊക്കെയാണ്. തിരക്കൊഴിഞ്ഞ നേരം, കടുപ്പം കൂടിയ ചൂടുള്ള ചായ അയാളുടെ ഇടതു കൈയ്യിലുണ്ട്...

കണ്ടു തുടങ്ങിയതു ചെറിയൊരു നഗരത്തിൻറെ ദൃശ്യങ്ങളാണ്, മലയാളക്കരയിൽ തന്നെ.....

മൂന്നും കൂടിയ കവല, കട കമ്പോളങ്ങൾ, അധികം വീതി കൂടാത്ത ടാർ വഴി... പഴയ കടകൾ വീതികൂടാൻ സമ്മതിക്കാതെ പതുങ്ങിയിരിക്കും പോലെ...

ദൈവമെ, ഈ കടകൾ, ഈ റോഡ് എനിക്കറിയാമല്ലോ... ബാലൻ ചായ കുടിക്കാൻ മറന്ന് ടിവി സ്ക്രീനിൽ തുറിച്ചു നോക്കിയിരുന്നു.

ഈ വഴിയിലൂടെയാണല്ലോ ഞാനെന്നും നടക്കുന്നത്, ഈ കടയിൽ നിന്നാണല്ലോ ഞാൻ സാധനങ്ങൾ എടുക്കുന്നത്....

ചാനലിൻറെ കണ്ണുകൾ ഫോക്കസ് ചെയ്യുന്നത് ടാർ വിരിച്ച റോഡിൽ, ജംഗഷനിൽ തന്നെയാണ്.

റോഡിൽ ചോരപ്പാടുകൾ...

ബാലൻ കേൾക്കുന്നു.

-ഇവിടെയാണ് മരിച്ച നേതാവ് കിടന്നിരുന്നത്...ഇവിടെ വച്ചു തന്നെയാണ് അദ്ദേഹം ആക്രമിക്കപ്പെട്ടത് ....

-പ്രവിശ്യയിലെ കിഴക്കൻ മല നിരകളുടെ താഴ്വാരത്തുള്ള ചെറിയ പട്ടണം...

ചോരപ്പാടുകളെ വിട്ട്,



രക്തം തളം കെട്ടി നിന്നിരുന്ന കുഴികളെവിട്ട്, ടാറിളകിയ റോഡു വിട്ട്,

റോഡിൻറെ ഇരുവശങ്ങളിലുമുള്ള തുറന്നിരിക്കുന്ന വ്യാപാരസ്ഥാപനങ്ങളെ വിട്ട് ചാനലിൻറെ കണ്ണുകൾ സുന്ദരിയായൊരു പെൺകുട്ടിയുടെ മുഖത്ത്...

ഇരുപതു വയസ്സുള്ള, ചെമ്പിച്ച മുടി പറത്തി, ഇറുകി കിടക്കുന്ന ടോപ്പിൽ, ജീൻസിൽ....

പ്രത്യേകതയുള്ള അംഗ വിക്ഷേപങ്ങളിൽ, ചാനലിൻറെ ശബ്ദമായ പെൺകുട്ടി...

-കടകമ്പോളങ്ങൾ ചൂടുപിടിച്ചു വരുന്നതേ ഉണ്ടായിരുന്നുള്ളൂ. കിഴക്കൻ മലകളിൽ നിന്നും വാഹനങ്ങൾ എത്തി തുടങ്ങിയതേ ഉണ്ടായിരുന്നുള്ളൂ. നാനായിടത്തു നിന്നും ആളുകൾ എത്തിക്കൂടുന്നതേ ഉണ്ടായിരുന്നുള്ളൂ.....

-മൂന്നും കൂടിയ കവലയിൽ എവിട നിന്നോ ജീപ്പിൽ എത്തുകയായിരുന്നു, അവർ. നേതാവ് ആക്രമിക്കപ്പെടുകയായിരുന്നു.

-നെഞ്ച് പിളർന്ന്, ശിരസ്സ് തകർന്ന് ടാറിളകിയ റോഡിലെ കുഴികളിൽ രക്തം തളം കെട്ടി, രണ്ടോ മൂന്നോ പിടഞ്ഞ് അദ്ദേഹം.

-നഗരത്തിൻറെ പ്രാന്തപ്രദേശത്തുള്ള ഒരു ഗ്രാമത്തിൽ, സ്വഗൃഹത്തിലെത്തി അച്ഛനമ്മമാരെ കണ്ടിട്ട് തിരക്കേറിയ തൻറെ ജീവിതത്തിലേക്ക് മടങ്ങവെ....

ശ്ശെ !

**ദൈവമെ, ഈ കടകൾ, ഈ റോഡ് എനിക്കറിയാമല്ലോ... ബാലൻ ചായ കുടിക്കാൻ മറന്ന് ടിവി സ്ക്രീനിൽ തുറിച്ചു നോക്കിയിരുന്നു.. ഈ വഴിയിലൂടെയാണല്ലോ ഞാനെന്നും നടക്കുന്നത്, ഈ കടയിൽ നിന്നാണല്ലോ ഞാൻ സാധനങ്ങൾ എടുക്കുന്നത്....**

**ചാനലിൻറെ കണ്ണുകൾ ഫോക്കസ് ചെയ്യുന്നത് ടാർ വിരിച്ച റോഡിൽ, ജംഗഷനിൽ തന്നെയാണ്. റോഡിൽ ചോരപ്പാടുകൾ... ബാലൻ കേൾക്കുന്നു. –ഇവിടെയാണ് മരിച്ച നേതാവ് കിടന്നിരുന്നത്... ഇവിടെ വച്ചു തന്നെയാണ് അദ്ദേഹം ആക്രമിക്കപ്പെട്ടത്....**

മനോഹരിയായ പെൺകുട്ടിയെ, അവളുടെ ശബ്ദത്തെ കട്ട് ചെയ്ത് ഒരു വെൽഡ്രെസ്സ്ഡ് ജെൻറിൽമാനെ കാണിച്ചപ്പോൾ ബാലന് ദേഷ്യം വന്നു.

അവൻറെ കടയിൽ സാധനങ്ങൾ വാങ്ങാൻ രണ്ടു പേർ വന്നിരിക്കുന്നു. അവൻ അവരെ ശ്രദ്ധിച്ചില്ല. അവരിൽ ഒരാൾ ചായയും സ്വീറ്റ് പൊറോട്ടയും വേണമെന്ന് പറഞ്ഞത് കേൾക്കാതെ അയാളെ തുറിച്ചു നോക്കി നിന്നു.

വേറൊരാൾ ഗോൾഡ് ഫിൽറ്റർ സിഗരറ്റ് ചോദിച്ചപ്പോൾ ജ്യോതിമാൻ

ബീഡി കൊടുത്തു.

''നിനക്കെന്നാ പറ്റീടാ ബാലാ....?''

ഒരാൾ ചോദിച്ചു.

''ചേട്ടൻ അറിഞ്ഞില്ലെ, ടീവീല്....?''

''ഓ.... ഞാനറിഞ്ഞു. ഇന്നു രാവിലെ ഞാൻ ടൗണിൽ പോയി കണ്ടേച്ചാ വന്നെ....''

''ആരാത്....?''

''ആ നെല്ലിക്കലെ തോട്ടത്തിലെ റബ്ബർ വെട്ടുകാരനായിരുന്ന തൊമ്മൻറെ മോനാ..''

''എന്നാ അവൻറെ പേര്...?''

''പേര് എന്താണോ...!''

വെൽഡ്രെസ്ഡ് ജൻറിൽമാനിൽ നിന്നും പെൺകിട്ടിയുടെ മുഖത്തേക്ക് ക്യാമറ വന്നപ്പോഴേക്കും ബാലൻ ചായയും പൊറോട്ടയും ഗോൾഡ് ഫിൽറ്റർ സിഗററ്റും കൊടുത്തു കഴിഞ്ഞിരുന്നു.

ഇതു രണ്ടായിരം വർഷത്തെ ചരിത്രമുള്ള നഗരം. ഇവിടെ ആദി ചേര രാജാക്കന്മാർ ഭരണം നടത്തിയിരുന്നെന്നും, അവരുടെ തലസ്ഥാനമായിരുന്നെന്നും ഗവേഷകർ...

ഇവിടെ മഹാ ശിലായുഗത്തിൻറെ ഓർമ്മക്കുറിപ്പുകളുണ്ടെന്നും, മൂന്നൂറ്റി ശിഷ്ടം വർഷങ്ങൾക്ക് മുമ്പ് വിശുദ്ധമൂറോനുമായി സത്യ പ്രഘോഷണത്തിനായിട്ട് ഒരു പരിശുദ്ധൻ കടൽ കടന്നു കാടും മേടും താണ്ടിയെത്തി കാലം ചെയ്തിട്ടുണ്ടെന്നും മറ്റോരു ചരിത്രം...

ചാനൽ കണ്ണുകൾ ക്ഷേത്രങ്ങളും പഴയ ഇല്ലങ്ങളും കൊട്ടാര അവശിഷ്ടങ്ങളും പള്ളികളും കാടും പുഴയും തോടും പാടശേഖരങ്ങളും പറമ്പുകളും കാണിച്ചു നടന്നപ്പോൾ ബാലന് വീണ്ടും ഒരു ഉപഭോക്താവിനെ കിട്ടി.

അയാളും ടിവി കണ്ടിരുന്നു, ബാലൻറെ ചായയും സമൂസയും പപ്സും ദിൽകുഷും കഴിച്ചു.

രാവിലെ ഏഴുമണി മുതൽ വൈകിട്ട് പത്തു മണി വരെയാണ് ബാലൻറെ കട സമയം. അതുകൊണ്ട് അവന് വീട്ടിലെ ടിവി കാണാനോ, സീരിയൽ സുന്ദരികളെ അറിയാനോ, റിയ്ലിറ്റി ഷോ എന്തെന്ന് രുചിക്കാനോ കഴിഞ്ഞിരുന്നില്ല.

അത്താഴ സമയത്ത് അവൻറെ ഭാര്യ ശാരു പറയുന്ന കഥകൾ കേട്ട് അന്തം വിട്ടിരുന്ന് മടുത്തപ്പോൾ ഒരു പഴയ പതിനാലിഞ്ച് കളേ ടീവി വാങ്ങി കടയിൽ വയ്ക്കുകയാണുണ്ടായത്.

എന്നാൽ കടയിൽ തിരക്കില്ലാത്തപ്പോൾ ടിവി കണ്ടുകണ്ട് അവന് സീരിയൽ മുഖങ്ങളും റിയാലിറ്റി മസാലകളും മടുത്തു പോയി. കടുപ്പത്തിൽ ഒരു ചായ കുടിച്ചാലും മസാല ചേർത്തതൊന്നും കഴിക്കാതെയായി.

**അന്തരിച്ച നേതാവിനെക്കുറിച്ച് നിങ്ങൾക്ക് എന്താണ് പറയാനുള്ളത്...?" "എന്തു പറയാൻ ഒന്നുമില്ല. ഒരു അയൽപക്കത്തുകാരനെന്ന നിലയിൽ വന്നു അത്രതന്നെ...." "അല്ലാതെ പ്രശസ്തനായൊരു നേതാവെന്ന നിലയിൽ.... ?" അവൻ ഒന്നും പറഞ്ഞില്ല, ഒരുപാട് അക്ഷരങ്ങൾ ഉൾക്കൊള്ളുന്നൊരു ചിരിയാണ് നൽകിയത്.**

ആ പെൺകുട്ടിയുടെ ശബ്ദം......

-ഞാനിപ്പോൾ നിൽക്കുന്നത് കൊല്ലപ്പെട്ട നേതാവിൻറെ വീട്ടുമുറ്റത്താണ്.

വീട്ടുമുറ്റം...

ആളുകൾ ഏറെയൊന്നുമില്ല.

ഓടുമേഞ്ഞ പഴയ ഒരു കെട്ടിടം. മുറ്റത്തിനു തൊട്ടടുത്തു തന്നെയാണതിൻറെ അതിരുകൾ തിരിക്കുന്ന വേലികൾ, പച്ചിലപ്പടർപ്പുകളും ശീമക്കൊന്നച്ചെടികളും ചെമ്പരത്തിച്ചെടികളും....

ദൃശ്യം വീട്ടിനുള്ളിലേക്ക് നീങ്ങുകയാണ്. അടച്ചു കെട്ടിയ വരാന്തയിൽ കയർ കട്ടിലിൽ, ഒറ്റപ്പായിൽ ഒരു മദ്ധ്യ വയസ്കൻ കിടക്കുന്നുണ്ട്, അയാൾക്കരുകിൽ അയാളുടെ പ്രായക്കാരായവരും....

അവൾ പറയുന്നു,

-ഇതാണ് അന്തരിച്ച നേതാവിൻറെ അച്ഛൻ.

അയാൾ ക്യാമറയിലേക്ക് തിരിഞ്ഞുനോക്കുകയാണ്, കട്ടിലിൽ നിന്നും എഴുന്നേൽക്കാതെ.

ദയനീയമായ മുഖം, എണ്ണമയം വാർന്ന്....

അവിടവിടെ നരച്ചു തുടങ്ങിയ കുറ്റിത്താടി, അൽപം പീള കെട്ടിയ കണ്ണുകൾ....

-ഇദ്ദേഹത്തിൻറെ മുപ്പതു വർഷത്തെ സ്വപ്നങ്ങളാണ് പൊലിഞ്ഞു പോയിരിക്കുന്നത്. കൂലിപ്പണി ചെയ്താണ് മൂന്നു മക്കളെപോറ്റിയത്. രണ്ടു പെൺമക്കളെ വിവാഹം ചെയ്തു വിട്ടപ്പോൾ ഉണ്ടായിരുന്ന അഞ്ച് സെൻറ് സ്ഥലവും കിടപ്പാടവും പണയത്തിലായി കഴിഞ്ഞിരുന്നു. എല്ലാ പ്രതീക്ഷകളും മകനിലായിരുന്നു. ആ മകനാണിപ്പോൾ....

അവൾ അയാളോട് ചോദിക്കുന്നു.

'മകൻ അങ്ങയുടെ പൂർണ്ണ ഇഷ്ടത്തോടെയാണോ രാഷ്ട്രീയക്കാരനായത്.....?''

''അല്ല എന്തെങ്കിലും പഠിച്ച് കഞ്ഞികുടിക്കാനുള്ള സർക്കാരു പണിക്ക് പോകാനാരുന്നു എനിക്കിഷ്ടം...''

''എന്നിട്ട്....?''

''അവൻ പഠിക്കാതെ .... എന്നാലും...''

സ്ക്രീനിൽ പെൺകുട്ടിയുടെ മുഖം.

-അതെ, അച്ഛന് അദ്ദേഹം ഒരു രാഷ്ട്രീയക്കാനായതിൽ ഖേദമുണ്ട്. എങ്കിലും വലിയ പ്രതീക്ഷയായിരുന്നു. കാരണം പെട്ടന്നുള്ള വളർച്ചയായിരുന്നു, അദ്ദേഹത്തിൻറേത്. താലൂക്ക് തലം, ജില്ലാ തലം, സംസ്ഥാന തലം എന്നിങ്ങനെ വളർന്നു കൊണ്ടേയിരുന്നു. ഇസ്തിരിയിട്ട വെളുത്ത ഷർട്ടും മുണ്ടും ധരിച്ച് അദ്ദേഹം സ്റ്റൈലായിട്ട് നടന്നു കയറി.

പെട്ടന്നാണ് വെൽഡ്രെസ്ഡ് ജെൻറിൽമാൻ കയറി വന്നത്. കടയിൽ സാധനങ്ങൾ വാങ്ങാൻ ആരുമില്ലാതിരുന്നതിനാൽ അവന് അയാളിൽ നിന്നും രക്ഷപെടാനായില്ല.

ജെൻറിൽമാൻ ഒരു ഏസി ക്യാബി

നിലാണ് ഇരിക്കുന്നത്, ആധുനീക സജ്ജീകരണങ്ങളുള്ളൊരു ഓഫീസ് റൂം. ക്യാബിന് പുറത്ത് സ്റ്റാഫുകൾക്കുള്ള മുറിയും ശീതീകരിച്ചതാണ്. അവിടെ രണ്ട് സ്ത്രീകളും ഒരു പുരുഷനുമുണ്ട്. അവർ കമ്പ്യൂട്ടറുകൾക്ക് മുമ്പിലാണ്.

''ഒരു സോഡാ രണ്ടു ഗ്ലാസ് ....''

ബാലൻറെ രണ്ട് സ്ഥിരം കസ്റ്റമേഴ്സാണ്. അവർ എന്നും ഈ നേരത്ത്, തൃസന്ധ്യ കഴിഞ്ഞ് ഒരു സോഡയും രണ്ടു ഗ്ലാസും, രണ്ടു പൊതി അച്ചാറും ഒരു പാക്കറ്റ് മിക്സറും വാങ്ങി കടയുടെ പിറകിലേക്ക് പോകും. അതിനു പത്തും പതിനഞ്ചു മിനിട്ട് മുമ്പ് അവരെ ടൗണിലെ ബിവറേജസ് സ്റ്റോറിന് മുന്നിലെ ക്യൂവിലും കാണാനാവും.

പെൺകുട്ടി വന്നു, അവൾ ബാലനെ, അന്തരിച്ച നേതാവിൻറെ അമ്മയുടെ അടുത്തേക്ക് പോകാൻ ക്ഷണിച്ചു.

വീടിനുള്ളിലേക്ക്....

വിസ്താരം കുറഞ്ഞൊരു മുറി. അവിടെ നിന്നും വേറൊരു വാതിൽ അടുക്കളയിലേക്കാണ്. അടുക്കും ചിട്ടയുമില്ലാതെ മേശയും കസേരയും അഴയും, അഴയിൽ തൂങ്ങുന്ന വസ്ത്രങ്ങളും.....

നിന്നു തിരിയാൻ ഇടമില്ലാതെ സ്ത്രീകളുണ്ട്...

വ്യസനമുണ്ട്.....

തേങ്ങലുകളും കരച്ചിലുമുണ്ട്....

അവരെ, അതുകളെ വകഞ്ഞുമാറ്റി ക്യാമറ....

കട്ടിലിൽ കിടക്കുന്ന, അദ്ദേഹത്തിൻറെ അമ്മ, അവരെ കെട്ടിപ്പിടിച്ച് പെങ്ങളുമാർ....

എന്തെല്ലാമോ, എന്തെങ്കിലുമൊക്കെ ചോദിക്കാമെന്ന് ആഗ്രഹത്തോടെ, വ്യഗ്രതയോടെ ചാനൽ യുവതി ക്യാമറക്ക് മുന്നിൽ നിന്നതാണ്....

പക്ഷെ,

ബാലനെ നിരാശപ്പെടുത്തിക്കൊണ്ട് ക്യാമറ അവിടെ നിന്നും അടുക്കളയിലേക്ക് എത്തിനോക്കി. അവിടവിടെ തങ്ങി നില്ക്കുന്ന സ്ത്രീകൾക്കിടയിലൂടെ, കരിപിടിച്ച ചുവരുകളും, കുറെ പാത്രങ്ങളും കാണിച്ചു കൊണ്ട് അടുക്കള വാതിൽ വഴി പുറത്തേക്ക് കടന്നു. വൃത്തിഹീനമായ അടുക്കള പരിസരത്തുകൂടി വീടിൻറെ മുന്നിലേക്ക് കടന്നു.

ഒരു ചെറുപ്പക്കാരനോട് അവൾ ചോദിച്ചു

''അന്തരിച്ച നേതാവിനെക്കുറിച്ച് നിങ്ങൾക്ക് എന്താണ് പറയാനുള്ളത്...?''

**–എങ്കിലും ഈ പ്രത്യേക സാഹചര്യത്തിൽ, ആസന്നമായിരിക്കുന്ന ഇടക്കാല തെരഞ്ഞെടുപ്പിൻറെ സാഹചര്യത്തിൽ നമുക്ക് സംയമനം പാലിച്ചേമതിയാകു. അദ്ദേഹം നമ്മുടെ പാർട്ടിയുടെ രക്തസാക്ഷിയാണ്. പാർട്ടിക്കുവേണ്ടിയാണ് രക്തം ചീന്തിയിരിക്കുന്നത്. അതിന് നമ്മൾ പകരം ചോദിക്കും. പക്ഷെ, അതിനു സമയമായിട്ടില്ല. പെട്ടന്ന് ജനങ്ങളുടെ മുഖങ്ങൾ ഇരുണ്ടു. ചൂടു പിടിച്ചിരുന്ന രക്തം തണുത്തുറഞ്ഞ് അടിത്തട്ടിൽ അടിഞ്ഞു.**

''എന്തു പറയാൻ ഒന്നുമില്ല. ഒരു അയൽപക്കത്തുകാരനെന്ന നിലയിൽ വന്നു അത്രതന്നെ....''

''അല്ലാതെ പ്രശസ്തനായൊരു നേതാവെന്ന നിലയിൽ.... ?''

അവൻ ഒന്നും പറഞ്ഞില്ല, ഒരുപാട് അക്ഷരങ്ങൾ ഉൾക്കൊള്ളുന്നൊരു ചിരിയാണ് നൽകിയത്.

അവൾ പറയുന്നു.

–എൻറെ ചോദ്യത്തിന് ഈ ചെറുപ്പക്കാരനൊരു ഉത്തരവും തന്നില്ല. ഒരു ചിരിയാണ് നൽകിയത്. ആ ചിരിയിൽ ഉള്ള ഉത്തരം കാണികളായ നിങ്ങൾക്ക് ഊഹിച്ചു പൂരിപ്പിക്കാവുന്നതാണ്...

വീട്ടു മുറ്റത്ത് പന്തലിടുന്നതിനും കസേരകൾ നിരത്തുന്നതിനും മേൽനോട്ടം വഹിക്കുന്ന വെളുത്ത മുണ്ടും ഷർട്ടും ധരിച്ച ചെറുപ്പക്കാരനെ ദൃശ്യവൽക്കരിക്കുകയാണിപ്പോൾ, അയാൾ അറിയുന്നില്ല. ഷേവ് ചെയ്തു മിനുസമാർന്ന മുഖം, പ്രതീക്ഷ മുറ്റിയ കണ്ണുകൾ, ആരോഗ്യമുള്ള ശരീരം....

അവൾ അവൻറെ മുന്നിലേക്ക് നടന്നു.

''എന്താണ് താങ്കളുടെ അഭിപ്രായം, മരിച്ച നേതാവിനെ കുറിച്ച്...? .''

''നല്ല അഭിപ്രായമാണ്...''

''വിശദീകരിക്കാമോ....?''

''നല്ല സംഘാടകൻ, വാഗ്മി, നയമുള്ളവൻ...''

''എത്ര നാളായിട്ട് അദ്ദേഹത്തെ അറിയാം.....?''

''കഴിഞ്ഞ പത്തു വർഷമായിട്ട്, പാർട്ടിയിൽ അദ്ദേഹമെൻറെ സീനിയറാണ്, നേതാവാണ്. അണികളോട് കനിവുള്ളവനായിരുന്നു, കരുതലുള്ളവനായിരുന്നു.''

''അദ്ദേഹത്തിൻറെ സ്വപ്നങ്ങൾ....?''

''സ്വപ്നങ്ങൾ....?!''


അയാൾ ചോദ്യവും ഉത്തരവും രണ്ടു ചിഹ്നങ്ങളിൽ ഒതുക്കി അവളെ നോക്കുകയാണ്.....

അവൾ,

–എന്തെല്ലാമായിരുന്നു അദ്ദേഹത്തിൻറെ സ്വപ്നങ്ങൾ ഈ ചോദ്യത്തിന് ഉത്തരം കണ്ടെത്താൻ ഞാനിപ്പോൾ ശ്രമിക്കുന്നില്ല. നമുക്കുടനെ തന്നെ മൃതദേഹം പൊതു ദർശനത്തിനു വച്ചിരിക്കുന്ന ഹാളിലേക്കും, തുടർന്നുള്ള അനുശോചന യോഗത്തിനും പോകേണ്ടതുണ്ട്.

പ്രവിശ്യയിലെ ഉന്നത നേതാക്കളും ദേശീയ നേതൃത്വത്തിൻറെ പ്രതിനിധികളും എത്തുന്നതാണ് കണ്ടുകൊണ്ടിരിക്കുന്നത്. ടൗൺ ഹാളും പരിസസരവും നിറഞ്ഞ് ജനാവലിയാണ്.

നേതാക്കൾ വാഹനങ്ങളിൽ നിന്നുമിറങ്ങിയപ്പോൾ ജനത്തെ നിയന്ത്രിക്കാനും വഴി ഒരുക്കാനും പോലീസുകാർ ചങ്ങല തീർക്കുകയാണ്. ആ വഴിയിലൂടെ നേതാക്കൾ ഹാളിനു നടുവിലൊരുക്കുയിരിക്കുന്ന പുമഞ്ചത്തിലെ ജഡത്തിനരികിലെത്തി.



ഞെട്ടലുകളും റീത്തു സമർപ്പണങ്ങളും ക്യാമയിൽ ഒപ്പിയെടുക്കുന്നു.

തുടർന്നു പ്രവിശ്യയിലെ ഉന്നതനായ നേതാവിൻറെ ശോകമയമായ ശബ്ദം ഉച്ചഭാഷിണിയിലൂടെ അവിടമാകെ പരന്നു. പോലീസ് തീർത്ത ചങ്ങലക്കുള്ളിൽ നിൽക്കുന്നവരുടേയും അകലങ്ങളിരിക്കുന്നവരിടേയും ചെവികളിൽ തറഞ്ഞുകയറുകയാണ്.

-നമുക്ക് നഷ്ടമായിരിക്കുന്നത് നികത്താനാവാത്തതാണ്. പ്രഗത്ഭനായ വാഗ്മി, ഊർജ്ജ സ്വലനായ സംഘാടകൻ, ശക്തനായ യുവനേതാവ് എല്ലാമായിരുന്നു അദ്ദേഹം.

-അദ്ദേഹം ആ അച്ഛനമ്മമാരുടെ ഓമന പുത്രനായിരുന്നു. അവരും നമ്മുടെ പാർട്ടിയുടെ പ്രവർത്തകരാണ്. ഇതാരാണ് ചെയ്തതെന്നും എന്തിനാണ് ചെയ്തതെന്നും നമുക്കറിയാം...

ചാനൽ കണ്ണുകൾ, തിങ്ങി നിൽക്കുന്ന മുഖങ്ങളെ കാണിക്കുകയാണ്. ആ മുഖങ്ങൾ രോഷം കൊള്ളുകയാണ്. അവരുടെ ധമനികൾ ചൂടുപിടിക്കുകയാണ്.

-എങ്കിലും ഈ പ്രത്യേക സാഹചര്യത്തിൽ, ആസന്നമായിരിക്കുന്ന ഇടക്കാല തെരഞ്ഞെടുപ്പിൻറെ സാഹചര്യത്തിൽ നമുക്ക് സംയമനം പാലിച്ചേമതിയാകു. അദ്ദേഹം നമ്മുടെ പാർട്ടിയുടെ രക്തസാക്ഷിയാണ്. പാർട്ടിക്കുവേണ്ടിയാണ് രക്തം ചീന്തിയിരിക്കുന്നത്. അതിന് നമ്മൾ പകരം ചോദിക്കും. പക്ഷെ, അതിനു സമയമായിട്ടില്ല.

പെട്ടന്ന് ജനങ്ങളുടെ മുഖങ്ങൾ ഇരുണ്ടു. ചൂടുപിടിച്ചിരുന്ന രക്തം തണുത്തുറഞ്ഞ് അടിത്തട്ടിൽ അടിഞ്ഞു.

വെൽഡ്രസ്ഡ് ജെൻറിമാൻ....

ബാലൻ ഇരുന്നൂറ്റി അൻപതുഗ്രാം റസ്കും ഇരുനൂറുഗ്രാം ടൈഗർ ബിസ്ക്കറ്റും പൊതിഞ്ഞ് ഒരു വല്യപ്പന് കൊടുത്തു. ആ വല്യപ്പൻറെ ചെറുമകന് പനിയാണെന്നും ഡോക്ടറെ കണ്ട് മരുന്നു വാങ്ങി വീട്ടിൽ വന്നിട്ടുണ്ടെന്നും പറഞ്ഞത് കേട്ടു മൂളാൻ ബാലനു തോന്നിയില്ല.

അവൻ ടിവിയിലേക്ക് നോക്കിയിരുന്നു.

വെൽഡ്രസ്ഡ് ജെൻറിൽമാൻറെ പരസ്യം അവസാനിക്കുന്ന കാഴ്ചയാണവിടെ...

ജെൻറിൽമാൻ ക്യാബിനിലെ പതുപതുത്ത കറങ്ങുന്നകസേരയിൽ ഉറച്ചിരുന്ന് സുസ്മേര വദനനായിട്ട് പറയുന്നു.

-ഫാസ്റ്റ് ആൻറ് സേഫ്, എ പ്രൈവറ്റ് ഇൻ വെസ്റ്റിഗേഷൻ ഗ്രൂപ്പ് നിങ്ങളുടെ പ്രശ്നങ്ങൾക്കൊരു പരിഹാരം.....

ബാലനു മനം പുരട്ടിപ്പോയി. അവൻ കടക്കുള്ളിലെ വാഷ് ബെയ്സനിൽ പച്ച നിറത്തിലുള്ള പിത്തരസം ഛർദ്ദിച്ചു.

ടിവി ഓഫ് ചെയ്തു കടയടച്ച് നേരത്തെ വീട്ടിലേക്ക് പഴയ കൈനറ്റിക് ഹോണ്ട ഓടിച്ചു പോയി.


Shirley A. Abraham
Award Winning
Real Estate Broker
1-516-712-9262
shirley@nycrb.us | www.nycrb.us
NYCRB
Commercial • Investment • Advisory
Long Island | NYC | New York State
Specializing in investment sales and advisory services in Long Island, New York City, and the entire State of New York.



ഇന്ത്യയിലെ ആദ്യ കമ്മ്യൂണിറ്റി റേഡിയോ നിലയമായ തെലങ്കാനയിലെ സംഗമം റേഡിയോയുടെ സ്റ്റുഡിയോ

## കമ്യൂണിറ്റി റേഡിയോ


# അയൽപക്കത്തെ ജനകീയ മാധ്യമം

**ഓരോ പ്രദേശത്തിന്റെയും സ്വന്തം റേഡിയോ നിലയങ്ങൾ. പ്രക്ഷേപകരും ശ്രോതാക്കളും തമ്മിൽ ഇവിടെ വേർതിരിവില്ല. ശബ്ദമില്ലാത്തവരുടെ ശബ്ദമാണ് കമ്യൂണിറ്റി റേഡിയോ നിലയങ്ങൾ. അവയിൽ മുഴങ്ങുന്നത് ബഹുസ്വരതയും സ്വത്വാവിഷ്കാരങ്ങളും**

ഡി.പ്രദീപ് കുമാർ

തൊട്ടയൽപക്കത്തെ പ്രക്ഷേപണ കേന്ദ്രങ്ങളാണ് കമ്യൂണിറ്റി റേഡിയോ നിലയങ്ങൾ. തേച്ചു മിനുക്കാത്ത തനി നാട്ടുഭാഷയിലും ,ലിപി പോലും ഇല്ലാത്ത ഒട്ടേറെ ഭാഷാവകഭേദങ്ങളിലുമൊക്കെ അവ നിരന്തരം ശബ്ദിച്ചു കൊണ്ടിരിക്കുന്നു.

ഓരോ പ്രദേശത്തിന്റെയും സ്വന്തം റേഡിയോ നിലയങ്ങളാണവ. പ്രക്ഷേപകരും ശ്രോതാക്കളും തമ്മിൽ ഇവിടെ വേർതിരിവില്ല.ത



ങ്ങൾക്ക് ചുറ്റുമുള്ളവരോട് അവർ തന്നെ സംസാരിക്കുന്നു, വിവരങ്ങൾ കൈമാറുന്നു,

ആത്മാവിഷ്കാരം നടത്തുന്നു.

ബീഹാറിലെയും ഛത്തിസ്ഗഢിലെയുമൊക്കെ വിദൂരസ്ഥമായ ഗ്രാമങ്ങളിൽ മുതൽ മെട്രോ നഗരങ്ങളിലെ ക്യാമ്പസുകളിൽ വരെ ഇത് വ്യാപിച്ചു കിടക്കുന്നു. കാർഗിൽ,ബാരാമുള്ള പ്രദേശങ്ങളിലെ ദുർഘട പ്രദേശങ്ങളിൽ പോലുമുണ്ട് ഈ ചെറു റേഡിയോ നിലയങ്ങൾ.

മറ്റു മാധ്യമങ്ങൾ കടന്നു ചെന്നിട്ടില്ലാത്ത ഒട്ടേറെ മേഖലകളിലെ ചെറിയ ജനസമൂഹങ്ങൾക്ക് പ്രിയപ്പെട്ട സ്വന്തം റേഡിയോയാണ് അവ. അവ



ബുന്ദേൽഖണ്ഡ് റേഡിയോയുടെ ശ്രോതാവ്

രുടെ നിത്യജീവിതത്തിലെ സന്തത സഹചാരി.

മാധ്യമപ്രളയത്തിന് നടുവിലും കമ്യൂണിറ്റി റേഡിയോ നിലയങ്ങളുടെ സംഖ്യ അനുദിനം വർദ്ധിക്കുകയാണ്.2024 ഓഗസ്റ്റ് രണ്ടിന് കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ മന്ത്രാലയം പ്രസിദ്ധീകരിച്ച കണക്ക് പ്രകാരം, ഇന്ത്യയിലെ മൊത്തം കമ്മ്യൂണിറ്റി റേഡിയോ നിലയങ്ങൾ 491. കേരളത്തിൽ അത് 21.

2008 ഒക്ടോബർ 15 ന് തെലങ്കാനയിലെ മേദക് ജില്ലയിലെ മച്നൂരിൽ നിന്നാണ് തുടക്കം. ഡെക്കാൺ സർവീസ് സൊസൈറ്റി ആരംഭിച്ച ‘റേഡിയോ സംഗമം ‘ ദളിതരായ സ്ത്രീകളുടെ നേതൃത്വത്തിലുള്ള ഇന്ത്യയിലെ ആദ്യ റേഡിയോ നിലയം കൂടിയാണ് . പത്താം ക്ലാസ് വരെ മാത്രം വിദ്യാഭ്യാസമുള്ള പത്തിലധികം സ്ത്രീകളാണ് ഈ നിലയത്തിന്റെ മുഴുവൻ പ്രവർത്തനങ്ങളും നടത്തുന്നത്. അവർക്ക് നേതൃത്വം നൽകുന്നത് എ. നരസമ്മയും ജി. നരസമ്മയും. ഒട്ടേറെ അന്താരാഷ്ട്ര പുരസ്കാരങ്ങൾ നേടിയ, ഈ ആദ്യ

**മാധ്യമപ്രളയത്തിന് നടുവിലും കമ്യൂണിറ്റി റേഡിയോ നിലയങ്ങളുടെ സംഖ്യ അനുദിനം വർദ്ധിക്കുകയാണ്. 2024 ഓഗസ്റ്റ് രണ്ടിന് കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ മന്ത്രാലയം പ്രസിദ്ധീകരിച്ച കണക്ക് പ്രകാരം, ഇന്ത്യയിലെ മൊത്തം കമ്മ്യൂണിറ്റി റേഡിയോ നിലയങ്ങൾ 491. കേരളത്തിൽ അത് 21.**

കമ്യൂണിറ്റി റേഡിയോ നിലയത്തിന് അൻപത്തിയഞ്ച് ഗ്രാമങ്ങളിൽ ആയിരക്കണക്കിന് ശ്രോതാക്കളുണ്ട്.

ഊഷ്മാവ് മൈനസ് 24 വരെ താഴുന്ന അതിശൈത്യ കാലാവസ്ഥയുള്ള കാർഗിലിലെ ദ്രാസ് താഴ്വരയിലും (Radio DRASS) ലഡാക്കിലും (Radio Rgazom) കമ്യൂണിറ്റി റേഡിയോ നിലയങ്ങളുണ്ട്. അവ നടത്തുന്നത് കരസേനയാണ് .

ലോകത്തെ ഏറ്റവും ഉയരം കൂടിയ പ്രദേശത്തുള്ള റേഡിയോ നിലയമാണ് ലഡാക്കിലേത്. കാഷ്മീരി ഭാഷയെക്കൊപ്പം ഉർദു, ഷൈന,പർഗി തുടങ്ങിയ പ്രാദേശിക ഭാഷാന്തരങ്ങളിൽ ഇവിടെ നിന്ന് പ്രക്ഷേപണങ്ങളുണ്ട്.

കാലാവസ്ഥാവ്യതിയാനം കാരണം കൊടും വരൾച്ച നേരിടുന്ന ബുന്ദേൽഖണ്ഡിലും വെള്ളപ്പൊക്കവും ഉരുൾപൊട്ടലുകളും നാശം വിതയ്ക്കുന്ന ഉത്തരാഖണ്ഡിലും ചുഴലിക്കാറ്റ് താണ്ഡവമാടുന്ന ഒഡീഷയിലുമൊക്കെ ദുരന്തസമയങ്ങളിൽ കൈത്താങ്ങായത് അവിടങ്ങളിലെ കമ്യൂണിറ്റി റേഡിയോ നിലയങ്ങൾ . മറ്റ് വാർത്താവിനിമയ സംവിധാനങ്ങൾ താറുമാറായപ്പോഴും അവ പ്രവർത്തിച്ചു.അവിടങ്ങളിലെ പ്രാദേശിക ഭാഷാഭേദങ്ങളിൽ അറിയിപ്പുകളും വിവരങ്ങളും നൽകിയും ജനങ്ങൾക്ക് സമാശ്വാസമരുളിയും ദുരിതാശ്വാസപ്രവർത്തനങ്ങൾക്കും തുടർ നടപടികൾക്കും അവ ശക്തി പകർന്നു. ബുന്ദേലി, മാർവാരി, അവധി, ലമ്പാഡി, പഹാഡി , ഗുജാർ തുടങ്ങി വയനാട്ടിലെ ആദിവാസി ഭാഷാഭേദങ്ങളിൽ വരെ കമ്യൂണിറ്റി റേഡിയോ നിലയങ്ങൾ പ്രക്ഷേപണം നടത്തുന്നുണ്ട്. സൂക്ഷ്മ തലത്തിൽ, സമൂഹത്തിന്റെ ഏറ്റവും താഴെയുള്ള ജനസമൂഹങ്ങളിൽ വരെ എത്തുന്നതാണ് (narrowcasting) അവയുടെ പ്രക്ഷേപണം.വികസനത്തിന്റെ സന്ദേശവാഹകരാണ് ആ നിലയങ്ങൾ .

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ താഴെത്തലം വരെ എത്തിച്ച് ,പാർശ്വവല്കൃതരെ ശക്തിപ്പെടുത്തകയും ശബ്ദമില്ലാത്തവരുടെ നാവായി മാറുകയും ചെയ്യുന്നുണ്ട്, അവ. എല്ലാം എഫ്.എം നിലയങ്ങൾ . പ്രസരണ ശേഷി അൻപത് വാട്ട് മാത്രം .അത് കേൾക്കാനാവുന്നത് പരമാവധി 20-25 കിലോമീറ്റർ ചുറ്റളവിൽ .റേഡിയോ പ്രക്ഷേപണം ഭൂമിശാസ്ത്രപരമായ അതിർവരമ്പുകൾക്കപ്പുറം, ഇൻറർനെറ്റിലൂടെ ലോകമെമ്പാടും ലഭ്യമാകുന്ന ഇക്കാലത്ത്, ചുറ്റുവട്ടത്തെ വിശേഷങ്ങളു

മായി ഈ നിലയങ്ങളും ഓൺലൈനിലൂടെ, ലോകത്തിന്റെ മുക്കിലും മൂലയിലും എത്തുന്നുണ്ട്.പുറംനാടുകളിൽ ഇരുന്ന്, ഗൃഹാതുരതയോടെ നാട്ടിലെ വിശേഷങ്ങൾ ഇപ്പോൾ കേൾക്കുകയും ചെയ്യാം.

നാട്ടുകാർ തന്നെ മുഴുവൻ പ്രക്ഷേപണ പ്രവർത്തനങ്ങളും നടത്തുന്ന , പൂർണ്ണ അർത്ഥത്തിലുള്ള ജനകീയ പ്രക്ഷേപണ നിലയങ്ങളാണ് അവ.

വിജയകരമായി നടക്കുന്ന കമ്യൂണിറ്റി റേഡിയോ നിലയങ്ങളിൽ ഭൂരിപക്ഷവും പിന്നാക്ക പ്രദേശങ്ങളിലാണ്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, കേന്ദ്രീയ വിദ്യാലയങ്ങൾ അടക്കമുള്ള സ്കൂളുകൾ, കോളേജുകൾ, സർവകലാശാലകൾ,കൃഷി വിജ്ഞാൻ കേന്ദ്രങ്ങൾ, പബ്ലിക് ട്രസ്റ്റുകൾ, സന്നദ്ധ സംഘടനകൾ തുടങ്ങിയവയാണ് , ലാഭേച്ഛ കൂടാതെ ഈ ചെറു റേഡിയോ നിലയങ്ങൾ നടത്തുന്നത്.

കേന്ദ്ര വാർത്താവിതരണ പ്രക്ഷേപണ മന്ത്രാലയമാണ് ഇതിനുള്ള ലൈസൻസ് നൽകുന്നത്. ഏറെ ശ്രമകരമായിരുന്നു അനുമതി കിട്ടുന്നത്. ഇപ്പോൾ നടപടിക്രമങ്ങൾ ലഘൂകരിച്ചിട്ടുണ്ട്.

മിക്ക നിലയങ്ങളിലും ജനങ്ങൾ തന്നെ പരിപാടികളുടെ ഉള്ളടക്കം ചർച്ച ചെയ്ത് തീരുമാനിക്കും. അതിനായി വിവിധ ജനവിഭാഗങ്ങൾ ഉൾക്കൊള്ളുന്ന സമിതികളുണ്ട്.പരിപാടികളുടെ അവതാരകരും പ്രൊഡ്യൂസർമാരും അവർ തന്നെയാകുന്നു. ഓരോ പ്രദേശത്തെയും ആവശ്യങ്ങൾക്കനുസരിച്ചാണ് പ്രക്ഷേപണം.

വാർത്തകളോ വാർത്താധിഷ്ഠിത പരിപാടികളോ പ്രക്ഷേപണം ചെയ്യാൻ അനുമതിയില്ല. പക്ഷേ, ആകാശവാണിയുടെ വാർത്താ പ്രക്ഷേപണങ്ങൾ റിലേ ചെയ്യാം. കേരളത്തിലെ മിക്ക കമ്യൂണിറ്റി റേഡിയോ നിലയങ്ങളും മലയാളം വാർത്തകൾ റിലേ ചെയ്യുന്നുണ്ട്.

**2008 ഒക്ടോബർ 15 ന് തെലങ്കാനയിലെ മേദക് ജില്ലയിലെ മച്നൂരിൽ നിന്നാണ് തുടക്കം. ഡെക്കാൺ സർവീസ് സൊസൈറ്റി ആരംഭിച്ച ';റേഡിയോ സംഗമം ' ദളിതരായ സ്ത്രീകളുടെ നേതൃത്വത്തിലുള്ള ഇന്ത്യയിലെ ആദ്യ റേഡിയോ നിലയം കൂടിയാണ് . പത്താം ക്ലാസ് വരെ മാത്രം വിദ്യാഭ്യാസമുള്ള പത്തിലധികം സ്ത്രീകളാണ് ഈ നിലയത്തിന്റെ മുഴുവൻ പ്രവർത്തനങ്ങളും നടത്തുന്നത്.**

നിശ്ചിത തോതിൽ പരസ്യങ്ങളും സ്വീകരിക്കാം.ഇവയുടെ ആഭിമുഖ്യത്തിൽ റേഡിയോ ക്ലബ്ബുകളും ജീവകാരുണ്യ പ്രവർത്തനങ്ങളും സജീവമാണ്. 2018ലെ പ്രളയവും തുടർന്നു വന്ന കോവിഡ് മഹാമാരിയും മുതൽ കവളപ്പാറ, പുത്തുമല, മുണ്ടകൈ ഉരുൾപൊട്ടൽ വരെയുള്ള ദുരന്ത ഘട്ടങ്ങളിൽ കേരളത്തിലെ കമ്യൂണിറ്റി റേഡിയോ നിലയങ്ങൾ ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ സജീവമായി.അതിജീവനത്തിന്റെ സാന്ത്വന സന്ദേശവുമായി അവ ജനങ്ങൾക്ക് കൈത്താങ്ങായ അസംഖ്യം ഉദാഹരണങ്ങളുണ്ട്.

കേരളത്തിലെ ആദ്യ കമ്യൂണിറ്റി റേഡിയോ നിലയം റേഡിയോ ഡി.സി.എഫ്.എം ആണ്. ഡി സി കിഴക്കേമുറി ഫൗണ്ടേഷനു കീഴിൽ, കഴക്കൂട്ടത്ത് ഡി.സി. സ്ക്കൂൾ ഓഫ് മാനേജ്മെന്റ് ആന്റ് ടെക്നോളജി, ക്യാമ്പസ് റേഡിയോയായി 2006 ജനുവരി 6നാണ് ആരംഭിച്ചത്. സംസ്ഥാനത്തെ ആദ്യത്തെ സ്വകാര്യ നിലയമായിരുന്നു ഇത്. 2018 ലെ പ്രളയകാലത്ത് താഴത്തെ നിലയിൽ നിന്ന് ട്രാൻസ്മിറ്ററും മറ്റും ഏതാനും മണിക്കൂറുകൾ കൊണ്ട് മുകളിലത്തെ നിലയിലേക്ക് മാറ്റി പ്രക്ഷേപണം അഭംഗുരം തുടർന്ന ചരിത്രമുണ്ട് , ഈ നിലയത്തിന് . കഴക്കൂട്ടത്തെ തീരദേശമത്സ്യത്തൊ



**ലോകത്തെ ഏറ്റവും പ്രായം കൂടിയ റേഡിയോ ജോക്കി കേരാബായി (68) : മഹാരാഷ്ട്രയിലെ സത്താരയിലുള്ള മാൻ ദേശി കമ്യൂണിറ്റി റേഡിയോയുടെ കർഷകയായ അവതാരക**




**കരസേനയുടെ നേതൃത്വത്തിലുള്ള ലഡാക്കിലെ കമ്യൂണിറ്റി റേഡിയോ നിലയം; അതിന്റെ ലോഗോ**

ഴിലാളികൾക്കായുള്ള 'കടലിനക്കരെ പോണോരേ' കൃഷിക്കാർക്കുള്ള അറിയിപ്പുകൾ, കുടുംബശ്രീ, അംഗനവാടി അംഗങ്ങൾക്കായുള്ള പരിപാടികൾ തുടങ്ങിയ ശ്രദ്ധേയ ഇനങ്ങൾ പ്രക്ഷേപണം ചെയ്തിരുന്ന ഈ നിലയം 2023ൽ പ്രക്ഷേപണം നിർത്തി.

വെറും വിനോദത്തിന് വേണ്ടിയുള്ളതല്ല കമ്യൂണിറ്റി റേഡിയോകൾ . 'അവ കൊമേഴ്സ്യൽ റേഡിയോ നിലയങ്ങളിൽ നിന്ന് വ്യത്യസ്തമാണ് ;ബഹുജന മാദ്ധ്യമങ്ങൾക്ക് ബദലുമല്ല'കൊല്ലത്തെ റേഡിയോ ബൻസിഗർ ഡയറക്ടർ ഫാ. ഫെർഡിനാന്റ് പീറ്റർ പറഞ്ഞു. 2010 നവം. 7 നാണ് ബൻസിഗർ ആശുപത്രിയുടെ ആഭിമുഖ്യത്തിലുള്ള ഈ റേഡിയോ നിലയം ആരംഭിച്ചത്.

'റേഡിയോ പ്രവർത്തകർ ആക്റ്റിവിസ്റ്റുകളാണ്. സമൂഹത്തിൽ മാറ്റങ്ങൾ സൃഷ്ടിക്കുന്നതിനു വേണ്ടിയുള്ള പ്രവർത്തനമാണിത്. ഏറ്റവും താഴെ തട്ടിലുള്ളവരുടെ അടുത്തു വരെ മൈക്കുമായെത്തി, അവരുടെ ശബ്ദം പുറം ലോകത്തിന് കേൾപ്പിച്ചു കൊടുക്കുന്നു:Walking the last mile to reach the unreached. ജനപക്ഷത്തുറച്ചുനിന്നു കൊണ്ടുള്ള പ്രക്ഷേപണ പ്രവർത്തനമാണിത്.

ബഹുജന മാദ്ധ്യമങ്ങളിൽ ഒരിക്കലും മുഖം കാണിക്കാൻ കഴിയാത്തവർക്ക്, ഒരു ടെലിഫോൺ കോളിലൂടെ ലോകത്തോട് സംസാരിക്കാൻ ഇവ അവസരം നൽകുന്നു'..

**വിപത്തുകളിൽ മറ്റു വാർത്താവിനിമയ സംവിധാനങ്ങൾ താറുമാറായപ്പോഴും അവ പ്രവർത്തിച്ചു. അവിടങ്ങളിലെ പ്രാദേശിക ഭാഷാഭേദങ്ങളിൽ അറിയിപ്പുകളും വിവരങ്ങളും നൽകിയും ജനങ്ങൾക്ക് സമാശ്വാസമരുളിയും ദുരിതാശ്വാസപ്രവർത്തനങ്ങൾക്കും തുടർനടപടികൾക്കും അവ ശക്തിപകർന്നു**

ഈ നിലയങ്ങളുടെ ഉടമസ്ഥർ പ്രാദേശിക ജനസമൂഹങ്ങളാണ്. അവരാണ് നയം രൂപീകരിക്കുകയും പരിപാടികൾ നിർമ്മിക്കുകയും ചെയ്യുന്നത്.കമ്മ്യൂണിറ്റി റേഡിയോ നിലയങ്ങൾ എല്ലാവരെയും ഉൾക്കൊള്ളുന്ന പ്രാതിനിദ്ധ്യ പ്രക്ഷേപണത്തിന്റെ മാതൃകകളാണ്. ഒരു മൈക്കിനു ചുറ്റുമിരുന്ന് അവർ തങ്ങളുടെ സുഖങ്ങളും ദുഖങ്ങളും അറിവുകളുമൊക്കെ പങ്കു വയ്ക്കുന്നു.നമ്മുടെ ജനാധിപത്യ സംവിധാനത്തെ ശക്തിപ്പെടുത്തുന്ന മാധ്യമ പ്രവർത്തനമാണിത്.

ഏറ്റവും കൂടുതൽ പേർ ആത്മഹത്യ ചെയ്യുന്ന ജില്ലയായ കൊല്ലത്ത് , മാനസികാരോഗ്യം മെച്ചപ്പെടുത്താനായി ഈ നിലയം ആരംഭിച്ച പരമ്പരയാണ്, ';അരുത്, ആത്മഹത്യ' അത്തരം സാന്ത്വന പ്രക്ഷേപ

ണങ്ങൾ (therapeutic broadcasts) കമ്മ്യൂണിറ്റി റേഡിയോ നിലയങ്ങളുടെ മുഖമുദ്രയാണ്.'കാതോട് കാതോരം' എന്ന ഫോൺ – ഇൻ പരിപാടിയിലേക്ക് വിളിച്ച്, ഒറ്റപ്പെട്ടു ജീവിക്കുന്നവർ ദു:ഖങ്ങൾ പങ്കു വയ്ക്കാറുണ്ട്.

കാഴ്ചവൈകല്യമുള്ളവർ മിക്ക നിലയങ്ങളിലേക്കും സ്ഥിരമായി വിളിക്കുന്നുണ്ട്. ഒന്നരലക്ഷം ആദിവാസികളുള്ള വയനാട്ടിൽ , അവരുടെ പ്രാദേശിക ഭാഷകളിലും ശബ്ദിക്കുന്ന ഒരു റേഡിയോ നിലയമുണ്ട് –മാനന്തവാടിയിലെ റേഡിയോ മാറ്റൊലി. വയനാട് സോഷ്യൽ സർവീസ് സൊസൈറ്റിയുടെ ആഭിമുഖ്യത്തിലുള്ള ഇത് ആരംഭിച്ചത് 2009 ജൂൺ ഒന്നിനായിരുന്നു.

വിവിധ ആദിവാസിഭാഷകളിൽ തുടിച്ചെത്തം,ഊരുവട്ടം തുടങ്ങിയ പരിപാടികളുണ്ട്. ആദിവാസി ഭാഷകളിലേക്ക് മറ്റു പരിപാടികൾ മാറ്റുന്നുമുണ്ട്. അവർ തന്നെയാണ് ഈ പരിപാടികളുടെ പ്രൊഡ്യൂസർമാരും അവതാരകരും .ആദിവാസികൾക്കും കർഷകർക്കും വേണ്ടിയുള്ള പരിപാടികളുടെ 60 ശതമാനവും ജനങ്ങൾ തന്നെയാണ് നിർമ്മിക്കുന്നത്.

**വാർത്തകളോ വാർത്താധിഷ്ഠിത പരിപാടികളോ പ്രക്ഷേപണം ചെയ്യാൻ അനുമതിയില്ല. പക്ഷേ, ആകാശവാണിയുടെ വാർത്താ പ്രക്ഷേപണങ്ങൾ റിലേ ചെയ്യാം. കേരളത്തിലെ മിക്ക കമ്യൂണിറ്റി റേഡിയോ നിലയങ്ങളും മലയാളം വാർത്തകൾ റിലേ ചെയ്യുന്നുണ്ട്. നിശ്ചിത തോതിൽ പരസ്യങ്ങളും സ്വീകരിക്കാം. ഇവയുടെ ആഭിമുഖ്യത്തിൽ റേഡിയോ ക്ലബ്ബുകളും ജീവകാരുണ്യ പ്രവർത്തനങ്ങളും സജീവമാണ്.**




**റേഡിയോ നെയ്തലിന്റെ ഒരു പ്രചാരണ പോസ്റ്റർ.**

പരിപാടികളുടെ പേരിടൽ മുതൽ, എല്ലാ തലങ്ങളിലും, ജനാധിപത്യമുണ്ട്.'മാറ്റൊലിക്കൂട്ടം' എന്ന പേരിൽ 50 റേഡിയോ ക്ളബ്ബുകളുണ്ട്. ഗ്രാമങ്ങളിൽ ചെന്ന് ജനങ്ങളുടെ യോഗങ്ങൾ വിളിച്ചുചേർത്ത് ,അവരുടെ പരിപാടികൾ ശബ്ദലേഖനം ചെയ്യുന്നുണ്ട്.

2017 മുതൽ തുടർച്ചയായി കമ്മ്യൂണിറ്റി റേഡിയോയ്ക്കുള്ള ദേശീയ പുരസ്കാരങ്ങൾ,സംസ്ഥാന സർക്കാരിന്റെ ഡോ. ബി. ആർ അംബേദ്കർ മാദ്ധ്യമപുരസ്കാരം,ക്ഷീര വികസന വകുപ്പിന്റെ മാധ്യമ അവാർഡ്,ഹരിതമുദ്ര അവാർഡ് തുടങ്ങി മുപ്പതോളം പുരസ്കാരങ്ങൾ റേഡിയോ മാറ്റൊലിക്ക് കിട്ടിയിട്ടുണ്ട്. കൊറോണക്കാലത്ത് എൻ. എച്ച്. ആർ.എമ്മിന്റെ സഹകരണത്തോടെ 18 മാസം തുടർച്ചയായി ബോധവല്ക്കരണ പരിപാടികൾ പ്രക്ഷേപണം ചെയ്തു. അതിനായി ഡോ. സന്തോഷ് കുമാറിനെ സർക്കാർ നിയോഗിച്ചു.

റേഡിയോ മാറ്റൊലി, വയനാട് ജില്ലയിൽ 6000 റേഡിയോ സെറ്റുകൾ വിതരണം ചെയ്തു. ആദിവാസി മേഖലകളിൽ 1000 റേഡിയോകളും നൽകിയതായി സ്റ്റേഷൻ ഡയറക്ടർ ഫാ. ബിജോ തോമസ് പറഞ്ഞു.

'ഞങ്ങളുടെ എല്ലാ പരിപാടികളിലും പോസിറ്റീവായി എന്തെങ്കിലും ഉണ്ടാകും.''നെഗറ്റീവായ കാര്യങ്ങളുള്ള സ്ക്രിപ്റ്റുകൾ തിരുത്തി എഴുതിച്ച്, പോസിറ്റീവാക്കാൻ ഞങ്ങൾ ശ്രമിക്കുന്നുണ്ട്. അല്ലാത്തവ നിഷ്കരുണം നിരാകരിക്കും' ആകാശവാണിയുടെ സംസ്കൃത വാർത്ത റിലേ ചെയ്യുന്ന ഒരു കമ്യൂണിറ്റി റേഡിയോ നിലയമുണ്ട് –2012 ഒക്ടോബർ 2നു പ്രക്ഷേപണം ആരംഭിച്ച പാനൂരിലെ ജൻവാണി എഫ്. എം. ഹിന്ദി,ഇംഗ്ലീഷ് ഉൾപ്പെടെ 14 വാർത്താബുള്ളറ്റിനുകൾ റിലേ ചെയ്യുന്നുണ്ട്–മൊത്തം 3 മണിക്കൂർ 35 മിനിറ്റ് 'ആകാശവാ




**ചങ്ങനാശ്ശേരിയിലെ റേഡിയോ മീഡിയ വില്ലേജ് സ്റ്റുഡിയോ.**

ണി വാർത്തകൾ ജനങ്ങളുടെ രക്തത്തിലലിഞ്ഞുചേർന്ന സംസ്ക്കാരമാണ്', സ്റ്റേഷൻ ഡയറക്ടർ നിർമ്മൽ മയ്യഴി പറയുന്നു.ഗ്രാമവൃത്താന്തം, തമിൾവാണി,ആദിവാസികൾക്കായുള്ള പരിപാടികൾ തുടങ്ങിയവയുമുണ്ട്.'കഴിവുണ്ടായിട്ടും മുഖ്യധാരയിലെത്താൻ കഴിയാത്ത സാധാരണക്കാരെ കമ്മ്യൂണിറ്റി റേഡിയോ നിലയങ്ങൾ പ്രോത്സാഹിപ്പിക്കുന്നു. അവർക്കായി എപ്പോഴും വാതിലുകൾ തുറന്നുവച്ചിരിക്കുന്നു.

ചങ്ങനാശ്ശേരി സെന്റ് ജോസഫ് കോളേജ് ഓഫ് കമ്മ്യൂണിക്കേഷന്റെ ആഭിമുഖ്യത്തിലുള്ള റേഡിയോ മീഡിയ വില്ലേജ് 2012 ഫെബ്രുവരി 10 നാണ് പ്രക്ഷേപണം ആരംഭിച്ചത്.'സാധാരണക്കാർക്ക് എപ്പോഴും കടന്നുചെല്ലാവുന്ന ഒരു മാധ്യമം.തങ്ങളുടെ പ്രശ്നങ്ങൾ എപ്പോഴും സംസാരിക്കാവുന്ന ഒരിടം', പ്രോഗ്രാം ഹെഡ് പറയുന്നു.എല്ലാ മേഖലകളിലുമുള്ള ജനങ്ങളുടെ പങ്കാളിത്തം ഉറപ്പു വരുത്തുന്നു.മുന്നൂറോളം സന്നദ്ധ പ്രവർത്തകരുണ്ട്.അവർക്ക്

> **കേരളത്തിലെ ആദ്യ കമ്യൂണിറ്റി റേഡിയോ നിലയം റേഡിയോ ഡി .സി. എഫ്. എം ആണ്. ഡി സി കിഴക്കേമുറി ഫൗണ്ടേഷനു കീഴിൽ, കഴക്കൂട്ടത്ത് ഡി. സി. സ്ക്കൂൾ ഓഫ് മാനേജ്മെന്റ് ആന്റ് ടെക്നോളജി, ക്യാമ്പസ് റേഡിയോയായി 2006 ജനുവരി 6നാണ് ആരംഭിച്ചത്. സംസ്ഥാനത്തെ ആദ്യത്തെ സ്വകാര്യ നിലയമായിരുന്നു ഇത്**

പരിശീലനം നൽകിയാണ് , പ്രക്ഷേപണത്തിന് ഒരുക്കുന്നത്.

കിടപ്പ് രോഗികൾക്ക് സഹായമെത്തിക്കാനായി 'തണൽ'; എന്ന പേരിൽ , അവരുടെ വേദനകൾ പ്രക്ഷേപണം ചെയ്ത പരമ്പരയ്ക്ക് വലിയ പ്രതികരണമാണ് ലഭിച്ചത്. അതു കേട്ട് പലരും സഹായിക്കാനായി മുന്നോട്ടുവന്നു.ഈ പരിപാടി കോവിഡ് കാലംവരെ തുടർന്നു.ഇതിലൂടെ നൂറ്റി ഇരുപതോളം രോഗികളെ സഹായിച്ചു.ഈ പ്രവർത്തനങ്ങൾക്കായി പ്രത്യാശ എന്ന ധനസഹായ ഗ്രൂപ്പ് രൂപീകരിച്ച് പഞ്ചായത്തുകളുടെ സഹായത്തോടെ 42 കോടി രൂപ സമാഹരിച്ചു.

ചങ്ങനാശ്ശേരി അതിരൂപതയുടേയും മറ്റും സഹായത്തോടെ വലിയ ജീവകാരുണ്യ പ്രവർത്തനങ്ങളാണ് നടത്തുന്നത്. 2018ലെ പ്രളയകാലത്ത് കുട്ടനാട്ടിൽ നിന്ന് അയ്യായിരത്തോളം പേരെ രക്ഷിച്ചു. പെട്ടിമുടി ദുരന്തമുണ്ടായപ്പോഴും മറ്റ് ഏജൻസികളുടെ സഹായത്തോടെ കോവിഡ് കാലത്തും ദുരിതാശ്വാസ പ്രവർത്തനങ്ങൾ നടത്തി.';ഇന്ത്യയിൽ ആദ്യമായാണ് ഒരു കമ്മ്യൂണിറ്റി റേഡിയോ നിലയത്തിന്റെ നേതൃത്വത്തിൽ ജീവകാരുണ്യ പ്രവർത്തനങ്ങൾക്കായി ഒരു സന്നദ്ധ സംഘടനയ്ക്ക് രൂപം കൊടുക്കുന്നത്.സാമൂഹികമാറ്റത്തിന്റെ , വികസനത്തിന്റെ ചാലകശക്തിയാകാൻ ഈ കമ്മ്യൂണിറ്റി റേഡിയോയ്ക്ക് കഴിഞ്ഞു'

കാർഷിക മേഖലയായതിനാൽ ധാരാളം കാർഷിക പരിപാടികളും മേളകളും.കർഷകർക്കായി റിയാലിറ്റി ഷോയും നടത്തി. പത്ത് ദിവസം വീതമുള്ള രണ്ട് ചങ്ങനാശ്ശേരി മെഗാ ഫെസ്റ്റുകൾ വൻ വിജയമായി. അതിന്റെ ലാഭം ഉപയോഗിച്ച്, പ്രളയത്തിൽ വീട് നഷ്ടപ്പെട്ട അഞ്ചു പേർക്ക് അവ പുനർനിർമ്മിച്ച് നൽകി. 2000 വൃക്കരോഗികൾക്ക് ഡയാലിസിസ് കിറ്റും നൽകി. .

സർവ്വതലസ്പർശിയായ 65ഓളം പരിപാടികൾ ഓരോ ആഴ്ചയും പ്രക്ഷേപണം ചെയ്യുന്നുണ്ട്.'എം. എൽ.എ ഓൺ ലൈവ്', തത്സമയ പ്രക്ഷേപണം ,സമകാലിക വിഷയങ്ങളെക്കുറിച്ച് എല്ലാ ദിവസവും വൈകുന്നേരം 'കമോൺ , മലയാളീസ്'; തുടങ്ങിയവ ഇതിൽ ശ്രദ്ധേയം. 'മോസ്റ്റ് സസ്റ്റൈനബിൾ കമ്മ്യൂണിറ്റി റേഡിയോ സ്റ്റേഷൻ' ദേശീയ പുരസ്കാരം രണ്ടു തവണ റേഡിയോ മീഡിയ വില്ലേജിന് ലഭിച്ചിട്ടുണ്ട്. തുടർച്ചയായി ഏഴു തവണ പുരസ്

ക്കാരങ്ങൾ കിട്ടി. 2014 ജനവരി മുതലാണ് അഹല്യ ഇന്റർനാഷണൽ ഫൗണ്ടേഷൻ എന്ന എൻ.ജി.ഒയുടെ ആഭിമുഖ്യത്തിൽ പാലക്കാട് നിന്ന് അഹല്യ എഫ്.എം. പ്രക്ഷേപണം ആരംഭിച്ചത്. വിദ്യാർത്ഥികൾ, വീട്ടമ്മമാർ, കൃഷിക്കാർ എന്നിവരെ ലക്ഷ്യമാക്കിയാണ് പ്രക്ഷേപണം. അഹല്യ ക്യാമ്പസിൽ തന്നെ മൂവായിരത്തോളം വിദ്യാർത്ഥികളുണ്ട്. അവരിൽ നിന്ന് തെരഞ്ഞെടുത്ത് പരിശീലനം നൽകിയ അവതാരകരുണ്ട്. മൂന്ന് വശവും മലകളാൽ ചുറ്റപ്പെട്ട പ്രദേശമാണ്. തമിഴ് സംസാരിക്കുന്നവരുള്ളതിനാൽ, സർക്കാരിന്റെ അറിയിപ്പുകൾ തമിഴിലും കൊടുക്കാറുണ്ട്. പ്രതിദിന കാർഷിക പരിപാടി, പ്രകൃതി സംരക്ഷണവുമായി ബന്ധപ്പെട്ട പരിപാടികൾ തുടങ്ങിയവയ്ക്ക് ശ്രോതാക്കളേറെയുണ്ട്. ജനകീയ പ്രശ്നങ്ങളിൽ അഹല്യ എപ്പോഴും അവർക്കൊപ്പം നില്ക്കുന്നുണ്ട്.

ശ്രോതാക്കൾ മുൻകൈയെടുത്ത് അഹല്യ ചങ്ങാതിക്കൂട്ടം എന്ന കൂട്ടായ്മ രൂപീകരിച്ചിട്ടുണ്ട്. അവരുടെ നേതൃത്വത്തിൽ ധാരാളം ജീവകാരുണ്യ പ്രവർത്തനങ്ങൾ നടന്നു വരുന്നു .കോവിഡ് കാലത്ത് പാലക്കാട്ടെ മൂന്ന് അതിർത്തി ചെക്ക്പോസ്റ്റുകളിലുള്ളവർക്ക് ഭക്ഷണപ്പൊതികൾ വിതരണം ചെയ്തു.

2017 ജൂലൈ 29ന് ആലപ്പുഴ കോസ്റ്റൽ എഡ്യൂക്കേഷണൽ സൊസൈറ്റിയുടെ നേതൃത്വത്തിൽ പ്രക്ഷേപണം ആരംഭിച്ച നിലയമാണ് റേഡിയോ നെയ്തൽ. കടൽത്തീരം എന്ന അർത്ഥത്തിലാണ് നെയ്തൽ എന്ന വാക്ക് ഉപയോഗിച്ചിട്ടുള്ളതെന്ന് നിലയം ഡയറക്ടർ ഫാ.സേവ്യർ കുടിയാംശ്ശേരി പറഞ്ഞു. തീരദേശ വിമോചനം ലക്ഷ്യംവച്ചാണ് പ്രക്ഷേപണം ആരംഭിച്ചത്.എല്ലാ ദിവസവും നാല്പതോളം പരിപാടികൾ പ്രക്ഷേപണം ചെയ്യുന്നുണ്ട്.

മുപ്പതോളം വോളണ്ടിയർമാരാണ് പരിപാടികൾ നിർമ്മിക്കുന്നത്. ഇതിൽ മത്സ്യത്തൊഴിലാളികളും വിദേശത്ത് താമസിക്കുന്നവരും ഉൾപ്പെടുന്നു.2018 ലെ മഹാപ്രളയ കാലത്ത് റേഡിയോ നെയ്തൽ രക്ഷാപ്രവർത്തനങ്ങളിൽ സജീവമായി പങ്കെടുത്തു.ആലപ്പുഴ സോഷ്യൽ സർവീസ് സൊസൈറ്റിയുടെ ഡയറക്ടർ കൂടിയായ ഫാദർ സേവ്യർ കുടിയാംശ്ശേരി മുൻകൈയെടുത്ത് കുട്ടനാട്ടിലേക്കും ചെങ്ങന്നൂരിലേയ്ക്കും 211 വള്ളങ്ങൾ അയച്ചു.

**ഏറ്റവും കൂടുതൽ പേർ ആത്മഹത്യ ചെയ്യുന്ന ജില്ലയായ കൊല്ലത്ത് , മാനസികാരോഗ്യം മെച്ചപ്പെടുത്താനായി ഈ നിലയം ആരംഭിച്ച പരമ്പരയാണ്, '; അരുത്, ആത്മഹത്യ' അത്തരം സാന്ത്വന പ്രക്ഷേപണങ്ങൾ** (therapeutic broadcasts) **കമ്മ്യൂണിറ്റി റേഡിയോ നിലയങ്ങളുടെ മുഖമുദ്രയാണ്.**

അറുന്നൂറോളം മത്സ്യത്തൊഴിലാളികളേയും രക്ഷാപ്രവർത്തനത്തിന് നിയോഗിച്ചു. അന്നത്തെ ജില്ലാ കളക്ടർ എസ്. സുഹാസിന്റെ അഭ്യർത്ഥന മാനിച്ചായിരുന്നു ഇത്. ആ സമയത്ത് നിലയം 24 മണിക്കൂറും തത്സമയ പ്രക്ഷേപണം നടത്തി.

കോവിഡ് കാലത്ത് ';ആരോഗ്യാമൃതം','അതിജീവനം'എന്നീ പേരുകളിൽ ബോധവല്ക്കരണ പരിപാടികൾ പ്രക്ഷേപണം ചെയ്തു. റേഡിയോ നെയ്തൽ തുറന്ന ഹെൽപ്പ് ഡസ്കിലൂടെ മത്സ്യത്തൊഴിലാളികൾക്ക് മാസ്ക്കും, സാനിറ്റൈസും ഭക്ഷണവും മറ്റും വിതരണം ചെയ്തു.

പ്രളയത്തെ തുടർന്നാണ് മത്സ്യത്തൊഴിലാളികൾ റേഡിയോ പരിപാടികൾ അവതരിപ്പിക്കാൻ ആരംഭിച്ചത്. അവരുടേതായ ദേവാസ്തുവിളി, ചവിട്ടുനാടകം എന്നീ കലാരൂപങ്ങളും പ്രക്ഷേപണം ചെയ്യുന്നുണ്ട്.'പ്രക്ഷേപണങ്ങളിൽ അവരുടെ ഭാഷ തന്നെയാണ് ഉപയോഗിക്കുന്നത്'.

കമ്മ്യൂണിറ്റി റേഡിയോ നിലയങ്ങൾക്ക് ജനകീയ പ്രശ്നങ്ങളിൽ സജീവമായി ഇടപെടാനുള്ള ശേഷി ഉണ്ടെങ്കിലും സാമ്പത്തികമായി



മാനന്തവാടിയിലെ റേഡിയോ മാറ്റൊലി സ്റ്റുഡിയോ

സ്വന്തം കാലിൽ നിൽക്കാൻ വലിയ പ്രയാസമാണന്ന് ഫാദർ സേവിയർ കുടിയാംശ്ശേരി പറഞ്ഞു.

കിഡ്നി ഫെഡറേഷൻ ഓഫ് ഓഫ് ഇന്ത്യ എന്ന ചാരിറ്റബിൾ ട്രസ്റ്റിന്റെ ആഭിമുഖ്യത്തിൽ 2017 ഏപ്രിൽ 20നാണ് തൃശൂരിൽ ഹലോ റേഡിയോ 90.8 എഫ്.എം പ്രക്ഷേപണം ആരംഭിച്ചത്.

ആരോഗ്യ,കാർഷിക പ്രക്ഷേപണങ്ങൾക്കാണ് മുൻഗണന.പ്രളയ കാലത്തും കോവിഡ് നാളുകളിലും നാടൻ കലകൾ, കഥാപ്രസംഗം, രൂപകങ്ങൾ ഉൾപ്പെടെയുള്ളവ ബോധവൽക്കരണത്തിന് ഉപയോഗപെടുത്തി. കാർഷിക പരിപാടിയായ 'ഹരിതാഭ'വുമായി വെറ്റിനറി,കാർഷിക സർവകലാശാലകൾ സഹകരിക്കുന്നുണ്ട്.

കോവിഡ് കാലത്ത് നിലയം 24 മണിക്കൂറും പ്രവർത്തിച്ചു . ജനകീയാസൂത്രണത്തിന്റെ ഇരുപത്തിയഞ്ചാം വാർഷികം പ്രമാണിച്ച് തൃശൂരിലെ 'കില'യുമായി ചേർന്ന് പരിപാടികൾ പ്രക്ഷേപണം ചെയ്തു.തന്റെ നേതൃത്വത്തിൽ നടക്കുന്ന വൃക്ക -അവയവദാന പ്രവർത്തനങ്ങൾക്ക് റേഡിയോയിലൂടെ വലിയ പിന്തുണ ലഭിക്കുന്നുണ്ടെന്ന് ഫാദർ ഡേവിസ് ചിറമേൽ പറഞ്ഞു.

വൃക്കരോഗികൾക്കായി ലക്ഷക്കണക്കിന് രൂപ സംഭരിച്ച് നൽകി. ജില്ലയിലെ വാഹനാപകട വിവരങ്ങൾ അപ്പപ്പോൾ തന്നെ റേഡിയോയിലൂടെ അറിയിക്കുന്നുണ്ട്. 'കമ്മ്യൂണിറ്റി റേഡിയോ നിലയങ്ങൾ താഴെതട്ടിലുള്ളവരുടെ ആത്മാവായി മാറണം.മയക്കുമരുന്നിനെ തിരെ വിദ്യാർത്ഥികളെയും യുവതലമുറയെയും ബോധവൽക്കരിക്കുന്ന പരിപാടികൾ ഉണ്ടാകണം.ഹലോ എഫ്.എം രാത്രി പ്രക്ഷേപണം ചെയ്യുന്ന കഥകൾ ധാർമികപാഠങ്ങൾ നല്കുന്നവയാണ്',, ഫാ. ഡേവിസ് ചിറമേൽ പറഞ്ഞു.

തിരുവല്ല മാർ അത്തനേഷ്യസ് കോളേജ് ഫോർ അഡ്വാൻസ്ഡ് സ്റ്റഡീസ് 2009 നവം.1 നാണ് റേഡിയോ മാക്ഫാസ്റ്റ് ആരംഭിച്ചത്.

**കണ്ണൂർ പാനൂരിലെ ജൻവാണി എഫ് എമ്മിന്റെ ലോഗോ.**

**ഒന്നരലക്ഷം ആദിവാസികളുള്ള വയനാട്ടിൽ , അവരുടെ പ്രാദേശിക ഭാഷകളിലും ശബ്ദിക്കുന്ന ഒരു റേഡിയോ നിലയമുണ്ട് – മാനന്തവാടിയിലെ റേഡിയോ മാറ്റൊലി. വയനാട് സോഷ്യൽ സർവീസ് സൊസൈറ്റിയുടെ ആഭിമുഖ്യത്തിലുള്ള ഇത് ആരംഭിച്ചത് 2009 ജൂൺ ഒന്നിനായിരുന്നു. വിവിധ ആദിവാസിഭാഷകളിൽ തുടിച്ചെത്തം,ഊരുവട്ടം തുടങ്ങിയ പരിപാടികളുണ്ട്.**

പൂർണ്ണമായും സൗരോർജ്ജത്തിൽ പ്രവർത്തിക്കുന്ന കേരളത്തിലെ ആദ്യ കമ്യൂണിറ്റി റേഡിയോ നിലയമാണ്..അപ്പർ കുട്ടനാട്ടിലെ കർഷകരും സ്കൂൾ വിദ്യാർത്ഥികളുമാണ് പ്രധാന ശ്രോതാക്കൾ.ആദ്യ കാലം മുതൽ കർഷകർക്കായി ';കൃഷി ജാലകം';കുട്ടികൾക്കായി 'കിലുക്കാം പെട്ടി' എന്ന ഫോൺ-ഇൻ പരിപാടി, ആരോഗ്യ പരിപാടിയായ ';മെഡി ടോക്'' തുടങ്ങിയവയുണ്ട്.'നിക്ഷേപ ജാലകം','; ഡിജിറ്റൽ വേൾഡ് ', തുടങ്ങിയ പരിപാടികൾ അവതരിപ്പിക്കുന്നത് മാക്ഫാസ്റ്റ് സ്ഥാപനങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികളായ വോളന്റിയർമാരാണന്ന് സ്റ്റേഷൻ ഡയറക്ടർ രാധാകൃഷ്ണൻ കുറ്റൂർ പറഞ്ഞു.നിലയം തിരുവല്ല മുനിസിപ്പാലിറ്റിയുമായി ചേർന്ന് പ്രവർത്തിച്ച്, അവരുടെ 'ക്ലീൻ ആന്റ് ഗ്രീൻ'പദ്ധതിയുടെ മീഡിയാ പാർട്ട്ണറായി. കർഷക പ്രശ്നങ്ങളിലും നിലയം ഇടപെട്ടു. മുൻപ് ശ്രോതാക്കളുടെ സംഗമം കോളേജ് കാമ്പസിൽ നടത്തിയിട്ടുണ്ട്.

അവർക്കായി ഒരു പരിപാടിയുമുണ്ട് – 'ലിസണേഴ്സ് കോർണ്ണർ 'ശ്രോതാക്കളിൽ ഭൂരിപക്ഷവും സ്ത്രീകളും 40 വയസിൽ കൂടുതലുള്ളവരുമാണ്. 'നാട്ടിൻപുറ'ത്തിന് സംസ്ഥാന സർക്കാറിന്റെ ';ഹരിത മുദ്ര'; ഉൾപ്പെടെ രണ്ട് പുരസ്ക്കാരങ്ങൾ കിട്ടി.

2018 ലെ പ്രളയസമയത്ത് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് 12 ലക്ഷം രൂപ സംഭരിച്ച് നൽകി. കോവിഡ് കാലത്ത് 'സാന്ത്വനം' എന്ന പേരിൽ , ഡോക്ടർമാരെ പങ്കെടുപ്പിച്ച് ഓൺ ലൈൻ കൗൺസലിങ്ങ് പരിപാടികൾ പ്രക്ഷേപണം ചെയ്തു.അപ്പർ കുട്ടനാട്ടിലെ കുമ്പുമ്മൂട് എന്ന ഒറ്റപ്പെട്ട തുരുത്തിനെ റേഡിയോ ഗ്രാമമായി 2021ൽ റേഡിയോ മാക് ഫാസ്റ്റ് ദത്തെടുത്തു.

എറണാകുളം സെന്റ് തെരാസാസ് കോളേജിന്റ ആഭിമുഖ്യത്തിലുള്ള റേഡിയോ കൊച്ചി 90 എഫ്.എം 2021 ജൂലൈ 16 നാണ് ഔദ്യോഗികമായി ഉദ്ഘാടനം ചെയ്യപ്പെട്ടത്. കോവിഡ് രൂക്ഷമായ കാലത്തായിരുന്നു,തുടക്കം. വലിയ വെല്ലുവിളയായിരുന്നു, അത്.

ആരോഗ്യം, വിദ്യാഭ്യാസം,തീരദേശ സംരക്ഷണം തുടങ്ങി പന്ത്രണ്ട് മേഖലകളിലൂന്നിയാണ് പ്രക്ഷേപണമെങ്കിലും,ജില്ലാ ഭരണകൂടത്തിന്റേയും ആരോഗ്യ വകുപ്പിന്റേയും സഹകരണത്തോടെ കോവി ഡ് ബോധവല്ക്കരണ പരിപാടികൾക്കായിരുന്നു മുൻതൂക്കം നൽകിയത്. കോവിഡുമായി ബന്ധപ്പെട്ട ധാരാളം പരിപാടികൾ തുടർച്ചയായി നൽകി. സന്ദേശങ്ങൾ സ്കിറ്റുകളുടെ രൂപത്തിലും പ്രക്ഷേപണം ചെയ്തു.

ജനങ്ങളെ ഭയപ്പെടുത്താത്ത രീ

തിയിലായിരുന്നു അവ നൽകിയത്. സമാശ്വസിപ്പിക്കാനായി , അവയ്ക്കിടയിൽ ശ്രുതിമധുരമായ പാട്ടുകളും നൽകി.

മംഗളം കോളേജ് ഓഫ് എഞ്ചിനിയറിങ്ങ് 2016 നവംബർ ഒന്നിനാണ് ഏറ്റുമാനൂരിൽ റേഡിയോ മംഗളം ആരംഭിച്ചത്.മഹാപ്രളയകാലത്ത് സമൂഹത്തിനുപകരിക്കുന്ന വിവരങ്ങൾ അപ്പപ്പോൾ നൽകാൻ നിലയം 24 മണിക്കൂറും പ്രവർത്തിച്ചു. ആർ.ജെമാരും രക്ഷാദൗത്യങ്ങളിൽ പങ്കെടുത്തു.

ശ്രോതാക്കളും സഹകരിച്ചു. അവർ ആഹാരം,മരുന്ന്,വസ്ത്രം തുടങ്ങിയവ സംഭാവന ചെയ്തു. ദുരിതാശ്വാസ ക്യാമ്പുകളിൽ റേഡിയോ സെറ്റുകളും നൽകി.

സംസ്ഥാന സർക്കാർ ഉടമസ്ഥതയിലുള്ള ഒരു റേഡിയോ നിലയം മാത്രമാണ് കേരളത്തിലുള്ളത് കുട്ടനാട് എഫ് എം .സംസ്ഥാന കൃഷി വകുപ്പിന്റെഫാം ഇൻഫർമേഷൻ ബ്യൂറോയുടെ ആഭിമുഖ്യത്തിൽ വി.എസ് സുനിൽകുമാർ കൃഷിവകുപ്പ് മന്ത്രിയായിരിക്കുമ്പോഴാണ് ഈ നിലയം ആരംഭിച്ചത്.കർഷകർക്ക് വേണ്ടിയുള്ള പരിപാടികളാണ് ഉള്ളടക്കത്തിൽ അധികവും.

കേരളത്തിലെ കമ്മ്യൂണിറ്റി റേഡിയോ നിലയങ്ങൾ ഇവയാണ്;റേഡിയോ മാറ്റൊലി (മാനന്തവാടി),റേഡിയോ ബെൻസിഗർ (കൊല്ലം),റേഡിയോ മീഡിയ വില്ലേജ് (തിരുവല്ല), റേഡിയോ മാക്ക്ഫാസ്റ്റ് (ചങ്ങനാശ്ശേരി), എന്റെ റേഡിയോ (കരുനാഗപ്പള്ളി ) ,ഗ്ലോബൽ റേഡിയോ (അമ്പലപ്പുഴ),റേഡിയോ നെയ്തൽ( ആലപ്പുഴ),ജൻവാണി എഫ്.എം (പാനൂർ ) ,ഹലോ എഫ്.എം (തൃശൂർ),അഹല്യ റേഡിയോ (പാലക്കാട്), കുട്ടനാട് എഫ്.എം (ആലപ്പുഴ), റേഡിയോ മംഗളം (ഏറ്റുമാനൂർ) , റേഡിയോ കൊച്ചി (കൊച്ചി),സർഗ്ഗക്ഷേത്ര എഫ്.എം (മാന്നാനം),റേഡിയോ സാന്ത്വനം (കൊല്ലം),മൈ റേഡിയോ (തൃശ്ശൂർ),90 എഫ്.എം (കാഞ്ഞിരപ്പള്ളി ) , കരുണാസായി 91.2 എഫ്.എം(വെള്ളനാട് ),റേഡിയോ മലബാർ ( മട്ടന്നൂർ ) , ആശ്രയ എഫ്.എം (കൊട്ടാരക്കര), കെയർ എഫ്.എം (പൂനൂർ ) .




**ലോകത്തെ ഏറ്റവും തണുപ്പുള്ള രണ്ടാമത്തെ പ്രദേശമായ ദ്രാസ് താഴ് വരയിലെ റേഡിയോ ദ്രാസ് കമ്യൂണിറ്റി നിലയത്തിന്റെ സ്റ്റുഡിയോ**

**2018ലെ മഹാപ്രളയ കാലത്ത് റേഡിയോ നെയ്തൽ രക്ഷാപ്രവർത്തനങ്ങളിൽ സജീവമായി പങ്കെടുത്തു. ആലപ്പുഴ സോഷ്യൽ സർവീസ് സൊസൈറ്റിയുടെ ഡയറക്ടർ കൂടിയായ ഫാദർ സേവ്യർ കുടിയാംശ്ശേരി മുൻകൈയെടുത്ത് കുട്ടനാട്ടിലേക്കും ചെങ്ങന്നൂരിലേയ്ക്കും 211 വള്ളങ്ങൾ അയച്ചു. അറുന്നൂറോളം മത്സ്യത്തൊഴിലാളികളേയും രക്ഷാപ്രവർത്തനത്തിന് നിയോഗിച്ചു.**

കേരളത്തിൽ, ഇലക്ട്രോണിക് മാദ്ധ്യമ രംഗത്ത് സമീപകാലത്ത് ഉണ്ടായ, അധികമൊന്നും ചർച്ച ചെയ്യപ്പെടാത്ത ഒന്നാണ് കമ്മ്യൂണിറ്റി റേഡിയോ നിലയങ്ങളുടെ വ്യാപനവും പ്രചാരവും .ഏറ്റവും താഴെത്തട്ടിൽ ചുവടുറപ്പിക്കുകയാണ് ഈ ചെറിയ റേഡിയോനിലയങ്ങൾ .ലോകമെമ്പാടും അച്ചടി, ഇലക്ട്രോണിക് മാധ്യമങ്ങൾ തികച്ചും പ്രാദേശികമായ ഉള്ളടക്കത്തിന് കൂടുതൽ പ്രാധാന്യം നൽകി ,തങ്ങളുടെ പ്രചാരം നിലനിർത്താൻ ശ്രമിക്കുന്നതിനിടയിലാണ് സാമൂഹിക സേവനരംഗത്ത് കൂടി ഇടപെട്ടുകൊണ്ട്, ഈ റേഡിയോ നിലയങ്ങൾ ചുവട് ഉറപ്പിക്കുന്നത്. അടുത്തന നാളുകളിൽ കൂടുതൽ കമ്യൂണിറ്റി നിലയങ്ങൾ വരും. മാദ്ധ്യമരംഗത്ത് ഇവ ക്രമേണ വലിയ ചലനങ്ങൾ സൃഷ്ടിച്ചേക്കാം. ജനകീയ മുഖമുള്ള ,സാമൂഹിക പ്രതിബദ്ധ പ്രക്ഷേപണത്തിന്റെ പുതിയ ഘട്ടമാണിത്.

ഇവ പ്രാദേശിക പ്രശ്നങ്ങളിൽ ക്രിയാത്മകമായി ഇടപെട്ടു തുടങ്ങിയിട്ടുണ്ട്.കൈയിൽ മൈക്കുമായി ഇറങ്ങുന്ന ജനകീയ പ്രക്ഷേപകർ, ആക്റ്റിവിസ്റ്റുകൾ കൂടിയായേക്കും. ശബ്ദമില്ലാത്തവരുടെ ശബ്ദമാണ് കമ്യൂണിറ്റി റേഡിയോ നിലയങ്ങൾ . അവയിൽ മുഴങ്ങുന്നത് ബഹുസ്വരതയും സ്വാതന്ത്ര്യാവിഷ്കാരങ്ങളും.

**(ആകാശവാണി മുൻ അസിസ്റ്റന്റ് ഡയറക്ടറും പ്രക്ഷേപണ ചരിത്രകാരനുമാണ് ലേഖകൻ . ഫോൺ 944718006)**

NRS PAY

# TAP, DIP, SWIPE OR KEY!



## ACCEPTING CREDIT CARDS SHOULDN'T BE A JUGGLING ACT!

Simplify your payment acceptance.

## अपने हाई क्रेडिट कार्ड प्रोसेसिंग बिलों में कटौती करें।




- ✔ **FREE** Credit Card Reader
- ✔ **NO** Long-Term Contracts
- ✔ **NO** Hidden Fees
- ✔ **NO** Early Termination Fee


**GET STARTED TODAY!**
Call **(877) 202-8112**
or visit **nrspay.com**

NRS Pay is a service of National Retail Solutions, Inc. Contract required. Certain features are non-standard and may require additional charges. Terms subject to change. National Retail Solutions, Inc. is a registered MSP/ISO of Elavon, Inc., Georgia, a wholly owned subsidiary of U.S. Bancorp, Minneapolis, MN, and a registered ISO of Wells Fargo Bank, N.A., Concord, CA. IDT Telecom Canada Corp. is a registered MSP/ISO of Elavon, Inc., Georgia, a wholly owned subsidiary of U.S. Bancorp, Minneapolis, MN.

# ചമയം

# പട്ടണം റഷീദ്

മീട്ടു റഹ്മത്ത് കലാം




മനുഷ്യമുഖം ഒരു കാൻവാസാണ്. അതിൽ കാലം വരച്ചിടുന്ന ഭാവങ്ങൾക്കപ്പുറം, അപരന്റെ ആത്മാവിനെ സന്നിവേശിപ്പിക്കുന്ന അപൂർവ്വ മാന്ത്രികതയാണ് ചമയം. വെറുമൊരു ബാഹ്യസൗന്ദര്യവർദ്ധനവിനപ്പുറം, ഒരു വ്യക്തി മറ്റൊരാളിലേക്ക് നടത്തുന്ന വേഷപ്പകർച്ചയുടെ (Transformation) മനഃശാസ്ത്രവും ആത്മീയതയും അന്വേഷിക്കുകയാണ് ചലച്ചിത്ര മേക്കപ്പ് ലോകത്തെ കുലപതിയായ പട്ടണം റഷീദ്.

വർഷങ്ങൾക്ക് മുൻപ് സംസ്ഥാന പുരസ്കാരം നേടിയ തന്റെ കൃതിയെ, എട്ടു വർഷത്തെ കഠിനമായ ഗവേഷണത്തിലൂടെ ആഗോള വായനക്കാർക്കായി ഇംഗ്ലീഷിൽ പുനഃസൃഷ്ടിക്കുമ്പോൾ അദ്ദേഹം കേവലമൊരു വിവർത്തനമല്ല നടത്തുന്നത്; മറിച്ച്, ഭാരതീയ കലകളുടെ ആഴമേറിയ ദർശനങ്ങളെ ലോകവേദിയിലേക്ക് പകർത്തിവയ്ക്കുകയാണ്. പൗഡർ രൂപത്തിൽ നിന്ന് ഡിജിറ്റൽ യുഗത്തിന്റെ ഹൈ ഡെഫനിഷൻ സാങ്കേതികതയിലേക്ക് വിരലുകൾ ചലിക്കുമ്പോഴും, അദ്ദേഹത്തിന്റെ ബോധതലം തൊടുന്നത് ഭാരതീയ നാട്യശാസ്ത്രത്തിലും ശിവസങ്കല്പത്തിലുമൂന്നിയ കലയുടെ ആത്മീയതയിലാണ്. അണിയറയെ ആരാധനാലയമായും, ചമയക്കാരനെ ഗുരുസ്ഥാനീയനായും കാണുന്ന ഈ പാരമ്പര്യം ലോകത്ത് മറ്റെവിടെയാണുള്ളത്?

ഗ്രീക്ക് തിയേറ്ററുകളിലെ 'മിറർ റൂമുകൾക്ക്' എത്രയോ നൂറ്റാണ്ടുകൾക്ക് മുൻപ്, അണിയറയിലെ ദർപ്പണത്തിൽ നോക്കി ദൈവമായി മാറുന്ന തെയ്യം കലാകാരന്റെ വേഷപ്പകർച്ചയാണ് പട്ടണം റഷീദിന്റെ ചമയദർശനം. ഹോളിവുഡ് ചിത്രങ്ങളിൽ നിന്ന് സ്വാംശീകരിച്ച പ്രൊഫഷണൽ അച്ചടക്കം, ദേശീയ-സംസ്ഥാന പുരസ്കാരങ്ങളുടെ തിളക്കം, ഒടുവിൽ പുതിയ തലമുറയ്ക്കായി അറിവ് പകർന്നുനൽകുന്ന 'പട്ടണം ഡിസൈനറി' എന്ന അക്കാദമി... നാല് പതിറ്റാണ്ടുകൾ പിന്നിട്ടിട്ടും ഒടുങ്ങാത്ത ഈ ആവേശത്തിന്റെ രഹസ്യം നിരന്തരമായ പഠനവും വിനയവുമാണെന്ന് അദ്ദേഹം അടിവരയിടുന്നു.

തന്റെ പുതിയ അന്താരാഷ്ട്ര ഗ്രന്ഥം ലോസ് ഏഞ്ചലസിന്റെ മണ്ണിൽ, ഓസ്കാർ ജേതാക്കളായ ഹോളിവുഡ് പ്രതിഭകളുടെ സാന്നിധ്യത്തിൽ പ്രകാശനം ചെയ്യാനൊരുങ്ങുന്ന ഈ ധന്യമുഹൂർത്തത്തിൽ, കൊച്ചിയുടെ മണ്ണിൽ നിന്ന് ലോകസിനിമയുടെ നെറുകയിലേക്ക് ബ്രഷും ചായക്കൂട്ടുകൂളുമായി യാത്ര ചെയ്ത പട്ടണം റഷീദ് തന്റെ കുടുംബവിശേഷങ്ങളും അനുഭവങ്ങളും ഉൾക്കാഴ്ചകളും പങ്കുവയ്ക്കുന്നു...

**'ചമയം : പട്ടണം റഷീദ്' എന്ന താങ്കളുടെ പുസ്തകം സംസ്ഥാന അവാർഡ് നേടിയ ഒന്നായിരുന്നു. ആ പുസ്തകത്തിന്റെ ഇംഗ്ലീഷ് പരിഭാഷ ഇപ്പോൾ പുറത്തിറക്കാൻ നിശ്ചയിച്ചതിന് പിന്നിലെ പ്രധാന ലക്ഷ്യം എന്താണ്?**

'ചമയം' എന്ന പുസ്തകം ഇറങ്ങിയിട്ട് വർഷങ്ങളായി. അതിൽ മേക്കപ്പിന്റെ അടിസ്ഥാനപരമായ കാര്യങ്ങൾ നമ്മൾ ചർച്ച ചെയ്തിരുന്നു. മേക്കപ്പ് കലയെക്കുറിച്ചും അതിന്റെ പ്രായോഗിക തലങ്ങളെക്കുറിച്ചും ലോകത്ത് ഒട്ടനവധി വലിയ പുസ്തകങ്ങളുണ്ട്. 'മേക്കപ്പിന്റെ ബൈബിൾ' എന്നറിയപ്പെടുന്ന മൂന്ന് വാല്യങ്ങളുള്ള ഗ്രന്ഥം മുതൽ ലക്ഷങ്ങൾ വിലവരുന്ന വിദേശ പുസ്തകങ്ങൾ വരെയുണ്ട്. എന്നാൽ ഭാരതീയ കലകൾക്കുള്ള, പ്രത്യേകിച്ച് കേരളത്തിലെ കലകൾക്കുള്ള ഒരു പ്രത്യേകത ലോകത്ത് മറ്റൊരിടത്തുമില്ലാത്ത അനുഷ്ഠാന പാരമ്പര്യമാണ്.

നമ്മുടെ സങ്കൽപ്പങ്ങൾ ശിവന്റെ നാട്യശാസ്ത്രത്തെ ബേസ് ചെയ്തുള്ളതാണ്. ഗുരുദക്ഷിണ നൽകി നമസ്കരിക്കുക, മേക്കപ്പ് ചെയ്യുന്നയാളെ ഗുരുസ്ഥാനീയനായി കാണുക തുടങ്ങിയ പാരമ്പര്യം മറ്റെവിടെയെങ്കിലും ഉണ്ടോ എന്ന് സംശയമാണ്. വളരെ ശാസ്ത്രീയമായ ഈ ഭാരതീയ അനുഷ്ഠാന പദ്ധതിയെയും വേഷപ്പകർച്ചയുടെ പ്രാധാന്യത്തെയും ലോകത്തിന് മുന്നിൽ എത്തിക്കാനാണ് ഈ പുസ്തകം ഇംഗ്ലീഷ് വിവർത്തനമായി പുറത്തിറക്കുന്നത്.



പട്ടണം റഷീദ് മമ്മൂട്ടിക്ക് മേക്ക് അപ്പ് ചെയ്യുന്നു

> **ഒരു മനുഷ്യൻ ഒരു കഥാപാത്രത്തിലേക്ക് മാറുമ്പോൾ, അയാൾ അതുവരെ ചിന്തിച്ചിരുന്നതിൽ നിന്നും വ്യത്യസ്തമായി ചിന്തിക്കാൻ തുടങ്ങുന്നു. ആ ചിന്ത അയാളിൽ ഉണ്ടാക്കുന്ന രാസമാറ്റങ്ങളെ (Chemistry) കുറിച്ചാണ് ഇതിലെ പഠനം.**



പൊന്തൻ മാടയായി മമ്മൂട്ടി

**മലയാളത്തിലുള്ള ഒരു ഗ്രന്ഥം ഇംഗ്ലീഷിലേക്ക് മൊഴിമാറ്റുമ്പോൾ സ്വാഭാവികമായും വെല്ലുവിളികൾ ഉണ്ടാകുമല്ലോ. ഈ വിവർത്തന പ്രക്രിയയ്ക്ക് എത്രത്തോളം സമയവും അധ്വാനവും വേണ്ടിവന്നു?**

ഒരു ട്രാൻസ്ലേറ്ററുടെ സഹായവും മറ്റ് നിരവധി ആളുകളുടെ പിന്തുണയും ഇതിനുണ്ടായിരുന്നു. ഇതൊറ്റയ്ക്ക് ചെയ്യാൻ പറ്റുന്ന ഒന്നല്ല. ഈ പരിഭാഷയും അതിന്റെ അനുബന്ധ പ്രവർത്തനങ്ങളും പൂർത്തിയാക്കാൻ ഏകദേശം എട്ട് വർഷത്തോളമാണ് എടുത്തത്!

വർഷങ്ങൾക്ക് മുൻപ് അന്തരിച്ച പ്രശസ്ത നടൻ നരേന്ദ്രപ്രസാദ് സാറാണ് എനിക്ക് ഇതിനൊരു പ്രചോദ

നം നൽകിയത്. പിന്നീട് 2013-14 കാലഘട്ടത്തിൽ കേന്ദ്ര സാംസ്കാരിക മന്ത്രാലയത്തിന്റെ സീനിയർ ഫെല്ലോഷിപ്പ് എനിക്ക് ലഭിച്ചു. അതിനായി തയ്യാറാക്കിയ രണ്ടു വർഷത്തെ ഗവേഷണ പ്രബന്ധം ജെ.എൻ.യു (JNU) അംഗീകരിക്കുകയും അലഹബാദിലെ നാഷണൽ സെമിനാറിൽ ഇത് അവതരിപ്പിക്കുകയും ചെയ്തു. ആ പ്രബന്ധത്തെ അടിസ്ഥാനമാക്കിയാണ് ഈ പുസ്തകരൂപം ഉണ്ടായത്.

**ഇംഗ്ലീഷ് പതിപ്പ് വരുന്നതോടെ ആഗോളതലത്തിൽ കലയെയും മേക്കപ്പിനെയും കുറിച്ച് പഠിക്കുന്ന പുതിയ തലമുറയ്ക്ക് ഇതൊരു വലിയ ആയുധമായിരിക്കും. കളർ എങ്ങനെ മുഖത്ത് തേക്കുന്നു, മീശ എങ്ങനെ ഒട്ടിക്കുന്നു... എന്നിങ്ങനെ ഓരോ കാലഘട്ടത്തിലെയും മേക്കപ്പിനെക്കുറിച്ച് ഒട്ടേറെ കാര്യങ്ങൾ പറയാം.**

**? ഈ പുസ്തകത്തിൽ പറയുന്ന 'വേഷപ്പകർച്ച' എന്ന ആശയത്തിന് ആഗോളതലത്തിൽ എത്രത്തോളം പ്രസക്തിയുണ്ട്? വിദേശികളായ വായനക്കാർക്ക് ഇത് എങ്ങനെ ഉൾക്കൊള്ളാൻ കഴിയും?**

തീർച്ചയായും ഉണ്ട്. ഒരു മനുഷ്യൻ ഒരു കഥാപാത്രത്തിലേക്ക് മാറുമ്പോൾ, അയാൾ അതുവരെ ചിന്തിച്ചിരുന്നതിൽ നിന്നും വ്യത്യസ്തമായി ചിന്തിക്കാൻ തുടങ്ങുന്നു. ആ ചിന്ത അയാളിൽ ഉണ്ടാക്കുന്ന രാസമാറ്റങ്ങളെ (Chemistry) കുറിച്ചാണ് ഇതിലെ പഠനം.

പാശ്ചാത്യ നാടകവേദികളിൽ, പ്രത്യേകിച്ച് ഗ്രീക്ക് തിയേറ്ററുകളിൽ 'മിറർ റൂം' (Mirror Room) എന്നൊരു സമ്പ്രദായമുണ്ട്. മേക്കപ്പിന് ശേഷം നടൻ കണ്ണാടിക്ക് മുന്നിലിരുന്ന് ആ കഥാപാത്രമായി സ്വയം പാകപ്പെടുത്തുന്ന രീതിയാണിത്. എന്നാൽ അയ്യായിരം വർഷങ്ങൾക്ക് മുൻപ് നമ്മുടെ കേരളത്തിൽ തെയ്യം കലാകാരന്മാർ ഇത് അനുഷ്ഠിച്ചിരുന്നു.



**പട്ടണം റഷീദ് പരദേശിയിൽ മോഹൻ ലാലിന് മേക്ക് അപ്പ് ചെയ്യുന്നു**

സമൂഹത്തിലെ വളരെ സാധാരണക്കാരനായ ഒരാൾ, തെയ്യക്കോലമണിഞ്ഞ്, മുഖത്തെഴുത്ത് കഴിഞ്ഞ്, ഒടുവിൽ ആ കണ്ണാടിയിൽ സ്വന്തം മുഖം നോക്കുന്ന ഒരു നിമിഷമുണ്ട്. ആ നിമിഷം അയാൾ അതുവരെയുള്ള മനുഷ്യനല്ലാതായി മാറി, താൻ ദൈവമാണെന്ന് ഉറച്ചു വിശ്വസിക്കുന്നു. ഒരു സാധാരണക്കാരൻ ദൈവത്തിലേക്ക് നടത്തുന്ന ആ പരിണാമം വലിയൊരു ട്രാൻസ്ഫോർമേഷനാണ്.

ദൈവസമാനമായി അരുൾ ചെയ്യുന്ന തലത്തിലേക്ക് ഒരുവനെ എത്തിക്കുന്നതിന് പിന്നിൽ ഒരു മേക്കപ്പ് ആർട്ടിസ്റ്റിന്റെ കഠിനാധ്വാനമുണ്ട്. ഇത് ലോകത്തുള്ള എല്ലാവരും മനസ്സിലാക്കേണ്ട ഒന്നാണ്. ഇതുസംബന്ധിച്ച് ആശയതർക്കങ്ങൾ ഉണ്ടെങ്കിൽ അത് ചർച്ചചെയ്യപ്പെടണം.

**ഈ പുസ്തകത്തിനുവേണ്ടി വലിയൊരു അന്വേഷണയാത്ര തന്നെ നടത്തിയിട്ടുണ്ടല്ലോ. ആ വിവരങ്ങൾ കൂടി ഈ പുസ്തകത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ?**

അതെ, ഇതൊരു ഇൻവെസ്റ്റിഗേഷൻ ( അന്വേഷണം) പോലെയായിരുന്നു. എനിക്ക് അറിയാവുന്ന കാര്യങ്ങൾ വളരെ കുറവാണെന്ന ബോധ്യത്തോടെയാണ് ഞാൻ വിവരങ്ങൾ ശേഖരിച്ചത്. തമിഴ്നാട്ടിലെ കൂത്തുപ്പട്ടറിയിലെ തിയേറ്റർ വിദഗ്ദ്ധരെ നേരിട്ട് കണ്ടു. വിവരങ്ങൾക്ക് കൂടുതൽ ആധികാരികത ഉറപ്പാക്കാൻ വേണ്ടി ഇന്ത്യയിലുടനീളമുള്ള മുന്നൂറോളം കലാകാരന്മാരുമായും വിദഗ്ദ്ധരുമായും ചർച്ചകൾ നടത്തിയാണ് ഈ പുസ്തകം പരിഷ്കരിച്ചതും ഇംഗ്ലീഷ് രൂപത്തിലേക്ക് എത്തിച്ചതും.

**ഈ ഇംഗ്ലീഷ് പതിപ്പ് ഭാവി തലമുറയ്ക്ക് എങ്ങനെയുള്ള സംഭാവനയായിരിക്കും നൽകുക എന്നാണ് താങ്കൾ പ്രതീക്ഷിക്കുന്നത്?**

ഈ ഗ്രന്ഥത്തിന് അവാർഡ് ലഭിച്ചപ്പോൾ ജൂറി ഇതിനെ വിലയിരുത്തിയത് ഒരു 'റെഫറൻസ് ഗ്രന്ഥം' (Reference Book) എന്നാണ്. ഇതിന്റെ ഇംഗ്ലീഷ് പതിപ്പ് വരുന്നതോടെ ആഗോളതലത്തിൽ കലയെയും മേക്കപ്പിനെയും കുറിച്ച് പഠിക്കുന്ന പുതിയ തലമുറയ്ക്ക് ഇതൊരു വലിയ ആയുധമായിരിക്കും. കളർ എങ്ങനെ മുഖത്ത് തേക്കുന്നു, മീശ എങ്ങനെ ഒട്ടിക്കുന്നു... എന്നിങ്ങനെ ഓരോ കാലഘട്ടത്തിലെയും മേക്കപ്പിനെക്കുറിച്ച് ഒട്ടേറെ കാര്യങ്ങൾ പറയാം. ചരിത്രത്തിൽ മുൻപ് പുസ്തകങ്ങൾ എഴുതിയവരെല്ലാം അടുത്ത തലമുറയെ മുന്നിൽ കണ്ടാണ് അത് ചെയ്തിട്ടുള്ളത്. ഞാനും എന്റെ പിന്നാലെ വരുന്നവർക്കായി എന്റെ അറിവുകൾ സമർപ്പിക്കുന്നു. നമ്മുടെ സംസ്കാരത്തിന്റെ ഈ ആഴം ലോകം മുഴുവൻ ചർച്ച ചെയ്യട്ടെ.

**ഇപ്പോൾ റിലീസ് ചെയ്ത ചിത്രങ്ങളായാലും, ഇനി ഇറങ്ങാൻ പോകുന്ന 'നാഗബന്ധം' പോലുള്ള സിനിമകളായാലും അവയൊക്കെ വളരെ സ്പെഷ്യലൈസ്ഡ് ആയ സിനിമകളാണ്. നമ്മൾ സാധാരണ കണ്ടുവരുന്നതോ, കേട്ടുപോന്നതോ ആയ രീതിയിലുള്ള മേക്കപ്പ് വർക്കുകളല്ല അതിലൊന്നും ഉള്ളത്. വളരെ പ്രത്യേകതകളുള്ള സിനിമകളാണവ.**

**ഇത്രയേറെ അനുഭവസമ്പത്തും അംഗീകാരങ്ങളും ഉണ്ടായിട്ടും ഇപ്പോഴും പുതിയ പരീക്ഷണങ്ങൾക്കും അന്വേഷണങ്ങൾക്കുമായി സമയം കണ്ടെത്തുന്നുണ്ടല്ലോ. മേക്കപ്പ് കലയിൽ എല്ലാം പഠിച്ചു കഴിഞ്ഞു എന്ന് കരുതി മാറിനിൽക്കാത്ത ഈ ഒരു നിരന്തര യാത്രയെ എങ്ങനെയാണ് കാണുന്നത്?**

അതെ, ആ ഒരു പരീക്ഷണവും അന്വേഷണവും ഇപ്പോഴും എന്നിലുണ്ട്. എല്ലാം പഠിച്ചു കഴിഞ്ഞു എന്ന് കരുതി മാറി ഇരിക്കുകയല്ല ഒരു കലാകാരൻ ചെയ്യേണ്ടത്. ഓരോരുത്തരും എപ്പോഴും പുതിയ പരീക്ഷണങ്ങളിലൂടെ കടന്നുപോകണം. എന്റെ ഈ യാത്രയിൽ പുതിയ കാര്യങ്ങൾ തേടാനും അതിനുവേണ്ടി സമയം കണ്ടെത്താനും തന്നെയാണ് ഞാൻ ഇപ്പോഴും ശ്രമിക്കുന്നത്. ഇനി അടുത്തത് എന്താണ് എന്നുള്ളതല്ല പ്രധാനം, നമുക്ക് എന്തും ചെയ്യാൻ കഴിയുന്ന ഒരു ഘട്ടത്തിലേക്ക് നമ്മളെത്തുക എന്നതാണ്.

**വരാനിരിക്കുന്ന പുതിയ പ്രോജക്ടുകളെക്കുറിച്ച് പറയാമോ? പുതിയ സിനിമകളിൽ നിന്ന് എന്തൊക്കെ പരീക്ഷണങ്ങളാണ് പ്രേക്ഷകർക്ക് പ്രതീക്ഷിക്കാവുന്നത്?**

അരവിന്ദ് സ്വാമിയുടെ പുതിയ സിനിമയാണ് അടുത്തതായി ചെയ്യാൻ പോകുന്നത്. അതിനകത്ത് പ്രായോഗികമായി ചില പുതിയ കാര്യങ്ങൾ ചെയ്യാനുണ്ട്. തികച്ചും പുതിയൊരു ശൈലിയിലായിരിക്കും അത്. മറ്റൊരു പുതിയ സംവിധായകന്റെ സിനിമയുണ്ട്, അതിലും വ്യത്യസ്തമായി എന്തെങ്കിലുമൊക്കെ ചെയ്യണമെന്ന് സംവിധായകൻ എന്നോട് പ്രത്യേകം പറഞ്ഞിട്ടുണ്ട്.

ഇപ്പോൾ റിലീസ് ചെയ്ത ചിത്രങ്ങളായാലും, ഇനി ഇറങ്ങാൻ പോകുന്ന 'നാഗബന്ധം' പോലുള്ള സിനിമകളായാലും അവയൊക്കെ വളരെ സ്പെഷ്യലൈസ്ഡ് ആയ സിനിമകളാണ്. നമ്മൾ സാധാരണ കണ്ടുവരുന്നതോ, കേട്ടുപോന്നതോ ആയ രീതിയിലുള്ള മേക്കപ്പ് വർക്കുകളല്ല അതിലൊന്നും ഉള്ളത്. വളരെ പ്രത്യേകതകളുള്ള സിനിമകളാണവ.

**ഇത്തരം വലിയ പരീക്ഷണങ്ങൾക്കും സ്പെഷ്യലൈസ്ഡ് വർക്കുകൾക്കും പിന്നിലെ യഥാർത്ഥ പ്രേരകശക്തി എന്താണ്? ഇതിന് വലിയ അത്ഭുത വിദ്യകൾ ആവശ്യമുണ്ടോ?**

ഇതിൽ മഹാത്ഭുതങ്ങൾ ഒന്നുമില്ല. നമുക്ക് കൃത്യമായൊരു പ്ലാറ്റ്ഫോം കിട്ടണം, അതാണ് പ്രധാനം. അനുയോജ്യമായ ഒരു അവസരം ലഭിച്ചാൽ, മറ്റ് പ്രയാസങ്ങളും ബുദ്ധിമുട്ടുകളും എല്ലാം മാറ്റിവെച്ചുകൊണ്ട് നമ്മൾ അതിനുവേണ്ടി പരമാവധി സമയം കണ്ടെത്തണം. അങ്ങനെ ആ അവസരത്തെ പൂർണ്ണമായി വിനിയോഗിക്കുമ്പോഴാണ് മികച്ച സൃഷ്ടികൾ ഉണ്ടാകുന്നത്.

**കൊച്ചിയിലെ ഒരു ചെറിയ ഗ്രാമത്തിൽ നിന്നാണ് ഇന്ത്യൻ സിനിമയിൽ തന്നെ ഏറ്റവും ശ്രദ്ധേയനായ മേക്കപ്പ് ആർട്ടിസ്റ്റായി വളർന്നത്. താങ്കളുടെ കുടുംബ പശ്ചാത്തലത്തെക്കുറിച്ചും ഇതിലേക്ക് വഴിതുറന്ന സാഹച**

ര്യങ്ങളെക്കുറിച്ചും പറയാമോ?**

ജനിച്ചതൊക്കെ കൊച്ചിയിലാണെങ്കിലും എന്റെ ജീവിതത്തിന്റെ ഏറെ ഭാഗവും കഴിഞ്ഞത് ഏലൂരാണ്. വാപ്പ ഹുസൈന് ഏലൂർ ഉദ്യോഗമണ്ഡലിലായിരുന്നു ജോലി. അടിസ്ഥാനപരമായി വാപ്പ കൊച്ചിയിലെ അറിയപ്പെടുന്ന ഒരു വലിയ കലാകാരനായിരുന്നു. കൊച്ചിയിലെ ആദ്യ മ്യൂസിക് ക്ലബ്ബായ 'ആസാദ് മ്യൂസിക് ക്ലബ്ബ്' തുടങ്ങിയത് വാപ്പയാണ്. അദ്ദേഹം ഗാനഗന്ധർവ്വൻ കെ.ജെ. യേശുദാസിന്റെ ഓർക്കസ്ട്രയിൽ 26 വർഷത്തോളം പ്രവർത്തിച്ചിട്ടുണ്ട്. ആ സ്നേഹബന്ധം ഇന്നുമുണ്ട്; എന്റെ അക്കാദമി തിരി കൊളുത്തി ഉദ്ഘാടനം ചെയ്തത് ദാസേട്ടനാണ്. ഇപ്പോൾ അമേരിക്കയിൽ വന്നപ്പോഴും ഞാൻ ദാസേട്ടനെ വിളിച്ച് വിശേഷങ്ങൾ പങ്കുവെച്ചിരുന്നു.

എന്റെ ഉമ്മ ജമീല ഹുസൈൻ മരിച്ചിട്ട് ഇപ്പോൾ ഒരു വർഷമാകാൻ പോകുന്നു. വാപ്പയുടെയും ഉമ്മയുടെയും ആ കലാപരമായ കാഴ്ചപ്പാടുകളും കഴിവുകളുമാണ് മക്കളായ ഞങ്ങൾക്ക് കിട്ടിയ വരദാനം. ഞങ്ങൾ സ്വന്തമായി ഒന്നും ഉണ്ടാക്കിയിട്ടില്ല, സമ്പാദിച്ചിട്ടുമില്ല. കലാരംഗത്ത് അവർ തന്നുപോയ കാര്യങ്ങൾ മാത്രമാണ് ഞങ്ങളുടെ കൈമുതൽ. കുടുംബം മുഴുവൻ കലയോട് ചേർന്ന് ജീവിച്ചതുകൊണ്ടാണ് എനിക്ക് ഈ രംഗത്തേക്ക് വരാനുള്ള വാതിൽ തുറന്നുകിട്ടിയത്.

എന്റെ ഭാര്യ നജ്മ റഷീദ് കൊച്ചിക്കാരിയാണ്. തലശ്ശേരിയാണ് തറവാടെങ്കിലും വളർന്നത് കൊച്ചിയിലാണ്. വിവാഹത്തിന് മുൻപ് അവർക്ക് കലയുമായി വലിയ ബന്ധമൊന്നുമില്ലായിരുന്നു. പക്ഷേ എന്നോടൊപ്പം ജീവിച്ചു തുടങ്ങിയപ്പോൾ അവരിലേക്കും കലയോടുള്ള താല്പര്യം കടന്നുവന്നു.



പട്ടണം റഷീദ് സലിംകുമാറിന് മേക്ക് അപ്പ് ചെയ്യുന്നു



ആദാമിൻറെ മകൻ അബുവായി സലിംകുമാർ

**വാപ്പ കൊച്ചിയിലെ അറിയപ്പെടുന്ന ഒരു വലിയ കലാകാരനായിരുന്നു. കൊച്ചിയിലെ ആദ്യ മ്യൂസിക് ക്ലബ്ബായ 'ആസാദ് മ്യൂസിക് ക്ലബ്ബ്' തുടങ്ങിയത് വാപ്പയാണ്. അദ്ദേഹം ഗാനഗന്ധർവ്വൻ കെ. ജെ. യേശുദാസിന്റെ ഓർക്കസ്ട്രയിൽ 26 വർഷത്തോളം പ്രവർത്തിച്ചിട്ടുണ്ട്. ആ സ്നേഹബന്ധം ഇന്നുമുണ്ട്; എന്റെ അക്കാദമി തിരി കൊളുത്തി ഉദ്ഘാടനം ചെയ്തത് ദാസേട്ടനാണ്**

**? താങ്കളുടെ മക്കളും ഈ കലാപാരമ്പര്യം പിന്തുടരുന്നുണ്ടോ? അവരൊക്കെ ഇപ്പോൾ എന്ത് ചെയ്യുന്നു?**

തീർച്ചയായും, വാപ്പയുടെ ആ കല തന്നെയാണ് എനിക്കും എന്റെ മക്കൾക്കും കിട്ടിയിരിക്കുന്നത്. എനിക്ക് മൂന്ന് മക്കളാണ്; മൂത്തയാൾ ആൺകുട്ടി, രണ്ടാമത് പെൺകുട്ടി, ഏറ്റവും ഇളയത് ആൺകുട്ടി.മൂത്ത മകൻ അൽത്താഫ് ഹുസൈൻ സിനിമാട്ടോഗ്രാഫി പഠിച്ച ആളാണ്. പൂനെ ഫിലിം ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്ന് ഗോൾഡ് മെഡലോടെയാണ് അവൻ പുറത്തിറങ്ങിയത്. നവോദയ ജിജോ സാറിന്റെ കൂടെ 'ബറോസ്' എന്ന ചിത്രത്തിൽ അസിസ്റ്റ് ചെയ്തിരുന്നു. കൂടാതെ പല സിനിമകളിലും വർക്ക് ചെയ്തിട്ടുണ്ട്. ഇപ്പോൾ അവൻ പൂനെയിൽ ഒപ്പം പഠിച്ച സുഹൃത്തുക്കളുമായി ചേർന്ന് സ്വന്തമായി ഒരു പ്രൊഡക്ഷൻ കമ്പനി നടത്തുന്നുണ്ട്. പരസ്യങ്ങളും ഡോക്യുമെന്ററിക

ളുമൊക്കെ ചെയ്യുന്നു. ഓൺ-ഡിമാൻഡ് വർക്കുകളുമായി മറ്റൊരു പ്രൊഡക്ഷൻ കമ്പനിയും അവൻ തുടങ്ങിയിട്ടുണ്ട്. ഇതൊന്നും എന്റെ ലേബലിൽ അല്ല, മോന്റെ സ്വന്തം അധ്വാനത്തിലാണ്. വാപ്പ മരിച്ചതിന്റെ പിറ്റേദിവസമാണ് ഭാര്യ അവനെ പ്രസവിച്ചത്. അതുകൊണ്ടാണ് 'ഹുസൈൻ' എന്നുള്ള വാപ്പയുടെ പേര് അവനിട്ടത്.

മകൾ അൽഫിയ റഷീദ് ഐടി ഉദ്യോഗസ്ഥയായിരുന്നു. കൊച്ചിയിലെ അറിയപ്പെടുന്ന പോർട്ട് ജീവനക്കാരനും കലാകാരനുമായിരുന്ന ഇസ്ക്രാമിയുടെ മകൻ സാഫ്ത്തർ ആണ് മകളുടെ ഭർത്താവ്. മോളും മരുമകനും ഒരേ ഐടി കമ്പനിയിലായിരുന്നു ജോലി ചെയ്തിരുന്നത്. മോൾക്ക് ഇപ്പോൾ രണ്ട് മക്കളുണ്ട്, മൂന്നാമത് ഗർഭിണിയാണ്. എനിക്ക് എന്റെ ഓഫീസ് കാര്യങ്ങളും മേക്കപ്പ് അക്കാദമിയും മറ്റ് സ്ഥാപനങ്ങളുമൊക്കെ നോക്കാൻ സമയം കിട്ടാറില്ല. അതുകൊണ്ട് മോൾ ഐടി ജോലി റിസൈൻ ചെയ്ത് ഇപ്പോൾ എന്റെ ഓഫീസ് സംബന്ധമായ എല്ലാ കാര്യങ്ങളും കൈകാര്യം ചെയ്യുന്നു. അവളുള്ളത് കൊണ്ടാണ് നമുക്ക് ദൂരയാത്രകളിലൊന്നും ഒരു ടെൻഷനുമില്ലാതെ പോകാൻ പറ്റുന്നത്.

ഇളയ മകൻ അൽറിംഷിദ് കാനഡയിലാണ്. അവൻ അവിടെ ഗ്രാജുവേഷൻ കഴിഞ്ഞ് ഈ വരുന്ന 23-ാം തീയതി സർട്ടിഫിക്കറ്റ് വാങ്ങുകയാണ്. ആ ചടങ്ങിൽ പങ്കെടുക്കാൻ വേണ്ടിയാണ് ഞങ്ങൾ ഇപ്പോൾ കാനഡയിൽ വന്നിരിക്കുന്നത്. അവൻ പഠിത്തം കഴിഞ്ഞ് രണ്ട് വർഷം കൂടി അവിടെ തുടരും, അതിനുശേഷമുള്ള കാര്യങ്ങൾ പിന്നീട് സ്വയം തീരുമാനിക്കട്ടെ.

**? കുട്ടിക്കാലത്ത് മറ്റുള്ളവർ മേക്കപ്പ് ചെയ്യുന്നത് കണ്ടിട്ടാണോ ഈ രംഗത്തേക്ക് തിരിഞ്ഞത്? സിനിമയിൽ ആദ്യമായി ആരുടെ മുഖത്താണ് ചായം തേച്ചത്?**

അല്ല, ഞാൻ മേക്കപ്പിലല്ല കല തുടങ്ങുന്നത്. ഞങ്ങൾ ആദ്യം സംഗീതവും കൊട്ടും നാടകവുമൊക്കെയാണ് പഠിച്ചുതുടങ്ങിയത്. അതിലൂടെ വാപ്പയുടെ സുഹൃത്തുക്കളായ വലിയ കലാകാരന്മാരുമായി ബന്ധപ്പെടാൻ പറ്റി. അതിൽ എടുത്തുപറയാവുന്ന ഒരാളാണ് ഏലൂർ സുഖ്ദേവ് എന്ന മേക്കപ്പ് ആർട്ടിസ്റ്റ്.

**ഞാൻ മേക്കപ്പിലല്ല കല തുടങ്ങുന്നത്. ഞങ്ങൾ ആദ്യം സംഗീതവും കൊട്ടും നാടകവുമൊക്കെയാണ് പഠിച്ചുതുടങ്ങിയത്. അതിലൂടെ വാപ്പയുടെ സുഹൃത്തുക്കളായ വലിയ കലാകാരന്മാരുമായി ബന്ധപ്പെടാൻ പറ്റി. അതിൽ എടുത്തുപറയാവുന്ന ഒരാളാണ് ഏലൂർ സുഖ്ദേവ് എന്ന മേക്കപ്പ് ആർട്ടിസ്റ്റ്. സ്കൂളിൽ പഠിക്കുന്ന കാലത്താണ് ഞാൻ ആദ്യമായി ഒരാളെ മേക്കപ്പ് ചെയ്യുന്നത്. ചെറിയ ചെറിയ കലാപരിപാടികളും അമച്വർ നാടകങ്ങളും സജീവമായിരുന്നു. ആ പ്രവർത്തനങ്ങളിലൂടെയാണ് ഞാൻ മേക്കപ്പിലേക്ക് കൂടുതൽ അടുത്തത്. സിനിമയിൽ ആദ്യമായി ഞാൻ ചായം തേച്ചത് നടൻ സത്താറിന്റെ മുഖത്തായിരുന്നു.**

സ്കൂളിൽ പഠിക്കുന്ന കാലത്താണ് ഞാൻ ആദ്യമായി ഒരാളെ മേക്കപ്പ് ചെയ്യുന്നത്. ചെറിയ ചെറിയ കലാപരിപാടികളും അമച്വർ നാടകങ്ങളും സജീവമായിരുന്നു. ആ പ്രവർത്തനങ്ങളിലൂടെയാണ് ഞാൻ മേക്കപ്പിലേക്ക് കൂടുതൽ അടുത്തത്. സിനിമയിൽ ആദ്യമായി ഞാൻ ചായം തേച്ചത് നടൻ സത്താറിന്റെ മുഖത്തായിരുന്നു.

**? ഈ യാത്രയിൽ ഏറ്റവും കൂടുതൽ കടപ്പെട്ടിരിക്കുന്ന, അല്ലെങ്കിൽ ഗുരുക്കന്മാരായി കാണുന്ന വ്യക്തികൾ ആരൊക്കെയാണ്?**

എന്റെ സഹോദരനും പ്രശസ്ത മേക്കപ്പ് ആർട്ടിസ്റ്റുമായ പട്ടണം ഷാ തന്നെയാണ് എന്റെ പ്രധാന ഗുരുനാഥൻ. നേരത്തെ ഞാൻ പറഞ്ഞതുപോലെ നടൻ നരേന്ദ്രപ്രസാദ് സാർ എന്റെ വലിയൊരു വഴികാട്ടിയായിരുന്നു. കൂടാതെ ജയമോഹൻ എന്ന മേക്കപ്പ് ആർട്ടിസ്റ്റ്, പി.വി. ശങ്കർ, പി.എൻ. മണി... അങ്ങനെ കുറച്ചുപേരുണ്ട്.

**? സിനിമയിൽ സ്വതന്ത്രമായി സജീവമാകുന്നത് എപ്പോഴാണ്? ആദ്യമായി റിലീസ് ചെയ്ത സിനിമ ഏതായിരുന്നു?**

'നോക്കെത്താദൂരത്ത് കണ്ണുംനട്ട്' എന്ന സിനിമയിൽ ഞാൻ അസിസ്റ്റന്റായി വർക്ക് ചെയ്യുമ്പോഴാണ് നവോദയയിൽ നിന്ന് എന്റെ ആദ്യ സ്വതന്ത്ര സിനിമയായ 'ഒന്നു മുതൽ പൂജ്യം വരെ'യിലേക്ക് ക്ഷണിച്ചുകൊണ്ട് ടെലിഗ്രാം വരുന്നത്. അതിനൊപ്പം തന്നെ കൊച്ചിൻ ഹനീഫ സംവിധാനം ചെയ്ത 'മൂന്ന് മാസങ്ങൾക്ക് മുൻപ്' എന്ന സിനിമയിലേക്കും അവസരം ലഭിച്ചു. വെറും ഒരു മാസം കൊണ്ട് ചെയ്ത പടമാണത്. കൗതുകകരമായ കാര്യം എന്താണെന്ന് വെച്ചാൽ, എന്റെ ഈ രണ്ട് സിനിമകളും ഒരേ ദിവസം, രണ്ട് തിയേറ്ററുകളിലാണ് റിലീസ് ചെയ്തത്! സിനിമയുടെ തുടക്കത്തിൽ തന്നെ അങ്ങനെയൊരു അപൂർവ്വ ഭാഗ്യം എനിക്കുണ്ടായി.

**? മലയാള സിനിമയിൽ താങ്കൾക്ക് വലിയൊരു ബ്രേക്ക് നൽകിയതും മമ്മൂട്ടിക്ക് ദേശീയ പുരസ്കാരം നേടിക്കൊടുത്തതുമായ ചിത്രമാണല്ലോ ടി.വി. ചന്ദ്രൻ സംവിധാനം ചെയ്ത 'പൊന്തൻമാട'. അത്രയും സുന്ദരനായ ഒരു നടനെ 'മാട' എന്ന ആ അടിയാള കഥാപാത്രത്തിന്റെ വേഷത്തിലേക്ക് മാറ്റിയപ്പോൾ, മേക്കപ്പ് കഴിഞ്ഞ് അദ്ദേഹം കണ്ണാടിയിൽ നോക്കിയ ആ നിമിഷം ഓർക്കുന്നുണ്ടോ?**

'പൊന്തൻമാട' ചെയ്യുന്ന കാല

ഘട്ടത്തിൽ ഇന്നത്തെപ്പോലെ മേക്കപ്പ് സാങ്കേതികവിദ്യയൊന്നും അത്ര ഡെവലപ്പ് ആയിട്ടില്ല. ഈ സിനിമ ചെയ്യാൻ എന്നെ ഏൽപ്പിക്കുമ്പോൾ ഞാൻ സംവിധായകനോട് ആദ്യം പറഞ്ഞത്, 'എന്നെക്കാൾ ബെറ്ററായ ആളുകൾ ബോംബെയിലുണ്ട്, അവരെക്കൊണ്ട് ചെയ്യിക്കൂ' എന്നാണ്. കാരണം മമ്മൂക്കയുടെ മുഖം ഇന്ന് കാണുന്നതിനേക്കാൾ സൗന്ദര്യമുള്ള ചെറുപ്പകാലമാണ്. അത്രയും ഗ്ലാമറുള്ള ഒരു മെഗാസ്റ്റാർ ഇത്രയും വലിയൊരു പരീക്ഷണത്തിന് ഇരുന്നുതരിക എന്നത് ചെറിയ കാര്യമല്ല.

ഏകദേശം രണ്ട് മണിക്കൂറോളം വലിയൊരു സാഹസികത പോലെയായിരുന്നു ആ മേക്കപ്പ്. ഒരു കളർ മാറ്റും, വേറെ കളർ എടുക്കും... അങ്ങനെ പലതും ഞാൻ ചെയ്തുനോക്കി. പക്ഷേ ആ രണ്ട് മണിക്കൂറും അത്രയും ക്ഷമയോടെ ഒരക്ഷരം മിണ്ടാതെ മമ്മൂക്ക ഇരുന്നുതന്നു. മേക്കപ്പ് ഒക്കെ കഴിഞ്ഞ് അദ്ദേഹം കണ്ണാടിയിൽ നോക്കിയിട്ട് അത്ഭുതത്തോടെ എന്നോട് ചോദിച്ചു: 'നീ ഇതൊക്കെ എവിടെ നിന്നാണ് പഠിച്ചത്?' എന്ന്. 'മമ്മൂക്കയുടെ മുഖത്തുനിന്നാണ് ഇത് പഠിക്കുന്നത്' എന്ന മറുപടി കേട്ട് അദ്ദേഹം ചിരിച്ചു. പല മേക്കപ്പ് സാധനങ്ങളും അദ്ദേഹം എനിക്ക് വാങ്ങിത്തന്നിട്ടുണ്ട്. ഞാൻ എത്ര സിനിമകൾ ചെയ്താലും ആളുകൾ ഇപ്പോഴും കാണുന്നതും എന്നെ അറിയുന്നതും ആ ഒരു 'കൾട്ട്' കഥാപാത്രത്തിന്റെ ചമയത്തിലൂടെയാണ്. വലിയൊരു ആത്മബന്ധം മമ്മൂക്കയുമായുണ്ട്.

**? താങ്കളുടെ മേക്കപ്പിനെ പലരും 'മിഡാസ് ടച്ച്' (Midas Touch) എന്നാണ് വിശേഷിപ്പിക്കാറുള്ളത്. പട്ടണം റഷീദ് മേക്കപ്പ് ചെയ്താൽ ആ അഭിനേതാവിന് അവാർഡ് കിട്ടും എന്നൊരു ഖ്യാതി പോലുമുണ്ട്. ഇതിനെ എങ്ങനെ നോക്കിക്കാണുന്നു?**

ഞാൻ മേക്കപ്പ് ചെയ്ത ചിത്രങ്ങളിലൂടെ മമ്മൂട്ടി, മോഹൻലാൽ,



പട്ടണം റഷീദ് അരവിന്ദ് സ്വാമിക്ക് അപ്പ് ചെയ്യുന്നു

സലീംകുമാർ, സൂരജ് വെഞ്ഞാറമ്മൂട്, പ്രകാശ് രാജ്, മീരാ ജാസ്മിൻ ഉൾപ്പെടെയുള്ള നടന്മാർ സംസ്ഥാനതലത്തിലും ദേശീയതലത്തിലും അംഗീകരിക്കപ്പെട്ടു എന്നത് വലിയ സന്തോഷമുള്ള കാര്യമാണ്. പക്ഷേ, അത് എന്റെ മാത്രം കഴിവുകൊണ്ട് കിട്ടിയതാണെന്ന് ഞാൻ ഒട്ടും അവകാശപ്പെടില്ല. അത് അവർ അഭിനയിച്ച ആ ഒരു ഭാഗ്യനിമിഷമാണ്; ദൈവം അവർക്കായി തുറന്നുകൊടുത്ത



തലൈവിയിൽ എം ജി ആറായി അരവിന്ദ് സ്വാമി

ഒരു വാതിലാണത്. നമ്മൾ അവരിലേക്ക് അവാർഡ് എത്തിക്കുകയല്ല ചെയ്യുന്നത്. ഒരു കഥാപാത്രത്തിന്റെ പൂർണ്ണതയ്ക്ക് വേണ്ടി നമ്മൾ നമ്മുടെ ഭാഗത്തുനിന്ന് അക്ഷീണമായ കഠിനശ്രമം നടത്തിയിട്ടുണ്ടാകും. ആ പരിശ്രമത്തിന്റെ ഫലം കൂടിയാണത്.

**? 'ആദാമിന്റെ മകൻ അബു' എന്ന ചിത്രത്തിലേക്ക് സലീം കുമാറിനെ കാസ്റ്റ് ചെയ്യുന്ന സമയത്ത്, 'എന്റെ ഡേറ്റ് അല്ല, ആദ്യം പട്ടണം റഷീദിന്റെ ഡേറ്റ് വാങ്ങൂ' എന്ന് സലീംകുമാർ പറഞ്ഞതായി കേട്ടിട്ടുണ്ട്. മേക്കപ്പ് ആർട്ടിസ്റ്റ് എന്ന നിലയിൽ അത് വലിയൊരു അംഗീകാരമല്ലേ?**

അതെ. സലീംകുമാറും സംവിധായകനും എന്റെ വീട്ടിൽ വന്ന് കഥ പറഞ്ഞപ്പോൾ എനിക്ക് വലിയ താല്പര്യം തോന്നി. മുൻപ് ലാൽ ജോസിന്റെ 'അച്ഛനുറങ്ങാത്ത വീട്ടിൽ' സലീംകുമാർ അഭിനയിച്ചപ്പോൾ ഞാനായിരുന്നു ഫസ്റ്റ് ലുക്ക് ചെയ്തത്. അതിന്റെ മേക്കപ്പ് ചെയ്തത് എന്റെ സഹോദരൻ പട്ടണം ഷാ ആയിരുന്നു.

നമ്മൾ ഒരു നടന്റെ മുഖത്ത് കൈ വെക്കുമ്പോൾഅയാൾ

കനേഡിയൻ സംവിധായകന്റെ 'ഇന്നസെൻസ്', 'പോസ്റ്റ്കാർഡ്' തുടങ്ങിയ നിരവധി ചിത്രങ്ങളിൽ അസിസ്റ്റന്റ് മേക്കപ്പ് ആർട്ടിസ്റ്റായി ഞാൻ സഹകരിച്ചിട്ടുണ്ട്.

ആ സിനിമകളിൽ പ്രവർത്തിച്ചതുകൊണ്ട് എന്റെ ജീവിതത്തിലുണ്ടായ ഏറ്റവും വലിയ മാറ്റം 'മേക്കപ്പിലെ അച്ചടക്കം' (Discipline) എന്താണെന്ന് പഠിക്കാൻ കഴിഞ്ഞു എന്നതാണ്. ഒരു കഥാപാത്രത്തിന്റെ തുടർച്ച (Continuity) എങ്ങനെ കൃത്യമായി നിലനിർത്തണം, കൃത്യനിഷ്ഠ, സമയപാലനം, പ്രൊഫഷണലിസം, ആളുകളോട് പെരുമാറുന്ന രീതി,



**പട്ടണം റഷീദ് തലൈവാസൽ വിജയ്ക്ക് മേക്ക് അപ്പ് ചെയ്യുന്നു**

ചെറിയ ആളോ വലിയ ആളോ പുതിയ ആളോ ആയിക്കോട്ടെനമ്മൾ ഹൃദയത്തിൽ നിന്നാണ് അയാളുടെ മുഖത്തേക്ക് നമ്മുടെ ബോധതലം വഴി സ്പർശിക്കുന്നത്. മനുഷ്യന്റെ 'മൂന്നാം കണ്ണ്' അഥവാ തൃക്കണ്ണ് ഇരിക്കുന്ന ആ നെറ്റിത്തടത്തിലേക്ക് നമ്മൾ പൊട്ടുതൊടുവിക്കുമ്പോഴോ അല്ലെങ്കിൽ മേക്കപ്പ് ചെയ്യുമ്പോഴോ ഒരു പ്രത്യേക വൈബ്രേഷൻ (തരംഗം) അനുഭവപ്പെടും. അത് ആ നടനും മേക്കപ്പ് ആർട്ടിസ്റ്റിനും ഇടയിൽ മാത്രം നടക്കുന്ന ഒരു ആത്മീയ പ്രക്രിയയാണ്. ആ വൈബ്രേഷൻ വഴി ഈ നടന്റെ മൈലേജ് എന്തായിരിക്കുമെന്നും, അയാൾ ഈ കഥാപാത്രത്തിലൂടെ എവിടെ ചെന്നുനിൽക്കുമെന്നും നമുക്ക് മനസ്സിലാക്കാൻ പറ്റും. ഇത് കേൾക്കുമ്പോൾ ഒരുപക്ഷേ പ്രവചനം പോലെ തോന്നാം. 'ആദാമിന്റെ മകൻ അബു'വിന് വേണ്ടി ആദ്യമായി ഞാൻ സലീമിന്റെ നെറ്റിയിൽ കൈവെച്ചപ്പോൾ തന്നെ ആ വേഷത്തിന് നാഷണൽ അവാർഡ് (ദേശീയ പുരസ്കാരം) ലഭിക്കുമെന്ന് എനിക്ക് തോന്നിയിരുന്നു. മീര ജാസ്മിന് 'പാഠം ഒന്ന് ഒരു വിലാപത്തിന്' മേക്കപ്പ് ചെയ്തപ്പോഴും ഇത്തരത്തിൽ ഞാൻ പ്രവചിച്ചിരുന്നു.

**? ഹോളിവുഡ് സിനിമകളിലും അന്താരാഷ്ട്ര പ്രോജക്ടുകളിലും സഹകരിച്ചിട്ടുണ്ടല്ലോ. ഹോളിവുഡ് പ്രവർത്തകരുമായി ഒന്നിച്ച് പ്രവർത്തിച്ചപ്പോഴുള്ള അനുഭവങ്ങൾ എങ്ങനെയുള്ളതായിരുന്നു?**

ഹോളിവുഡിൽ ഞാൻ ആദ്യം ചെയ്യുന്നത് ഇസ്മായിൽ മർച്ചന്റിന്റെ സിനിമയാണ്. പിന്നീട് 'ഡാം 999', രാജീവ് അഞ്ചലിന്റെ 'ഗുരു'വിലും ഹോളിവുഡ് ബന്ധമുണ്ടായിരുന്നു.

**'നോക്കെത്താദൂരത്ത് കണ്ണുംനട്ട്' എന്ന സിനിമയിൽ ഞാൻ അസിസ്റ്റന്റായി വർക്ക് ചെയ്യുമ്പോഴാണ് നവോദയയിൽ നിന്ന് എന്റെ ആദ്യ സ്വതന്ത്ര സിനിമയായ 'ഒന്നു മുതൽ പൂജ്യം വരെ'യിലേക്ക് ക്ഷണിച്ചുകൊണ്ട് ടെലിഗ്രാം വരുന്നത്. അതിനൊപ്പം തന്നെ കൊച്ചിൻ ഹനീഫ സംവിധാനം ചെയ്ത 'മൂന്ന് മാസങ്ങൾക്ക് മുൻപ്' എന്ന സിനിമയിലേക്കും അവസരം ലഭിച്ചു.**



**യുഗപുരുഷനായി തലൈവാസൽ വിജയ്**

മേക്കപ്പ് സാമഗ്രികൾ സൂക്ഷിക്കുന്ന വിധം... അങ്ങനെയുള്ള നിരവധി കാര്യങ്ങൾ ഹോളിവുഡ് സിനിമകളിൽ നിന്ന് ഞാൻ കണ്ടറിഞ്ഞ് പഠിച്ചതാണ്. വലിയ അച്ചടക്കമാണ് അവിടെയുള്ളത്.

**❓ ഇന്ത്യൻ സിനിമയിലെ തന്നെ വിസ്മയമായ കമൽഹാസനെപ്പോലെയുള്ള പ്രഗത്ഭരെ മേക്കപ്പ് ചെയ്തതിനെക്കുറിച്ച്?**

കമൽഹാസനെ ഞാൻ പരിചയപ്പെടുന്നത് 'ചാണക്യൻ' എന്ന സിനിമയിലൂടെയാണ്. ആ സിനിമ തീരുന്നതുവരെ ഞാനായിരുന്നു അദ്ദേഹത്തോടൊപ്പം പ്രവർത്തിച്ചത്. ആ പരിചയത്തിന് ശേഷം അദ്ദേഹം എന്നെ നിർബന്ധിച്ച് അദ്ദേഹത്തിന്റെ സ്വപ്ന പ്രോജക്റ്റായ 'മരുതനായകം' സിനിമയ്ക്കായി കൊണ്ടുപോയി. പിന്നീട് നിരവധി സിനിമകൾ അദ്ദേഹത്തോടൊപ്പം ചെയ്യാൻ കഴിഞ്ഞു. അടുത്തിടെ ഇറങ്ങിയ 'ഇന്ത്യൻ 2' എന്ന സിനിമയിലൊക്കെ പ്രോസ്തെറ്റിക് മേക്കപ്പിന്റെ (Prosthetics) പുതിയ മുഖങ്ങൾ കാണാൻ കഴിഞ്ഞത് ഹോളിവുഡുമായുള്ള ആ ബന്ധം കൊണ്ടുകൂടിയാണ്.

പക്ഷേ, ഇതൊന്നും ഞാൻ അറിഞ്ഞുകൊണ്ട് ചെയ്തതല്ല, ദൈവം തന്ന അനുഗ്രഹങ്ങൾ മാത്രമാണ്. നിരന്തരമായ അധ്വാനം മാത്രമാണ് എന്നെ ഇന്നത്തെ 'ഞാൻ' ആക്കി മാറ്റിയത്.

**❓ ഓസ്കാർ പോലുള്ള വലിയ പുരസ്കാരങ്ങളെ എങ്ങനെയാണ് നോക്കിക്കാണുന്നത്?**

ഓസ്കാർ അവാർഡ് ഒരു മനുഷ്യൻ തന്നെയല്ലേ വാങ്ങുന്നത്? അത് ലോകത്തുള്ള ഏത് മനുഷ്യനും നേടിയെടുക്കാൻ പറ്റുന്ന ഒന്നാണ്. പക്ഷേ, അത് നേടുന്നയാൾക്ക് ആ കലയോട് വലിയൊരു?വിശ്വാസവും പ്രതിബദ്ധതയുമുണ്ടാകും. ആ പ്രതിബദ്ധത മറ്റുള്ളവർക്ക് കൈവരിക്കാൻ കഴിഞ്ഞാൽ അവരും ആ നിലവാരത്തിലേക്ക് എത്തും.



**പട്ടണം റഷീദ് കുടുംബവുമൊത്ത്**

**❓ താങ്കളുടെ നിരവധി ശിഷ്യന്മാർ ഇന്ന് ചലച്ചിത്ര രംഗത്തുണ്ട്. 'ആടുജീവിതം' പോലുള്ള സിനിമകൾ ചെയ്ത് അന്താരാഷ്ട്ര ശ്രദ്ധ നേടിയ രഞ്ജിത് അമ്പാടിയെപ്പോലെയുള്ളവർ ശിഷ്യന്മാരാണല്ലോ. ഗുരു എന്ന നിലയിൽ അവരുടെ വളർച്ച കാണുമ്പോൾ എന്താണ് തോന്നുന്നത്? അവർക്ക് എന്തെങ്കിലും ഉപദേശങ്ങൾ നൽകാറുണ്ടോ?**

ഞാൻ എന്റെ ശിഷ്യന്മാരോട് എപ്പോഴും പറയുന്നത് ഒന്നുമാത്രമാണ്: 'നിങ്ങൾ എന്റെ വ്യക്തിപരമായ ജീവിതമല്ല പഠിക്കേണ്ടത്, എന്റെ ജോലിയാണ്. ഞാൻ എന്റെ ജോലിയെ നോക്കിക്കാണുന്ന ഒരു രീതിയുണ്ട്, ആ വിലയും അർപ്പണബോധവുമാണ് നിങ്ങൾ പഠിക്കേണ്ടത്. എന്റെ സ്വഭാവം നിങ്ങൾ പഠിക്കാൻ നിൽക്കേണ്ട.'

എന്റെ ശിഷ്യന്മാരിൽ എനിക്ക് ഏറ്റവും വിശ്വാസവും പ്രിയങ്കരനുമായിരുന്ന ഒരു ശിഷ്യൻ ഉണ്ടായിരുന്നു അജി ശ്രീകാര്യം. നിർഭാഗ്യവശാൽ അവൻ വളരെ ചെറുപ്പത്തിൽ അസുഖബാധിതനായി മരിച്ചുപോയി. അവനെപ്പോലെ നല്ലൊരു ശിഷ്യൻ അതിനുമുൻപോ ശേഷമോ ഉണ്ടായി

ട്ടില്ല. ഇപ്പോൾ വരുന്ന പുതിയ തലമുറയിലെ പല ശിഷ്യന്മാരും വ്യക്തിപരമായ കാര്യങ്ങളിൽ ചിലപ്പോൾ ഒരു മര്യാദ കാണിച്ചെന്ന് വരാം, പക്ഷേ പഴയ ആ ആത്മബന്ധം പലപ്പോഴും ഉണ്ടാകാറില്ല.

**? നിരവധി പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ടെങ്കിലും, പ്രേക്ഷകർ വേണ്ടത്ര തിരിച്ചറിയാതെ പോയതോ, അല്ലെങ്കിൽ അർഹമായ അംഗീകാരം നഷ്ടപ്പെട്ടു പോയതോ ആയ ഏതെങ്കിലും ഒരു സിനിമയുണ്ടോ?**

2006 വരെ ഇന്ത്യയിൽ മേക്കപ്പിനും കോസ്റ്റ്യൂമിനും ഒന്നിച്ചാണ് നാഷണൽ അവാർഡ് നൽകിയിരുന്നത്. മേക്കപ്പിനായി പ്രത്യേകം ഏർപ്പെടുത്തിയ ദേശീയ പുരസ്കാരത്തിന്റെ ആദ്യ ജേതാവായതിൽ വലിയ അഭിമാനമുണ്ട്. 'പരദേശി' എന്ന ചിത്രത്തിലൂടെ 2007-ലാണ് അത് ലഭിച്ചത്. 'കാവ്യതലൈവൻ' എന്ന സിനിമയ്ക്ക് തമിഴ്നാട് സംസ്ഥാന ചലച്ചിത്ര അവാർഡ് നേടി. ഒട്ടനവധി അംഗീകാരങ്ങൾ കിട്ടിയിട്ടുണ്ടെങ്കിലും, കിട്ടാതെ പോയ ഒരു പുരസ്കാരത്തിനാണ് ഞാൻ ഏറ്റവും കൂടുതൽ വില കൽപ്പിക്കുന്നത്. അത് കമൽ സംവിധാനം ചെയ്ത 'സെല്ലുലോയ്ഡ്' (Celluloid) എന്ന സിനിമയ്ക്കുള്ള അവാർഡ് ആണ്. ആ സിനിമയ്ക്ക് സംസ്ഥാന തലത്തിൽ പത്തോളം അവാർഡുകൾ ലഭിച്ചിരുന്നു.

എന്നാൽ ഒരു സിനിമയ്ക്ക് ഇത്രയധികം അവാർഡുകൾ ഒന്നിച്ച് കൊടുക്കാൻ പറ്റില്ലെന്ന വിചിത്രമായ വാദമുയർത്തി അന്നത്തെ ജൂറി എന്നെ അവാർഡിൽ നിന്ന് ഒഴിവാക്കാൻ ശ്രമിക്കുകയാണുണ്ടായത്. ചലച്ചിത്ര രംഗത്തെ ചില പ്രമുഖർ തന്നെയായിരുന്നു അതിന് പിന്നിൽ. ഒരാൾക്ക് എത്ര അവാർഡ് കിട്ടുന്നു എന്നുള്ളതോ ഒരു ചിത്രത്തിന് എത്ര അവാർഡ് കിട്ടുന്നു എന്നുള്ളതോ അല്ല കാര്യം, സിനിമയിൽ ചെയ്തു വച്ചിരിക്കുന്ന ജോലിക്ക് അർഹതയുണ്ടെങ്കിൽ അത് നൽകുക എന്നതാണ് നീതി. അതിനുമുമ്പ് അവാർഡ് വാങ്ങിയിട്ടുണ്ട് എന്നത് ഒരു മാനദണ്ഡമാകരുത്. ആ അംഗീകാരം നഷ്ടപ്പെട്ടതിൽ എനിക്ക് വിഷമമുണ്ട്.

> **ഏകദേശം രണ്ട് മണിക്കൂറോളം വലിയൊരു സാഹസികത പോലെയായിരുന്നു ആ മേക്കപ്പ്. ഒരു കളർ മാറ്റും, വേറെ കളർ എടുക്കും... അങ്ങനെ പലതും ഞാൻ ചെയ്തുനോക്കി. പക്ഷേ ആ രണ്ട് മണിക്കൂറും അത്രയും ക്ഷമയോടെ ഒരക്ഷരം മിണ്ടാതെ മമ്മൂക്ക ഇരുന്നുതന്നു. മേക്കപ്പ് ഒക്കെ കഴിഞ്ഞ് അദ്ദേഹം കണ്ണാടിയിൽ നോക്കിയിട്ട് അത്ഭുതത്തോടെ എന്നോട് ചോദിച്ചു: 'നീ ഇതൊക്കെ എവിടെ നിന്നാണ് പഠിച്ചത്?' എന്ന്. 'മമ്മൂക്കയുടെ മുഖത്തുനിന്നാണ് ഇത് പഠിക്കുന്നത്' എന്ന മറുപടി കേട്ട് അദ്ദേഹം ചിരിച്ചു. പല മേക്കപ്പ് സാധനങ്ങളും അദ്ദേഹം എനിക്ക് വാങ്ങിത്തന്നിട്ടുണ്ട്. ഞാൻ എത്ര സിനിമകൾ ചെയ്താലും ആളുകൾ ഇപ്പോഴും കാണുന്നതും എന്നെ അറിയുന്നതും ആ ഒരു 'കൾട്ട്' കഥാപാത്രത്തിന്റെ ചമയത്തിലൂടെയാണ്. വലിയൊരു ആത്മബന്ധം മമ്മൂക്കയുമായുണ്ട്.**

**? നാല് പതിറ്റാണ്ടുകൾക്ക് ഇപ്പുറവും മേക്കപ്പ് ബ്രഷ് കയ്യിലെടുക്കുമ്പോൾ ആദ്യത്തെ അതേ ആവേശം ഉണ്ടോ? അതോ ആവേശം കൂടിയിരിക്കുകയാണോ?**

തീർച്ചയായും ആവേശം കൂടിക്കൂടിയേ വരുന്നുള്ളൂ. നമ്മളെ മുന്നോട്ട് നയിക്കുന്ന പ്രധാന ശക്തിയും അതു തന്നെയാണ്. അതിനൊരു കാരണമുണ്ട്. ഞാൻ ഇന്ന് ഒട്ടനവധി സർവ്വകലാശാലകളിൽ (Universities) ക്ലാസുകൾ എടുക്കാറുണ്ട്. നമ്മുടെ അറിവുകൾ പുതിയ തലമുറയുമായി പങ്കുവെക്കുമ്പോൾ, നമ്മുടെ മുന്നിലിരിക്കുന്ന വിദ്യാർത്ഥികളുടെ സംശയങ്ങൾക്കും ചോദ്യങ്ങൾക്കും കൃത്യമായി മറുപടി നൽകാൻ കഴിഞ്ഞില്ലെങ്കിൽ നമ്മുടെ അറിവ് പരിമിതമാണെന്ന് വരും. ആ പരിമിത വട്ടത്തിൽ നിന്ന് പുറത്തുകടക്കാനും കൂടുതൽ അറിയാനും വേണ്ടി നമ്മൾ വീണ്ടും വീണ്ടും പഠിക്കാൻ നിർബന്ധിതനാകും. ആ പഠനമാണ് ആവേശം കൂട്ടുന്നത്.

**? പട്ടണം ഡിസൈനറി എന്ന മേക്കപ്പ് അക്കാദമി തുടങ്ങാനുണ്ടായ സാഹചര്യം എന്താണ്?**

പഴയതുപോലെ വെറുതെ ഒരു മേക്കപ്പ് ആർട്ടിസ്റ്റിന്റെ കീഴിൽ അസിസ്റ്റന്റായി നിന്ന് പഠിച്ചതുകൊണ്ട് മാത്രം ഇന്നത്തെ കാലത്ത് ഒരാൾക്ക് ഈ രംഗത്ത് വിജയിക്കാൻ കഴിയില്ല. സിനിമ സാങ്കേതികമായി അത്രയേറെ വളർന്നുകഴിഞ്ഞു. അതുകൊണ്ട് പുതിയ തലമുറയ്ക്ക് ഒരു അക്കാദമിക് നിലവാരത്തിലുള്ള (Academic Standard) പഠനം ആവശ്യമാണ്. ആ ചിന്തയിൽ നിന്നാണ് അക്കാദമി ആരംഭിച്ചത്.

**? ഒരു കഥാപാത്രത്തിന്റെ മേക്കപ്പ് വിജയകരമായി എന്ന് സാർ എങ്ങനെയാണ് വിലയിരുത്തുന്നത്? പൂർണ്ണമായ ഔട്ട്പുട്ട് മനസ്സിൽ വരുന്നത് എങ്ങനെയാണ്?**

മേക്കപ്പിന്റെ ഫസ്റ്റ് ലുക്കിൽ തന്നെ അറിയാൻ പറ്റും അത് എത്രത്തോളം നന്നായിട്ടുണ്ടെന്നോ മോശമായിട്ടുണ്ടെന്നോ. നമ്മുടെ മനസ്സിൽ ആ കഥാപാത്രത്തിന്റെ പൂർണ്ണമായ ഒരു ചിത്രമുണ്ടാകും. ആ ചിത്രത്തിന്റെ പകുതിയെങ്കിലും ആദ്യ നോട്ടത്തിൽ ശരിയായില്ലെങ്കിൽ പിന്നീട് അത് നന്നാക്കിയെടുക്കാൻ ബുദ്ധിമുട്ടാണ്. അതുകൊണ്ട് ഫൈനൽ ഔട്ട്പുട്ട് എപ്പോഴും ആദ്യമേ മനസ്സിൽ ഉണ്ടാകണം.

പണ്ട് ഭാരതത്തിലെ പ്രശസ്തരായ എട്ടോ ഒമ്പതോ സംവിധായകർ

കളും ബയോപിക്കുകളും ചെയ്തിട്ടുണ്ട്. എനിക്ക് അതിൽ പ്രത്യേക മുൻഗണനകളൊന്നുമില്ല. എനിക്ക് എപ്പോഴും 'റിയലിസം' (Realism) അഥവാ യാഥാർത്ഥ്യത്തോട് ചേർന്നുനിൽക്കുന്ന മേക്കപ്പ് ചെയ്യാനാണ് കൂടുതൽ താല്പര്യം.

ഇനി അവശേഷിക്കുന്ന വലിയ സ്വപ്നങ്ങളൊന്നുമില്ല. ഞാൻ കാത്തിരുന്നതിനും സ്വപ്നം കണ്ടതിനും അപ്പുറമുള്ള വലിയ അവസരങ്ങൾ എനിക്ക് ലഭിച്ചുകഴിഞ്ഞു. മമ്മൂട്ടി, മോഹൻലാൽ, കന്നഡയിലെ ശിവരാജ് കുമാർ, തെലുങ്കിൽ ചിരഞ്ജീവി, രാംചരൻ, പ്രഭാസ്, തമിഴിൽ രജനികാന്ത്, കമൽഹാസൻ എന്നിവരുടെ വലിയ പ്രോജക്റ്റുകളിലുമെല്ലാം പ്രവർത്തിക്കാൻ കഴിഞ്ഞു. സ്വപ്നങ്ങൾക്ക് അപ്പുറമുള്ളത് ദൈവം തന്നതുകൊണ്ട് കിട്ടുന്ന അവസരങ്ങളെല്ലാം മികച്ചതാക്കാൻ കഴിയണമെന്നേ പ്രാർത്ഥിക്കുന്നുള്ളു.



പട്ടണം റഷീദും പോൾ കോക്സും

കഥാപാത്രങ്ങളെ മുൻകൂട്ടി വരച്ചെടുക്കുമായിരുന്നു. ഇന്നത്തെ ഡിജിറ്റൽ യുഗത്തിൽ ഫോട്ടോഷോപ്പ് പോലുള്ള സാങ്കേതികവിദ്യകൾ ഉപയോഗിച്ച് നമ്മൾ റെഫറൻസുകൾ എടുത്ത് സ്കെച്ച് ചെയ്ത് സംവിധായകന്റെ അപ്രൂവൽ വാങ്ങിയാണ് മേക്കപ്പ് ചെയ്യുന്നത്. ഡിജിറ്റൽ വന്നതുകൊണ്ട് പണി കുറഞ്ഞു എന്ന് പറയാൻ പറ്റില്ല, കാരണം വിട്ടുവീഴ്ചകൾ (Compromise) സാധ്യമല്ല. മനസ്സിൽ കണ്ടത് അതേപടി സ്ക്രീനിൽ എത്തിക്കേണ്ടതുണ്ട്.

**? അടുത്തിടെ ഇറങ്ങിയ 'തലൈവി' എന്ന ചിത്രത്തിൽ അരവിന്ദ് സ്വാമിക്ക് എം.ജി.ആറിന്റെ (MGR) ലുക്ക് നൽകിയത് വലിയ തരംഗമായിരുന്നു. ആ അനുഭവം എങ്ങനെയായിരുന്നു? ബയോപിക്കുകളോ (Biopic) ചരിത്ര സിനിമകളോ (Historical Movies) ചെയ്യുന്നതാണോ കൂടുതൽ താല്പര്യം?**

അരവിന്ദ് സ്വാമിക്ക് എം.ജി.ആറിന്റെ ലുക്ക് നൽകിയ പരീക്ഷണം വലിയ വിജയമായിരുന്നു. ആ മേക്കപ്പ് അത്രത്തോളം സക്സസ് ആയതുകൊണ്ട് സിനിമയ്ക്കും അത് വലിയ ഗുണം ചെയ്തു.

ഞാൻ ഒരുപാട് ചരിത്ര സിനിമ

**നമ്മൾ ഒരു നടന്റെ മുഖത്ത് കൈ വെക്കുമ്പോൾഅയാൾ ചെറിയ ആളോ വലിയ ആളോ പുതിയ ആളോ ആയിക്കോട്ടെനമ്മൾ ഹൃദയത്തിൽ നിന്നാണ് അയാളുടെ മുഖത്തേക്ക് നമ്മുടെ ബോധതലം വഴി സ്പർശിക്കുന്നത്. മനുഷ്യന്റെ 'മൂന്നാം കണ്ണ്' അഥവാ തൃക്കണ്ണ് ഇരിക്കുന്ന ആ നെറ്റിത്തടത്തിലേക്ക് നമ്മൾ പൊട്ടുതൊടുവിക്കുമ്പോഴോ അല്ലെങ്കിൽ മേക്കപ്പ് ചെയ്യുമ്പോഴോ ഒരു പ്രത്യേക വൈബ്രേഷൻ (തരംഗം) അനുഭവപ്പെടും. അത് ആ നടനും മേക്കപ്പ് ആർട്ടിസ്റ്റിനും ഇടയിൽ മാത്രം നടക്കുന്ന ഒരു ആത്മീയ പ്രക്രിയയാണ്.**

**? അമേരിക്കൻ മലയാളികളോട് പ്രത്യേകമായി എന്താണ് പറയാനുള്ളത്? ഈ പുതിയ പുസ്തകം ലോസ് ഏഞ്ചലസിൽ വെച്ച് പ്രകാശിപ്പിക്കാൻ കാരണം എന്താണ്?**

സിനിമയിലെയും മേക്കപ്പിലെയും പുതിയ സാങ്കേതികവിദ്യകളെല്ലാം രൂപപ്പെടുന്നത് അമേരിക്ക പോലുള്ള വലിയ ഭൂപ്രദേശങ്ങളിലാണ്. അതുകൊണ്ട് തന്നെ ഈ ഇംഗ്ലീഷ് ഗ്രന്ഥം ലോസ് ഏഞ്ചലസിൽ വെച്ച് പ്രകാശനം ചെയ്യുന്നത് ഏറെ അനുയോജ്യമാണെന്ന് കരുതി. ലോസ് ഏഞ്ചലസിലെ പ്രകാശന ചടങ്ങിൽ കഴിഞ്ഞ വർഷങ്ങളിൽ ഓസ്കാർ അവാർഡ് നേടിയ പ്രശസ്ത ഹോളിവുഡ് മേക്കപ്പ് ആർട്ടിസ്റ്റുകൾ അടക്കമുള്ള പ്രമുഖരെയാണ് നമ്മൾ അതിഥികളായി പ്രതീക്ഷിക്കുന്നത്. ഈ പുസ്തകം ആഗോള തലത്തിലുള്ള മലയാളി സമൂഹവും ചലച്ചിത്ര പ്രേമികളും ഹൃദയപൂർവ്വം സ്വീകരിക്കുമെന്ന് ഞാൻ വിശ്വസിക്കുന്നു.



# Save $894.* Combine Home & Auto.

**Michael Tharian, Agent**

1855 Victory Blvd
Staten Island, NY 10314

**Toll Free:**
**888-644-7222**

My State Farm agency's products and services are available. Call me for Auto, Home & Life Insurance quotes.

**We Serve These States**
**NY, NJ, PA, & CT.**

StateFarm®

***Average household savings based on 2016 national survey of new policyholders who reported savings by switching to State Farm®.**

State Farm Mutual Automobile Insurance Company
State Farm Indemnity Company
State Farm Fire and Casualty Company
State Farm General Insurance Company
Bloomington, IL

1601489

ചെറുകഥ



രമ്യ രതീഷ്




*വര:*
**മറിയം ജാസ്മിൻ**

# മറുതീരം തേടുന്നവർ

ഇളം കാറ്റേറ്റ് ബാൽക്കണിയിലിരുന്ന് മനോരാജ്യം കാണുന്നതിനിടയിലാണ് ഈണത്തിലുള്ള നാടൻ പാട്ടിന്റെ വരികൾ കാതിൽ വന്നലച്ചത്. ബാംഗ്ലൂർ നഗരത്തിന്റെ തിരക്കുകളിൽ നിന്നുമൊക്കെ വേറിട്ട് ഗ്രാമത്തിന്റെ സുഗന്ധമുള്ള ആ ശബ്ദമാണ് എന്നെ അവിടെ നിന്നും എഴുന്നേൽക്കാൻ പ്രേരിപ്പിച്ചതു തന്നെ.

ഒന്നൊന്നര മണിക്കൂറായി ആ ഇരിപ്പു തുടങ്ങിയിട്ട്. ഇടയ്ക്ക് ഒന്നുരണ്ട് തവണ എഴുന്നേൽക്കാൻ തോന്നിയതാണ്. പക്ഷെ ആ ഇരിപ്പിന്റെ സുഖം നഷ്ടപ്പെടുമല്ലോ എന്നോർത്തപ്പോൾ അവിടെത്തന്നെ ഇരിപ്പുറപ്പിക്കുകയായിരുന്നു . അപ്പോഴാണ് ആ മധുര ശബ്ദം! പണ്ടേ നാടൻപാട്ട് എന്റെ വീക്ക്നസാണ്.

'മുക്കുത്തിയണിഞ്ഞ പെണ്ണാളേ....

വൈക്കം കായലിൽ തോണി തുഴഞ്ഞു പോയോളെ..

പാടത്തെ പുഞ്ച കൊയ്യാൻ വന്നവളേ...

വാ കൊണ്ട് ഉരിയാടാതെ ..കണ്ണു കൊണ്ട് മൊഴിഞ്ഞപെണ്ണേ..

കന്നി പെണ്ണേ ..., കനിമൊഴിയേ..

ആയിരം താറാവിൻനിലവിളിയും എന്റെ മനസ്സിന്റെ മേളവും

നീ കേട്ടോ.... നീ കേട്ടില്ലേ എന്റെ താറാപറ്റം പോലെ ചെതറുന്നേ ഞാൻ..

മുക്കുത്തിയണിഞ്ഞ പെണ്ണാളേ.... '

കേട്ടു മറന്ന വരികൾ അതേ ഈണത്തിൽ ആരോ പാടി കേട്ടതായി ഓർക്കുന്നു. ശ്ശോ,ആരാണപ്പാ..! പെൻസിൽ കൊണ്ട് മുടിയിഴകളിൽ കുത്തി ചൊറിയുമ്പോൾ ഓർമ്മ വന്നു നാണിയമ്മയെ, നാട്ടാരുടെ നാണിത്തള്ളയെ. കഴിഞ്ഞ കുറി നാട്ടിൽ പോയപ്പോ കണ്ടിട്ടുണ്ട് മുഷിഞ്ഞൊരു തോർത്തുമുണ്ടും, അയഞ്ഞ ബ്ലൗസും ധരിച്ച്, നെറ്റി നിറയെ ഭസ്മവും പൂശി, എണ്ണമയമില്ലാത്ത വെളുത്ത മുടിയിഴകളെ ചാക്കു നൂലുകൊണ്ട് നിറുകയിൽ ഉണ്ടകെട്ടി ,വലതുകൈയിലൊരു വടിയും, ഇടതു തോളിലൊരു ഭാണ്ഡവുമായി പ്രാഞ്ചി പ്രാഞ്ചി... ഈണത്തിലൊരു നാട്ടി പാട്ടുമായി വരുന്ന നാണിയമ്മയെ. ആ ശബ്ദമാധുര്യത്തെ കാണാൻ ഗേറ്റിലേക്ക് ഓടുന്നതിനിടയിൽ പിറകിൽ നിന്നും അമ്മ വിളിച്ചു പറയുന്നതു കേട്ടു . 'ഗേറ്റൊന്നും തൊറന്നിടല്ലേ പെണ്ണേ! ആ നാണിത്തള്ളക്ക് ഒരു അന്തോം കുന്തോം ഇല്ലാത്തതാ, എന്താ അടിച്ചുമാറ്റി കൊണ്ട് പോകാന്ന് പറയാൻ പറ്റില്ല. മിനിഞ്ഞാന്ന് മുറ്റത്ത് കഴുകി ഒണക്കാൻ വച്ച പാത്രാ കൊണ്ടോയത്. ചോയിക്കാൻ ചെന്നാ ആ വടി കൊണ്ട് മുട്ടനടി തരും, ആ ഭാണ്ഡക്കെട്ട് നെറച്ചും എന്തേലും കളവുമുതലായിരിക്കും. ഇങ്ങനെ കൊണ്ടുപോകുന്ന സാധനങ്ങൾ കൊണ്ട് ആ പൊര നിറഞ്ഞിട്ടുണ്ടാവും .ആഹ്

ആ ചെക്കൻ കാണാതെ എറങ്ങിയതായിരിക്കും. അതിന്റെയൊരു തലേ വിധി. പഠിച്ച് നല്ല ഉദ്യോഗമൊക്കെ നേടീറ്റ് എന്താ അര പിരി പോയ അമ്മക്കു വേണ്ടി ജോലീം കളഞ്ഞൂ, ജീവിതോം കളഞ്ഞു '.

എനിക്കത് പുതിയൊരു അറിവായിരുന്നു, നാണിയമ്മയ്ക്ക് തലയ്ക്ക് സുഖമില്ലായെന്നത്.

' ഉമ്മിയിത് ആരെ കുറിച്ചാ പറേന്നേ, നമ്മുടെ വയലിനപ്പുറത്തെ നാണിയമ്മയെ കുറിച്ചാണോ ?' ഞാനത്ഭുതത്തോടെ ചോയിച്ചു .

'ആ അവരെ കുറിച്ച് തന്നെ. ഭർത്താവ് കാണിച്ച കൊള്ളരുതായ്മകളുടെയെല്ലാം അനന്തരഫലം അമ്മയും മോനും അനുഭവിച്ചു തീർക്കുന്നു.'

> **മുഷിഞ്ഞ വേഷത്തിൽ താടിയും, മുടിയും വളർത്തിയൊരാൾ മതിലിനോട് ചേർന്നുള്ള പോസ്റ്റിന് ചാരി ആർക്കോ വേണ്ടി പാടുകയാണ് . വഴിയെ പോകുന്നവർ കഞ്ചാവാണെന്ന് പറഞ്ഞ് പരിഹാസത്തോടെ ചിരിക്കുന്നുണ്ട്. ഞാൻ കുറച്ചു കൂടെ അരികിലേക്ക് നീങ്ങി, ആ കോലത്തിൽ അപ്പേട്ടനാണെതെന്ന് വിശ്വസിക്കാനെനിക്ക് പ്രയാസം തോന്നി.**

അധികം ചിന്തിച്ചു കൂട്ടുന്നതിനു മുന്നേ നാണിയമ്മയ്ക്കരികിലേക്ക് ഒരു ചെറുപ്പക്കാരൻ ഓടി കിതച്ചെത്തി.

'അമ്മാ...ന്താണിത് ? കണ്ണ് തെറ്റിയാ, അങ്ങ് ഇറങ്ങി നടന്നോളണം. മനുഷ്യനെ പരീക്ഷിക്കുന്നതിനും ഒരു കണക്ക്ണ്ട്. വെർതെ നാട്ടാരുടെ പ് രാക്ക് വാങ്ങി തലേൽ വെക്കാൻ '. സ്നേഹത്തോടെയുള്ള ശാസനയോടെ ആ അമ്മയുടെ കൈ കവർന്ന് പോകുന്ന മകനെ ഒരു നിമിഷം ഞാൻ നോക്കി നിന്നു.

ആയമ്മയുടെ മോനാണ് അപ്പേട്ടൻ. എന്നെക്കാളും രണ്ടോ മൂന്നോ വയസ് അധികമുണ്ടാവും.ഒരിക്കലും എന്നെ പേരെടുത്ത് വിളിച്ചിട്ടില്ല 'ഉമ്മുക്കുട്ടി ' എന്നല്ലാതെ.

അപ്പേട്ടനാണതെന്ന് ഓർത്തെടുക്കുന്നതിനു മുന്നേയവർ കാഴ്ചയ്ക്കും അകലെയായി.

ഓർമ്മകൾ കാടുകയറുന്നതിനിടയിൽ വീണ്ടും ആ പാട്ടിന്റെ ഈരടികൾ കാതിനെ തഴുകി. പിന്നെ എനിക്കൊട്ടും ക്ഷമ വന്നില്ല. കണ്ടോണ്ടിരുന്ന മനോരാജ്യത്തിന് കുറച്ച് ഇടവേള നൽകി ഞാൻ താഴത്തേക്കോടി. പ്രിയമുള്ള ആരെയോ കാണുവാൻ മിഴികൾ തേടി.

മുഷിഞ്ഞ വേഷത്തിൽ താടിയും, മുടിയും വളർത്തിയൊരാൾ മതിലിനോട് ചേർന്നുള്ള പോസ്റ്റിന് ചാരി ആർക്കോ വേണ്ടി പാടുകയാണ് .വഴിയെ പോകുന്നവർ കഞ്ചാവാണെന്ന് പറഞ്ഞ് പരിഹാസത്തോടെ ചിരിക്കുന്നുണ്ട്.ഞാൻ കുറച്ചു കൂടെ അരികിലേക്ക് നീങ്ങി, ആ കോലത്തിൽ അപ്പേട്ടനാണെതെന്ന് വിശ്വസിക്കാനെനിക്ക് പ്രയാസം തോന്നി.

''അപ്പേട്ടാ.....! '

ആകാംക്ഷയോടെയുള്ള ന്റെ വിളി കേട്ടിട്ടാവണം പാട്ടു നിർത്തി ഞാൻ നിക്കുന്നിടത്തേക്ക് അപ്പേട്ടൻ നോക്കിയത്. അദ്ദേഹത്തിന്റെ ആ കോലം കണ്ടിട്ട് എനിക്കു വല്ലാത്ത വിഷമം തോന്നി.അത്രയേറെ കോലം കെട്ടിരിക്കുന്നു.നോട്ടം കണ്ടപ്പോൾ

ആ നിമിഷം എന്നെയവിടെ പ്രതീക്ഷിച്ചില്ലെന്നെനിക്കു മനസിലായി. 'അപ്പേട്ടാ....' ഞാനൊരിക്കൽ കൂടി വിളിച്ചു. എന്നെ മനസിലായില്ലേ...? ഉവ്വെന്നോ, ഇല്ലെന്നോ മറുപടി പറയാതെ കയ്യിലുള്ള മുഷിഞ്ഞ ഭാണ്ഡത്തിൽ നിന്നും ഒരു കുപ്പിവെള്ളമെടുത്ത് വായിലേക്ക് കമിഴ്ത്തി. അതിൽ കുറച്ചേറെ വെള്ളം താടിയിലൂടെ പുറത്തേക്കൊഴുകി പോയി. പിന്നെ ധൃതിയിൽ മുന്നോട്ടേക്ക് നടക്കാനൊരുങ്ങി. അത് മനസിലായതു കൊണ്ട് തന്നെ ഞാനദ്ദേഹത്തിന്റെ കൈകളിൽ പിടിത്തമിട്ടു.

' വിട് എനക്ക് പോണം.'

കൊച്ചു കുഞ്ഞിനെപ്പോലെ ചിണുങ്ങുന്ന അപ്പേട്ടന്റെ ആ പ്രകൃതം കണ്ടപ്പോൾ ഞാനൊന്ന് അന്ധാ

ളിക്കാതിരുന്നില്ല. ബാല്യത്തിലെ പോലെ ഞാനുമൊരു ശാഠ്യക്കാരി പെൺകുട്ടിയായി. അദ്ദേഹത്തിന്റെ കൈകളിലെ പിടിമുറുക്കി കൊണ്ട് ഞാൻ താമസിക്കുന്നിടത്തേക്ക് അദ്ദേഹത്തെ കൂട്ടികൊണ്ടു പോകുമ്പോൾ മനസിലോർത്തു.

സ്കൂളിൽ പഠിക്കുമ്പോ എത്രയോ വട്ടം ഉമ്മിയുടെ കണ്ണ് വെട്ടിച്ച് വയലിനക്കരെയുള്ള നാണിയമ്മയുടെ വീട്ടിൽ പോയിട്ടുണ്ട്. ഉമ്മിയ്ക്ക് അവിടെ പോവുന്നതേ ഇഷ്ടമല്ല നാണിയമ്മയേയും, അപ്പേട്ടനെയും ഇഷ്ടമല്ലാഞ്ഞിട്ടല്ല. അപ്പേട്ടന്റെ അച്ഛന്റെ സ്വഭാവം അങ്ങനെയായതോണ്ടാണ്.

ചുവന്നു തുടുത്ത ചാമ്പങ്ങയും, ഫാഷൻ ഫ്രൂട്ടും എത്രയോ വട്ടം അച്ഛൻ കാണാതെ അപ്പേട്ടൻ കൊണ്ട് തന്നിട്ടുണ്ടെന്നോ. അതിന്റെ കൂടെ ഒരോ തൈയും കൊണ്ട് തന്നിരുന്നു.ഇന്നതിൽ നിറയെ കായകൾ പിടിച്ചിട്ടുണ്ട് .ഒരു വട്ടം നാണിയമ്മ ഗേറ്റും തുറന്ന് അകത്ത് വന്ന് മൂത്തു പഴുത്ത ചാമ്പങ്ങ ഒട്ടുമിക്കാലും പറിച്ച് ഭാണ്ഡത്തിലിട്ട് കൊണ്ടുപോയി. അതിനുമ്മച്ചി ഒരുപാട് പരാതീം പരിഭവവും പറഞ്ഞു . നമ്മളെക്കാളും അവർക്കാണതിന് കൂടുതൽ അവകാശമെന്ന് പറയണമെന്നുണ്ടായിരുന്നു, പക്ഷെ എന്തുകൊണ്ടോ പറയാൻ കഴിഞ്ഞില്ല.

കലോത്സവ വേദികളിൽ നാണിയമ്മ മൂളി തരുന്ന പാട്ടുകൾ ആയിരുന്നു എനിക്കും, അപ്പേട്ടനും സമ്മാനം വാങ്ങി തന്നോണ്ടിരുന്നത്. ആ അപ്പേട്ടനാണിന്ന് 'സ്ഥിരത' നഷ്ടപ്പെട്ടവനെപ്പോലെ പെരുമാറുന്നത്.

ഫോൺ വിളിക്കുമ്പോൾ ഇടയ്ക്കെപ്പോഴോ ഉമ്മി പറയുന്നത് കേട്ടു. അമ്മയേയും കൊണ്ട് അപ്പേട്ടൻ നാടുവിട്ട് പോയെന്ന്. ഉമ്മിയോട് അവരെ പറ്റി അധികം ചോദിക്കാൻ പറ്റില്ല.പിന്നെ എന്തൊക്കെ കേൾക്കേണ്ടി വരും എന്ന് റബ്ബിന് മാത്രേ അറിയാൻ പറ്റൂ.




ജട പിടിച്ചു കിടക്കുന്ന അപ്പേട്ടന്റെ ചുരുണ്ട മുടിയിഴകളിൽ വെളിച്ചെണ്ണ തൂവി കൊടുക്കുമ്പോൾ പണ്ട് സ്കൂളിൽ പഠിക്കുമ്പോ അപ്പേട്ടന്റെ കൂടെ സൈക്കിളിൽ കേറിയതിന് ഉമ്മിയുടെ അടുത്തൂന്ന് അറഞ്ചം പുറഞ്ചം അടി കിട്ടിയതോർമ്മ വന്നു. ആ ഞാനാണ് അവിവാഹിതനായ ആ യുവാവിന്റെ മുടിയിഴകളിൽ ഭാര്യയെപ്പോലെ ചേർന്ന് നിന്ന് എണ്ണ പുരട്ടി കൊടുക്കുന്നത്. കുളിക്കാൻ മടിയുള്ള കുട്ടിയെ കുളിക്കാൻ പറഞ്ഞയക്കുന്നതു പോലെ ഉന്തി തള്ളി ബാത്റൂമിൽ കയറ്റി ഷവർ ഓൺ ചെയ്ത് കൊടുത്ത് പുറത്തേക്കിറങ്ങി.

പെൺകുട്ടികളായാൽ അടങ്ങി ഒതുങ്ങി നടക്കണമെന്നാണ് ഉമ്മിയുടെ വാദം. പലയിടത്തും വായിച്ചു, പെണ്ണിനു മേൽ കെട്ടിവയ്ക്കപ്പെടുന്ന കുറേയേറെ സദാചാരങ്ങൾ. ആണിനെപ്പോലെ സ്വാതന്ത്ര്യങ്ങൾ പലതും അനുഭവിച്ച് വളരണമെന്നുണ്ടായിരുന്നു. പക്ഷെ വേലിക്കെട്ടുകൾ ഏറെയായിരുന്നു.

ആ വേലിക്കെട്ടുകൾ പൊട്ടിച്ചു മാറ്റി കൊണ്ടാണ് പ്രായം ഇരുപത്തിയെട്ടായിട്ടും അവിവാഹിത പട്ടം ചൂടി റിസർച്ച്, കോപ്പ് എന്നൊക്കെ പറഞ്ഞ് ഗ്രാമത്തിൽ നിന്നുമൊക്കെ അകന്ന് തിരക്കേറിയ ഈ ബാംഗ്ലൂർ നഗര

ത്തിൽ കൂടു കെട്ടിയത്. അതിലുമ്മിയ്ക്കും, ബാപ്പയ്ക്കും അമർഷമുണ്ട്. എന്തുകൊണ്ടോ അവരുടെ കാഴ്ചപ്പാടുകളോട് യോജിക്കാൻ പറ്റുന്നില്ല. പെണ്ണായാൽ കല്യാണം കഴിക്കണം അഞ്ചാറു മക്കളെ പെറ്റു വളർത്തിയൂട്ടണം. അതില്ലാതെ ജീവിക്കാൻ പറ്റില്ലേ....? പറ്റുമെന്ന് കാണിച്ചു കൊടുക്കണം, അതിനായിരുന്നു ഈ സാഹസം. അതിന്റെ പേരിൽ ഒരു ആത്മലഹരിക്കും അടിമപ്പെട്ടിട്ടില്ല.തന്റെ ശരികൾ മുറുകെ പിടിച്ചു കൊണ്ടുള്ള യാത്രയായിരുന്നു അതിനിടയിലൊരിക്കലും പ്രണയമെന്ന വികാരമൊന്നും തോന്നിയതേയില്ല. അപ്പേട്ടനോടൊപ്പം കളിച്ചു ചിരിച്ചു രസിച്ചു നടന്നപ്പോഴും, അപ്പേട്ടന്റെ രീതികളും അങ്ങനെയാണെന്ന് തോന്നിയിട്ടുണ്ട്. ആണും പെണ്ണും അടുത്താൽ അതിന് ഒറ്റ വികാരമേ ഉള്ളു എന്നതിന്റെ മറുതീരമായിരുന്നു ഞങ്ങളുടെ അടുപ്പം. അതിന് നാട്ടുകാർ പലതും പറഞ്ഞു. അവരുടെ വാക്കിലായിരുന്നു ബാപ്പയുടെയും, ഉമ്മിയുടെയും വിശ്വാസം. ആ വിശ്വാസം തനിക്ക് നഷ്ടപ്പെട്ടപ്പോഴാണ് അവരുമായുള്ള അകലങ്ങൾ കൂടിയത്.

ചിന്തകൾ അതിർവരമ്പുകൾ പിന്നിടുന്നേരം പിറകിലായി ഒരു പദചലനം തല തുവർത്താതെ ഇറങ്ങി വരുന്ന അപ്പേട്ടൻ. ചുരുണ്ട മുടിയിഴകളിൽ നിന്നും മൽസരിച്ച് വെള്ളത്തുള്ളികൾ താഴോട്ട് പതിക്കുന്നു. ഉണങ്ങിയ ടവ്വൽ കൊണ്ട് മുടി തോർത്തി കൊടുക്കുമ്പോൾ അപ്പേട്ടൻ നിന്ന് കരയുകയാണ്.ഞാനാകെ അങ്കലാപ്പിലായി.

'അയ്യേ അപ്പേട്ടൻ കരയ്യാണോ'....! ന്താപ്പ അതിനു മാത്രം ഇണ്ടായേ.

'ഉമ്മുകുട്ടി...ഞാൻ ''

'ആഹാ ,അപ്പൊ ..,അപ്പേട്ടനെന്നെ ഓർമ്മയിണ്ട് ല്ലേ...?'

'ഉം''

അവൻ മെല്ലെ മൂളി. നനഞ്ഞ വസ്ത്രം മാറിയുടുക്കാൻ കൊടുക്കുന്നതിനായി ആ ഭാണ്ഡത്തിൽ ഞാൻ ഉണങ്ങിയ ഡ്രസ് പരതി.

'അതിലൊന്നും ഇല്ല ഉമ്മുകുട്ടീ,

ചിത്തഭ്രമം പിടിപെട്ട എന്റെ അമ്മയുടെ ഭസ്മക്കൂട്ടുകളും, കീറിയ തോർത്തുമല്ലാതെ... '

പറയുന്നതിനിടയിലെ കണ്ണുകൾ ചാലിട്ടൊഴുകി.

അപ്പോഴാണ് ഞാനും അക്കാര്യം ഓർത്തത്.

'അപ്പേട്ടാ...നാണിയമ്മയെവിടെ..?''

**ജട പിടിച്ചു കിടക്കുന്ന അപ്പേട്ടന്റെ ചുരുണ്ട മുടിയിഴകളിൽ വെളിച്ചെണ്ണ തൂവി കൊടുക്കുമ്പോൾ പണ്ട് സ്കൂളിൽ പഠിക്കുമ്പോ അപ്പേട്ടന്റെ കൂടെ സൈക്കിളിൽ കേറിയതിന് ഉമ്മിയുടെ അടുത്തൂന്ന് അറഞ്ചം പുറഞ്ചം അടി കിട്ടിയതോർമ്മ വന്നു. ആ ഞാനാണ് അവിവാഹിതനായ ആ യുവാവിന്റെ മുടിയിഴകളിൽ ഭാര്യയെപ്പോലെ ചേർന്ന് നിന്ന് എണ്ണ പുരട്ടി കൊടുക്കുന്നത്. കുളിക്കാൻ മടിയുള്ള കുട്ടിയെ കുളിക്കാൻ പറഞ്ഞയക്കുന്നതു പോലെ ഉന്തി തള്ളി ബാത്റൂമിൽ കയറ്റി ഷവർ ഓൺ ചെയ്ത് കൊടുത്ത് പുറത്തേക്കിറങ്ങി.**

' അമ്മ...., യെന്റെയമ്മ..! ന്നെ വിട്ട് പോയിട്ട് നാലുമാസം കഴിഞ്ഞു. നാട്ടാരുടെ പ്രാക്കുകൾ ബാക്കിയാക്കി അമ്മ പോയി. ന്റെ കണ്ണുവെട്ടിച്ച് ഇറങ്ങി നടക്കുന്ന അമ്മയെ ചങ്ങലയ്ക്കിടാൻ പറഞ്ഞു നാട്ടാര് പെറ്റമ്മയല്ലെ....? ഞാനെങ്ങനെയാ കുഞ്ഞോളേ ന്റെ അമ്മയെ... പറ്റില്ലായിരുന്നു.

ഒരു വെളുപ്പിന് അമ്മയുടെ കയ്യും പിടിച്ച് അങ്ങ് ഇറങ്ങി എവിടെയും സ്ഥിരമാക്കിയില്ല ദേശാടനക്കിളികളെപ്പോലെ അങ്ങനെയങ്ങ് സഞ്ചാരായിരുന്നു. ഞാനും അമ്മയും മാത്രമായൊരു ലോകം. അമ്മയുറങ്ങുമ്പോൾ കൺ തുറന്ന് കാവലിരുന്നു ഞാൻ...! എന്നിട്ടും ഒരുച്ച നേരം കണ്ണൊന്നൊടഞ്ഞപ്പോ.....? തിരക്കേറിയ റോഡിലേക്കമ്മ ഇറങ്ങി നടന്നു. കണ്ണുതുറന്നപ്പോ കണ്ടത് ചീറിപ്പായുന്ന വണ്ടികൾക്കിടയിൽ പിടഞ്ഞ് പിടഞ്ഞ്... '

ആ രംഗം ഇപ്പൊഴും മുന്നിൽ കാണുന്നതുപോലെയായിരുന്നു അപ്പേട്ടന്റെ അപ്പോഴത്തെ ഭാവം.ഞാനും ഏതാണ്ട് ആ അവസ്ഥയിൽ തന്നെയായിരുന്നു.

'അമ്മയില്ലാത്ത ഈ ലോകം' ആലോചിക്കാനെ വയ്യ. ഇടക്കിടെ തലയിലോട്ട് ഒരു ചൂട് കേറും പിന്നെ പിന്നെ എനിക്കൊന്നും ഓർമ്മ വരില്ല ഉമ്മുകുട്ടി...അമ്മയിൽ നിന്നും പകർന്നു കിട്ടിയ ഭ്രാന്തിന്റെ നേരിയ ചീളുകൾ എന്നിലോളങ്ങൾ തീർക്കും പിന്നെ ഞാനെല്ലാം മറക്കും.'

നനഞ്ഞ മുടിയിഴകൾ പിച്ചി വലിച്ചുകൊണ്ട് നേരത്തെയവൻ പാടിയ നാടൻപാട്ട് വീണ്ടും പാടിത്തുടങ്ങി

'മുക്കുത്തിയണിഞ്ഞ പെണ്ണാളേ..........

പാട്ടിന്റെ വരികൾ ഉറക്കെയുറക്കെയായപ്പോൾ എന്റെ മനസിന്റെ താളവും തെറ്റുകയാണെന്ന് തോന്നി. എന്റെയോരോ പ്രവൃത്തികൾ കാണുമ്പോൾ ബാപ്പയും ഉമ്മിയും ഇടക്കിടെ പറയാറുണ്ട് നെനക്ക് പ് രാന്താ ന്ന്.

ഇപ്പൊ തോന്നുന്നു എനിക്കും, അപ്പേട്ടനും തമ്മില് എന്താ വ്യത്യാസം ന്ന്. ചിലപ്പോ എന്റെ തലക്കകത്തും ചൂടു കേറുന്നു. ദേശാടനക്കിളികളെപ്പോലെ സർവ്വ സ്വാതന്ത്ര്യങ്ങളും അനുഭവിക്കാൻ കൊതിക്കുന്നതു പോലെ. അപ്പേട്ടന്റെ സ്വരത്തിനൊപ്പം എന്റെ ചുണ്ടുകളും ചലിക്കാൻ തുടങ്ങി. ബാംഗ്ലൂർ നഗരത്തിന്റെ തിരക്കുകളിൽ ഞങ്ങളുടെ സ്വരം മുങ്ങിത്താഴുന്നതറിയാതെ, കലോൽസവ വേദികളിലെന്നപോലെ ഓളങ്ങൾ തീർത്തു കൊണ്ട് ഞങ്ങളുറക്കെയുറക്കെ പാടി കൊണ്ടേയിരുന്നു.

'മുക്കുത്തിയണിഞ്ഞ പെണ്ണാളേ..... '

# ച്യുതിയില്ലാത്തവൻ

***ഫോട്ടോ:*** **പുനലൂർ രാജൻ**
***എഴുത്ത്:*** **മാങ്ങാട് രത്നാകരൻ**

'അച്യുതമേനോൻ 'അച്യുത'നായിരുന്നു' എന്ന സ്മൃതിചിത്രത്തിൽ സുകുമാർ അഴീക്കോട് ഇങ്ങനെ എഴുതി: ''അദ്ദേഹം വിശ്വാസത്തിൽ മാർക്സിസ്റ്റും ജീവിതത്തിൽ ഗാന്ധിസ്റ്റുമായിരുന്നു. മാർക്സും ഗാന്ധിയും തമ്മിൽ ആളുകൾ പറഞ്ഞുണ്ടാക്കിയ അത്രയും അകലമില്ലെന്ന് അദ്ദേഹം തന്റെ സ്വന്തം ജീവിത കർമ്മങ്ങൾ കൊണ്ട് തെളിയിച്ചു... അദ്ദേഹത്തിന് സ്ഥാനവും പദവിയും വസ്ത്രങ്ങൾ മാത്രമായിരുന്നു. മുഷിഞ്ഞാൽ മാറും. മാറിയില്ലെങ്കിൽ നാറും എന്ന് അറിഞ്ഞ ആളായിരുന്നു അദ്ദേഹം. അങ്ങനെ നാറുന്നത് അറിയാതെ ജീർണമായ മന്ത്രിസ്ഥാനവും പേറി നടക്കുന്നവരുടെ ഘോഷയാത്ര കണ്ട് മടുത്ത നമ്മുടെ നയനങ്ങൾക്ക് ആ വെറും മേനോന്റെ മധുരമായ മുഖവും വാക്കും അമൃതമായിരുന്നു.'' (സി.അച്യുതമേനോൻ സ്മൃതിചിത്രങ്ങൾ, വിശ്വമംഗലം സുന്ദരേശൻ, സി.അച്യുതമേനോൻ ഫൗണ്ടേഷൻ, തിരുവനന്തപുരം, 2012)

**അച്യുതമേനോൻ എന്ന വ്യക്തി ഒരു പ്രിസത്തിലെന്നപോലെ, പല വ്യക്തികളിൽ തട്ടി, മഴവിൽനിറങ്ങളിലൂടെ പ്രതിഫലിക്കുന്ന പുസ്തകമാണ് സി. അച്യുതമേനോൻ സ്മൃതിചിത്രങ്ങൾ. രാഷ്ട്രീയം, സംസ്കാരം, സാഹിത്യം തുടങ്ങിയ മേഖലയിലുള്ള അറുപതിലേറെ വിശിഷ്ടവ്യക്തികൾ അച്യുതമേനോനെ അടുത്തുനിന്നു കാണുകയാണ്. അവരിൽ ചിലർ അദ്ദേഹത്തിന്റെ വിശ്വാസപ്രമാണങ്ങൾ പിന്തുടരുന്നവരല്ല, പക്ഷേ ആ വ്യക്തിത്വത്തിന്റെ സവിശേഷതകളിൽ ആകൃഷ്ടരായവരാണ്.**



**എം.എൻ.ഗോവിന്ദൻ നായരും സി.അച്യുതമേനോനും ആന്റണിയെ അനുമോദിക്കുന്നു**

അച്യുതമേനോൻ എന്ന വ്യക്തി ഒരു പ്രിസത്തിലെന്നപോലെ, പല വ്യക്തികളിൽ തട്ടി, മഴവിൽ നിറങ്ങളിലൂടെ പ്രതിഫലിക്കുന്ന പുസ്തകമാണ് സി.അച്യുതമേനോൻ സ്മൃതിചിത്രങ്ങൾ. രാഷ്ട്രീയം, സംസ്കാരം, സാഹിത്യം തുടങ്ങിയ മേഖലയിലുള്ള അറുപതിലേറെ വിശിഷ്ടവ്യക്തികൾ അച്യുതമേനോനെ അടുത്തുനിന്നു കാണുകയാണ്.

അവരിൽ ചിലർ അദ്ദേഹത്തിന്റെ വിശ്വാസപ്രമാണങ്ങൾ പിന്തുടരുന്നവരല്ല, പക്ഷേ ആ വ്യക്തി

ത്വത്തിന്റെ സവിശേഷതകളിൽ ആകൃഷ്ടരായവരാണ്.

അച്യുതമേനോനെ ബുദ്ധിജീവി, അഥവാ, ധൈഷണികൻ (ഇന്റലക്ചൽ) എന്ന വിശേഷണത്തോടെ വിശകലനം ചെയ്യുന്ന ലേഖനമാണ് പി.ഗോവിന്ദപ്പിള്ള എഴുതിയ 'അച്യുതമേനോന്റെ ധൈഷണികാർജ്ജവം.' അതിൽ പനമ്പിള്ളി ഗോവിന്ദമേനോൻ, ഇ.എം.എസ്.നമ്പൂതിരിപ്പാട്, സി.അച്യുതമേനോൻ എന്നിവരുടെ ശൈലികളെക്കുറിച്ച് ചർച്ച ചെയ്യുന്ന ഭാഗം കൗതുകകരമാണ്. ''ശൈലീവല്ലഭനായിരുന്ന പനമ്പിള്ളിയുടെ ആവിഷ്കാരം അലങ്കാരബഹുലവും പരിഹാസനിർഭരവുമായിരുന്നു.

എതിരാളികളുടെ വാദമുഖങ്ങളെ തകർത്തെറിയുന്ന പനമ്പിള്ളി, ദുര്യോധനവധത്തിലെ ഭീമസേനനെ ഓർമ്മിപ്പിക്കുമ്പോൾ, കൃശഗാത്രനും സുമുഖനും ഒട്ടേറെ ലജ്ജാശീലനുമായ അച്യുതമേനോന്റെ വേഷത്തിലും വർത്തമാനത്തിലും പെരുമാറ്റത്തിലും ഉള്ള ഈ ലാളിത്യം അഥവാ പ്രകടനപരതാരാഹിത്യം അദ്ദേഹത്തിന്റെ ഭാഷാശൈലിയിലും ആവിഷ്കാര രീതിയിലുമെല്ലാം നറുനിലാവു പോലെ നിറഞ്ഞിരുന്നു.''

അച്യുതമേനോനെ ഇ.എം.എസിന്റെ പ്രതികരണ ശൈലിയുമായി തട്ടിച്ചുനോക്കി, പി.ഗോവിന്ദപ്പിള്ള മുന്നോട്ടുവയ്ക്കുന്ന ചില നിരീക്ഷണങ്ങൾ ചിന്തനീയമാണ്.

''ഇ.എം.എസ്സിന്റെ നിശിതമായ യുക്തി കൂരമ്പിനെക്കാൾ മൂർച്ചയുള്ളതാണ്... മഹാത്മാഗാന്ധിയെ ആദ്യകാല ഗുരുനാഥനും പിൽക്കാല ജീവിതമാതൃകയുമായി വാഴ്ത്തുമ്പോഴും ഗാന്ധിജിയുടെ രാഷ്ട്രീയ-സാമ്പത്തിക സിദ്ധാന്തങ്ങൾ ബൂർഷ്വായാണെന്നു പറഞ്ഞ്, നാലുപാടുനിന്നും ശകാരം ഏറ്റുവാങ്ങാൻ ഇ.എം.എസിന് ഒരു വക കൗമാരാഭിനിവേശം തന്നെ



അച്യുതമേനോനെ സ്വീകരിക്കുന്നു

**"ഇ.എം.എസ്സിന്റെ നിശിതമായ യുക്തി കൂരമ്പിനെക്കാൾ മൂർച്ചയുള്ളതാണ്... മഹാത്മാഗാന്ധിയെ ആദ്യകാല ഗുരുനാഥനും പിൽക്കാല ജീവിതമാതൃകയുമായി വാഴ്ത്തുമ്പോഴും ഗാന്ധിജിയുടെ രാഷ്ട്രീയ – സാമ്പത്തിക സിദ്ധാന്തങ്ങൾ ബൂർഷ്വായാണെന്നു പറഞ്ഞ്, നാലുപാടുനിന്നും ശകാരം ഏറ്റുവാങ്ങാൻ ഇ.എം.എസിന് ഒരു വക കൗമാരാഭിനിവേശം തന്നെ ഉണ്ടായിരുന്നില്ലേ എന്നു സംശയം. എന്നാൽ, അച്യുതമേനോനിൽ ആ വക സന്ദർഭങ്ങളിൽ ഉദാരനയവും സുജനമര്യാദയുമാണ് മുന്തിനിൽക്കുക.', പി ഗോവിന്ദപ്പിള്ള പറയുന്നു**

ഉണ്ടായിരുന്നില്ലേ എന്നു സംശയം. എന്നാൽ, അച്യുതമേനോനിൽ ആ വക സന്ദർഭങ്ങളിൽ ഉദാരനയവും സുജനമര്യാദയുമാണ് മുന്തിനിൽക്കുക.

ഇതദ്ദേഹത്തിന്റെ മൗലികമായ ലിബറൽ മനോഭാവത്തിന്റെ തെളിവാണെന്നും ഈ ലിബറൽ ചിന്താഗതിയാണ് അദ്ദേഹത്തെ പിൽക്കാലത്ത് കോൺഗ്രസ്സുമായി ചേർന്നുപോകാനും പരമ്പരാഗത കമ്മ്യൂണിസ്റ്റ് സങ്കല്പങ്ങളിൽ ചിലതിനെക്കുറിച്ച് ആശങ്കകൾ പ്രകടിപ്പിക്കാനും പ്രേരകം എന്ന് നിരൂപകർ പറയുന്നു. ശരിയോ തെറ്റോ? കൂടുതൽ ആരായേണ്ട വിഷയം തന്നെ.''

അടിയന്തരാവസ്ഥക്കാലത്ത് ''പ്രത്യക്ഷത്തിൽ മുഖ്യമന്ത്രിയായിരുന്ന'' കെ.കരുണാകാരന്

'കരിങ്കാലി ബിരുദം'' നൽകിയത് അച്യുതമേനോനാണെന്ന് പി.ജി. എഴുതുന്നു.'' അച്യുതമേനോനെക്കാൾ വാചാലനും നർമ്മപ്രയോഗചതുരനുമായ കെ.കെ.വാര്യർ പോലുമല്ല ആദ്യം ഈ പ്രയോഗം നടത്തിയത്.''

എ.കെ.ആന്റണി, കെ.ആർ.നാരായണൻ ജസ്റ്റിസ് വി.ആർ. കൃഷ്ണയ്യർ, വെളിയം ഭാർഗവൻ, എൻ.ഇ.ബാലറാം, കെ.കരുണാകരൻ, അരുണാ അസഫ് അലി, തകഴി ശിവശങ്കരപ്പിള്ള, സുഗതകുമാരി തുടങ്ങി വിവിധ രംഗങ്ങളിലുള്ളവർ അച്യുതമേനോനെ അനുസ്മരിക്കുന്ന ഈ പുസ്തകം നിരതിശയമായ ആ വ്യക്തിത്വത്തെ സ്മരണകളിലൂടെയും നിരീക്ഷണങ്ങളിലൂടെയും പിടിച്ചെടുക്കുന്നു.

അച്യുതമേനോന്റെ രാഷ്ട്രീയ വ്യക്തിത്വത്തെ, ആദ്യകാലത്തെ രാഷ്ട്രീയ എതിരാളിയും പിൽക്കാലത്തെ സഹകാരിയുമായിരുന്ന എ.കെ.ആന്റണി ഇങ്ങനെ വിലയിരുത്തുന്നു: ''മുഖ്യമന്ത്രിയായിരുന്ന അച്യുതമേനോനും മുൻ മുഖ്യമന്ത്രിയായിരുന്ന അച്യുതമേനോനും എന്നെ വളരെ സ്വാധീനിച്ച വ്യക്തിത്വങ്ങളാണ്.

1969 മുതൽ അച്യുതമേനോനോടുള്ള എന്റെ സ്നേഹബഹുമാനാദരവുകൾ നാൾക്കുനാൾ വർദ്ധിക്കുകയായിരുന്നു. അദ്ദേഹത്തിന്റെ അവസാനകാല ജീവിതത്തിലെ

**അന്ന് മുപ്പത്തിയാറുകാരനായ എ.കെ.ആന്റണിയാണ് മുഖ്യമന്ത്രിയായത്. എം.എൻ.ഗോവിന്ദൻ നായരും സി.അച്യുതമേനോനും ആന്റണിയെ അനുമോദിക്കുന്ന ചിത്രം സത്യപ്രതിജ്ഞാച്ചടങ്ങ് ചിത്രീകരിച്ച പുനലൂർ രാജൻ പകർത്തി; ഒരസുലഭമുഹൂർത്തം നമുക്ക് ലഭിച്ചു.**

**'അവസാനനാളുകളിലെ അച്യുതമേനോൻ എന്നിൽ നെഹ്റു സ്മരണകൾ കൂടുതൽ ജനിപ്പിക്കുവാൻ പോലും സഹായിച്ചു. അഖിലേന്ത്യാതലത്തിൽ ജവാഹർലാൽ നെഹ്റുവിനു കൈവരിക്കാൻ കഴിഞ്ഞ ഔന്നത്യം, കേരളത്തിൽ സി.അച്യുതമേനോന് നേടാൻ കഴിഞ്ഞു എന്നു കരുതുന്ന ഒരാളാണ് ഞാൻ',എ കെ ആന്റണി പറയുന്നു**


ഏതാനും വർഷങ്ങളിൽ അച്യുതമേനോൻ എല്ലാ കേരളീയനേതാക്കളെക്കാളും അത്യുന്നതിയിലേക്ക് കയറുന്നത് ഞാൻ കണ്ടുകൊണ്ടിരിക്കുകയായിരുന്നു.

ജനങ്ങളെ നേർവഴിക്കു നയിക്കുന്ന ഒരു മാർഗ്ഗദീപമായി രൂപാന്തരപ്പെട്ട അവസാനനാളുകളിലെ അച്യുതമേനോൻ എന്നിൽ നെഹ്റു സ്മരണകൾ കൂടുതൽ ജനിപ്പിക്കുവാൻ പോലും സഹായിച്ചു.


അഖിലേന്ത്യാതലത്തിൽ ജവാഹർലാൽ നെഹ്റുവിനു കൈവരിക്കാൻ കഴിഞ്ഞ ഔന്നത്യം, കേരളത്തിൽ സി.അച്യുതമേനോന് നേടാൻ കഴിഞ്ഞു എന്നു കരുതുന്ന ഒരാളാണ് ഞാൻ.''

അടിയന്തരാവസ്ഥയെത്തുടർന്നുവന്ന തെരഞ്ഞെടുപ്പിൽ വൻഭൂരിപക്ഷം നേടി, കെ.കരുണാകരൻ മുഖ്യമന്ത്രിയായി അധികാരമേറ്റെങ്കിലും രാജൻ കേസിലെ ഹൈക്കോടതി വിധിയെത്തുടർന്ന്, കരുണാകരന് രാജിവയ്ക്കേണ്ടിവന്നു. അന്ന് മുപ്പത്തിയാറുകാരനായ എ.കെ.ആന്റണിയാണ് മുഖ്യമന്ത്രിയായത്.

എം.എൻ.ഗോവിന്ദൻ നായരും സി.അച്യുതമേനോനും ആന്റണിയെ അനുമോദിക്കുന്ന ചിത്രം സത്യപ്രതിജ്ഞാച്ചടങ്ങ് ചിത്രീകരിച്ച പുനലൂർ രാജൻ പകർത്തി; ഒരസുലഭമുഹൂർത്തം നമുക്ക് ലഭിച്ചു.



**മാങ്ങാട് രത്നാകരൻ**


'indescribable yet truthful'
Lord Shiva's
Visit to a Home
In Edison, New Jersey, USA
Abhishek Mishra
inspires people to recognize
the existence of a 'Divine Power'
The Mishra Family welcomes visitors to learn about and
experience the spiritual miracle. Contact 1-732-690-0404

ചെറുകഥ



ട്രീസ കെ വി




വര:
മറിയം ജാസ്മിൻ

# പരേതൻ *

എന്നെ കാണാതായതിന്റെ പിറ്റേന്ന് കൃത്യമായി പറഞ്ഞാൽ വർഗീസിന്റെ മോന്റെ കല്യാണ തലേന്ന് രമേശനും സേവ്യാറും രാത്രിയത്തെ ഭക്ഷണം വിളമ്പുന്നതിന് തൊട്ട് മുൻപ്, ഏകദേശം ഏഴര മണിക്കാണ് ആ വിവരം ഏവരും അറിയുന്നത്. അറിഞ്ഞവർക്കാർക്കും ഒന്നും പറയാനില്ലായിരുന്നു.അതിന് മാത്രമുള്ള ഗൗരവം ഇല്ലാഞ്ഞിട്ടല്ല.

വിഷയത്തിന്റെ ഗൗരവം അത്രേ പ്രധാനപ്പെട്ട ഒന്നാണ് , കോഴിക്കോട് മെഡിക്കൽ കോളേജിൽ അസുഖമായി വന്നു കിടത്തത്തിലായ ഒരാളല്ല ഞാൻ, പകരം രോഗിക്ക് ഒപ്പം വന്നൊരാളാണ്. പക്ഷെ പിടുത്തം കിട്ടാത്തത് അതല്ല, കോഴിക്കോട് മാനാഞ്ചിറ'എന്നത് വലിയൊരു ആൾക്കൂട്ടമുള്ളിടമാണ്, അവിടെയെങ്ങനെ ഞാൻ എത്തിപ്പെട്ടു,?

മാനാഞ്ചിറയിലെ തെക്കേ ബെഞ്ചിന്റെ തൊട്ടരികിലായുള്ള റിങ്ങിൽ ഞാനെങ്ങനെ തൂങ്ങിയ നിലയിൽ

പക്ഷെ പിടുത്തം കിട്ടാത്തത് അതല്ല, കോഴിക്കോട് മാനാഞ്ചിറ' എന്നത് വലിയൊരു ആൾക്കൂട്ടമുള്ളിടമാണ്, അവിടെയെങ്ങനെ ഞാൻ എത്തിപ്പെട്ടു,?മാനാഞ്ചിറയിലെ തെക്കേ ബെഞ്ചിന്റെ തൊട്ടരികിലായുള്ള റിങ്ങിൽ ഞാനെങ്ങനെ തൂങ്ങിയ നിലയിൽ കാണപ്പെട്ടു?

കാണപ്പെട്ടു?

മരിച്ചു കഴിഞ്ഞു ഓർമ്മയുണ്ടായിരുന്നേൽ ഞാനന്ന് നടന്നത് പറഞ്ഞു തരുമായിരുന്നു. അതുമല്ലെങ്കിൽ തൊട്ട് മുന്നേയുണ്ടായ അവസ്ഥ അറിഞ്ഞാലും പറയാമായിരുന്നു.

അങ്ങനെയിരിക്കുമ്പോൾ എന്നെ, ആരോ മയക്കി കൊണ്ട് വന്നതായിരിക്കും.നിങ്ങളൊക്കെ പറഞ്ഞു മാത്രമുള്ള അറിവാണ് എന്നെ കാണാതായതെന്ന്.

പക്ഷെ, ഞാൻ പറയും ഞാനാരെയോ കൊണ്ട് വന്നതാണ് മെഡിക്കൽ കോളേജിൽ!അതാരെയാണെന്ന് നിങ്ങൾ തന്നെ പറഞ്ഞു തരണം.

അറിയാം, നിങ്ങളോടിത് പറയുമ്പോൾ നിങ്ങളുടെ സ്ഥാനത്ത് ഞാനാണേൽ പറയും ചെലക്കാണ്ട് പോടാ..എന്ന്.

അവന്റെയൊരു തൊലിഞ്ഞ ചോദ്യമെന്ന് പറഞ്ഞു പുച്ഛിച്ചു തള്ളും.

അപ്പൊ ഞാൻ ചോദിക്കട്ടെ സത്യം ആരു പറയും. അത് പറ..

സത്യം ആര് പറയും??

കല്യാണ വീട്ടിൽ എന്നെ കണ്ടില്ലെന്ന് നിങ്ങൾ പറയുമ്പോൾ, എന്റെ ഓർമ്മയിൽ ഭക്ഷണം കഴിക്കാൻ രമേശൻ ലിസിയേയും പിള്ളേരെ വിളിക്കുകയും. ഞാൻ വാച്ചിൽ സമയം നോക്കി ഏഴര ആയിട്ടേ ഉള്ളൂ വേണ്ടായെന്ന് പറഞ്ഞതും' പിള്ളേർ ഓടിപ്പോയി സീറ്റിൽ ഭക്ഷണം കഴിക്കാൻ ഇരുന്നതും. ലിസി എന്നെയും രമേശനെയും നോക്കി ചിരിച്ചതുമൊക്കെ പിന്നെയെങ്ങനെ എന്റെ ഓർമ്മയിൽ തങ്ങി നിൽക്കുന്നു.

അങ്ങനെയെങ്കിൽ ലിസിയും രമേശനും ഈ കാര്യം ആരോടും പറയാതെ നിൽക്കുന്നത് എന്താണ്?

അവിഹിതം എന്നൊന്നും പറഞ്ഞു കേസ് മാറ്റരുത്, ഇത് അതൊന്നും അല്ല. അപ്പൊ എന്നെയെങ്ങനെ ആളുകൾ കല്യാണ തലേന്ന് മുതൽ കണ്ടില്ലെന്ന് പറയും. അവിടെ എന്നെ, 'അന്ന്' കണ്ടവർ എന്ത് കൊണ്ട് ഇതിന് മറുപടി പറയാത്തത്.

മരിച്ചുവെന്ന് പറയപ്പെടുന്ന എനിക്ക് നടന്നതൊന്നും വ്യക്തമാകുന്നില്ല. പിന്നെയെങ്ങനെ ഈ കേസ് തെളിയിക്കും. എന്റെ കൊലപാതകിയെ കണ്ടെത്തും.

ഒരു നായിന്റെ മോനും എന്നെ പോസ്റ്റ് മോർട്ടം ചെയ്യാൻ സമ്മതിക്കില്ലെന്ന് എന്റെ മനസ്സിൽ പറഞ്ഞത് സത്യം തന്നെയാണ്.

എനിക്ക് ഞാൻ കൊണ്ട് വന്ന രോഗിയെ ഒന്ന്കാണാൻ ഡോക്ടർ അനുവദിക്കാതെ എങ്ങനെ സത്യം അറിയും, ആ ഒറ്റ കാരണം കൊണ്ടാണ് മോർച്ചറിയിൽ നിന്ന് ഞാൻ രക്ഷപെട്ടുപോകാൻ ആഗ്രഹിച്ചത്.

**കല്യാണ വീട്ടിൽ എന്നെ കണ്ടില്ലെന്ന് നിങ്ങൾ പറയുമ്പോൾ, എന്റെ ഓർമ്മയിൽ ഭക്ഷണം കഴിക്കാൻ രമേശൻ ലിസിയേയും പിള്ളേരെ വിളിക്കുകയും. ഞാൻ വാച്ചിൽ സമയം നോക്കി ഏഴര ആയിട്ടേ ഉള്ളൂ വേണ്ടായെന്ന് പറഞ്ഞതും' പിള്ളേർ ഓടിപ്പോയി സീറ്റിൽ ഭക്ഷണം കഴിക്കാൻ ഇരുന്നതും. ലിസി എന്നെയും രമേശനെയും നോക്കി ചിരിച്ചതുമൊക്കെ പിന്നെയെങ്ങനെ എന്റെ ഓർമ്മയിൽ തങ്ങി നിൽക്കുന്നു.**

പക്ഷെ അതൊരു ആഗ്രഹമായിരുന്നു. അതാരാണ് നടപ്പിലാക്കിയതെന്നറിയില്ല.

അങ്ങനെയെങ്കിൽ ആ സമയം ഞാൻ മരിച്ചിരുന്നില്ലേ?

പിന്നെ ഞാനെങ്ങനെ സേവ്യാറിന്റെ വീട്ടിലെ കട്ടിലിലെത്തി! എന്നെ എത്തിച്ചയാളെ ഞാൻ കണ്ടില്ലെന്ന് പറഞ്ഞാൽ ആരും വിശ്വസിക്കില്ല.

പക്ഷെ അതാണ് സത്യം.

ആംബുലൻസിൽ ഏകദേശം മൂന്ന് പേര് ചേർന്ന് കൊണ്ട് കിടത്തിയതെന്ന്' ഹോസ്പിറ്റലിൽ ആ സമയം ഉണ്ടായിരുന്ന ഒരാൾ മൊഴി കൊടുത്തിരിക്കുന്നു.

ആ സമയം ഹോസ്പിറ്റലിൽ അധികൃതർ എവിടെപ്പോയി? ആംബുലൻസ് ജീവനക്കാരൻ കൊണ്ട് പോയ ബോഡി വേറെയാണെന്ന് പറയുന്നു, ആ ബോഡി അയാൾ കൊണ്ട് പോയിടം കർമ്മങ്ങൾ നടക്കുന്നുവെന്ന് ജീവനക്കാരന്റെ തെളിവുകൾ.

അപ്പോൾ ഞാൻ ആംബുലൻസിൽ അല്ലെ ഉണ്ടായിരുന്നത്?

ഏത് വണ്ടിയിൽ എന്റെ ശരീരം കടത്തി കൊണ്ട് പോയി?അതാരൊക്കെ? എങ്ങനെ? ഇവിടെ ഡോക്ടർ കുറ്റക്കാരനാണോ? അറിയില്ല ഒന്നുമെനിക്ക്. മരിച്ചു പോയവന്റെ നിസ്സഹായവസ്ഥ നിങ്ങൾക്ക് പറഞ്ഞാൽ മനസ്സിലാകില്ല.

കണ്ണെന്നിൽ തന്നെയുണ്ടെന്ന് ഞാൻ തൊട്ട് കൊണ്ടുറപ്പ് വരുത്തിയിരുന്നു. തൊട്ടെങ്കിൽ കൈ ചലിച്ചുവെന്നല്ലേ സത്യം.അപ്പൊ ജീവനുണ്ടെന്നല്ലെ അർത്ഥം.

എനിക്ക് വെള്ളത്തിന് ദാഹിച്ചു പറഞ്ഞാൽ ആരേലും വിശ്വസിക്കുമോ? അപ്പൊ കൊലപാതക കേസ്'

അല്ലേ ഇവിടെ നടക്കുന്നത്?

ലിസിയും രമേശനും എന്നെ ചതിച്ചുവെന്ന് നിങ്ങൾക്ക് ഞാൻ പറഞ്ഞ അറിവ് വെച്ചു തോന്നുന്നുവെങ്കിൽ അത് വിശ്വസിക്കാൻ എനിക്ക് പ്രയാസമാകുന്നു.

പോലീസിന്റെ നിഴലിൽ അവർ വരണമെങ്കിൽ എന്നെ കണ്ടവർ മൊഴി കൊടുക്കണം,അതിവിടെ നടക്കുന്നില്ല.

അല്ലേൽ അവർ തന്നെ മൊഴി കൊടുക്കണം.അങ്ങനെയൊക്കെ ആകുമ്പോൾ സ്വാഭാവികം തന്നെ അവരെ നമുക്ക് സംശയം വരും.

ഡോക്ടർ മോർച്ചറിയിൽ എന്റെ കാൽ കെട്ടിയ വിധത്തിൽ തന്നെയായിരുന്നു കിടത്തിയതെന്ന് പറയുമ്പോൾ അവിടെ ഒന്നും മറുത്തു പറയാൻ ജീവനക്കാരും തയ്യാർ അല്ല.

ചാക്കിൽ ചന്ദന തിരിയുടെ വാസന ഇരച്ചു കേറിയപ്പോഴാണ് ആ സത്യം ഞാനറിഞ്ഞത്,ഇപ്പൊ കട്ടിലിലല്ല ഞാനുള്ളത്. പഴുക്കാൻ കുല




**ഏത് വണ്ടിയിൽ എന്റെ ശരീരം കടത്തി കൊണ്ട് പോയി?അതാരൊക്കെ? എങ്ങനെ? ഇവിടെ ഡോക്ടർ കുറ്റക്കാരനാണോ? അറിയില്ല ഒന്നുമെനിക്ക്. മരിച്ചു പോയവന്റെ നിസ്സഹായവസ്ഥ നിങ്ങൾക്ക് പറഞ്ഞാൽ മനസ്സിലാകില്ല.**

കെട്ടിയത് പോലെ ചാക്കിൽ എന്നെ കെട്ടിയിട്ടിരിക്കുന്നു.

അങ്ങനെയാണേൽ ഞാൻ മരിച്ചില്ലെന്നല്ലേ തെളിവുകൾ.

എനിക്ക് ചുറ്റും എന്താണ് സംഭവിക്കുന്നതെന്ന് അറിയില്ല..ഒന്നും തന്നെ അറിയില്ല.

ജീവനുണ്ടേൽ എങ്ങനെ രക്ഷപ്പെട്ടു പോകും.

അതെ, ഇനിയൊരു പക്ഷെ ഏതെങ്കിലും പാറക്കെട്ടുകൾക്കിടയിൽ എന്നെ എറിഞ്ഞു തള്ളും അല്ലേ കടലാഴങ്ങളിൽ മീനുകൾ കൊത്തി അങ്ങനെയും കാണാം.

പുഴുത്തു കൊണ്ടുള്ള മരണമെന്ന് ലോകം പറയുമായിരിക്കും ചിലപ്പോൾ. എന്റെ വേദനയെന്നിൽ ഇല്ലാത്തത് ഭാഗ്യം.

ഇല്ല ഞാൻ തൂങ്ങി മരിച്ചെന്ന് പറഞ്ഞത് കള്ളമാണ്, മരിച്ചു എന്ന് പറഞ്ഞതേ കള്ളമാണ്. മരിച്ചവർക്കെങ്ങനെ ഇങ്ങനെ ചിന്തകൾ വരും, ശ്വാസം ഉള്ളത് കൊണ്ട് തന്നെയല്ലേ ഗന്ധം തിരിച്ചറിഞ്ഞത്.

ഡോക്ടർ സർട്ടിഫിക്കറ്റ് മരണകാരണം ശ്വാസം മുട്ടിയെന്ന് തന്നെയാണ്. പിന്നെയെങ്ങനെ ചിലത് മാത്രം ഞാനറിയുന്നു.

നാണമില്ലാത്തവൻ ഒരു ഷഡ്ഢി ഇടാമായിരുന്നു. ഇപ്പോഴാണ് ആ കാര്യം ഓർത്തത്.

അയ്യോ!ഇതെപ്പോഴാണ് എന്റെ ലിംഗം ഛേദിച്ചത് 'ഇങ്ങനെ ലോകം കണ്ടു മരിക്കുന്നതിലും ഭേദം ആ മോർച്ചറിയിൽ തന്നെ ഇരിക്കുകയായിരുന്നു. ഇതാരാണ് ഈ ക്രൂരത ചെയ്തത്, ഡോക്ടർ ആയിരിക്കുമോ.? വേദന മനുഷ്യന് നല്ലത് തന്നെയെന്ന് ആദ്യമായ് തോന്നുന്നു.

എന്റെ ശരീരത്ത് നഷ്ടമായ കണക്കുകൾ ചുമ്മാ നോക്കിയതാണ്, രണ്ട് വിരലുകൾ, നഷ്ടമായി. ഒപ്പം പത്തു കാലിലെയും നഖം കാണാനില്ല. പല്ലുകൾ മൂന്നെണ്ണം.

ശരീരത്ത് ഒരു കലയും മുറിവും വേറെ കാണുന്നില്ല. അത്യാവശ്യം ഇപ്പോഴും സുന്ദരൻ തന്നെ,നിങ്ങൾ തന്നെ പറ ഞാൻ മരിച്ചിട്ടുണ്ടോ? ഉണ്ടേൽ എന്റെ ബോഡി എവിടെ നിന്ന് കിട്ടി.?

ഞാനെങ്ങനെ മരിച്ചു.

മരിച്ചില്ലെന്ന് പറയുന്നവരോട് എനിക്ക് ഒന്നേ പറയാനുള്ളൂ.'ഞാൻ മരിച്ചു 'തെളിവുകൾ തേടി അലയുന്നത് നിർത്താൻ എന്നെ കൊന്നവരെ കണ്ടെത്തി എന്നെ അടക്കം ചെയ്യുക.പിന്നെയുള്ളത് ഞാൻ ആദ്യമേ പറഞ്ഞൊരു കാര്യമാണ് കോഴിക്കോട് മെഡിക്കൽ കോളേജിൽ ഞാനൊരു രോഗിയെ കൊണ്ടു വന്നു, ആ രോഗിയെ കണ്ടെത്തുന്നതിലൂടെ ഈ കേസിന് വലിയൊരു വഴിതെളിവ് നിങ്ങൾക്ക് മുന്നിൽ തുറന്നു കിട്ടും,വേറെ വഴിയൊന്നും ഞാൻ കാണുന്നില്ല. പ്രത്യേകം ശ്രദ്ധയ്ക്ക്

എന്നെ കടലാഴങ്ങളിൽ പോയി തപ്പി നടക്കേണ്ട. അവിടെ ഞാനില്ല.

**എന്ന് പരേതൻ**



സോയ നായർ



# ഡിജിറ്റൽ തടവറ

അച്ഛനും അമ്മയും താൻ ലോകം,
ആ ലോകമെത്ര സുന്ദരമെന്ന്
പറഞ്ഞവർ തൻ ലോകമിന്നീ
ഡിജിറ്റൽ സ്ക്രീൻ!
മണ്ണും ചിരട്ടയും തുമ്പിയും
വെള്ളയ്ക്കാവണ്ടിയും
കാണാനായ് കൈവിരലുകൾ
ചുണ്ണാമ്പു തോണ്ടുന്നു ‘റീൽ‘സ്ക്രീനിൽ.
അൽഗോരിതത്തിൻ ചങ്ങലകൾക്കുള്ളിൽ
മറഞ്ഞിരിപ്പൂ പല കാഴ്ചകൾ.
റീച്ചിനും പണത്തിനും
വൈറലാകാനുമായ്
സ്വകാര്യതയുടെ ശവപ്പറമ്പ്
പരസ്യപ്പെടുത്തുമ്പോൾ
മില്ല്യൺ ഫോളോവേർസിൻ ലൈക്കുകൾക്കിടയിലും
ആ ഒരാൾ തലയുയർത്തിയപ്പോൾ
വിരൽത്തുമ്പിലെ മരുഭൂമിയിൽ
ഏകാന്തതയുടെ തടവറ!
വീടകങ്ങളിലെ ഡിജിറ്റൽ മതിലുകൾക്കുള്ളിൽ
തലകുനിച്ചിരിപ്പൂ ബന്ധങ്ങൾ.
യന്ത്രസംഗീതത്തിന്റെ വള്ളിപ്പടർപ്പുകൾ ചുറ്റിവരിഞ്ഞ്
ഇല്ലാതെയായ് അമ്മ തൻ താരാട്ടും മുത്തശ്ശിക്കഥകളും.
ഒരുരുള ചോറിൻ രുചിയ്ക്കൊപ്പം
കുഞ്ഞുകൈകൾ തിരയുന്നതോ
യുറ്റ്യൂബ് ക്ലിക്കുകൾ.
രാവിൽ നീലവെളിച്ചം മിന്നവേ
മിഴിഞരമ്പുകൾ  മറക്കുന്നു
നിദ്രയും സ്വപ്നവും.
മനുഷ്യൻ നിർമ്മിച്ച ‘എഐ‘
മനുഷ്യതലച്ചോറിനെ
പണയം വെയ്ക്കുന്നു.
ചിതയിൽ എരിഞ്ഞൊടുങ്ങിയാലും
മണ്ണിലേക്ക് മടങ്ങിയാലും
മായാതെ നിൽക്കും സ്ക്രീൻഇടങ്ങളിലോരോരോ
ഡിജിറ്റൽ നിഴലുകൾ!
മണ്ണിന്റെ മണവും മഴയുടെ സംഗീതവും
കിളികളുടെ നാദവും അറിയാതെ
കണ്ണുകൾ തുറന്നിരുന്നു നാം അന്ധരാകുന്നു.
ഇതൊരു തടവറയാണ്,
വാതിലുകളില്ലാത്ത,
കാവൽക്കാരില്ലാത്ത,
പുറത്തുകടക്കാനാവാത്ത
മായക്കാഴ്ചകളുടെ മായാത്ത ഡിജിറ്റൽ തടവറ!

● കവിത



ഡോ. ആനി പോൾ



# നമുക്ക് മരങ്ങളെ സംരക്ഷിക്കാം

തളിരിലകളിൽ മുത്തംവച്ചു
തലോടിയാകുളിർകാറ്റിൽ
താളം തെറ്റിയാശിഖരങ്ങൾ
തോളിലേറ്റി നിന്നാ പൂമരം

ആകാശത്തിന് വെള്ളിമേഘങ്ങളെ
ആശിച്ചുനിന്നൊരാ ശിഖരങ്ങൾ
ആഗതമീ വസന്തത്തിൻ
ആശ്ലേഷത്തിനായ് കൊതിച്ചുനിന്നു

വസന്തത്തിന്നാശ്ലേഷത്താൽ
നാണിച്ചു നിന്നൊരാ ശിഖരങ്ങൾ
പുഷ്പിണിയായന്നൊരു പുലരിയിൽ
പുഞ്ചിരിയോടെ കുണുങ്ങിനിന്നു

പൂഞ്ചോല നൽകുമാ തളിരിലകൾ
പൂമണം പേറുമാ  ശിഖരങ്ങൾ
പുഞ്ചിരി തൂകുമാ പൂമരം
പാഴായി തോന്നി ചിലർക്ക്

മൂർച്ചയേറിയ വാളിന്റെ
ക്രൂരമാം പല്ലുകൾക്കിരയായാപൂമരം

വേദനയോടെ വീണതു
ഖേദമോടെ ഞാൻ നോക്കിനിന്നു

തളിരിലകൾ തിങ്ങിയാശിഖരങ്ങൾ
അവിടെല്ലാം തളർന്നു വീണപ്പോൾ
ഒരമ്മതൻ വ്യണിത ഹൃദയ
മാ മരച്ചുവട്ടിൽ ഞാൻ കണ്ടു

അടർന്നു വീണൊരാ പൂവിതളുകളുടെ
അടക്കിപ്പിടിച്ച വിതുമ്പൽ
അവിടെല്ലാം നിറഞ്ഞുനിന്നത്
മൂകയായ് ഞാൻ കേട്ടുനിന്നു

നിഷ്കളങ്കമീ തളിരിലകൾ
നിസ്വാർത്ഥമീ പൂമരം
പിന്നെന്തിനീ ദ്രോഹം മനുഷ്യാ
പാവമീ പൂമരത്തോട്.

മരങ്ങൾ ഭൂമിയുടെ ശ്വാസമാണ്,
തളിരുകൾ ജീവിതത്തിന്റെ പ്രതീക്ഷ.
നാളെയുടെ തലമുറയ്ക്കായി
മരങ്ങളെ സ്നേഹിക്കാം, സംരക്ഷിക്കാം.

# ആനി

അജയ് നാരായണൻ

ആനപ്പുറത്തേറി
ആനമല കണ്ടിട്ട്
വയ്യിട്ടു വീട്ടിലെത്താൻ
ഏഴര വെളുപ്പിനേ
വീട്ടീന്ന് കുളിച്ചിറങ്ങി,
തനിച്ചിറങ്ങി ആനിപ്പെണ്ണ്.

വെട്ടം താഴും മുന്നേ
വീട്ടിലെത്താൻ
നേരം വെളുപ്പിനേ
ഒരുങ്ങി പെണ്ണ്
ഒറ്റയ്ക്കൊരു പെണ്ണ്,
ആനിപ്പെണ്ണ്!

ആനപ്പുറത്തേറി താഴോട്ടു നോക്കുമ്പം
ചൂളുന്നു മൂളുന്നു കാട്ടുമൈന
വില്ലടിച്ചാംപാട്ട് പാടി കാട്ടുമുളയാടുന്നു
വാലില്ലാ കുരങ്ങച്ചൻ തപ്പു കൊട്ടുന്നു
കാട്ടുചോല കേട്ടുകേട്ട്
പാട്ടെഴുതുന്നു...

തിരിച്ചിറങ്ങുമ്പം കുളിർകാറ്റിനെ
സാരിത്തുമ്പേല് കെട്ടി,
കോരിയെടുത്ത പൂമണത്തെ മൊത്തം
പൂമാനത്തു തൂറ്റി
കാട്ടിലെയൊരു മരവിത്ത്
നാട്ടിലെ വീട്ടിലെ
മണ്ണിനു സമ്മാനിക്കാൻ
തൊടിയിലൊരു കാട്ടുസ്വപ്നമാകാൻ

കാട്ടമ്മയോട് ചോദിച്ചുവാങ്ങിയ
പുന്നാര വിത്തുമായി
വീടെത്തിയപ്പം,
ആനിയമ്മേടെയമ്മ, രണ്ടാനമ്മ
ചട്ടേം മുണ്ടും ചുറ്റിയ ഏലിയമ്മ
ചട്ടുകോമായി കോലം തുള്ളി
ആനിയെ ആണിയടിച്ചു
ഭിത്തിയേല് തൂക്കി.

അതേപ്പിന്നെ
പെണ്ണ് ആനയെക്കണ്ടില്ല
കാറ്റിനെ തൊട്ടില്ല
കുളിരു കോരീല
കളി പറഞ്ഞില്ല
വെട്ടോം കണ്ടില്ല.

ഭിത്തി ചോർന്നുചോർന്നൊരു പുഴ
കാടും തേടി വറ്റിപ്പോയ കഥ
പിള്ളേരിപ്പോഴും
ചുമ്മാ പാടിനടപ്പുണ്ടിങ്ങനെ,
''ആനിപ്പെണ്ണേ മണ്ടിപ്പെണ്ണേ
കാട്ടിപ്പോണ്ടായോ...''

പാട്ടില് കാട്ടീപോയ
ആനിപ്പെണ്ണ്
വീട്ടിലിനിയും തിരിച്ചെത്തിയിട്ടില്ല.
അവളങ്ങനെ പാട്ടിലൂടിപ്പഴും
ഒഴുകുന്നുണ്ട്.



● ശ്രീമദ് ഭഗവത് ഗീത
അദ്ധ്യായം 9

# രാജരാജവിദ്യാരാജഗുഹ്യയോഗം

◉ സുധീർ പണിക്കവീട്ടിൽ

മുക്തിയിലേക്കുള്ള ഏക മാർഗ്ഗം ഭഗവാനിലർപ്പിക്കുന്ന ശുദ്ധമായ ഭക്തിയാണ്. ഇതിനെ വളരെ രഹസ്യമായ അറിവായി കരുതുന്നു. സകല ജീവജാലങ്ങളും, സൃഷ്ടിയും ഭഗവാനിൽ ഉൾക്കൊള്ളവേ അവൻ ഇവയെ സ്പർശിക്കാതെ നിലകൊള്ളുന്നു. ഈ അധ്യായത്തിലാണ് ഭഗവൻ പറയുന്നത് ഭക്തിയോടും സ്നേഹത്തോടും കൂടി അർപ്പിച്ചാൽ ഭക്തർ അർപ്പിക്കുന്ന എന്തും അവനു സ്വീകാര്യമാണ്. ഒരു ഇലയോ, പുഷ്പമോ, പഴമോ ഒരു തുള്ളി ജലമോ. നമ്മുടെ എല്ലാ കർമ്മങ്ങളും അവ എത്ര നിസ്സാരമെങ്കിലും അവയെല്ലാം ഭഗവാനുള്ള ആരാധനയായി നിർവഹിക്കാൻ ഭക്തന് സാധിക്കും.

**രാജാവിദ്യയോഗം എന്ന ഈ അറിവ് എല്ലാ അറിവിലും മികച്ചതാണ്. ഏറ്റവും രഹസ്യവും ഏറ്റവും പവിത്രമായതുമാണ്. സ്പഷ്ടമായി അറിയാവുന്നതും ധർമ്മാനുസരണവുമാണ്. പ്രായോഗികമാക്കാൻ വളരെ എളുപ്പമാണ്. അത് ഒരിക്കലും നശിക്കാത്തതും ഫലമുളവാക്കുന്നതുമാണ്.**

രാജ്യവിദ്യ എന്ന അതീവ രഹസ്യവും പരിശുദ്ധവും വ്യക്തമായി അറിയാവുന്നതും ധർമ്മാനുസാരവും നശിക്കാത്തതും അനുഷ്ഠിക്കാൻ എളുപ്പവുമാണെന്നു ഈ അധ്യായത്തിലെ രണ്ടാം ശ്ലോകം വിവരിക്കുന്നു.

രാജാവിദ്യാരാജഗുഹ്യം
പവിത്രമിദ മുത്തമം
പ്രത്യക്ഷാവഗമം ധർമ്യം
സുസുഖം കർത്തുമവ്യയം

ഇനി വിശദമായി

പ്രഭു പറഞ്ഞു. നീ അസൂയരഹിതനായതിനാൽ പരമ രഹസ്യമായ ഈ ജ്ഞാനത്തെപ്പറ്റി വിജ്ഞാന സഹിതം ഞാൻ നിന്നോട് പറയാം അതറിഞ്ഞാൽ പിന്നെ നീ ഈ ലോകത്തിലെ കഷ്ടപ്പാടുകളിൽ നിന്നും മുക്തനാകും. രാജാവിദ്യ യോഗം എന്ന ഈ അറിവ് എല്ലാ അറിവിലും മികച്ചതാണ്. ഏറ്റവും രഹസ്യവും ഏറ്റവും പവിത്രമായതുമാണ്. സ്പഷ്ടമായി അറിയാവു

ന്നതും ധർമ്മാനുസരണവുമാണ്. പ്രായോഗികമാക്കാൻ വളരെ എളുപ്പമാണ്.അത് ഒരിക്കലും നശിക്കാത്തതും ഫലമുളവാക്കുന്നതുമാണ്. ഓ, അർജുനാ ഈ അറിവ് മനസ്സിലാക്കാത്തവർ ജനനമരണങ്ങളുടെ ചാക്രികമായ ആവർത്തനത്തിൽ പ്പെട്ടു എന്നെ പ്രാപിക്കാനാവാതെ ജനിമൃതികളുടെ ലോകത്തിൽ കഴിയുന്നു. ഇന്ദ്രിയങ്ങൾക്ക് പ്രകടമല്ലാത്ത രൂപത്തിലാണെങ്കിലും എന്നാൽ ഈ ലോകം മുഴുവൻ നിറഞ്ഞിരിക്കുന്നു. സകല ചരാചരങ്ങളും എന്നിലാണ്. ഞാനവയിൽ ഇരിക്കുന്നില്ല.

(സർവഭൂതങ്ങളും എന്നിൽ സ്ഥിതി ചെയ്യുന്നു എന്ന് പറഞ്ഞാൽ സർവ്വചരാചരങ്ങൾക്കും താൻ ആധാരമായി വർത്തിക്കുന്നു എന്നർത്ഥം) വാസ്തവത്തിൽ ഭൂതങ്ങൾ എന്നിലും ഇരിക്കുന്നില്ലെന്നു മനസ്സിലാക്കുക. എന്റെ ദിവ്യമായ യോഗശക്തി നോക്കുക. സൃഷ്ടിക്കുന്നവനും നടത്തുന്നവനുമായ ഞാൻ അവരിലില്ല.

ആകാശത്തിൽ തങ്ങി നിൽക്കുന്ന വായു എല്ലായിടത്തും സഞ്ചരിക്കുന്നപോലെ സകല ചരാചരങ്ങളും എന്നിലിരിക്കുന്നവെന്നറിയുക. വായുവിന്റെ സഞ്ചാരത്തിൽ ആകാശം നിസ്സംഗത പാലിച്ചുകൊണ്ടിരിക്കുന്നപോലെ സകല ചരാചരങ്ങളും പരമാത്മാവിൽ സ്ഥിതി ചെയ്താലും പരമാത്മാവ് നിർലിപ്തമായിരിക്കുന്നു. ഓ, അർജുനാ, വാസ്തവത്തിൽ എല്ലാ ജീവജാലങ്ങളും എന്റേതായ പ്രകൃതിയിൽ ലയിക്കുന്നു. അടുത്ത കൽപ്പാന്തരാരംഭത്തിൽ ഞാനവരെ വീണ്ടും സൃഷ്ടിക്കുന്നു.എന്റെ പ്രകൃതിയെ അധിഷ്ഠാനമാക്കി (അതായത് പരം-അപരം ) സ്വഭാവമനുസരിച്ച് അസ്വതന്ത്രമായ സകലഭൂതസമൂഹത്തെയും ഞാൻ വീണ്ടും വീണ്ടും സൃഷ്ടിക്കുന്നു. ഈ സൃഷ്ടികർമ്മം എന്നെ ബന്ധിപ്പിക്കുന്നില്ല. കാരണം ഞാനതിനോട് ആസക്തിയില്ലാത്തവനായും താല്പര്യമില്ലാത്തവനായും കഴിയുന്നു. എന്റെ നിയന്ത്രണത്തിലും നിർദേശത്തിലും പ്രക്രുതി ചരാചരങ്ങളടങ്ങിയ പ്രപഞ്ചത്തെ ഉണ്ടാക്കുന്നു. തന്മൂലം പ്രപഞ്ചചക്രം കറങ്ങിക്കൊണ്ടിരിക്കുന്നു. പരമേശ്വരനായ എന്റെ പ്രകൃതിയിൽ സകല ചരാചരങ്ങളും നിലനിൽക്കുന്നു എന്ന് മനസ്സിലാക്കാത്ത മൂഢരായ മനുഷ്യർ മനുഷ്യദേഹത്തെ ആശ്രയിച്ചിരിക്കുന്നവനാണ്, ഞാനെന്നു കരുതി എന്നെ നിന്ദിക്കുന്നു. വ്യർത്ഥമായ അറിവുമുള്ള അഹങ്കാരികളും അവിവേകികളുമായവർ രാക്ഷസന്മാർക്കും അസുരന്മാർക്കും ചേരും വിധമുള്ള പ്രകൃതിയെ ആശ്രയിച്ചവരത്രെ. എന്നാൽ മഹാത്മാക്കൾ 'ദൈവിയായ' പ്രകൃതിയെ ആശ്രയിച്ച് (ദൈവിയായ ഗുണങ്ങൾ, ശാന്തത, ഇന്ദ്രിയനിയന്ത്രണം, ദയ, ശ്രദ്ധ മുതലായവയാകുന്നു) എന്നെ നാശമില്ലാത്ത ഭൂതകാരണമായി അറിഞ്ഞു ഏകാഗ്രമായ മനസ്സോടെ എന്നെ ഭജിക്കുന്നു. അവർ, എന്നെ മഹത്വപ്പെടുത്തിയും, പ്രയത്നശാലികളായും എന്നെ നമിക്കുന്നവരായും എപ്പോഴും പരമാത്മചിന്തയുള്ളവരായും, ദൃഢചിത്തരായി എന്നെ ഭക്തിയോടെ ഉപാസിക്കുന്നു.

**ഋക്, യജുസ്സ്, സാമ, എന്നീ വേദങ്ങളും ഞാൻ തന്നെയാകുന്നു. ഞാൻ ലക്ഷ്യമാണ്. അവലംബമാണ്. പ്രഭുവാണ്.സകലതിനും സാക്ഷിയാണ്. ഇരിപ്പിടമാണ്. ആശ്രയമാണ്. ചങ്ങാതിയാണ്. ഉത്ഭവസ്ഥാനമാണ്. ലയസ്ഥാനമാണ്. അടിത്തറയും നിക്ഷേപസ്ഥാനവുമാണ്. അനശ്വരമായ വിത്താണ്. ഞാൻ ചൂട് തരുന്നു. മഴയെ തടഞ്ഞുനിർത്തി പെയ്യിപ്പിക്കുന്നു. ഞാൻ അമരനും, മരണവുമാണ്. ഞാൻ ഉണ്മയും ഇല്ലായ്മയുമാണ്**

യാഗവും യജ്ഞവും ഞാനാകുന്നു. പിതൃക്കൾക്കായുള്ള ശ്രാദ്ധകർമ്മാദികളും, മരുന്നും ഞാനാകുന്നു. ഹോമദ്രവ്യങ്ങളും അഗ്നിയും ഹോമക്രിയയും ഞാനാകുന്നു. ഞാൻ ഈ ലോകത്തിന്റെ അച്ഛനാണ്. അമ്മയാണ്.മുത്തച്ഛനാണ്. കർമ്മദാതാവാണ് . അറിയപ്പെടേണ്ടതും പരിശുദ്ധവുമായവസ്തുവാണ്. ഞാൻ പവിത്രമായ 'ഓം' എന്ന അക്ഷരമാണ്. ഋക്, യജുസ്സ്, സാമ, എന്നീ വേദങ്ങളും ഞാൻ തന്നെയാകുന്നു. ഞാൻ ലക്ഷ്യമാണ്. അവലംബമാണ്. പ്രഭുവാണ്.സകലതിനും സാക്ഷിയാണ്. ഇരിപ്പിടമാണ്. ആശ്രയമാണ്. ചങ്ങാതിയാണ്. ഉത്ഭവസ്ഥാനമാണ്. ലയസ്ഥാനമാണ്. അടിത്തറയും നിക്ഷേപസ്ഥാനവുമാണ്. അനശ്വരമായ വിത്താണ്.

ഞാൻ ചൂട് തരുന്നു. മഴയെ തടഞ്ഞുനിർത്തി പെയ്യിപ്പിക്കുന്നു. ഞാൻ അമരനും, മരണവുമാണ്. ഞാൻ ഉണ്മയും ഇല്ലായ്മയുമാണ് വേദങ്ങളിൽ പറഞ്ഞപ്രകാരമുള്ള കർമ്മങ്ങൾ, അനുഷ്ഠിച്ച് യാഗങ്ങളെകൊണ്ട് എന്നെ പൂജിച്ച് സോമരസം കുടിച്ച് പാപരഹിതരായി സ്വർഗ്ഗപ്രാപ്തിക്കായി പ്രാത്ഥിക്കുന്നവർ അവരുടെ പുണ്യഫലമായി ഇന്ദ്രലോകത്തെ പ്രാപിച്ച് അവിടത്തെ ദിവ്യഭോഗങ്ങളെ അനുഭവിക്കുന്നു.വേദവിധി പ്രകാരം ധർമ്മം അനുസരിക്കുന്ന ഈ കൂട്ടർ വിശാലമായ സ്വർഗ്ഗത്തിന്റെ അനുഭൂതികൾ നുകർന്ന്. അവരുടെ പുണ്യകർമ്മങ്ങളുടെ ഫലം കഴിയുമ്പോൾ നശ്വരമായ ഈ ലോകത്തേക്ക് തന്നെ തിരിയെ വരുന്നു. (സംസാരചക്രത്തിൽ കിടന്നു കറങ്ങാനല്ലാതെ യാഗാദി കർമ്മങ്ങൾ കൊണ്ട് പരമപ്രാപ്തി ലഭ്യമാകുന്നില്ല. ) എന്നെ ധ്യാനിച്ച് ദൃഢചിത്തതയോടെ, ഏകാഗ്രമനസ്സോടെ എന്നെ ആരാധിക്കുന്നവരുടെ യോഗക്ഷേമങ്ങളുടെ ഉത്തരവാദിത്തം ഞാൻ

വഹിക്കുന്നു. ഓ അർജുനാ അന്യ ദേവതകളെ ഉപാസിക്കുന്ന വനും ശരിയായ വഴിക്കല്ലെങ്കിലും എന്നെ ത്തന്നെയാണ് പൂജിക്കുന്നത്. കാര ണം എല്ലാവരുടെയും ഭോക്താവും ഫലദാതാവും ഞാൻ തന്നെയാണ്.

എന്നാൽ അവർ എന്നെ അപ്ര കാരം മനസ്സിലാക്കുന്നില്ല.അതിനാ ൽ അവർ വഴുതിപ്പോകുന്നു.ദേ വന്മാരെ ആരാധിക്കുന്നവർ ദേവ ന്മാരെ പ്രാപിക്കുന്നു. പിതൃക്കളെ ആരാധിക്കുന്നവർ പിതൃക്കളെ പ്രാ പിക്കുന്നു. ഭൂതങ്ങളെ ആരാധിക്കു ന്നവർ ഭൂതങ്ങളെ പ്രാപിക്കുന്നു. എന്നെ പൂജിക്കുന്നവർ എന്നിലേ ക്ക് വരുന്നു. അവർ വീണ്ടും ജനി ക്കുന്നില്ല.

പത്രം, പുഷ്പം, ഫലം തോയം
യോ മി ഭക്ത്യാ പ്രയ ച് ച്ഛതി
തദഹം ഭക്ത്യപഹൃത
മശ് നാമി പ്രയ താത് മന:

ഒരു ഇലയോ,പൂവോ, ഫലമോ, ഒരു തുള്ളി ജലമോ ഭക്തിയോടു കൂടി എനിക്ക് ആർ നിവേദിക്കു ന്നുവോ ഞാനാ ഉപഹാരത്തെ സ്വീകരിക്കുന്നു. ഓ അർജുനാ, നീ എന്ത് ചെയ്താലും എന്ത് തിന്നാ ലും നീ യാഗാഗ്നിയിലേക്ക് എന്ത് നേദിച്ചാലും എന്തൊക്കെ ധർമ്മം കൊടുത്താലും എത്ര കഠിനമായ വ്യതം നീ എടുത്താലും അതെല്ലാം എനിക്കായി നീ നേദിക്കുക.

ഇങ്ങനെ നീ എനിക്കായി അർപ്പ ണം ചെയ്താൽ ശുഭാശുഭഫലങ്ങ ളോടുകൂടിയ കർമ്മബന്ധങ്ങളിൽ നിന്നും നീ മുക്തനായി തീരും. അങ്ങനെ സംന്യാസ യോഗത്തോ ടു കൂടി വിമുക്തനായിട്ട് എന്നെ പ്രാപിക്കയും ചെയ്യും ഞാൻ എല്ലാ ജീവജാലങ്ങളിലും തുല്യമായി സ്ഥിതി ചെയ്യുന്നു. എനിക്ക് ശത്രു വോ, മിത്രമോ ഇല്ല. എന്നാൽ എന്നെ ഭക്തിയോടുകൂടെ ആരാധി ക്കുന്നവർ എന്റെ കൂടെയുണ്ട്. ഞാ നവരുടെ കൂടെയുണ്ട്.

അപി ചേത് സുദു രാ ചാ രോ
ഭജതേ മാമന ന്യഭാക്
സാധുരേവ സ മന്തവ്യ
സമ്രുഗ് വ്യവസിതോ ഹി സ:

ഏറ്റവും പാപിയായ മനുഷ്യൻ അന്യശരണമില്ലെന്നുറപ്പിച്ച് ഏകാ ഗ്രചിത്തത്തോടെ എന്നെ ആരാ ധിക്കാൻ തീരുമാനിച്ചാൽ അവൻ നല്ലവനെന്നു കണക്കാക്കപ്പെടും. കാരണം അവൻ ശരിയായ നിശ്ച യം ചെയ്തു കഴിഞ്ഞിരിക്കുന്നു.

ക്ഷിപ്രം ഭവതി ധർമാത്മാ
ശശ്വച് ഛാ ന്തിമ് നിഗച് ച്ഛതി
കൗന്തേയ പ്രതിജാനീഹി
ന മേ ഭക്ത: പ്രണശ്യതി

ആ വ്യക്തി വേഗം തന്നെ

**എന്നെ ധ്യാനിച്ച് ദൃഢചിത്തതയോ ടെ, ഏകാഗ്രമനസ്സോടെ എന്നെ ആരാധിക്കുന്നവരുടെ യോഗ ക്ഷേമങ്ങളുടെ ഉത്തരവാദിത്തം ഞാൻ വഹിക്കുന്നു. ഓ അർജുനാ അന്യദേവതകളെ ഉപാസിക്കുന്ന വനും ശരിയായ വഴിക്കല്ലെങ്കിലും എന്നെത്തന്നെയാണ് പൂജിക്കു ന്നത്. കാരണം എല്ലാവരുടെയും ഭോക്താവും ഫലദാതാവും ഞാൻ തന്നെയാണ്.**

ധർമ്മാത്മാവായി തീരുന്നു. ശാശ്വ തമായ സമാധാനത്തെ പ്രാപിക്കു ന്നു. അല്ലയോ, അർജുനാ, എന്റെ ഭക്തൻ നശിക്കില്ലെന്നു തീർച്ചയാ യി അറിഞ്ഞുകൊള്ളുക. സ്ത്രീക ളും വൈശ്യരും ശൂദ്രരും പാപയോ നിയിൽ ജനിച്ചവരും

കൂടി എന്നെ ആശ്രയിച്ചുപരമഗ തിയെ പ്രാപിക്കുന്നു. (ഈ ഉപദേ ശം വായനക്കാരിൽ ചില തെറ്റി ദ്ധാരണകൾ ഉണ്ടാക്കിയേക്കാം അതുകൊണ്ട് ഒരു ചെറിയ വിശദീ കരണം താഴെ കൊടുക്കുന്നു. പാ പയോനികളിൽ ജനിച്ചവർ എന്ന് വേദാന്തം. ഉദഘോഷിക്കുന്നതായി ഒരു തെറ്റിദ്ധാരണ മനുഷ്യരുടെയി ടയിൽ പരക്കുകയും അതനുസരിച്ച് അവർക്കായി ചട്ടങ്ങൾ ഉണ്ടാക്കുക യും ചെയ്തിരുന്നു. ഇങ്ങനെ മുദ്ര കുത്തപ്പെട്ടവരിൽ അപകർഷണാ ബോധവും സ്ത്രീത്വമനോഭാവ വും, കച്ചവടമനസ്ഥിതിയും ഉദാ സീനതയും അലസതയും വന്നു ചേർന്നു. ഇങ്ങനെയുള്ളവർക്ക് വേദപഠനം ശരിയാകില്ലെന്നു ഋഷി മാർ പറഞ്ഞുവെച്ചു. അതുകൊണ്ട വരെ അതിൽ നിന്ന് മാറ്റിനിർത്തി. വേദപഠനത്തിനർഹരാകുവാൻ പ്രഭുവിനെ ഉപവസിക്കുകയും നിരന്തരം അതിനായി സാധന ചെ യ്യുകയുമാണ് വേണ്ടത്, ഉപാസന യിലൂടെ മനസ്സിനെ ശുദ്ധീകരിക്കാ മെന്നു വേദാന്തങ്ങൾ പറയുന്നു. ഏതുതരത്തിൽപ്പെട്ടവരായാലും അവർക്കെല്ലാം അധ്യാത്മപുരോഗ തിയും പരമഗതിയും ഉണ്ടാകാൻ അർഹതയുണ്ടെന്ന് കാണിക്കാനാ ണ് സ്ത്രീകൾ, വൈശ്യർ, ശൂദ്രർ എന്നീ പദങ്ങൾ ഉപയോഗിച്ചിട്ടു ള്ളത്. ഗീത നാലാമധ്യായത്തിൽ ഭഗവൻ പറഞ്ഞു. ചാതുർവർണ്യം മയാസൃഷ്ടം ഗുണകർമ്മ വിഭാഗശ : ഒരാളുടെ ഗുണകർമ്മങ്ങളാണ് അയാളുടെ വർണ്ണം സൃഷ്ടിക്കുന്നത് എന്ന് വ്യക്തമാകുന്നു. മേല്പറ ഞ്ഞവർക്ക് സദ്ഗതി കിട്ടുമ്പോൾ പുണ്യവാന്മാരായ ബ്രാഹ്മണർ ക്കും ഭക്തരായ രാജർഷികൾക്കും പരമഗതി കിട്ടുമെന്ന് പറയേണ്ടതി ല്ലല്ലോ? അതുകൊണ്ട് നശ്വരവും ദുഃഖകരവുമായ ഈ ലോകത്തിൽ മനുഷ്യജന്മം കിട്ടിയവർ എന്നിൽ വിശ്വാസമർപ്പിച്ചു എന്നെ ഭജി ക്കുക.

നിന്റെ മനസ്സ് എന്നിൽ ഉറപ്പി ക്കുക. എന്നെ ആരാധിക്കുക. എന്നെ വണങ്ങുക അങ്ങനെ എന്നെ പരമമായ ആശ്രയമായി കരുതി നിന്റെ മനസ്സിനെ എന്നിൽ യോജിപ്പിച്ച് നീ എന്നെ തന്നെ പ്രാപിക്കുക.

ഒമ്പതാം അദ്ധ്യായം സമാപ്തം
അടുത്തത് **വിഭൂതിയോഗം**
ശുഭം



'Making Memorials all over the USA, Canada and India'
MUKKUT
MONUMENTS INC.
Tel: 1-972-342-0041
www.mukkutmonuments.com
eMail: mukkutmonuments@gmail.com



# നിഗൂഢതകളുടെ താഴ്‌വര

പി എസ് ജോസഫ്

## അധ്യായം 11

## എന്തിനാണ് നീ എന്നെ സൃഷ്ടിച്ചത്?

അതുല്യയുടെ മനസ്സ് കലുഷിതമായിസ്രഷ്ടാവ് അനുഭവിക്കുന്ന പീഡനങ്ങൾ സന്തതികൾ അനുഭവിക്കുന്ന പീഡനങ്ങളേക്കാൾ കൂടുതലാണ്.എന്തിനാണ് നീ എന്നെ സൃഷ്ടിച്ചത്?

ശാന്തിഭവനിലെ മനുഷ്യത്വരഹിതമായ ക്രൂരതകളെയോർത്ത് കരയുമ്പോൾ അതുല്യയുടെ ഹൃദയത്തിൽ ആ ചോദ്യം ഉയർന്നു .അജ്ഞാതനായ ഒരു  ഭീകര സ്വത്വത്തിനു  വേണ്ടിയാണ് താൻ ഈ കുറ്റകൃത്യം ചെയ്യുന്നതെന്നത് അയാളെ വല്ലാതെ വിഷമിപ്പിച്ചു . പീഡകനും കുറ്റവാളിയും . ഓരോ ദിവസവും, കണ്മുമ്പിൽ പീഡനങ്ങൾ നടക്കുമ്പോൾ, അവന്റെ മനസ്സ് കനത്ത വേദന അനുഭവിച്ചുകൊണ്ടിരുന്നു .അവൻ ഭക്ഷണം കഴിക്കുന്നില്ല, എല്ലാ ദഹനവ്യവസ്ഥകളും ശരിയായി പ്രവർത്തിക്കുന്നില്ല .. വെള്ളം കുടിക്കുന്നില്ല. പക്ഷേ, അതൊന്നുമില്ലെങ്ക്ലും , അവന്റെ മനസ്സ് ശരിയായി പ്രവർത്തിക്കുന്നു . തിരഞ്ഞെടുക്കപ്പെട്ട ഇരകൾ കഠിനമായ  വേദനയിൽ പുളയുന്നത് കണ്ടു അവനു വേദനയും  ഞെട്ടലും വെറുപ്പും തോന്നി .

ആദ്യമൊക്കെ അതൊരു സുഖമായിരുന്നു . കുട്ടികൾ തുമ്പികളുടെ വാലിൽ കുത്തുന്നത് പോലെ .ഒരു വ്യാളിയുടെ വാലിൽ കുത്തി പറക്കാൻ വിടുന്നത് പോലെ ഒരു അനുഭവം. മൃഗങ്ങളെ വേട്ടയാടുന്നതിന് പ്രകൃതിക്ക് തനതു നിയമങ്ങൾ ഉണ്ട്. കാനനങ്ങളിൽ വന്യമൃഗങ്ങൾ ഏറ്റവും ദുർബലരായ മൃഗങ്ങൾക്ക് നേരെ കുതിക്കും .മറ്റുള്ളവ അവരിൽ ഒരാളെ അതിന്റെ വിധിക്ക് വിട്ട് രക്ഷപ്പെടും .പക്ഷെ ഇവിടെ ഇത് മനുഷ്യത്വരഹിതമായിരുന്നു. മനുഷ്യരെയും അവരുടെ സ്വന്തം ഇനത്തെയും കൊല്ലാക്കൊല ചെയ്യുന്നു . കൃത്യ അളവിൽ വിഷം നൽകി പീഡിപ്പിക്കാൻ യന്ത്രങ്ങൾ രൂപകൽപ്പന ചെയ്തിരിക്കുന്നു. അത് കാണുമ്പോൾ അയാൾക്ക് ഛർദ്ദിക്കാൻ തോന്നി, സഹിക്കാൻ കഴിയാത്ത വേദന അയാളെ കാർന്നു തിന്നു . കടുത്ത ശിക്ഷാവിധി ആൾരൂപങ്ങളെ ഏൽപ്പിച്ച് പോകണമെന്ന് അയാൾ ആഗ്രഹിച്ചു .പക്ഷെ അയാൾക്ക് അതിൽ നിന്ന് രക്ഷപ്പെടാൻ വഴിയില്ലാത്ത വിധത്തിലായിരുന്നു ശാന്തിഭവന്റെ രൂപവും സംവിധാനവും .

താൻ തന്നെ സൃഷ്ടിച്ച ഈ അവസ്ഥയിൽ നിന്ന് കരകയറാൻ അതുല്യ പരമാവധി ശ്രമിച്ചു. ഒരു വിശ്വാസി അല്ലാത്തതിനാൽ പ്രാർത്ഥനകളിലെക്കും വിശ്വാസ സൗഖ്യനടപടികളിലേക്കും തിരിയാൻ കഴിഞ്ഞില്ല അവന്റെ മനസ്സിൽ എന്ത്, എവിടെ, എപ്പോൾ, എങ്ങനെ എന്നിങ്ങനെയുള്ള ചോദ്യങ്ങൾ മുഴങ്ങി .

ആരോഗ്യമുള്ള മനസ്സിനേക്കാൾ നല്ലത് ഭ്രാന്താണെന്ന് തോന്നി .അല്ലെങ്കിൽ അവർ അനുഭവിക്കുന്ന കഷ്ടപ്പാടുകൾ കണ്ട് ഭ്രാന്തനാകുകയാണെന്ന് അയാൾ കരുതി ക്രൂരമായ റെജിമെന്റേഷൻ നിയന്ത്രിക്കാനും കൊലപ്പെടുത്താനും അവനെ ഇവിടെ നിയോഗിച്ചുകൊണ്ട് അയാൾ ഒരു



**ആരോഗ്യമുള്ള മനസ്സിനേക്കാൾ നല്ലത് ഭ്രാന്താണെന്ന് തോന്നി . അല്ലെങ്കിൽ അവർ അനുഭവിക്കുന്ന കഷ്ടപ്പാടുകൾ കണ്ട് ഭ്രാന്തനാകുകയാണെന്ന് അയാൾ കരുതി ക്രൂരമായ റെജിമെന്റേഷൻ നിയന്ത്രിക്കാനും കൊലപ്പെടുത്താനും അവനെ ഇവിടെ നിയോഗിച്ചുകൊണ്ട് അയാൾ ഒരു വംശഹത്യയുടെ കടിഞ്ഞാൺ നിയന്ത്രിക്കുകയായിരുന്നു, അതിന് ഉത്തരം പറയേണ്ടിവരുക അയാൾ മാത്രമാകും , താൻ കമാൻഡറായിരിക്കുന്ന ഹ്യൂമൻ ഫാക്ടറിയിൽ നിന്ന് രക്ഷപ്പെടാൻ അയാൾക്ക് മുന്നിൽ ഒരു മാർഗവുമില്ല.**

വംശഹത്യയുടെ കടിഞ്ഞാൺ നിയന്ത്രിക്കുകയായിരുന്നു, അതിന് ഉത്തരം പറയേണ്ടിവരുക അയാൾ മാത്രമാകും , താൻ കമാൻഡറായിരിക്കുന്ന ഹ്യൂമൻ ഫാക്ടറിയിൽ നിന്ന് രക്ഷപ്പെടാൻ അയാൾക്ക് മുന്നിൽ ഒരു മാർഗവുമില്ല.

അയാൾ തന്റെ സ്രഷ്ടാവിനെ ശപിക്കുകയും അയാൾക്കെതിരെ പ്രവർത്തിക്കാൻ ആഗ്രഹിക്കുകയും ചെയ്തു. .എന്തിനാണ് താൻ സൃഷ്ടിക്കപ്പെട്ടത്, എന്തിന് വേണ്ടിയാണ് തൻറെ ജനനം എന്ന തന്റെ ചോദ്യത്തിന് താൻ അറിയാത്ത തന്റെ സ്രഷ്ടാവ് ഉത്തരം നൽകിയേ തീരു എന്ന് അയാൾ ആഗ്രഹിച്ചു. എന്തുകൊണ്ടാണ് മനുഷ്യരുടെ വംശഹത്യയിൽ കാർമ്മികത്വം വഹിക്കാൻ തന്നെ നിയോഗിച്ചത്? വേദന സഹിക്കാനാവാത്ത വിധം എന്തിനാണ് ഇത്രയധികം വിവരങ്ങൾ മനസ്സിൽ ഊട്ടിയുറപ്പിച്ചത്. അയാൾ അനുസരണയില്ലാത്ത തെമ്മാടിയായി സ്വയം മാറുന്ന പോലെ തോന്നി.

ശാന്തി ഭവനിലെ കുട്ടികളുമായി ഇടപെടുമ്പോൾ മാത്രമായിരുന്നു അതുല്യ തെല്ലെങ്കിലും ആശ്വാസം അനുഭവിച്ചത് .അവർക്കു അയാൾ പേരിട്ടു .അവരുമായി കളിച്ചു .കുട്ടികൾ ആയതു കൊണ്ടു അവർ പ്രോഗ്രാമിനു വെളിയിലായിരുന്നു.

തടവറയിലെ കൊടും തണുപ്പിലും അരക്ഷിതാവസ്ഥയിലും പെട്ടു അവർ അധികം വൈകും മുൻപേ കടന്നു പോകും എന്നതായിരുന്നു ഒരു കാരണം .

മാത്രമല്ല കുട്ടികളെ രാഷ്ട്രത്തിന്റെ ശത്രു ആയി ആരും പ്രഖ്യാപിച്ചിരുന്നില്ല പക്ഷെ അറിയാതെ അവരുടെ സംഖ്യ ഉയർന്നു .

അതുല്യ ഒരു കൊച്ചു കുട്ടിയെ പോലെ അവരുമായി കളിക്കും . പുതിയ പുതിയ കടങ്കഥകൾ അയാൾ അവർക്കു വേണ്ടി തയ്യാറാക്കും .ഭക്ഷണം കൂടുതലായി നൽകും .അവരെ തോളിലേക്ക് ചേർത്തു ഉയർത്തി നിൽക്കുമ്പോൾ ഇന്നേ വരെ അനുഭവിക്കാത്ത ഒരു സന്തോഷം അയാൾക്കുണ്ടാകും . അവരുടെ ചിരി വന്യമായ ആ ലോകത്ത് മുഴങ്ങി .

നഷ്ടമായ തൻറെ ബാല്യം അയാളുടെ ഓർമ്മയിലെത്തി . അമ്മയെപറ്റി അയാൾ വീണ്ടും വീണ്ടും ആലോചിച്ചു .എന്താകും ഇവരുടെ ജീവിതം ഇവരെ തനിക്കു എന്നെങ്കിലും രക്ഷപെടുത്താനാമോ അയാൾ ആലോചിച്ചു .

•••

## അധ്യായം 12

# അനാഥൻ



ഹൃദയഭേദകമായിരുന്നു അതുല്യയുടെ ആ നിമിഷത്തിലെ നിൽപ്പ് .തൻറെ ജനനം എന്തിനു വേണ്ടിയെന്നുള്ള വല്ലാത്ത സമസ്യയിൽ കൂടി അയാൾ കടന്നു പോകുകയാണ് .എല്ലാ അർത്ഥത്തിലും സംതൃപ്തമായ ഒരു ലോകത്തിലാണ് അതുല്യ ജീവിക്കുന്നത് .ജീവിതത്തിൽ വലിയ മോഹങ്ങൾ ഇല്ല .ശാരീരികമായ ആഗ്രഹങ്ങൾ പരിമിതം .നിവേദിതയുമായി ഉണ്ടായ ബന്ധത്തിന് ശേഷം ലൈംഗിക വികാരം അയാളെ ഇന്നേ വരെ അലട്ടിയിട്ടില്ല . ആദ്യമായായിരുന്നു അതുല്യ ഒരു സ്ത്രീയുമായി അത്ര അഗാധമായി ഇടപെടുന്നത് .പക്ഷേ അതൊക്കെ ശാരീരിക ബന്ധത്തിലാണ് അവസാനിക്കുന്നതെന്ന തോന്നൽ അതുലിനു ഇല്ലായിരുന്നു .

പരിഭ്രാന്തിയോടെ ഇരുവരും പിരിയുമ്പോൾ അതുൽ ആ സത്യം തിരിച്ചറിഞ്ഞു .തനിക്കു ഒരു ലൈംഗിക ജീവിതമില്ല .ആർത്തിയോടെ ഒരാളുമായി അത്ര ഇഷ്ടത്തിൽ കുടുങ്ങിയതാണ് അയാൾ .പഠനം പോലും ഉപേക്ഷിച്ചു നിവേദിതക്ക് ഒപ്പം പോകാൻ മനസ്സു കൊതിച്ചതാണ് .പക്ഷേ മിലാനിലെ ഒരു ഇടത്തരം ഹോട്ടലിൽ ആ സ്വപ്നം എന്നന്നെന്നക്കുമായി വീണുടഞ്ഞു .

നിവേദിത പിന്നെ അതുല്യയുമായി ബന്ധപ്പെട്ടില്ല .അതുല്യ അവളെ കാണാനും ശ്രമിച്ചില്ല . തൻറെ ശരീരത്തിലെ ഏതോ ഒരു ഭാഗം എന്നന്നേക്കുമായി നഷ്ടപ്പെട്ടത് പോലെ അതുല്യക്കു തോന്നി . അങ്ങനെ അയാൾ കുടുതൽ വിധ്വംസക പ്രവർത്തികളിലേക്ക് നീങ്ങി .അതിൽ വല്ലാതെ ആഹ്ലാദിച്ചു കർത്തവ്യം ചെയ്തു തീർക്കുന്നത് പോലെയായിരുന്നു അയാളുടെ പ്രവർത്തനം .ഒരു യന്ത്ര മനുഷ്യനെ പോലെ.

യന്ത്ര മനുഷ്യൻ ആണെന്നിരിക്കട്ടെ .അയാൾക്ക് ചിന്തകൾ ഇല്ലേ വികാരങ്ങൾ ഇല്ലേ കരയാനും ചിരിക്കാനും കഴിയില്ലേ .അപ്പോഴാണ് താൻ കരയാറും ചിരിക്കാറുമില്ല എന്ന കാര്യം അതുല്യ ഓർത്തത് .പകരം നീറുന്ന വേദനയാണ് . ശരീരം വല്ലാതെ ചൂട് പിടിക്കും .ഓർമ്മകൾ പൊട്ടിത്തകരും .ആശ്വാസം തേടാൻ ആരുമില്ല .അമ്മയില്ലാത്ത കുഞ്ഞ്. ഗുരു എത്രയോ അകലെ .ഗുരു തന്നെയാണോ അത് ?തൻറെ അഛൻ ? ആരാണ് അയാൾ തനിക്കു .ഓർമ്മകളുടെസഞ്ചയികയിൽ അയാളുടെ മനസ്സ് കൂപ്പു കുത്തി .ആരാണ് ഞാൻ ?എത്രയോ പേർ എത്രയോ കാലം അന്വേഷിച്ച ചോദ്യം ?ഒരിക്കലും മറുപടി കിട്ടാത്ത ചോദ്യം

> **കൃത്യ അളവിൽ വിഷം നൽകി പീഡിപ്പിക്കാൻ യന്ത്രങ്ങൾ രൂപകൽപ്പന ചെയ്തിരിക്കുന്നു .അത് കാണുമ്പോൾ അയാൾക്ക് ഛർദ്ദിക്കാൻ തോന്നി, സഹിക്കാൻ കഴിയാത്ത വേദന അയാളെ കാർന്നു തിന്നു ..കടുത്ത ശിക്ഷാവിധി ആൾരൂപങ്ങളെ ഏൽപ്പിച്ച് പോകണമെന്ന് അയാൾ ആഗ്രഹിച്ചു .പക്ഷെ അയാൾക്ക് അതിൽ നിന്ന് രക്ഷപ്പെടാൻ വഴിയില്ലാത്ത വിധത്തിലായിരുന്നു ശാന്തിഭവന്റെ രൂപവും സംവിധാനവും**

പക്ഷെ അതുല്യയുടെ ചോദ്യം പ്രകൃതിയുടെ മനസ്സിനെ തന്നെ ഭേദിക്കുന്നതായിരുന്നു .എന്തിനാണ് എന്നെ സൃഷ്ടിച്ചത്? .അഛനോ അമ്മയോ ഇല്ലാത്ത തീർത്തും ഒറ്റപ്പെട്ടു പോയ ഒരു വ്യക്തിയുടെ വിലാപമായിരുന്നു അത് .അനാഥനായ ഒരു വ്യക്തി ലോകവുമായി പൊരുത്തപ്പെടാൻ ശ്രമിക്കുന്നു എല്ലാം അയാൾക്ക് എതിരാണ് .

തടങ്കൽ പ്പാളയത്തിനു കാവൽ നിൽക്കുന്ന അയാൾ തന്നെ ആയ്ഷ്ക്കാല തടവിലാണ് .ഓരോ ദിവസവും കാണുന്ന മനുഷ്യത്വരഹിതമായ ക്രൂര പീഡനങ്ങൾ അയാളുടെ അവയവങ്ങളിൽ തന്നെ മാറ്റമുണ്ടാക്കി .

ഒരു മ്യൂട്ടേഷനിൽ എന്ന പോ

ലെ അയാൾ സ്വയം മാറി .

രാവിൽ ഉറങ്ങാതെ അയാൾ തടവറക്ക് ചുറ്റും നടന്നു .ഈശ്വരന്മരെ പ്രാകി. തനിക്കു ജന്മം നൽകിയവരെ ശപിച്ചു .എന്തിന്നാണ് ഈ ജന്മം?ആർക്കു വേണ്ടിയാണ് ഈ ജന്മം ?ഞാൻ ഒരു മനുഷ്യനാണോ? എന്തിനു വേണ്ടിയാണ് എന്നെ സൃഷ്ടിച്ചത് ?അസ്തിത്വപരമായ ആയിരം ചോദ്യങ്ങൾ അയാളെ വേട്ടയാടി .

അയാളുടെ മുന്നിൽ ഇപ്പോൾ ശത്രുക്കളെ ഉള്ളൂ .ബോസും ഹിരണ്യനുമെല്ലാം ശത്രുപക്ഷത്താണ് താൻ ചതിക്കപ്പെട്ടിരിക്കുന്നു എന്ന് അയാൾക്ക്  മനസ്സിലായി .തൻറെ പഠനം പോലും തെറ്റായ വിധത്തിലായിരുന്നു .എന്തിനാണ് താൻ ഈ ഭ്രാന്തമായ ആശയങ്ങൾക്ക് പിന്നാലെ പോയത് .കറുത്ത പുസ്തകം കിട്ടിയാൽ എന്ത് ഇല്ലെങ്കിലെന്ത് .അത് നശിപ്പിക്കാൻ അവനു വലിയ താല്പര്യം തോന്നി .അതിലൂടെ ബോസിനെയും ഹിരണ്യനെയും ആവാഹിക്കാൻ കഴിയുമെന്ന്മനസ്സ്  പറഞ്ഞു .

ഇവിടം എല്ലാം  നശിപ്പിക്കണം .നിത്യമായ ഈ നരകത്തിൽ നിന് മോചനം നേടണം അതുല്യ ആലോചിച്ചു .

•••

## അധ്യായം 13

# അഭയാർഥി ക്യാമ്പ്

ഭീതിദവും ആപൽക്കരവുമായ  കാര്യങ്ങളിൽ തനിക്കു  എപ്പോഴാണ് ക്രൂരമായ അഭിനിവേശം  ഉണ്ടായത് എന്ന് ബോസിന് അറിയില്ലായിരുന്നു. ബാല്യത്തിൽ ഒരു അഭയാർത്ഥി ക്യാമ്പിൽ വളർന്ന അയാൾ  അവിടെ വലിയ കഷ്ടപ്പാടുകൾ അനുഭവിച്ചു .ഒരു കഷണം റൊട്ടിയെ ചൊല്ലിയോ ഒരു കീറിയ കടലാസ്സിന് വേണ്ടിയോ  കൂടെതാമസിക്കുന്ന കുട്ടികളുമായി ഏറ്റുമുട്ടലുകൾ ഉണ്ടായി .അയാളുടെ സഹോദരി അത് ചതിയാണെന്നു കുറ്റപ്പെടുത്തും . പക്ഷേ അയാൾ അതൊന്നും വകവെച്ചില്ല .ഒന്നുമില്ലാത്ത ഒരു കുടുംബത്തിനു ജീവിക്കാൻ എന്തിനും വഴങ്ങണം , എന്നായിരുന്നു അയാൾ അവളോടു പറഞ്ഞത് .

**അതുല്യ ഒരു കൊച്ചു കുട്ടിയെ പോലെ അവരുമായി കളിക്കും . പുതിയ പുതിയ കടങ്കഥകൾ അയാൾ അവർക്കു വേണ്ടി തയ്യാറാക്കും . ഭക്ഷണം കുടുതലായി നൽകും . അവരെ തോളിലേക്ക് ചേർത്തു ഉയർത്തി നിൽക്കുമ്പോൾ ഇന്നേ വരെ അനുഭവിക്കാത്ത ഒരു സന്തോഷം അയാൾക്കുണ്ടാകും . അവരുടെ ചിരി വന്യമായ ആ ലോകത്ത് മുഴങ്ങി .**

കുട്ടിക്കാലത്ത്, കടുത്ത പനി വന്ന ദിവസം അയാൾ അവ്യക്തമായി ഓർമ്മിച്ചു . പരിചരിക്കാൻ ആരുമില്ല . ഡോക്ടറുടെ അടുത്തു കൊണ്ടുപോകാൻ ആരും തയ്യാറായില്ല . .അവൻ ഒരുപാട് കഷ്ടപ്പെട്ടു, പനിച്ചു  ബോധരഹിതനായി..പെട്ടെന്ന് ഹിരണ്യൻ അവന്റെ അടുത്തേക്ക് വന്ന് അവനെ താങ്ങി, അവൻ നെറ്റിയിൽ നനഞ്ഞ തൂവാല ഇട്ടു . .പനി മെല്ലെ കുറഞ്ഞു. ഹിരണ്യനോട്  ഒരു വാക്കെങ്കിലും പറയാൻ അവൻ  ആഗ്രഹിച്ചു, പക്ഷേ അതിനു പോലും  അവന് കഴിഞ്ഞില്ല. അച്ഛനെയും അമ്മയെയും തന്റെ കട്ടിലിനരികിൽ കണ്ട പോലെ വല്ലാത്ത  ഭ്രമത്തിൽ ആയിരുന്നു  അവൻ. പിന്നെ ഹിരണ്യൻ  . അയാളെ സംബന്ധിച്ചിടത്തോളം അമ്മയുടെയും അച്ഛന്റെയും സ്ഥാനത്തായി .

അഛനമ്മമാരുടെ  മരണത്തിന് പ്രതികാരം ചെയ്യണമെന്ന് വിചിത്രമായ ശബ്ദങ്ങൾ അവനോട് ആവശ്യപ്പെടുന്നുണ്ടായിരുന്നു. അപ്പോൾ പെട്ടെന്ന് ഒരു കറുത്ത പുസ്തകം അവന്റെ മുന്നിൽ തൂങ്ങി



ക്കിടന്നു.അതിന് പേരോ സ്ഥലത്തിന്റെ സൂചനയോ ഇല്ലായിരുന്നു.അവന്റെ സ്വപ്നങ്ങളിൽ അതിന് ഒരു പ്രത്യേക സ്ഥാനമുണ്ടായിരുന്നു. അതിന്റെ ഉറവിടത്തെ ക്കുറിച്ചോ ഉള്ളടക്കത്തെക്കുറിച്ചോ യാതൊരു അറിവുമില്ലാതെ, അവൻ അതിന്റെ സാധ്യതകൾ ദൃശ്യവൽക്കരിക്കുകയും അത് എവിടെയാണെന്ന് ഊഹിക്കാൻ ശ്രമിക്കുകയും ചെയ്തു.

അവൻ തനിച്ചായിരുന്നപ്പോൾ, ഹിരണ്യൻ അവനോട് ആ പുസ്തകത്തെക്കുറിച്ച് ചോദിച്ചു. അതെന്താണെന്നോ എവിടെയാണെന്നോ പറയാൻ കഴിഞ്ഞില്ലെങ്കിലും ഹിരണ്യനു അർത്ഥം മനസ്സിലായി.

വിചിത്രമായ ഒരു സൗഹൃദത്തിന്റെ തുടക്കമായിരുന്നു അത്. മറ്റുള്ളവർ കളിക്കുമ്പോൾ, അവർ ഇരുവരും പക്ഷികളെ വേട്ടയാടുന്നതിനോ അല്ലെങ്കിൽ ക്യാമ്പിൽ കാണുന്ന ചെറിയ മൃഗങ്ങളെ കൊല്ലുന്നതിനോ പുതിയ വഴികൾ കണ്ടുപിടിച്ചു. ഇരുവരും മരണത്തെ അഭിമുഖീകരിക്കുന്ന വിചിത്രമായ വഴികൾ സന്തോഷത്തോടെ വീക്ഷിച്ചു. മരണത്തിന്റെ വിശദാംശങ്ങൾ അവതരിപ്പിക്കുന്നതിൽ ഹിരണ്യനു അപാര വൈദഗ്ദ്യം ഉണ്ടായിരുന്നു ,ബോസ് അത് ആസ്വദിച്ചു , പ്രത്യേകിച്ച് ഒരു വിശാലമായ ക്യാൻവാസിൽ എന്ന പോലെ തറയിൽ പരക്കുന്ന രക്തം.

ക്യാമ്പ് അവരെ ഒരുമിപ്പിച്ചു, അവർ കുറ്റകൃത്യങ്ങൾ ആസ്വദിച്ചു പങ്കാളികളായി.ഹിരണ്യൻ അവരുടെ പക്കലുണ്ടായിരുന്ന ചെറിയ ഉപകരണങ്ങൾ ഉപയോഗിച്ച് പക്ഷി മൃഗാദികളെ പീഡിപ്പിച്ചു രസിച്ചു .നിർദ്ദയമായി അവയെ കൊലപ്പെടുത്തുന്നത് അയാളുടെ ഒരു ശീലമായി മാറി, അതിൽ അയാൾ വളരെയധികം ആനന്ദം കണ്ടെത്തി. കണക്കുകൂട്ടലുകളിൽ മിടുക്കനായ അവൻ ഗണിതശാസ്ത്ര സിദ്ധാന്തങ്ങളുമായി ബന്ധപ്പെട്ട ഏത് പ്രഹേളികയും നിർദ്ധാരണം ചെയ്യും . സ്കൂളിൽ അധികം പോകാനായില്ലെങ്കിലും ഈ മിടുക്ക് അയാളെ കൈ വിട്ടില്ല .

**പരിഭ്രാന്തിയോടെ ഇരുവരും പിരിയുമ്പോൾ അതുൽ ആ സത്യം തിരിച്ചറിഞ്ഞു . തനിക്കു ഒരു ലൈംഗിക ജീവിതമില്ല . ആർത്തിയോടെ ഒരാളുമായി അത്ര ഇഷ്ടത്തിൽ കുടുങ്ങിയതാണ് അയാൾ . പഠനം പോലും ഉപേക്ഷിച്ചു നിവേദിതക്ക് ഒപ്പം പോകാൻ മനസ്സു കൊതിച്ചതാണ് . പക്ഷേ മിലാനിലെ ഒരു ഇടത്തരം ഹോട്ടലിൽ ആ സ്വപ്നം എന്നന്നെന്നക്കുമായി വീണുടഞ്ഞു**

നിഗൂഡ രഹസ്യങ്ങളിലും മന്ത്രവാദത്തിലുമായിരുന്നു ബോസിന് താല്പര്യം ., പ്രത്യേകിച്ച് അയാളുടെ ജീവൻ എടുക്കുമായിരുന്ന കടുത്ത പനി വന്നു പോയതിനു ശേഷം . എപ്പോഴും ഒരു സ്വപ്നം അവന്റെ ഓർമ്മയിൽ വരും ., അത് ഇന്നത്തെ ജീവിതവുമായി എന്തെങ്കിലും ബന്ധമുള്ളതാണോ എന്ന് കണ്ടെത്താൻ അയാൾ ആഗ്രഹിച്ചു .ഹിരണ്യൻ അത് കേട്ട് ചിരിച്ചു, പക്ഷേ അത് ഓർമ്മയിൽ നില കൊള്ളുന്ന ഒരു സംഭവമോ മനസ്സിൻറെ കളിയോ ആയിരിക്കാമെന്ന് ഹിരണ്യൻ അവനോട് പറഞ്ഞു. കുട്ടിക്കാലം മുതൽ തന്നെ അറിയാവുന്നവരോട് ബോസ് അതിനെക്കുറിച്ച് അന്വേഷിച്ചു, പക്ഷേ ആരും ഒരു സൂചനയും നൽകിയില്ല. ക്യാമ്പിന്റെ സൂക്ഷിപ്പുകാരൻ അവന്റെ ചോദ്യങ്ങൾ പ്രോത്സാഹിപ്പിക്കുകയും അവനോട് ചോദിക്കാൻ ആഗ്രഹിക്കുന്ന ചോദ്യങ്ങൾ വീണ്ടും വീണ്ടും ചോദിക്കാൻ എപ്പോഴും ആവശ്യപ്പെടുകയും ചെയ്തു.

അവനെ കാണാനും തൊടാനും ലാളിക്കാനും ക്യാമ്പ് മാനേജർ താല്പര്യം കാട്ടി .. കേവലം പ്രണയത്തിന്റെയോ ശാരീരിക വ്യതിയാനങ്ങളുടെയോ പ്രകടനങ്ങളായി ബോസ് അതിനെ കണ്ടു . പുരുഷന് ഒരു പുരുഷനോട് ലൈംഗികമായി ഇഷ്ടം തോന്നുമെന്ന് അയാൾക്ക് ചിന്തിക്കാൻ കഴിഞ്ഞില്ല.

ഇരുവരും തമ്മിൽ അസ്വാഭാവിക ബന്ധമുണ്ടെന്നായിരുന്നു അഭ്യൂഹങ്ങൾ. ബോസും ഹിരണ്യനും അത് അവഗണിച്ചു ... വൃത്തികെട്ട വസ്ത്രം ധരിച്ച ക്യാമ്പ് മാനേജരുടെ ക്രൂരമായ ലൈംഗീക മുന്നേറ്റങ്ങൾ നിശ്ശബ്ദമായി സഹിക്കുന്ന ആൺകുട്ടികളുടെ കഥകൾ ക്യാമ്പിൽ പ്രചരിച്ചിരുന്നതിനാൽ കിംവദന്തികൾ അടിസ്ഥാന രഹിതമായിരുന്നില്ല.

ഒരു ദിവസം ഉച്ച കഴിഞ്ഞു, പണികളെല്ലാം കഴിഞ്ഞു ഹിരണ്യനെ ഒരു മാസിക വാങ്ങാൻ പറഞ്ഞയച്ചു മാനേജർ ബോസിനെ മുറിയിലേക്ക് വിളിച്ചു . .പുറത്ത് ആരെയും കാണാനില്ല. തൊഴിലാളികൾ ഉറങ്ങുകയോ വിശ്രമിക്കുകയോ ആയിരുന്നു .അന്തേവാസികൾ മുറിയിലോ ക്ലാസ്സിലോ ആയിരുന്നു

മാനേജർ വല്ലാതെ അസ്വസ്ഥനായിരിക്കുന്നതായി തോന്നി . അയാളുടെ വസ്ത്രങ്ങൾ ശരിയായിരുന്നില്ല, അയാൾ അവനെ നോക്കി വഷളായ ചിരി ചിരിച്ചു . എന്തോ കുഴപ്പമുണ്ടെന്ന് മനസ്സിലാക്കിഅവൻ പുറത്തേക്ക് പോകാൻ ശ്രമിച്ചു, പക്ഷേ വാതിലടച്ചിരുന്നു, അവന് മുൻപിൽ വേറെ വഴിയില്ലായിരുന്നു. അതിനാൽ, അവൻ വല്ലാതെ ശബ്ദമുയർത്തി . അത്തരം പ്രതിഷേധങ്ങൾ പതിവായതിനാൽ, അവൻ തന്റെ കാരുണ്യത്തിൻ കീഴിലാണെന്ന അറിവ് ഉള്ളതിനാൽ, അയാൾ അവനെ തന്റെ കൈകളിൽ എടുക്കാൻ ശ്രമിച്ചു. അവൻ അയാളെ എതിർത്തു, കഠിനമായി കരഞ്ഞു. വാതിലിൽ മുട്ടി .

ആ നിമിഷം വാതിൽ തുറന്ന്,



**യന്ത്ര മനുഷ്യൻ ആണെന്നിരിക്കട്ടെ . അയാൾക്ക് ചിന്തകൾ ഇല്ലേ വികാരങ്ങൾ ഇല്ലേ കരയാനും ചിരിക്കാനും കഴിയില്ലേ . അപ്പോഴാണ് താൻ കരയാറും ചിരിക്കാറുമില്ല എന്ന കാര്യം അതുല്യ ഓർത്തത് . പകരം നീറുന്ന വേദനയാണ് . ശരീരം വല്ലാതെ ചുട് പിടിക്കും . ഓർമ്മകൾ പൊട്ടിത്തകരും . ആശ്വാസം തേടാൻ ആരുമില്ല . അമ്മയില്ലാത്ത കുഞ്ഞ്. ഗുരു എത്രയോ അകലെ . ഗുരു തന്നെയാണോ അത് ?തൻറെ അഛൻ ?ആരാണ് അയാൾ തനിക്കു . ഓർമ്മകളുടെസഞ്ചയികയിൽ അയാളുടെ മനസ്സ് കൂപ്പുകുത്തി . ആരാണ് ഞാൻ ?എത്രയോ പേർ എത്രയോ കാലം അന്വേഷിച്ച ചോദ്യം ?ഒരിക്കലും മറുപടി കിട്ടാത്ത ചോദ്യം**

കയ്യിൽ കത്രികയുമായി ഹിരണ്യൻ പ്രത്യക്ഷപ്പെട്ടു. അവൻ സൂക്ഷ്മമായി കത്രിക ചലിപ്പിച്ചു., വാർഡൻ ചോരയിൽ കുളിച്ചു കിടന്നു. വലിച്ചെറിഞ്ഞ അയാളുടെ ലിംഗം, വാതിലിലൂടെ പറന്നു, ചുറ്റും പറക്കുന്ന കാക്കകൾ അവ തട്ടിയെടുത്തു കൊണ്ടു പോയി . അയാൾ വേദന കൊണ്ട് പിടഞ്ഞു . അവർ പരസ്പരം ഒരു വാക്കുപോലും പറഞ്ഞില്ല, അയാൾ സ്വന്തം രക്തത്തിൽ അബോധാവസ്ഥയിൽ കിടക്കുന്നത് നോക്കി നിന്നു ..

പിന്നിട് ബോധം വന്നപ്പോൾ അവർ വാതിലടച്ച് ഒരു ചെറിയ ബാഗിൽ വസ്ത്രം എടുത്ത് ക്യാമ്പിൽ നിന്ന് ഓടിപ്പോയി.എന്നന്നെക്കുമായി .

•••

## അധ്യായം 14

# ഡി എന്ന നഗരം

ഒത്തിരി ഓടി, സമനിലയില്ലാത്ത നടപ്പാതകൾ, ചെളി നിറഞ്ഞ വയലുകൾ, തകർന്ന ടാറിട്ട റോഡ് എല്ലാം കടന്ന് അവർ ഒരു പട്ടണത്തിലെത്തി.തങ്ങളെ ആരെങ്കിലും പിന്തുടരുന്നുണ്ടോ എന്നറിയാൻ ഇരുവരും തിരിഞ്ഞു നോക്കി. പുറംലോകത്തേക്കുള്ള വാതിലുകളില്ലാത്ത ക്യാമ്പിൽ നിന്ന് വളരെ ദൂരെയായി വസ്ത്രം മാറി വന്നതിനാൽ അവരെ പിന്തുടർന്നാലും കണ്ടെത്താനാവുമായിരുന്നില്ല.സ്വന്തമായി വീടില്ലാത്തതിനാൽ അങ്ങനെയും അന്വേഷണം സാധ്യമായിരുന്നില്ല .

ഡി വലിയ ഒരു പട്ടണമായിരുന്നു .ചുറ്റും ഉയർന്ന കെട്ടിടങ്ങളായിരുന്നു. അവശരായി, കൈയിൽ പണമില്ലാതെ, അവർ നടപ്പാതയിൽ കുറേ നേരം കിടന്നു, ഭാഗ്യത്തിന്, മൂലയ്ക്ക് ചുറ്റും തുറന്ന പൈപ്പുകൾ ഉണ്ടായിരുന്നു, അവർ മുഖം കഴുകി വെള്ളം കുടിച്ചു, അവർക്ക് ഉന്മേഷം തോന്നി, പക്ഷേ അതോടൊപ്പം വിശപ്പ് അവരെ പതുക്കെ കാർന്നു തിന്നു. ആദ്യം നാണിച്ചെങ്കിലും പിന്നീട് അവർ ഒരു മാന്യനോട് ഭക്ഷണമോ പണമോ നൽകാമോ എന്ന് ചോദിച്ചു .അയാൾ അവറെ പരിഹസിക്കുകയും വീട്ടിലേക്ക് പോകാൻ ആവശ്യപ്പെടുകയും ചെയ്തു .അത് പലതവണ സംഭവിച്ചു.

ഒടുവിൽ, അവർ യാചിക്കുന്നത് നോക്കി നിന്നിരുന്ന ഒരാൾ അവരു

ടെ സഹായത്തിനെത്തി അവരെ തന്റെ ചെറിയ കുടിലിലേക്ക് കൊണ്ടുപോയി...

കുറ്റവാളികളുടെ പറുദീസയായിരുന്നു ഡി. കൊള്ളയടിച്ച പണവും പരസ്യമായോ സ്വകാര്യമായോ സ്വയം വിറ്റ സ്ത്രീകളുടെ വിയർപ്പും കൊണ്ടാണ് അതിന്റെ ഉയരമുള്ള കെട്ടിടങ്ങൾ നിർമ്മിച്ചത്. അത്യധികം സദാചാരവാദികളായ സമൂഹമാണെങ്കിലും, ഇതൊന്നും അവർ കണ്ടില്ലെന്നു നടിച്ചു .

ഡി നഗരം രാവും പകലും വെളിച്ചത്തിൽ കുളിച്ചു നിന്ന് .പ്രകാശപൂരിതമായ രാത്രിയിൽ ഇത്ര ആഹ്ലാദഭരിതമായ മറ്റൊരു നഗരം ഉണ്ടായിരുന്നില്ല .വിലകൂടിയ പ്രീമിയം മദ്യം അവിടെ വിൽക്കുകയും വന്തുകകൾക്ക് സ്ത്രീകളെ അവിടെ കൈമാറുകയും ചെയ്തു. അവിടത്തെ നൃത്തവേദികളിൽ കോടീശ്വരന്മാർ ഒറ്റരാത്രികൊണ്ട് പാവങ്ങളായി മാറി . ഗുണ്ടാസംഘങ്ങൾ ആ ലോകത്തിന് ഒരു പ്രത്യേക നിറം നൽകി.

സമ്പത്തും അധികാരവും മതവും സൃഷ്ടിച്ച ഒരു ദൂഷിത വലയമായിരുന്നു ഡി.

ബോസിനെയും ഹിരണ്യനെയും അവർ ഒരു കുടിലിലേക്ക് കൊണ്ടു പോയി ., അത് ഒരു പിടികിട്ടാപ്പുള്ളിയുടെ നേതൃത്വത്തിൽ ഉള്ള ഒരു ഗുണ്ടാസംഘമാണ് . .അയാൾ അവർക്ക് ഭക്ഷണം നൽകുകയും അവർക്ക് ആവശ്യത്തിന് പാനീയങ്ങൾ കുടിക്കാൻ നൽകുകയും ചെയ്തു. ഒടുവിൽ ശുദ്ധമായ നാടൻ മദ്യവും. തളർന്നുപോയ കുട്ടികൾ. സമാധാനമായി ഉറങ്ങി. പക്ഷെ രാത്രിയിൽ അവർ എഴുന്നേറ്റു കരയാൻ തുടങ്ങി .അവർ എങ്ങനെയാണ് അവിടെ വന്നിറങ്ങിയതെന്ന് അവർ വെളിപ്പെടുത്തിയില്ലെങ്കിലും ആ കുടിലിലെ മനുഷ്യന് അത് നന്നായി അറിയാം യുവാക്കൾക്ക് മയക്കുമരുന്നും കഞ്ചാവും വിൽക്കാൻ.അവർ

**അച്ഛനമ്മമാരുടെ മരണത്തിന് പ്രതികാരം ചെയ്യണമെന്ന് വിചിത്രമായ ശബ്ദങ്ങൾ അവനോട് ആവശ്യപ്പെടുന്നുണ്ടായിരുന്നു. അപ്പോൾ പെട്ടെന്ന് ഒരു കറുത്ത പുസ്തകം അവന്റെ മുന്നിൽ തൂങ്ങിക്കിടന്നു. അതിന് പേരോ സ്ഥലത്തിന്റെ സൂചനയോ ഇല്ലായിരുന്നു. അവന്റെ സ്വപ്നങ്ങളിൽ അതിന് ഒരു പ്രത്യേക സ്ഥാനമുണ്ടായിരുന്നു. അതിന്റെ ഉറവിടത്തെ ക്കുറിച്ചോ ഉള്ളടക്കത്തെക്കുറിച്ചോ യാതൊരു അറിവുമില്ലാതെ, അവൻ അതിന്റെ സാധ്യതകൾ ദൃശ്യവൽക്കരിക്കുകയും അത് എവിടെയാണെന്ന് ഊഹിക്കാൻ ശ്രമിക്കുകയും ചെയ്തു.**

നിർബന്ധിതരായി .തങ്ങൾ നിയമത്തിന്റെ തെറ്റായ വശത്താണെന്ന് അവർക്ക് അറിയാമായിരുന്നിട്ടും, ഭക്ഷണവും പാർപ്പിടവും അവർക്ക് പരമപ്രധാനമായതിനാൽ അവർക്ക് മറ്റു വഴിയൊന്നും ഉണ്ടായിരുന്നില്ല . ഡി നഗരത്തിൽ പോലീസും രാഷ്ട്രീയക്കാരും അവരെ നന്നായി സംരക്ഷിച്ചു.

അത് ഒരു യഥാർത്ഥ വിദ്യാഭ്യാസമായിരുന്നു. സത്യസന്ധമായ ജോലി തങ്ങൾക്ക് ഒരിക്കലും നൽകാത്ത പ്രതിഫലം കുറ്റകൃത്യങ്ങൾ എങ്ങനെ നൽകുമെന്ന് ഇപ്പോൾ അവർക്കറിയാം .ഹിരണ്യന്റെ തന്ത്രപരമായ ആയുധങ്ങൾ ഉപയോഗിക്കാനുള്ള കഴിവ് അതിനുഗുണമായി . .പണത്തിനോ മറ്റെന്തിനോ ആയാലും ആരും അവരുമായി ഇടയാൻ വരില്ല ..ഇടത്തരക്കാർ അവരെ നോക്കി നടുങ്ങി.സൗമ്യവും പരിഷ്കൃതവും ആണെന്നു പുറമേ തോന്നുമെങ്കിലും, ആളുകളെ ഭയപ്പെടുത്തുന്ന എന്തോ ഒന്ന് അവരിൽ ഉണ്ടായിരുന്നു.

വിധി വീണ്ടും അവരെ രണ്ടു വഴിക്കാക്കി . .ഒരിക്കൽ ഒരു കോളേജിൽ മയക്കുമരുന്ന് വിൽപ്പന കഴിഞ്ഞ് മടങ്ങുമ്പോൾ എതിരാളികൾ അവരെ കുടുക്കുകയായിരുന്നു .അവർ അവരെ ദീർഘനേരം പീഡിപ്പിക്കുകയും ബന്ധികളായി തടവിൽ ഒളിപ്പിക്കുകയും ചെയ്തു .

മോചനദ്രവ്യം തട്ടിയെടുക്കുന്നതിൽ വിദഗ്ധരായ ഒരു ക്രൂര സംഘമാണ് ബോസിനെയും ഹിരണ്യനെയും തട്ടിക്കൊണ്ടുപോയത് . തങ്ങളുടെ കണക്കുകൂട്ടൽ പിഴച്ചുവെന്നു പിന്നിടാണ് മാഫിയക്ക് മനസ്സിലായത് . അവരെ വിധിക്ക് വിട്ട് അവർ ഉപേക്ഷിച്ചതോടെ ഇരുവരുടെയും നില പരുങ്ങലിൽ ആയി.ഭാഗ്യവശാൽ സ്വാമി സ്വരൂപ് ആനന്ദ ബോസിനെ ദത്തെടുത്തു. പക്ഷേ ഹിരണ്യന് അത്ര ഭാഗ്യമുണ്ടായില്ല



# Blue Ocean Wealth Solutions

A member of the MassMutual Financial Group

## PHILIPOSE SAMUEL

### 30 Years of Service

I specialize in helping businesses and individuals plan for the future by customizing solutions to meet their needs. I take a client-centered approach by using relevant financial and personal information to understand their goals. I analyze this information and prepare a specific Action Plan to help my clients focus on the steps necessary to reach these goals.



## BUSINESS NEEDS

**EMPLOYEE BENEFITS PRODUCTS**

- Group Term Life Insurance
- Group Whole Life Insurance
- Short-term and Long-term Disability Insurance
- Health Insurance*

MassMutual Leaders Conference: 2022, 2021,2019, 2018
MetLife Leaders Conference: 2015, 2014, 2012-10, 2008, 2005-03, 2001, 1998, 1997
MetLife Presidents Conference: 2007
NAIFA National Sales Achievement Award: 1999
NAIFA Quality Award: 1998


**PHILIPOSE SAMUEL (SAM)**

30 Years of Service

Financial Services Representative Financial Advisor

O: (516) 326-7028 | C: (516) 312-2902

psamuel@financialguide.com | www.blueocean.us.com



Insurance Representative of Massachusetts Mutual Life Insurance Company (MassMutual), Springfield, MA 01111-0001, and its aliated US insurance companies. Registered Representative of and securities and investment advisory services oered through MML Investors Services, LLC, Member SIPC and a MassMutual subsidiary.2200 Northern Boulevard Suite 200 East Hills NY 11548 (516) 686-7000. Local sales agencies are not subsidiaries of MassMutual or its aliated companies. *Property & Casualty insurance is oered through a variety of quality insurance companies that are not aliated with MassMutual or MML Investors Services, LLC. Some health insurance products oered by unaliated insurers. **Not practicing on behalf of MassMutual or its aliates. CRN202501-1659414.



അധ്യായം 8

# ശൂന്യസ്ഥലവും താഴ്വരകളും

സുഭാഷ് വലവൂർ

> **ഏതാണ്ട് പതിനയ്യായിരത്തി മുന്നൂറടി (15300 feet) ഉയരത്തിലാണ് യുംസാംഡോങ് എന്നു നാട്ടുകാർ വിളിക്കുന്ന ഇവിടുത്തെ സീറോ പോയിന്റ്. ലാചുങ് നദിയുടെ കരയിലൂടെയാണ് നമ്മുടെ യാത്ര. അങ്ങോട്ടുള്ള യാത്രയിൽ രണ്ടു മനോഹരങ്ങളായ താഴ്വരകൾ കാണാം. ഫൂനി താഴ്വരയും യും താങ് താഴ്വരയും. 'റോഡോഡെൻഡ്രോൺ' മരങ്ങളുടെ ഒരു വലിയ സങ്കേതത്തിലൂടെയാണ് വാഹനം കടന്നുപോകുന്നത്**

ഹിമാലയത്തിലെ അതിർത്തി പ്രദേശങ്ങളിൽ എവിടെപ്പോയാലും ഒരു സീറോ പോയിന്റ് കണ്ടേയ്ക്കാം. സീറോ പോയിന്റ് എന്നു പറഞ്ഞാൽ മലമ്പാതയിൽ സാധാരണ പൗരന്മാർക്ക് സഞ്ചരിക്കാനുള്ള അവകാശം അവിടെ അവസാനിക്കുന്നു എന്നാണ്. പട്ടാളക്കാർക്കുമാത്രമേ അതിനപ്പുറം കടക്കാൻ അനുവാദമുള്ളൂ.

കാശ്മീരാവട്ടെ ഹിമാചലാകട്ടെ സിക്കിമാവട്ടെ. മഞ്ഞിന്റെ നേരനുഭവവും വെണ്മയുടെ ദൃശ്യഭംഗിയും ഹിമാച്ഛാദിത ഗിരിനിരകളുടെ ദൂരക്കാഴ്ചയുമൊക്കെ നൽകുന്നതാവും അത്തരം സ്ഥലങ്ങളൊക്കെ. ലാചുങ്ങിലും അത്തരം ഒരു സീറോ പോയിന്റുണ്ട്. ഞാൻ ചെല്ലുന്നതിന്റെ രണ്ടുദിവസം മുൻപുവരെ അങ്ങോട്ടേയ്ക്ക് ആരെയും കടത്തിവിടുന്നുണ്ടായിരുന്നില്ല. മഞ്ഞുവീഴ്ചയിൽ വഴികളൊക്കെ അടഞ്ഞുപോയിരുന്നു. എന്നാൽ ഞാൻ ചെന്ന ദിവസം പട്ടാളക്കാർ യാത്ര അനുവദിച്ചു. പൂർണ്ണമായും പട്ടാളമേഖലയിലൂടെ വേണം യാത്ര.

ഏതാണ്ട് പതിനയ്യായിരത്തി മുന്നൂറടി (15300 feet) ഉയരത്തിലാണ് യുംസാംഡോങ് എന്നു നാട്ടുകാർ വിളിക്കുന്ന ഇവിടുത്തെ സീറോ പോയിന്റ്. ലാചുങ് നദിയുടെ കരയിലൂടെയാണ് നമ്മുടെ യാത്ര. അങ്ങോട്ടുള്ള യാത്രയിൽ രണ്ടു മനോഹരങ്ങളായ താഴ്വരകൾ കാണാം. ഫൂനി താഴ്വരയും യുംതാങ് താഴ്വരയും.

'റോഡോഡെൻഡ്രോൺ' മരങ്ങളുടെ ഒരു വലിയ സങ്കേതത്തിലൂടെയാണ് വാഹനം കടന്നുപോകുന്നത്. മൂന്നു നിറങ്ങളിലുള്ള റോഡോഡെൻഡ്രോൺ പൂക്കളാണ് കണ്ടത്. ചുവ





പ്പും പിങ്ക് നിറവും പിന്നെ അപൂർവ്വം മഞ്ഞയോടടുത്ത നിറവും. എന്നാൽ ഇരുപതിലധികം ഇനങ്ങളുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്.

പോകന്ന വഴികൾ പലയിടത്തും ഉരുളൻ കല്ലുകൾ കാണാം. മലയിടിച്ചിൽ നടന്നയിടങ്ങളിൽ യാത്ര സാഹസികമായി തോന്നി. ഒരിടത്ത് അൽപ്പനേരം കാത്തുനിൽക്കേണ്ടി വന്നു. തലേദിവസം വീണ കൂറ്റൻ പാറക്കല്ലുകൾ പൊട്ടിച്ചുകളയുന്ന പട്ടാളക്കാരെ അവിടെ കണ്ടു. ആദ്യത്തെ താഴ്വരരാവിലെയുള്ള ചെറുവെളിച്ചത്തിൽ അതി മനോഹരമായി കാണപ്പെട്ടു. താഴ്വരയിൽ ഇറങ്ങിനടന്നപ്പോൾ ലാചുങ് നദിയിൽ ഒരു പാലം കണ്ടു. ആരെയും സമീപത്തൊന്നും കണ്ടില്ല.

ധൈര്യം സംഭരിച്ച് അതു കടന്നു ചെന്നപ്പോൾ മുകളിൽ നിന്ന് ഒഴുകി

**ദിശാസൂചിയോ അടയാളങ്ങളോ പരിസരത്തൊന്നും ഇല്ലായിരുന്നതിനാൽ ഭാഗ്യം കൊണ്ടുമാത്രമാണ് ചൂടുനീരുറവ തിരിച്ചറിയാൻ കഴിഞ്ഞത്. നീർച്ചാലുകടക്കാൻ തോന്നിയില്ലായിരുന്നെങ്കിൽ ചൂടുനീരുറവ കണ്ടെത്തില്ലായിരുന്നു.**

വന്നുകൊണ്ടിരുന്ന ഒരു നീർച്ചോലയിൽ രണ്ടു ദിവസം മുൻപത്തെ മലയിടിച്ചിലിൽ വീണുകിടക്കുന്ന പാറകൾ തടസ്സമായി കിടക്കുന്ന കാഴ്ചയാണ് കണ്ടത്. ആ പാറകളിൽ കൂടി ചാടിച്ചാടി മറുഭാഗത്തെത്തിയപ്പോൾ ഒരു ചെറിയ കെട്ടിടം കണ്ടു. അതിന്റെ അടുത്തേയ്ക്കു വലിഞ്ഞു കയറിചെന്നപ്പോഴാണ് അതിന്റെ തിട്ടയിലെ ഒരു കുഴലിലൂടെ വരുന്നത്

ഒരു ചൂടു നീരുറവയിലെ ജലമാണെന്ന് തിരിച്ചറിഞ്ഞത്. ദിശാസൂചിയോ അടയാളങ്ങളോ പരിസരത്തൊന്നും ഇല്ലായിരുന്നതിനാൽ ഭാഗ്യം കൊണ്ടു മാത്രമാണ് ചൂടുനീരുറവ തിരിച്ചറിയാൻ കഴിഞ്ഞത്. നീർച്ചാലുകടക്കാൻ തോന്നിയില്ലായിരുന്നെങ്കിൽ ചൂടുനീരുറവ കണ്ടെത്തില്ലായിരുന്നു.


വടക്കൻ സിക്കിമിലെ താഴ്‌വരകളെയും 'വാലി ഓഫ് ഫ്‌ളവേഴ്‌സ്' എന്നാണ് വിളിക്കുന്നത്. ഉത്തരാഖണ്ഡിലെ വാലി ഓഫ് ഫ്‌ളവേഴ്‌സ് ആണ് ആ പേരിൽ പൊതുവേ അറിയപ്പെടുന്നതെങ്കിലും ഇവിടെയും താഴ്‌വര പ്രദേശം മുഴുവൻ ഫെബ്രുവരി മുതൽ നാലുമാസത്തിലേറെ പൂക്കൾ കൊണ്ടു നിറയുമെന്നതിനാലാണ് ആ പേര് കിട്ടിയത്. എല്ലായിടവും കുറെയൊക്കെ പൂക്കൾ ഉണ്ടാകാറുണ്ടെങ്കിലും ഫൂനി വാലിയ്ക്കും യുംതാങ് വാലിയ്ക്കും ഇടയ്ക്കുള്ള താഴ്‌വരയെയാണ് വാലി ഓഫ് ഫ്‌ളവേഴ്‌സ്

**കുറച്ചുദൂരംകൂടി മുകളിലേയ്ക്ക് കയറാൻ അനുവാദമുണ്ടായിരുന്നെങ്കിലും മഞ്ഞ് കാരണം ആർക്കും മുന്നോട്ടു പോകാനായില്ല. മഞ്ഞിന്റെ പതുപതുപ്പിൽ തുള്ളിച്ചാടുകയും വീഴുമ്പോൾ എണീറ്റ് വീണ്ടും ചാടുകയും ചെയ്യുന്ന കുട്ടികളുടെ കാഴ്ച്ച വർദ്ധിച്ച തണുപ്പിലും അന്തരീക്ഷത്തെ ആഹ്ലാദകരമാക്കി. അൽപ്പനേരം മഞ്ഞുരുട്ടിക്കളിക്കുകയും ചെയ്തു. അവിടെ നിന്നു ചുറ്റും നോക്കുമ്പോൾ അസാമാന്യമായ സൗന്ദര്യമാണ് ഹിമാലയത്തിന് തോന്നിയത്. മേഘങ്ങളും സൂര്യപ്രകാശവും ചേർന്നുകൊണ്ടുള്ള വ്യത്യസ്തമായ പാറ്റേണുകളാണ് ഭംഗിയുടെ ഒരടിസ്ഥാനം.**









എന്നു വിശേഷിപ്പിക്കുന്നത്.

ലാചുങ്ങിൽ നിന്നു സീറോ പോയിന്റിലേയ്ക്ക് വരുമ്പോൾ മൂന്നു താഴ്വരകളാണ് കാണുക. ലാചുങ് റിവർ വാലി, ഫൂനി വാലി, യുംതാങ് വാലി എന്നിവയാണവ.യുംതാങ് താഴ്വര കണ്ടു കൊതി തീർന്നിരുന്നില്ല. ഇനി താമസിച്ചാൽ സീറോ പോയിന്റിൽ എത്താൻ കഴിയില്ലെന്ന ദീപന്റെ വാക്കുകൾ തള്ളിക്കളയാൻ കഴിയില്ലായിരുന്നു. നല്ല ആൾത്തിരക്കുണ്ടായിരുന്നതുകൊണ്ട് സാവധാനം ഉയരങ്ങളിലേക്ക് നീങ്ങി. തലേദിവസത്തെ മഞ്ഞുവീഴ്ച ആ പ്രദേശത്തെയാകെ വെണ്മകൊണ്ട് നിറച്ചിരുന്നു. ഷൂ കടം വാങ്ങി പുതയുന്ന മഞ്ഞിൽ കുറേനേരം നടന്നു.

അത്രയും ഉയരത്തിൽ പാചകം ബുദ്ധിമുട്ടായതുകൊണ്ട് നേരത്തേ തയ്യാറാക്കിയ ചായയും ചെറിയ ആഹാരവും ഒരു സ്ത്രീ അടിവാരത്തിൽ നിന്ന് വിൽപ്പനയ്ക്കായി കൊണ്ടു വെച്ചിട്ടുണ്ടായിരുന്നു. ചായ കഴിച്ചു. കുറച്ചുനേരം തങ്ങിയശേഷം ഫോട്ടോയെടുത്തു മടങ്ങി. വാസ്തവത്തിൽ കുറച്ചുദൂരംകൂടി മുകളിലേയ്ക്ക് കയറാൻ അനുവാദമുണ്ടായിരുന്നെങ്കിലും മഞ്ഞ് കാരണം ആർക്കും മുന്നോട്ടു പോകാനായില്ല. മഞ്ഞിന്റെ പതുപതുപ്പിൽ തുള്ളിച്ചാടുകയും വീഴുമ്പോൾ എണീറ്റ് വീണ്ടും ചാടുകയും ചെയ്യുന്ന കുട്ടികളുടെ കാഴ്ച്ച വർദ്ധിച്ച തണുപ്പിലും അന്തരീക്ഷത്തെ ആഹ്ലാദകരമാക്കി. അൽപ്പനേരം മഞ്ഞുരുട്ടിക്കളിക്കുകയും ചെയ്തു.

അവിടെ നിന്നു ചുറ്റും നോക്കുമ്പോൾ അസാമാന്യമായ സൗന്ദര്യമാണ് ഹിമാലയത്തിന് തോന്നിയത്. മേഘങ്ങളും സൂര്യപ്രകാശവും ചേർന്നുകൊണ്ടുള്ള വ്യത്യസ്തമായ പാറ്റേണുകളാണ് ഭംഗിയുടെ ഒരടിസ്ഥാനം.

സമയം പോകെപ്പോകെ നീല





യും പച്ചയും കൂടിച്ചേർന്ന് നിമ്നോന്നതങ്ങളെ മനോഹരമാക്കുമ്പോൾ വെണ്മേഘങ്ങൾ ആകാശത്തെയും പ്രതിബിംബം വഴി ജലരാശിയേയും അണിയിച്ചൊരുക്കി നിർത്തുന്നുണ്ടായിരുന്നു. സന്ധ്യയ്ക്ക് ചുവപ്പുരാശി കൂടി പകർന്നാടുമ്പോൾ അനിർവചനീയമായ ദൃശ്യപ്പൊലിമയാണ് അവിടെയുണ്ടാവുകയെന്ന് ദീപൻ പറഞ്ഞു. പലയിടത്തും ഉരുളൻ കല്ലുകളിൽക്കൂടി കുലുങ്ങിക്കുലുങ്ങിയുള്ളതാണെങ്കിലും ലക്ഷ്യം പോലെത്തന്നെ യാത്രയും മനോഹരമാണ്. താഴ്‌വരയുടെ തുടക്കഭാഗത്തുള്ള കഫെറ്റേരിയയിൽ ഇറങ്ങി മാഗ്ഗി ഓർഡർ ചെയ്ത് പുറത്തുനിൽക്കുമ്പോൾ വളരെ ആഹ്ലാദത്തോടെ സൗഹൃദം പങ്കിടുന്ന ഡ്രൈവർമാരെ കാണാമായിരുന്നു.

സിക്കിമിൽ അനുഭവപ്പെട്ട ഒരു കാര്യം നമ്മുടെ നാട്ടിലെപ്പോലെ അഞ്ചുമിനിട്ടിൽ പത്തു തെറി പറയുന്ന ഡ്രൈവർമാരെ കാണാനില്ല എന്നുള്ളതാണ്. വഴിയിൽ തടസ്സം വന്നാലോ പരിചയക്കുറവുള്ള ഡ്രൈവർമാർ യാത്രയ്ക്ക് തടസ്സമായാലോ ഇടുങ്ങിയവഴിയിൽ ഒന്നു തട്ടിയാലോ ആരും ബഹളം വെയ്ക്കുകയോ ചീത്തവിളിക്കുകയോ ഇല്ല. പരസ്പരം സഹായിക്കുന്ന രീതിയാണ് കണ്ടത്. ഒരുപക്ഷെ ആ ഭൂപ്രകൃതിയിൽ അങ്ങനെയായില്ലെങ്കിൽ ജീവിതം അസഹ്യമാവും എന്നതുകൊണ്ടാവാം. എന്തായാലും സിക്കിമിലെ യാത്രയുടെ സൗന്ദര്യം കൂട്ടുന്നത് മനുഷ്യസൗഹൃദത്തിന്റെ സൗന്ദര്യം കൂടി ചേർന്നാണെന്ന് തോന്നിപ്പോയി.

**എന്റെ മുൻപിൽ നിന്ന ദീപന്റെ ഒരു കൂട്ടുകാരൻ തല മുണ്ഡനം ചെയ്തയാളായിരുന്നു. അയാളെ 'കട്ടപ്പാ' എന്നു വിളിച്ചുകൊണ്ട് തമാശ പറയുമ്പോൾ അയാളുൾപ്പെടെ എല്ലാവരും അതൊക്കെ ആസ്വദിക്കുന്നത് കാണാമായിരുന്നു. സിനിമകൾ എങ്ങനെയാണ് സാർവ്വലൗകികമായിത്തീരുന്നതെന്നത്ഭുതപ്പെട്ടു. ഇന്ത്യയുടെ തെക്കേയറ്റത്തെ ഭാഷയിലെ ഒരു സിനിമ വടക്ക് ഹിമാലയത്തിലും ആഘോഷിക്കപ്പെടുന്നു.**

എന്റെ മുൻപിൽ നിന്ന ദീപന്റെ ഒരു കൂട്ടുകാരൻ തല മുണ്ഡനം ചെയ്തയാളായിരുന്നു. അയാളെ 'കട്ടപ്പാ' എന്നു വിളിച്ചുകൊണ്ട് തമാശ പറയുമ്പോൾ അയാളുൾപ്പെടെ എല്ലാവരും അതൊക്കെ ആസ്വദിക്കുന്നത് കാണാമായിരുന്നു. സിനിമകൾ എങ്ങനെയാണ് സാർവ്വലൗകികമായിത്തീരുന്നതെന്നത്ഭുതപ്പെട്ടു. ഇന്ത്യയുടെ തെക്കേയറ്റത്തെ ഭാഷയിലെ ഒരു സിനിമ വടക്ക് ഹിമാലയത്തിലും ആഘോഷിക്കപ്പെടുന്നു. കേരളത്തിലെ അന്താരാഷ്ട്ര ചലചിത്രോത്സവത്തിൽ വന്ന 'ഫിലിമിസ്ഥാൻ' എന്ന സിനിമയെക്കുറിച്ച് ഓർത്തുപോയി.മനുഷ്യർ തമ്മിൽ മാത്രമല്ല മൃഗങ്ങളോടും അവരുടെ പെരുമാറ്റം സൗഹൃദത്തോടെയാണ്.

മണ്ണിടിഞ്ഞതുകാരണം ഞങ്ങളുടെ കാർ ഒരു സ്ഥലത്തു നിർത്തിയിട്ടപ്പോൾ കുരങ്ങന്മാർ കാറിനു മുകളിൽ കയറി. കഴിക്കാനെന്തെങ്കിലും കിട്ടുമെന്ന് വിചാരിച്ചാണ് അവർ വരുന്നതെന്ന് ഡ്രൈവർ പറഞ്ഞപ്പോൾ ഞാൻ എന്റെ കൈയിലുണ്ടായിരുന്ന മാൽകിൻസ് ബിസ്കറ്റ് കൊടുത്തു. അതിനിടയിൽ ഒരു വികൃതിക്കുരങ്ങ് കാറിന്റെ വശത്തുണ്ടായിരുന്ന ഏരിയൽ വളച്ചു പിടിച്ചു. ഡ്രൈവർ ചിരിച്ചുകൊണ്ട് എടാ ഒടിച്ചുകളയാതെടാ എന്നൊക്കെ പറഞ്ഞു. വണ്ടി നീങ്ങി ഒരു സ്ഥലത്തെത്തിയപ്പോൾ വളഞ്ഞുപോയ ഏരിയൽ ചിരിച്ചുകൊണ്ട് പിടിച്ച് നേരെയാക്കി. നമ്മുടെ നാട്ടിലായിരുന്നെങ്കിൽ ഈ സമയം ചെവിപൊത്തേണ്ടിവന്നേനെ.


● പുസ്തകലോകം




# സർഗജ്വലനത്തിന്റെ മാന്ത്രികത

◉ കെ ബാലചന്ദ്രൻ

ഒരു ജനസമൂഹത്തിന്റെ മുന്നോട്ടുള്ള പ്രയാണത്തിലെ നാഴിക്കല്ലുകളായ സംഭവഗതികളെയാണ് ചരിത്രത്താളുകൾ മിക്കതിലും നാം കാണുക. ഭൗതിക നേട്ടങ്ങളുടെയും വൻ വിജയങ്ങളുടെയും നാൾവഴികളാണ് ചരിത്രം എന്ന ധാരണ രൂപപ്പെട്ടതും അതുകൊണ്ടുതന്നെ. എന്നാൽ ബൗദ്ധികവും സാംസ്കാരികവുമായ നിരന്തര ഇടപെടലുകളിലൂടെ രൂപപ്പെടുന്ന മാനസികലോകവും അതിന്റെ വികാസവുമാണ് ഏതൊരു സമൂഹത്തിൻറേയും കാലാതിവർത്തിയായ യശ്ശസിൻറെ അടിത്തറ എന്ന കാര്യം ഏവരും അംഗീകരിക്കുന്നുണ്ടുതാനും.



സാംസ്കാരിക നഭസ്സിലെ തിളക്കമേറിയ ചില നക്ഷത്രങ്ങൾ വാൽനക്ഷത്രങ്ങളെ അനുസ്മരിപ്പിക്കുമാറ് ക്ഷണഭംഗുരങ്ങളാവുകയും സമൂഹത്തിന്റെ ഓർമ്മയിൽ നിന്നുതന്നെ മാഞ്ഞുപോവുകയും ചെയ്യാറുണ്ട്.

ഒരു കാലഘട്ടത്തിൽ ഏവരുടെയും അന്തർ ലോകത്തെ ത്രസിപ്പിച്ച ആ സാംസ്കാരിക പ്രതിഭാസം അങ്ങനെ എന്നെന്നേക്കുമായി നഷ്ടമാകാൻ അനുവദിക്കാമോ?

ഈ പശ്ചാത്തലത്തിലാണ് മലയാളനാട്: സ്മരണകളിൽ സുവർണരേഖ എന്ന കൃതി കേരളത്തിന് ഒരു സവിശേഷ സാംസ്കാരിക സംഭാവനയായിത്തീരുന്നത്. മലയാളനാട് വാരികയെ വെറുമൊരു പ്രസിദ്ധീകരണത്തിനപ്പുറം ഉർവരമായ ഒരു സാഹിത്യകാലഘട്ടത്തിലെ ത്രസിക്കുന്ന ചിഹ്നമായി രൂപപ്പെടുത്തിയ അണിയറയിലെ സർഗ്ഗഭാസുര മനസ്സുകളിൽ പ്രധാനിയാണ് ഈ ഗ്രന്ഥത്തിന്റെ രചയിതാവ് എന്ന പ്രത്യേകതയുമുണ്ട്.

അതുകൊണ്ടുതന്നെ ഈ രചനയിലൂടെ കടന്നുപോകുമ്പോൾ ഓർമയിൽ എവിടെയോ നിറമറ്റു

വാടിത്തളർന്നു നിൽക്കുന്ന ഒരു സാംസ്കാരിക സുവർണകാലം വീണ്ടും പച്ചപ്പാർന്ന് അതിന്റെ സർവ്വ പ്രതാപത്തോടും മുന്നിലെത്തുന്ന അത്ഭുതമാണ് വായനക്കാർ അനുഭവിക്കുക. ഓരോതാളിലും തുടിച്ചു നിൽക്കുന്ന മലയാളനാട് കാലത്തിന്റെ ആത്മഭാവമാണ് ഈ കൃതി നൽകുന്ന അവിസ്മരണീയമായ സമ്മാനം.

സാഹിത്യ സംസ്കാരത്തെ ചെറുപ്പം മുതൽ ഹൃദയത്തിൽ കുടിയിരുത്തിയ സമ്പന്നനായ ഒരു വ്യവസായിയുടെ അഭിലാഷ പൂർത്തീകരണമെന്ന് നിലയിലായിരുന്നു തുടക്കത്തിൽ സമൂഹം മലയാളനാടിനെ കണ്ടത്. ഈ പ്രസിദ്ധീകരണത്തിന് ഊർജ്ജം പകർന്ന വസ്തുത അതുതന്നെയായിരുന്നു എങ്കിലും എസ് കെ നായർ എന്ന ബഹുമുഖ പ്രതിഭയെ അന്ന് അടുത്ത സുഹൃത്തുക്കൾക്ക് മാത്രമേ അറിയാമായിരുന്നുള്ളൂ.

കുറഞ്ഞൊരു കാലംകൊണ്ട് ഒരു സാഹിത്യ ചങ്ങാതിക്കൂട്ടം രൂപപ്പെടുത്താനും അവരെ തന്റെ സ്വപ്നപദ്ധതിയുടെ ചാലകശക്തിയാക്കുവാനും എങ്ങനെ സഹൃദയനായ ഈ വ്യവസായിക്ക് കഴിഞ്ഞുവെന്ന് ഈ പുസ്തകം വിശദമായി ചിത്രീകരിക്കുന്നു.

കേരള പത്രപ്രവർത്തന മേഖലയിലെ ഏകാന്തപഥികനും അനന്യസാധാരണ സർഗ്ഗജ്വാലയുമായ കൗമുദി ബാലകൃഷ്ണൻ ആയിരുന്നു എസ് കെ യുടെ പ്രചോദനം. കാമ്പിശ്ശേരി കരുണാകരന്റെ ജനയുഗം വാരികയുടെ പുതുമയാർന്ന രീതികളും അദ്ദേഹത്തെ ആകർഷിച്ചു.

വ്യത്യസ്തമായ ഒരു സാംസ്കാരിക സാഹിത്യ പാത തെളിച്ചെടുക്കാൻ അത് എസ് കെ നടത്തിയ മുന്നൊരുക്കങ്ങളും ഒരു വ്യാവസായിക ബുദ്ധിക്ക് മാത്രം സാധ്യമാകുന്ന തരത്തിലുള്ള ഇടപെടലുകളും ഈ കൃതിയിൽ അനാവൃതമാകുന്നത് കൗതുകം പകരുന്ന രീതിയിലാണ്.

ഒരു നഗരം, ഒരു ദേശം, തിരിയിൽ നിന്ന് കൊളുത്തിയ പന്തം പോലെ വിവിധ പ്രസിദ്ധീകരണങ്ങളിലൂടെ, സാംസ്കാരിക ഉദ്യമങ്ങളിലൂടെ ഒരു വിശാലമായ അക്ഷരലോകമായി മാറുന്നത്

**സാഹിത്യ സംസ്കാരത്തെ ചെറുപ്പം മുതൽ ഹൃദയത്തിൽ കുടിയിരുത്തിയ സമ്പന്നനായ ഒരു വ്യവസായിയുടെ അഭിലാഷ പൂർത്തീകരണമെന്ന് നിലയിലായിരുന്നു തുടക്കത്തിൽ സമൂഹം മലയാളനാടിനെ കണ്ടത്. ഈ പ്രസിദ്ധീകരണത്തിന് ഊർജ്ജം പകർന്ന വസ്തുത അതുതന്നെയായിരുന്നു എങ്കിലും എസ് കെ നായർ എന്ന ബഹുമുഖ പ്രതിഭയെ അന്ന് അടുത്ത സുഹൃത്തുക്കൾക്ക് മാത്രമേ അറിയാമായിരുന്നുള്ളൂ. കുറഞ്ഞൊരു കാലംകൊണ്ട് ഒരു സാഹിത്യ ചങ്ങാതിക്കൂട്ടം രൂപപ്പെടുത്താനും അവരെ തന്റെ സ്വപ്നപദ്ധതിയുടെ ചാലകശക്തിയാക്കുവാനും എങ്ങനെ സഹൃദയനായ ഈ വ്യവസായിക്ക് കഴിഞ്ഞുവെന്ന് ഈ പുസ്തകം വിശദമായി ചിത്രീകരിക്കുന്നു.**

എങ്ങനെയെന്ന് കൊല്ലത്തെ മുൻനിർത്തി നടത്തുന്ന അന്വേഷണം ഈ പുസ്തകത്തെ മൂല്യവത്താക്കുന്നു. കെ ജി ശങ്കറിന്റെ പത്രാധിപത്യത്തിൽ പ്രസിദ്ധീകരിച്ചിരുന്ന മലയാളരാജ്യം, കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ജനയുഗം തുടങ്ങി നിരവധി ചെറുതും വലുതുമായ പ്രസിദ്ധീകരണങ്ങളിലൂടെ കടന്നുചെന്നാണ് അക്ഷര ലോകത്തെ പുതിയൊരു പച്ചത്തുരുത്തായി മാറിയ മലയാളനാടിൻറെ കഥയിലേക്ക് വായനക്കാരൻ എത്തിച്ചേരുന്നത്. കൊല്ലം നഗരത്തിൻറെ സാംസ്കാരിക ഡിഎൻഎ കാട്ടിത്തരുന്ന ഈ പുസ്തകം ഒരു സാംസ്കാരിക പ്രചോദനദൗത്യവും നിർവഹിക്കുന്നു.

വാർത്താവിനിമയ സാങ്കേതിക വിദ്യ ശൈശവാവസ്ഥയിൽ ആയിരുന്ന ആ കാലത്ത് സാംസ്കാരിക, സാഹിത്യ മാധ്യമപ്രവർത്തനം ഇത്ര ആവേശപൂർവ്വം നിർവഹിച്ചിരുന്ന ഒരു അനുവാചക സമൂഹം ഇന്നുള്ള സാധ്യതകൾ വിനിയോഗിച്ച് പുതിയ ഉയരങ്ങൾ കണ്ടെത്താൻ എന്തുകൊണ്ട് ശ്രമിക്കുന്നില്ല എന്നതാണ് ഉയർന്നുവരുന്ന ചോദ്യം.

ജനയുഗത്തിന്റെ ബാലയുഗം, ചലച്ചിത്രവാരിക സിനിരമ, കേരളശബ്ദം ഗ്രൂപ്പിന്റെ കുങ്കുമം വാരിക തുടങ്ങിയ അന്ന് ലഭ്യമായ എല്ലാ പ്രസിദ്ധീകരണങ്ങളുടെയും ശൈലിയും സ്വഭാവവും എല്ലാം വിലയിരുത്തി ഒരു തനിമയാർന്ന പ്രസിദ്ധീകരണത്തിന് വേണ്ട ഒരു കൂട്ടായ്മ സൃഷ്ടിക്കുകയാണ് എസ് കെ ആദ്യം ചെയ്തത്. പത്രാധിപരുടെ സ്ഥാനത്ത് സ്വന്തം പേര് അച്ചടിക്കാൻ വിസമ്മതിച്ചുവെങ്കിലും പത്രാധിപസമിതിയിൽ ഉണ്ടായിരുന്ന നോവലിസ്റ്റ് കാക്കനാടന്റെ സംഭാവന ഗണ്യമായിരുന്നു. കാക്കനാടന്റെ ശ്രദ്ധേയമായ കൃതികൾ പറങ്കിമല, ഒറോത, ഈ നായ്ക്കളുടെ ലോകം തുടങ്ങിയവയും പ്രശസ്തമായ പല കഥകളും മലയാള നാടിൻറെ സാഹിത്യ കുതുകികളുടെ ഇഷ്ടഭാജനമാക്കി.

എം കൃഷ്ണൻനായരുടെ സാഹിത്യ വാരഫലം എന്ന ജനപ്രിയ പംക്തിയാണ് കാലക്രമേണ മലയാളനാടിന് അസാധാരണമായ ഒരു ജനസമ്മിതി നേടിക്കൊടുത്തത്. ലോക സാഹിത്യത്തെ മലയാളിയുടെ കൈവെള്ളയിലെ നെല്ലിക്കയായി മാറ്റിയ ഈ അസാധാരണ സാഹിത്യ നിരൂപകൻ

ഓട്ടോറിക്ഷ തൊഴിലാളി തുടങ്ങി സർവ്വകലാശാല വരെയുള്ളവരെ തന്റെ അനുവാചകരാക്കി. ഒ വി വിജയന്റെ ഇന്ദ്രപ്രസ്ഥം മറ്റൊരു വിഭാഗം വായനക്കാർക്ക് ഡൽഹി വിശേഷങ്ങൾ പറഞ്ഞ് കൗതുകം പകർന്നു.

അധികായന്മാരായ ഈ എഴുത്തുകാർ തമ്മിലുള്ള പരോക്ഷമായ ബലാബലവും വിജയന്റെ പിന്നിലായിപ്പോകുന്നു തന്റെ പ്രാധാന്യമെന്ന കൃഷ്ണൻ നായരുടെ പരിഭവവും ശ്രീനിവാസൻ രേഖപ്പെടുത്തുന്നത് ഈ പുസ്തകത്തിന് മറ്റൊരു മുഖവും കൂടി നൽകുന്നു. സാഹിത്യകാരന്മാരുടെ സാഹിത്യ സ്വകാര്യ ജീവിത കഥകൾ വിവരിക്കുന്ന സാഹിത്യ കഥകൾ (literary lore) രചനാലോകത്ത് അനുവാചകർക്ക് ഏറെ പ്രിയങ്കരമായ മേഖലയാണ്.

മലയാറ്റൂർ, തകഴി, മാധവിക്കുട്ടി, വൈക്കം മുഹമ്മദ് ബഷീർ, പമ്മൻ തുടങ്ങി വലിയൊരു നിര എഴുത്തുകാരെ സംബന്ധിക്കുന്ന പലതരം അനുഭവകഥകൾ മലയാളനാടിൻറെ കഥയിൽ ഇഴചേർക്കാൻ ഗ്രന്ഥകാരൻ ശ്രദ്ധിച്ചിട്ടുണ്ട്. സാഹിത്യ സ്രഷ്ടാക്കളുടെ ചായം തേയ്ക്കാത്ത മുഖം അനാവൃതമാകുന്ന അപൂർവ്വം മലയാള കൃതിയായി മാറുന്നു ഈ പുസ്തകം. ഇവയുടെ പശ്ചാത്തലത്തിൽ ഭാവവ്യഞ്ജകമായി എഴുതാൻ സമർത്ഥനും ഉദാരനായ ആതിഥേയനും കൈ അയച്ചു പ്രതിഫലം നൽകുന്ന പ്രസിദ്ധീകരണമുടമയുമായ എസ് കെ നായരുടെ നിറം ചേർക്കാത്ത ചിത്രവും കാണാം. ഇനിയുമുണ്ട് ഈ പുസ്തകത്തെ കുറിച്ച് എടുത്തു പറയാവുന്ന നിരവധി പ്രത്യേകതകൾ.

മലയാള സാഹിത്യവും സംസ്കാരിക പത്രപ്രവർത്തനമേഖലയും അടങ്ങിയ ഭൂമികയിൽ പി കെ ശ്രീനിവാസൻ വിളമ്പുന്ന വായനക്കാർക്കുള്ള വിഭവസമൃദ്ധമായ ഒരു അക്ഷരസത്യയെന്ന് ഈ പുസ്തകത്തെ വിശേഷിപ്പിക്കാനാണ് എനിക്കിഷ്ടം.

എസ് കെ നായർ എന്ന നടുനായകനും അദ്ദേഹത്തിൻറെ പടയണിയിലെ സാഹിത്യ സാംസ്കാരിക നായകന്മാരുടെ നിരയ്




**കെ ജി ശങ്കറിന്റെ പത്രാധിപത്യത്തിൽ പ്രസിദ്ധീകരിച്ചിരുന്ന മലയാളരാജ്യം, കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ജനയുഗം തുടങ്ങി നിരവധി ചെറുതും വലുതുമായ പ്രസിദ്ധീകരണങ്ങളിലൂടെ കടന്നു ചെന്നാണ് അക്ഷര ലോകത്തെ പുതിയൊരു പച്ചത്തുരുത്തായി മാറിയ മലയാളനാടിൻറെ കഥയിലേക്ക് വായനക്കാരൻ എത്തിച്ചേരുന്നത്.**

ക്ക് അണിചേരുന്ന സംഭവങ്ങളുടെ യാത്ര കണ്ടിരിക്കുകയാണ് വായനക്കാരൻ. ഇത് സാഹിത്യം കൂട്ടി ഇണക്കിയ സിനിമയടക്കം വിവിധ തലങ്ങളിലെ സർഗ്ഗസൃഷ്ടാക്കളുടെ ഒരുമിച്ചുള്ള പ്രവർത്തനങ്ങളുടെ അനസ്യൂതമായ കഥയാണ്. മലയാള സാഹിത്യ സാംസ്കാരിക വിഷയങ്ങളിൽ താല്പര്യമുള്ള ആരും ഏത് തലമുറയും അവശ്യം വായിച്ചിരിക്കേണ്ടതാണ് ഈ കൃതി.

മലയാള നാട്ടിൽ പ്രസിദ്ധീകരിച്ചവയിൽ നിന്ന് എടുത്തുചേർത്ത മുഖപ്രസംഗങ്ങൾ, ബഷീറിയൻ ശൈലിയിലുള്ള അദ്ദേഹത്തിന്റെ രസകരമായ 'അനുഗ്രഹക്കത്തടക്കം' പലരുടെയും ഉദ്ധരണികൾ എന്നിവയൊക്കെ ഗ്രന്ഥകാരൻ ശ്രദ്ധാപൂർവ്വം ശേഖരിച്ച് ഉൾക്കൊള്ളിച്ചിരിക്കുന്നത് ഈ കൃതിയെ ചരിത്രസാക്ഷിയാക്കി ഉയർത്തുന്നു.വാടിയ താമരവള്ളി എന്ന കെ ബാലകൃഷ്ണന്റെ നഖചിത്രം ഒരു ഞെട്ടലോടെയല്ലാതെ വായിക്കാനാവില്ല.

കൂട്ടത്തിൽ മറന്നുകൂടാത്ത ഒരു കാര്യവും ഗ്രന്ഥർത്താവ് നമ്മെ ഓർമിപ്പിക്കുന്നു. കേരളത്തിൽ ചലച്ചിത്ര അവാർഡുകൾ പുരസ്കാര നിശകൾ എന്നിവ ആരംഭിക്കാൻ കേരള സർക്കാരിന് മാർഗദർശിയായത് സിനിമാനിർമ്മാതാവിന്റേതടക്കമുള്ള വേഷങ്ങൾ കെട്ടിയാടിയ എസ് കെ നായരാണ്. കേരളത്തിൽ ആദ്യമായി ചലച്ചിത്രപുരസ്കാരനിശ നടത്തിയത് അദ്ദേഹമാണ്. (മലയാറ്റൂർ രാമകൃഷ്ണന്റെ ലോഡ്ജ് എന്ന കഥ ചെമ്പരത്തി എന്ന പേരിൽ ചലച്ചിത്രമാക്കാൻ എസ് കെ കണ്ടെത്തിയ പ്രഗൽഭ സംവിധായകൻ പി എൻ മേനോൻ പ്രത്യക്ഷപ്പെടുന്ന ചില സംഭവങ്ങൾ വായിച്ചുതന്നെ ആസ്വദിക്കണം)

1969 മേയിൽ വെളിച്ചം കണ്ട മലയാളനാട് കണ്ണഞ്ചിപ്പിക്കുന്ന ഉയർച്ചകൾ കണ്ടെങ്കിലും 1983ൽ അകാലത്തിൽ പൊലിഞ്ഞുപോയി. ഈ ഉയർച്ചയ്ക്കും പതനത്തിനും ഒന്നല്ലെങ്കിൽ മറ്റൊരു വിധത്തിൽ മലയാളത്തിന്റെ പ്രേമഭാജനമായ ബഹുമുഖ പ്രതിഭ മാധവിക്കുട്ടിയുടെ പങ്ക് ഈ കൃതി വെളിപ്പെടുത്തുന്നു. ആദ്യലക്കം വീണ്ടും അച്ചടിക്കേണ്ടി വരുന്ന

വിധം വായനക്കാരുടെ ആവേശം കരകവിഞ്ഞതിനാൽ നാട്ടിലും മറുനാട്ടിലും ഒരുപോലെ തരംഗമായ മലയാളനാടിന്റെ ഹതവിധി ഒരു കടംകഥയായി തുടരുന്നു.

മാധവിക്കുട്ടിയുടെ വിസ്ഫോടകമായ തുറന്നുപറച്ചിലായ ആത്മകഥ ''എന്റെ കഥ'' പ്രസിദ്ധീകരിച്ചതിലൂടെയാണ് മലയാളനാട് പ്രമുഖ വിദേശ പ്രസിദ്ധീകരണങ്ങളിലടക്കം ആഗോളതലത്തിൽ പരാമർശ വിധേയമായത്; ഒപ്പം മലയാളികളുടെ പ്രജ്ഞയിൽ ശാശ്വത പ്രതിഷ്ഠ നേടിയതും. മാധവിക്കുട്ടിയുടെ വീറോടെ കത്തുന്ന അക്ഷരങ്ങൾ സൃഷ്ടിച്ച അനുരണനങ്ങൾ വിശദമായിത്തന്നെ ഈ താളുകളിലുണ്ട്. ഹെൻട്രി മില്ലറെ മലയാളം പരാജയപ്പെടുത്തി എന്നാണ് ചെറുകഥാകൃത്ത് ടി ആർ ചിത്രകാരൻ, എ സി കെ രാജ എന്നിവർ എഴുതിയത്. ഇതിനെ തുടർന്ന് മലയാളനാടിന്റെ പ്രചാരം പതിന്മടങ്ങായി. തന്നെക്കുറിച്ചുള്ള ആരോപണങ്ങൾക്ക് മാധവിക്കുട്ടിയുടെ മറുപടി ഇങ്ങനെ: ''വ്യഭിചാരണിയും ഞാനാണ് , ദുഷ്ച്ചരിതയും ഞാനാണ് , സുചരിതയും ഞാനാണ്.''

(മലയാളത്തിലെ ഏറ്റവും ബ്രഹത്തായ കയർ എന്ന നോവൽ ഡിമെ എട്ടിലൊന്നു വലിപ്പത്തിലുള്ള മലയാളനാട് പ്രസിദ്ധീകരിക്കാൻ കാട്ടിയ സാഹസത്തിന്റെ കഥകൾ കൗതുകകരം)

മാധവിക്കുട്ടിയുടെ എന്റെ കഥയെ അനുസ്മരിപ്പിക്കുന്ന തരത്തിൽ ദുരർത്ഥത്തോടെ പമ്മൻ എഴുതിയ ഭ്രാന്ത് എന്ന നോവൽ മാധവിക്കുട്ടിയും മലയാളനാടും തമ്മിലുള്ള ബന്ധം വഷളാക്കി. കൊടുങ്കാറ്റ് പോലെ കൊല്ലത്ത് എത്തി മലയാളനാടിൽ എസ് കെ നായർക്കെതിരെ അവർ ശാപം വർഷിച്ചിട്ട് പോകുന്നത് സ്തോഭകരമായ ഒരു ചരിത്ര രംഗംപോലെ തോന്നിക്കും.

പിൽക്കാലത്ത് പത്രാധിപസ്ഥാനം ഏറ്റെടുത്ത വിബിസി നായരിലാണ് മലയാള നാടിൽ ഭ്രാന്ത് പ്രസിദ്ധീകരിച്ചതിന്റെ ഉത്തരവാദിത്വം പതിച്ചത്. ഇതേ വിബിസി നായരുടെ 1974 മുതൽ 1982 വരെ ഓണപ്പതിപ്പിൽ പ്രസിദ്ധീകരിച്ച സാഹിത്യപ്രതിഭകളുടെ അഭിമുഖപംക്തി ''പൂർണ്ണത നേടുന്ന അപൂർണ ബിന്ദുക്കൾ ' ഇന്നും മലയാളി മനസ്സുകളിൽ തിളങ്ങി

**ജനയുഗത്തിന്റെ ബാലയുഗം, ചലച്ചിത്രവാരിക സിനിരമ, കേരള ശബ്ദം ഗ്രൂപ്പിന്റെ കുങ്കുമം വാരിക തുടങ്ങിയ അന്ന് ലഭ്യമായ എല്ലാ പ്രസിദ്ധീകരണങ്ങളുടെയും ശൈലിയും സ്വഭാവവും എല്ലാം വിലയിരുത്തി ഒരു തനിമയാർന്ന പ്രസിദ്ധീകരണത്തിന് വേണ്ട ഒരു കൂട്ടായ്മ സൃഷ്ടിക്കുകയാണ് എസ് കെ ആദ്യം ചെയ്തത്. പത്രാധിപരുടെ സ്ഥാനത്ത് സ്വന്തം പേര് അച്ചടിക്കാൻ വിസമ്മതിച്ചുവെങ്കിലും പത്രാധിപസമിതിയിൽ ഉണ്ടായിരുന്ന നോവലിസ്റ്റ് കാക്കനാടന്റെ സംഭാവന ഗണ്യമായിരുന്നു.**

നിൽക്കുന്നു എന്നും ഓർക്കാം. എം ടി വാസുദേവൻ നായരുടെ പത്നി പ്രമീള നായർ രചിച്ച നഷ്ടബോധങ്ങൾ അദ്ദേഹത്തിന്റെ ഇടപെടൽ മൂലം നിർത്തിവച്ചതും മറക്കാത്ത കഥകളിൽപ്പെടുന്നു.

''അതീവ മൂല്യവത്തായ ഒരു സാഹിത്യ പംക്തി'' എന്ന് ചുരുങ്ങിയ കാലം കൊണ്ട് വ്യാപകമായി പ്രസിദ്ധി നേടിയ ''സാഹിത്യവാരഫലം'' എന്ന പംക്തിയുടെ കഥയും വിശദമായിത്തന്നെ ഈ പുസ്തകത്തിൽ വായിക്കാം. മലയാളനാടിന്റെ വിധിക്കുമേൽ അതിജീവിച്ച് കലാകൗമുദിയിലും അതിനുശേഷം സമകാലിക മലയാളം വാരികയിലും കൂടുമാറിയ ഈ പംക്തി എം കൃഷ്ണൻ നായർ 1500 ആഴ്ചകൾ തികച്ച് സാഹിത്യ പത്രപ്രവർത്തനത്തിൽ ഒരു അപൂർവ്വ മികവിന്റെ മുദ്ര സ്വന്തമാക്കി. ഈ നേട്ടം മുഖം നോക്കാതെ വിമർശിക്കുമെങ്കിലും വിനയാന്വിതനായ ഈ നിരൂപകനെ ലോകതലത്തിലേക്ക് ഉയർത്തുന്നു. മലയാളനാട് വാരികയാണ് സാഹിത്യവിമർശന രൂപത്തിലുള്ള സാംസ്കാരിക അവലോകനം ആദ്യമായി ഇന്ത്യയിൽ തന്നെ പ്രസിദ്ധീകരിച്ചു തുടങ്ങിയത്. ഈ പംക്തിയും പംക്തീകാരനെയും സംബന്ധിച്ചുള്ളതാണ് ഈ കൃതിയിലെ ശ്രദ്ധേയമായ ഒരു ഭാഗം. തികഞ്ഞ സുതാര്യതയോടെ എം കൃഷ്ണൻ നായരുടെ ശുപാർശ മൂലം തനിക്ക് മലയാള നാടിന്റെ പത്രാധിപസമിതിയിൽ ചേരാൻ കഴിഞ്ഞ കാര്യം ശ്രീനിവാസൻ. രേഖപ്പെടുത്തുന്നു. മികവ് നേരിട്ട് ബോധ്യപ്പെടാത്ത ഒരാളെ ശുപാർശ ചെയ്യില്ല എന്ന് ഉത്തമ ബോധ്യമായിരുന്നു എസ് കെ നായരുടെ ന്യായം. അതുകൊണ്ടാണല്ലോ 30 വർഷത്തിലേറെ മൂന്ന് വ്യത്യസ്ത പ്രസിദ്ധീകരണങ്ങളിലൂടെ അദ്ദേഹം തന്റെ സാഹിതീസേവന സപര്യ പിന്തുടരാൻ ഇടയായത്.

വായനക്കാരോട് നേരിൽ സംവദിക്കുന്ന തരത്തിലുള്ള ശൈലി സ്വീകരിച്ചിരുന്ന മലയാളനാടിനോട് (രൂപത്തിൽ മറ്റു പ്രസിദ്ധീകരണങ്ങളേക്കാൾ ചെറുതെങ്കിലും) അവർ തികഞ്ഞ വിശ്വസ്തത പുലർത്തിയിരുന്നു. മലയാള നാടിനൊപ്പം ചലച്ചിത്ര വാരിക, പൈങ്കിളി ''മ''പ്രസിദ്ധീകരണം തുടങ്ങി കുട്ടികളുടെ മാസികയിൽ വരെ എസ് കെ നായരുടെ കച്ചവടബുദ്ധി വ്യാപരിച്ചു. മാ പ്രസിദ്ധീകരണം പ്രാരംഭ പ്രവർത്തനവുമായി കോട്ടയത്തേക്ക് പറഞ്ഞയച്ച ഗ്രന്ഥകാരനോട് ഈ പ്രസിദ്ധീകര

ണത്തിന് ബൗദ്ധിക ചിന്തയുടെ പിൻബലം വേണ്ടാത്തതിനാൽ ''തലച്ചോറെടുത്ത് ഫ്രിഡ്ജിൽ വച്ചിട്ട് പോകാൻ'' പറയുന്ന എസ് കെയുടെ നർമ്മബോധം ആലോചന അമൃതം. കല വേറെ, കച്ചവടം വേറെ എന്ന യുക്തി!

മലയാളനാടിൻറെ മികവുകളും പരാജയങ്ങളും ആധികാരികമായി ഉദ്ധരണികളുടെ പിൻബലത്തോടെയാണ് രചയിതാവ് അവതരിപ്പിക്കുന്നത്. ചങ്ങമ്പുഴ കൃഷ്ണപിള്ളയെ കുറിച്ച് മായം പൂശി ഭാര്യ ശ്രീദേവി ചങ്ങമ്പുഴ അവതരിപ്പിച്ച ജീവിത സ്മരണകൾ ''വഷളായിരുന്നു'' എന്നാണ് വിലയിരുത്തൽ.

സാഹിത്യത്തിന് ചാരുത പകരുന്ന പ്രഗത്ഭ ചിത്രകാരന്മാരുടെ രേഖാചിത്രങ്ങൾ ആയിരുന്നു ഈ പ്രസിദ്ധീകരണത്തിന്റെ മൂല്യവർദ്ധനയുടെ ഒരു മുഖ്യഘടകം. ഇക്കാലത്ത് രേഖാചിത്രകലയിലെ കൊടുമുടി കയറിയ കരുണാകരൻ, താന്ത്രിക് ചിത്രകാരൻ കെ വി ഹരിദാസ്, എ സി കെ രാജ എന്നിവരാണ് ചിത്രങ്ങളിലൂടെ സാഹിത്യ സൃഷ്ടികളെ സജീവമാക്കിയത്; വലിയൊരു വിഭാഗം വായനക്കാരെ ചേർത്ത് നിർത്തിയത്. മലയാറ്റൂർ രാമകൃഷ്ണൻ അടക്കമുള്ള പ്രമുഖ സാഹിത്യകാരന്മാർ മലയാളനാടിൻറെ പ്രയാണത്തിൽ ഭാഗഭക്കുകളായിരുന്നു.

മലയാള നാടിൻറെ പ്രതാപകാലവും പിന്നെ പതർച്ചയും തകർച്ചയും അടുത്തുനിന്ന് വീക്ഷിക്കാൻ കഴിഞ്ഞ എഴുത്തുകാരൻ കൂടിയായ ശ്രീനിവാസൻ രചിച്ചത് ഒരു വസ്തുതാചരിത്രമാണെങ്കിലും അതിന് ഒരു വികാരസാന്ദ്രമായ നോവലിന്റെ കെട്ടുറപ്പുണ്ട്. കേരള കൗമുദി- കലാകൗമുദി ഗ്രൂപ്പിന്റെ മദ്രാസ് പ്രതിനിധിയായി പോകാൻ എസ് കെയോട് അനുവാദം ചോദിക്കുന്ന രംഗത്തിലുമുണ്ട് ഹൃദയസ്പർശിയായ ഒരു വികാരതാരള്യം. വിട്ടയക്കാൻ താല്പര്യമില്ലാത്ത സ്നേഹവാനായ സ്ഥാപനമുടമ പിന്നീട് സ്നേഹപൂർവ്വം അനുവദിക്കുകയാണ്.

എസ് കെയുടെ മാനസസന്താനമായി പിറന്ന് അദ്ദേഹത്തിന്റെ ദൗർഭാഗ്യത്തിന്റെ നാളുകളിൽ നിറംകെട്ട് അദ്ദേഹത്തിന്റെ ജീവിതാന്ത്യത്തോടെ നിലച്ചുപോകുന്ന




**എസ് കെയുടെ മാനസസന്താനമായി പിറന്ന് അദ്ദേഹത്തിന്റെ ദൗർഭാഗ്യത്തിന്റെ നാളുകളിൽ നിറംകെട്ട് അദ്ദേഹത്തിന്റെ ജീവിതാന്ത്യത്തോടെ നിലച്ചുപോകുന്ന മലയാളനാടിൻറെ കഥ ഉറ്റവരുടെ വിയോഗം അനുഭവിക്കും പോലെ ഒരു നെടുവീർപ്പോടെ അല്ലാതെ വായിച്ച് അടയ്ക്കാനാവില്ല. സാംസ്കാരിക ചരിത്രവും ജീവിതത്തിന്റെ രഹസ്യങ്ങളും ഭാവവ്യഞ്ജകമായി ഒത്തുചേരുന്ന രചന.**

മലയാളനാടിൻറെ കഥ ഉറ്റവരുടെ വിയോഗം അനുഭവിക്കും പോലെ ഒരു നെടുവീർപ്പോടെ അല്ലാതെ വായിച്ച് അടയ്ക്കാനാവില്ല. സാംസ്കാരിക ചരിത്രവും ജീവിതത്തിന്റെ രഹസ്യങ്ങളും ഭാവവ്യഞ്ജകമായി ഒത്തുചേരുന്ന രചന.

അനാരോഗ്യം തളർത്തിയ എസ് കെ നായർക്ക് 1982 മുതൽ പ്രസിദ്ധീകരണത്തിൽ ശ്രദ്ധിക്കാൻ കഴിയാതെ വന്നതോടെ മലയാളനാടിന്റെ പ്രഭാവം മങ്ങി. സാഹിത്യകാരന്മാർക്ക് ഗണ്യമായ തുകകൾ മുൻകൂർ നൽകുന്നത് ബാധ്യതകളായി കുന്നുകൂടി. പലതരത്തിലും സാമ്പത്തികമായ അടിത്തറ തകർന്ന എസ് കെ നായർക്ക് അടിതെറ്റി. വാർദ്ധക്യത്തിൽ അവശനായ പി കേശവദേവിനായി ധനസമാഹരണത്തിന് മുന്നിട്ടിറങ്ങിയ


ഹൃദയാലു വിധിക്ക് കീടങ്ങി. തന്റെ മരണത്തെ മുൻകൂട്ടി കണ്ടെഴുതിയ മരണത്തിന് എത്ര മുഖങ്ങൾ എന്ന വികാര സാന്ദ്രമായ ലേഖനം അദ്ദേഹത്തിന്റെ ഉൾക്കാഴ്ചയോടുള്ള ആദരപൂർവമല്ലാതെ വായിച്ചു തീർക്കാനാവില്ല.

എളുപ്പത്തിൽ അപഗ്രഥനത്തിന് വഴങ്ങാത്ത മലയാളി മനസ്സിന്റെ സങ്കീർണതയും മലയാളസാഹിത്യത്തിന്റെ സർഗ്ഗ ജ്വലനത്തിന്റെ മാന്ത്രികതയും വെറും 157 പേജുകൾക്കുള്ളിൽ മനോഹരമായി പ്രകാശിപ്പിക്കുന്ന മറ്റൊരു കൃതി ചൂണ്ടിക്കാട്ടാനാവില്ല. ഈ പുസ്തകത്തെ മലയാളനാടിന്റെ സ്മാരകം എന്ന ഓർമ്മയിൽ ''ഒരു തലമുറയുടെ ഗൃഹാതുരത്വം'' എന്ന് വിളിക്കുന്നത് തികച്ചും അന്വർഥം. ആ ഗൃഹാതുരത്വം വരും തലമുറകളിലേക്കും സംക്രമിക്കാൻ ഈ പുസ്തകവും ഈ അപൂർവ്വ ദൗത്യമേറ്റെടുത്ത പി കെ ശ്രീനിവാസനും വഴിതെളിക്കുന്നു.

സാഹിത്യത്തോടും സാംസ്കാരിക ചരിത്രത്തോടും പത്രപ്രവർത്തനം എന്ന ബഹുസ്പർശിയായ ദൗത്യത്തോടും സാമൂഹിക ഉത്തരവാദിത്വം പുലർത്തുന്ന ഒരു എഴുത്തുകാരന്റെ നന്ദി രേഖപ്പെടുത്തലാണ്.




സിനിമ / **ദേർസ് സ്റ്റിൽ ടുമോറോ**



മാത്യു സണ്ണി കെ.

**സമൂഹ്യ നീതിക്കായുള്ള പോരാട്ടമാണ് ഓരോ സീനിലും തുടിച്ചു നിൽക്കുന്നത്. തനിക്കും മകൾക്കും വേണ്ടിയുള്ള ഒരു സാധാരണ വീട്ടമ്മയുടെ അസാധാരണമായ ധൈര്യവും ചെറുത്തു നില്പും ആണ് ചിത്രം കാഴ്ച വെക്കുന്നത്**

# ഗാർഹിക പീഢനത്തിനെതിരെ ഒരു പോരാട്ടം

സന്തോഷവും സമാധാനവും സംതൃപ്തിയും നൽകുന്നതാകണം ദാമ്പത്യം . എന്നാൽ സ്ത്രീകളിൽ പലരുടെയും ദാമ്പത്യം കടന്നു പോകുന്നത് അസംതൃപ്തിയിലൂടെയാണ് . നിത്യേനയുള്ള തല്ലും വഴക്കും കുറ്റപ്പെടുത്തലും താഴ്ത്തികെട്ടലും അവഹേളനവും കാരണം മനവും തനുവും തളരുന്നു. ജിവിതകാലം മുഴുവനും സ്വവിധിയെ പഴിച്ച് വീടിനുള്ളിൽ നരകിക്കുന്നു. എങ്കിലും ആത്മധൈര്യം സംഭരിച്ച് വിഷലിപ്ത ബന്ധങ്ങളിൽ നിന്ന് പുറത്ത് കടന്നവരുമുണ്ട്. അവരെക്കുറിച്ചുള്ള സിനിമകൾ

( Sleeping with the enemy ,The Burning Bed , ദി ഗ്രേറ്റ് ഇൻഡ്യൻ കിച്ചൻ etc ) നമുക്കുണ്ട്.

**ലോകത്തിലെ ഏറ്റവും സുന്ദരമായ രംഗം അരങ്ങേറുന്ന കിടക്കയിൽ അസുന്ദരമായ രംഗവും. പ്രഭാതത്തിൽ ഗുഡ് മോർണിംഗ് പറയുമ്പോൾ ഭാര്യയുടെ കരണക്കുറ്റിക്ക് അടിക്കുന്ന ഒരു ഭർത്താവിനെയാണ് ആദ്യ സീനിൽ സംവിധായിക നമുക്ക് പരിചയപ്പെടുത്തുന്നത്.**

വോട്ട് ലഭിച്ചതിന് തുടർന്ന് ഗാർഹിക പീഡനം അനുഭവിക്കുന്ന ഒരു റോമാക്കാരി തന്റെ ജീവിതത്തെ മാറ്റിമറിക്കാനുള്ള ധൈര്യം സംഭരിക്കുന്നതാണ് പാവ്ലെ കോർട്ട്ലെസി സംവിധാനം ചെയ്ത ഇറ്റാലിയൻ ചിത്രം C'è ancora domani ( There's still Tomorrow )

പിതൃദായക സമൂഹത്തിൽ സർവ്വസാധാരണമായ ചീത്തവിളിയെയും ഗാർഹിക പീഢനത്തെയും നോർമലൈസ് ചെയ്യുന്നതാണ് സിനിമയുടെ ആഖ്യാനം. ലോകത്തിലെ ഏറ്റവും സുന്ദരമായ രംഗം അരങ്ങേറുന്ന കിടക്കയിൽ അസുന്ദരമായ രംഗവും. പ്രഭാതത്തിൽ ഗുഡ് മോർണിംഗ് പറയുമ്പോൾ ഭാര്യയു

ടെ കരണക്കുറ്റിക്ക് അടിക്കുന്ന ഒരു ഭർത്താവിനെയാണ് ആദ്യ സീനിൽ സംവിധായിക നമുക്ക് പരിചയപ്പെടുത്തുന്നത്. അതിരാവിലെ ഉണരാത്തതിനും ബ്രേക്ക് ഫാസ്റ്റും റെഡിയാക്കത്തിനും ഉള്ള ശിക്ഷയാണത്. സത്യത്തിൽ

ആ പ്രഹരം പ്രേക്ഷകരുടെ കരണത്തിനുള്ള ഒരടി കൂടിയാണ്

ഭർതൃപീഢനത്തിനെതിരെ നായിക ദേലിയ തെല്ലും പ്രതിഷേധിക്കുന്നില്ല. നിരന്തരമായ പ്രഹരവും താഴ്ത്തികെട്ടലും അവളുടെ ആത്മാഭിമാനത്തെ പാടെ നശിപ്പിച്ചിരിക്കണം. ഒന്നും സംഭവിക്കാത്തതു പോലെ അവൾ മുടി ചീകി കിടക്കയിൽ നിന്ന് എഴുന്നേൽക്കുന്നു.

രാവിലെ സ്ത്രീകൾക്ക് സ്വസ്ഥമായി ഒന്ന് വാഷ് റൂമിൽ പോകാൻ പോലും സമയം ലഭിക്കാറില്ല. പലവിധ ജോലികൾ ഒരേ സമയം ചെയ്താലേ വീട്ടുകാര്യങ്ങളെല്ലാം നേരത്ത് പൂർത്തിയാകുകയുള്ളു. വീടും കിടക്കയും വൃത്തിയാക്കണം , ബ്രേക്ക് ഫാസ്റ്റ് തയ്യാറാക്കണം, ഭർത്താവിനും കുട്ടികൾക്കും ഭക്ഷണം വെച്ചുവിളമ്പി കൊടുക്കണം പിന്നെ കഴുകണം തുടയ്ക്കണം തുടങ്ങി അങ്ങനെ എന്തെന്ത് ജോലികൾ .എല്ലാം കഴിഞ്ഞാണ് അവർ ഭക്ഷണത്തിനിരിക്കുക. എന്നാൽ അപ്പോഴാണ് വീട്ടിലെ പ്രായം ചെന്നവർ അലറി വിളിക്കുക. ഒരു കഷണം അപ്പം സമാധാനത്തോടെ കഴിക്കാൻ അവർ സമ്മതിക്കില്ല. അൽപ്പം വൈകിയാൽ പിന്നെ ശാപവും പൂരപ്പാട്ടും ആണ്. നമ്മുടെ കുടുംബങ്ങളിലെ വാർദ്ധക്യകാല ജീവിതത്തിലേക്ക് ചിത്രം എത്തിനോക്കുന്നത് കൗതുകകരമാണ്. ഭക്ഷണം കൊടുത്താൽ മാത്രം പോരാ അവരുടെ മലമൂത്രവും എടുക്കുന്നതും സ്ത്രീകളുടെ മാത്രം ജോലിയാണ്. രാവിലെ മനം മറിയുമെങ്കിലും അതെല്ലാം അവർ തന്നെ ചെയ്യും. അതു പോലെ നിത്യേനെ തുടച്ചു വൃത്തിയാക്കുന്നതും സ്ത്രീകളുടെ ജോലിയാണ്. അതിനിടയിൽ ചില കുരുത്തകേടുകൾ മുടിനരച്ച



**വീടിന്റെ നെടുംന്തൂണാണ് സ്ത്രീകൾ എങ്കിലും വീട്ടുകാര്യങ്ങളിൽ അഭിപ്രായം പറയാനുള്ള സ്വാതന്ത്ര്യം കിഴക്കും ഇല്ല പടിഞ്ഞാറും ഇല്ല. ഭർത്താവ് മാത്രമല്ല ദേലിയയെ ശാസിക്കുന്നത് അമ്മായിയപ്പനും**

വർ കാട്ടാറുണ്ട്. രാവിലെ ശരീരം തുടക്കുമ്പോൾ ഭർതൃപിതാവ് ദേലിയയുടെ ചന്തിക്ക് തടവുന്ന ഷോട്ട് നോക്കുക. ഒട്ടും പ്രതിഷേധിക്കാതെ അവൾ ഒഴിഞ്ഞു മാറുന്നത് സംവിധായിക തുറന്നുകാട്ടുന്നുണ്ട്.

വീടിന്റെ നെടുംന്തൂണാണ് സ്ത്രീകൾ എങ്കിലും വീട്ടുകാര്യങ്ങളിൽ അഭിപ്രായം പറയാനുള്ള സ്വാതന്ത്ര്യം കിഴക്കും ഇല്ല പടിഞ്ഞാറും ഇല്ല. ഭർത്താവ് മാത്രമല്ല ദേലിയയെ ശാസിക്കുന്നത് അമ്മായിയപ്പനും

ഉണ്ട്. 'നീ കൂടുതൽ സംസാരിക്കുന്നു.'

കാരണം നാവടുക്കു പണിയെടുക്കുക എന്നതാണല്ലോ പുരുഷാധിപത്യത്തിന്റെ ഏക്കാലത്തെയും തത്വശാസ്ത്രം. വീടുകളിൽ അരങ്ങേറുന്ന പീഢനത്തെ ബാലെയായി കാണിക്കുന്ന ഒരു രംഗമുണ്ട്.

കറുത്ത ഹാസ്യവും ഫാന്റസിയും ചേർന്ന രംഗം. ഭർതൃതാഢനത്തെ ബാലെയുടെ കര ചലനങ്ങളാക്കി മാറ്റിയിരിക്കുന്നത് പിതൃദായക ക്രൂമത്തിന്റെ അസംബന്ധത വ്യക്തമാക്കുന്നു. കഴുത്തിൽ കുത്തി പിടിക്കുന്നതും തള്ളിയിടുന്നതും കരങ്ങൾ പിരിക്കുന്നതും തൊഴിക്കുന്നതും. ഒരു പന്തിനെ പോലെ ദേലിയയെ തട്ടി കളിക്കുന്നത് ഹൃദയം പൊടിയുന്ന കാഴ്ചയാണ്.

ഭർത്താവ് ഇവാനോയുടെ ഉറക്കെയുള്ള ചീത്ത വിളി അയൽക്കാർ കേൾക്കുന്നുണ്ടെങ്കിലും പ്രതികരിക്കുന്നില്ല. കാരണം ഇതൊക്കെ നമ്മുടെ സാമൂഹിക വ്യവസ്ഥയിൽ സർവ്വസാധാരണമായ ഒരു കാര്യമാണെന്ന് സംവിധായിക സൂചിപ്പിക്കുന്നു.

ഇവനോ ദേലിയ ദമ്പതികൾക്ക് മകളും രണ്ട് പുത്രന്മാരും ഉണ്ട്. പ്രാഥമിക വിദ്യാഭ്യാസം കഴിഞ്ഞ മകളുടെ ഭാവിയെക്കുറിച്ച് ഓർക്കുമ്പോൾ ദേലിയയക്ക് ഉത്കണ്ഠയുണ്ട്. ചെലവേറിയ തുടർ പഠനത്തെ ഭർത്താവ് പ്രോത്സാഹിപ്പിക്കുന്നില്ല. അത് അവരെ വിഷമിപ്പിക്കുന്നു. തന്റെ അവസ്ഥ തന്നെ മകൾക്കും വന്നേക്കുമെന്ന് ഭയപ്പെടുന്നു. അതിൽ നിന്നും മകളെ രക്ഷിക്കാൻ സമ്പാദ്യത്തിന്റെ ഒരു ഭാഗം അവൾ രഹസ്യമായി സൂക്ഷിക്കുന്നു.

മകൾക്ക് വിവാഹാലോചന വരുമ്പോൾ ഇവാനോ സമ്മതിക്കുന്നു. കാരണം പയ്യൻ ഒരു കാപ്പി കടക്കാരന്റെ പുത്രനാണ്. ഫാസിസത്തിന്റെ പങ്കുപറ്റിയതൊന്നും ഇവാനോവ് നോക്കുന്നില്ല. പണവും സമൂഹത്തിലെ സ്ഥാനവും ആണ് അയാൾക്ക് ( പുരുഷന് ) എന്നും വലുത്.

ദുരിതം പിടിച്ച ഈ ഗാർഹിക പീഢനത്തിൽ നിന്ന് രക്ഷപ്പെടാൻ നായികക്ക് ഒന്നുരണ്ട് വഴികൾ കഥാകൃത്ത് കാണിച്ചു കൊടുക്കുന്നുണ്ട്. തെരുവിലെ കാർ മെക്കാനിക്ക് കൗമാരത്തിലെ കാമുകനാണ്.

കാലങ്ങൾ കഴിഞ്ഞിട്ടും മധുരം കിനിയുന്ന ഓർമ്മകൾ ദേലിയ ഹൃദയത്തിൽ സൂക്ഷിക്കുന്നുണ്ട്. മെച്ചപ്പെട്ട വരുമാനം തേടി വടക്കോട്ട് ചേക്കേറാൻ പ്ലാനിടുമ്പോൾ അയാൾ ദേലിയയെ ക്ഷണിക്കുന്നു. അതിനുള്ള

ഉത്തരം ചിത്രാന്ത്യം വരെ തുടരുന്ന താണു് ചിത്രത്തിന്റെ സസ്പെൻസ്.

പൊതുയിടങ്ങളിൽ ജോലി ചെയ്യുന്ന സ്ത്രീകളുടെ അവസ്ഥകൾ പരിതാപകരമാണ്. പ്രത്യേകിച്ച് താഴ്ന്ന വരുമാനമുള്ള വർക്കിംഗ് ക്ലാസ് സ്ത്രീകൾ നേരിടുന്ന പ്രതിസന്ധികളിലേക്കും ചിത്രം എത്തിനോക്കുന്നുണ്ട്. കുട നിർമ്മാണം ചെയ്യുന്ന ദേലിയയ്ക്ക് അതേ ജോലി ചെയ്യുന്ന പുരുഷനേക്കാൾ കുറഞ്ഞ വേതനമാണ് ലഭിക്കുന്നത്. തുല്യ ജോലിക്ക് തുല്യ വേതനമില്ലെന്ന അനീതിയിലേക്ക് സംവിധായിക വിരൽ ചൂണ്ടുന്നു. തൊഴിൽ രംഗത്ത് നടക്കുന്ന കടുത്ത വിവേചനവും ലിംഗ അസമത്വവും പ്രേക്ഷകരെ ഓർമ്മിപ്പിക്കുന്ന

നിരവധി രംഗങ്ങൾ ഉണ്ട്. ഈ അനീതി ചോദ്യം ചെയ്യുമ്പോൾ ഉടമസ്ഥൻ പറയുന്നു.

'നീ ഒരു പെണ്ണാണ്. '

ഒരിക്കൽ ജോലി കഴിഞ്ഞ് മടങ്ങുമ്പോൾ ദേലിയ വഴിയിൽ കിടക്കുന്ന ഒരു ഫോട്ടോ കാണുന്നു. തെരുവിന് കാവൽ നിൽക്കുന്ന ആഫ്രിക്കൻ വംശജനായ ഒരു പട്ടാളക്കാരന്റെതായിരുന്നു അത്. നഷ്ടപ്പെട്ട ആ ചിത്രം നൽകുമ്പോൾ അയാൾ കുറച്ച് മധുരം സമ്മാനിക്കുന്നു. എന്നാൽ അത് അവൾക്ക് ഒരു ദു:ഖമായി കലാശിക്കുന്നു. ഭർത്താവ് മാനം കെട്ടവളെന്ന് പരസ്യമായി ആക്ഷേപിക്കുന്നു. അത് കേട്ട് മധുരം കഴിക്കാതെ കുട്ടികളെല്ലാം എഴുന്നേറ്റു പോകുമ്പോൾ ദേലിയ തലകുനിക്കുന്നു.

ചിത്രത്തിലെ ഓരോ സീനിലും നിറയുന്നത് ദേലിയയുടെ മുഖമാണ്. ക്രൂരനായ ഭർത്താവ് മർദ്ദിക്കുമ്പോൾ ആ മുഖത്ത് ഭയം , ഉൽകണ്ഠ, വേദന. തുടങ്ങിയവ മാറി മാറി പ്രത്യക്ഷപ്പെടുന്നുണ്ട്. അതുപോലെ അപൂർവ്വമായി പ്രതീക്ഷയും അഭിമാനവും ചെറുത്തു നിൽപ്പും പുഞ്ചിരിയും. ഈ വികാരങ്ങളെല്ലാം സൂക്ഷ്മതയോടെ ദേലിയയായി അഭിനയിക്കുന്ന കോർട്ട്ലെസി അവതരിപ്പിക്കുന്നുണ്ട്.

സായാഹ്ന മർദ്ദനം കഴിഞ്ഞ് കവലയ്ക്ക് ഇറങ്ങുന്ന ഇവാനോവിനെ ക്രീം പുരട്ടുന്ന ഒരു രംഗമുണ്ട്. തെല്ലും പരിഭവമില്ലാതെ പുരട്ടുന്നത് പ്രേക്ഷകരെ അമ്പരപ്പിക്കും. അമ്മയുടെ ഈ ദാസ്യത്തെ മകൾ ഒരിക്കൽ ചോദ്യം ചെയ്യുന്നുണ്ട്. അതിന് മറിച്ചൊരു ഒരു ചോദ്യമാണ് ഉത്തരമായി നൽകുന്നത്.

'ഞാൻ എവിടെ പോകും?'

കാമുകനെ പോലെ ചോക്ലേറ്റ് സമ്മാനിച്ച ആ പട്ടാളക്കാരനും ഈ നരകത്തിൽ നിന്ന് രക്ഷപ്പെടൽ കരം നീട്ടുന്നുണ്ട്. എങ്കിലും അവൾ മടിക്കുന്നു.

**സായാഹ്ന മർദ്ദനം കഴിഞ്ഞ് കവലയ്ക്ക് ഇറങ്ങുന്ന ഇവാനോവിനെ ക്രീം പുരട്ടുന്ന ഒരു രംഗമുണ്ട്. തെല്ലും പരിഭവമില്ലാതെ പുരട്ടുന്നത് പ്രേക്ഷകരെ അമ്പരപ്പിക്കും. അമ്മയുടെ ഈ ദാസ്യത്തെ മകൾ ഒരിക്കൽ ചോദ്യം ചെയ്യുന്നുണ്ട്. അതിന് മറിച്ചൊരു ഒരു ചോദ്യമാണ് ഉത്തരമായി നൽകുന്നത്. 'ഞാൻ എവിടെ പോകും?'**

പെൺകൂട്ടായ്മകളുടെ കരുത്തിലേക്കും ചിത്രം വിരൽ ചൂണ്ടുന്നുണ്ട്. വിട്ടുമുറ്റത്തും വഴിയോരങ്ങളിലും അവർ പരസ്പരം സഹായിക്കുകയും സഹതപിക്കുകയും ചെയ്യുന്നുണ്ട്..പച്ചക്കറി കച്ചവടം ചെയ്യുന്ന ഒരു സ്ത്രീ മാത്രമാണ് ദേലിയയുടെ കഷ്ടപ്പാടുകളിൽ സഹതപിക്കുന്നത്. ഗാർഹിക നരകത്തിൽ പുറത്ത് കടക്കാൻ അവർ നിരന്തരം ഉപദേശിക്കുന്നുണ്ട്. ദേലിയ മടിക്കുന്നു .എങ്കിലും ഒടുവിൽ സമ്മതിക്കുന്നു. ചിത്രാന്ത്യം വരെ ആ സസ്പെൻസും തുടരുന്നു.

1946 ലെ ഇലക്ഷനിലാണു് ഇറ്റലിയിലെ സ്ത്രീകൾ ആദ്യമായി വോട്ടു ചെയ്യുന്നത്. അത് വനിത ശാക്തികരണത്തിന്റെ നാൾവഴിയിലെ നാഴികക്കല്ലാണ്. അതിന്റെ പ്രാധാന്യം തിരിച്ചറിയുന്നതാണു് ചിത്രത്തിന്റെ രാഷ്ട്രീയം.

ദാമ്പത്യ നരകത്തിൽ നിന്നുള്ള ഒളിച്ചോട്ടമല്ല പകരം വോട്ടിംഗാണു് സ്ത്രീ – പുരുഷ സമത്വം കൈവരിക്കാനുള്ള എളുപ്പവഴിയെന്നത് ( പ്ലോട്ട് ടിസ്റ്റ് ) പ്രേക്ഷകരെ ഞെട്ടിക്കുന്നതാണു്. (That's what art is, shocking people. Sometimes shocking yourself - Willow Smith).

അടിച്ചമർത്തപ്പെടുത്തലിൽ നിന്ന് ആത്മവിമോചനത്തിലേക്കുള്ള യാത്രയാണ് വോട്ടിംഗിലൂടെ ദേലിയ നടത്തുന്നത്. പുരുഷന്മാരെ ആശ്രയിക്കുന്നതിന് പകരം സ്വശക്തിയിൽ ആശ്രയിക്കുന്നതാണ് സിനിമയുടെ ഫെമിനിസ്റ്റ് വീക്ഷണം. ചിത്രത്തിന്റെ ഒടുവിൽ വോട്ടിംഗിന്റെ ശക്തി കാട്ടുന്ന ഒരു ഷോട്ടുണ്ട്; പോളിംഗ് സ്റ്റേഷന് മുന്നിൽ ബലഹീനനായ ഇവാനോയെ കാണിച്ചു തരുമ്പോൾ ...

ബൈസിക്കിൾ തീഫ്സ്, റോം ഓപ്പൺ സിറ്റി എന്നിവയുടെ സീനുകളെ അനുസ്മരിപ്പിക്കുന്നചില ഷോട്ടുകൾ ടുമോറോയിലുണ്ട്. ലോംഗ് ടേക്കുകളും വഴിയാത്രക്കാരെയും കഥാപാത്രങ്ങളാക്കിയാണ് സംവിധായിക ബജറ്റിനെ മറികടക്കുന്നത് . അതോടെപ്പം ഇവ ചിത്രത്തിന് ആവശ്യമായ റിയലിസവും നൽകുന്നുണ്ട്. ഫെല്ലിനിയുടെയും ഡിസിക്കായുടെയും റോസല്ലനിയുടെയും നിയോറിയലിസ്റ്റ് ശൈലിയെ

സിനിമ പൂർണ്ണമായി പിൻതുടരുന്നു. സീനുകൾ പലപ്പോഴും അവ്യക്തയിലാണ് കട്ട് ചെയ്യുന്നത്. എങ്കിലും സമൂഹ്യ നീതിക്കായുള്ള പോരാട്ടമാണ് ഓരോ സീനിലും തുടിച്ചു നിൽക്കുന്നത്. തനിക്കും മകൾക്കും വേണ്ടിയുള്ള ഒരു സാധാരണ വീട്ടമ്മയുടെ അസാധാരണമായ ധൈര്യവും ചെറുത്തു നില്പും ആണ് ചിത്രം കാഴ്ച വെക്കുന്നത്.

1940 കളാണു് ആഖ്യന കാലമെങ്കിലും ആധുനിക ഫെമിനിസ്റ്റ് വീക്ഷണത്തെ പ്രേക്ഷകർക്ക് നൽകുന്നുണ്ട്. ബ്ലാക്ക് ആൻഡ് വൈറ്റിൽ ചിത്രീകരിച്ച ഈ ചിത്രം റോം ഫിലിം ഫെസ്റ്റിവലിൽ മൂന്ന് സമ്മാനങ്ങൾ നേടുകയുണ്ടായി.

**അപൂർവ്വമായി ഉണ്ടാകുന്ന മികച്ച മലയാള സിനിമയാണ് ബാലൻ**

# ബാലൻ
## ഒരമ്മയുടെ കഥ, മകന്റെയും

മലയാള സിനിമ മറന്ന ലാളിത്യവും വൈവിധ്യവും സ്ക്രീനിൽ തിരികെ കൊണ്ടുവരികയാണ് ചിദംബരം സംവിധാനം ചെയ്ത ബാലനിൽ .മഞ്ഞുമ്മൽ ബോയ്സിന്റെ തിളക്കമാർന്ന വിജയം കൈമുതൽ ആയുണ്ടെങ്കിലും ലളിത മധുരമായി അനായാസമെന്നു തോന്നിപ്പിക്കുന്ന യഥാതഥ മിഴിവുള്ള ഷോട്ടുകളും സീനുകളും കഥ സന്ദർഭങ്ങളും അവതരിപ്പിക്കുന്ന ഒരു സിനിമ ചെയ്യുക എന്നത് സംവിധായകന് വലിയ വെല്ലുവിളിയാണ്..അതിലെ പ്രധാന കഥാപാത്രങ്ങൾ ഒരു പുതു മുഖ നടിയും ഒരു ബാലനടനുമാണ് എന്നത് അതിന്റെ വൈഷമ്യം വർദ്ധിപ്പിക്കുന്നു .പല അടരുകളുള്ള കഥ പറയുകയാണ് ചിത്രത്തിൽ സംവിധായകനും കഥാകൃത്ത് ജിതിൻ മാധവനും .ഒരു ഗ്രാഫിക് നോവലിൽ എന്ന പോലെ ഹൃദ്യമായ വരകളോടെ തുടങ്ങുന്ന കഥയുടെ നീണ്ട അടരുകൾ അവ ഒരു കുട്ടി ജയിലിൽ വരഞ്ഞിട്ടതാണെന്ന അറിവ് പ്രേക്ഷകനിൽ വലിയ ഞെട്ടൽ ഉളവാക്കുന്നു . ജയിലിൽ കുറ്റവാളിയായി ശിക്ഷ അനുഭവിക്കുന്ന അമ്മയുടെ കൂടെ കഴിഞ്ഞ കുട്ടിയുടെ പ്രായത്തിനും അപ്പുറമുള്ള വളർച്ച ആ കണ്ണുകളിലും പശ്ചാത്തലത്തിലും നമുക്ക് ദർശിക്കാം .നീണ്ട ഉയരം കൂടിയ മതിലുകളും കൃത്യ സമയത്ത് മുഴങ്ങുന്ന മണിയൊച്ചകളും നിറഞ്ഞ ആ ജയിലിന്റെ പശ്ചാത്തലത്തിൽ നിന്ന് സിനിമ നാടിന്റെയും കാടിന്റെയും ഏകാന്ത സുന്ദരമായ ലോകത്തേക്ക് പറിച്ചു നടപ്പെടുന്നുവെങ്കിലും ചിത്രം മുഴുവനും അമ്മയും മകനും നിറഞ്ഞു നിൽക്കുന്നു .ഇടക്ക് വരുന്ന അമ്മച്ചിയും സാഡിസ്റ്റ് ആയ പവിത്രൻ എന്ന പോലീസുകാരനും ചിത്രത്തിൻറെ മിഴിവ് വർദ്ധിപ്പിക്കുന്നു .




മകനെ കൈവെള്ളയിൽ വെച്ചു വളർത്തുന്ന ആ അമ്മക്ക് ഏതു നിമിഷവും തന്നെ തൻറെ ഭൂതകാലം ആക്രമിക്കുമെന്ന് നന്നായറിയാം .അത് കൊണ്ടുതന്നെ അവരുടെ നിരവധി പലായനങ്ങളും ജീവിതവുമായി പൊരുത്തപ്പെടാനുള്ള ശ്രമങ്ങളും അത്ര അനായാസമല്ല. ബാലൻ അത് മനസ്സിലാക്കി പ്രവർത്തിക്കുന്നു ഓരോ അടിയിലും .ചുവടു തെറ്റാതെ .പക്ഷെ ആ അമ്മയുടെ കാലുകളിടറുന്നു.ഒരു നിമിഷത്തിൽ എല്ലാം താളം തെറ്റുന്നു.

മറ്റാരും ഇല്ലാത്ത ഒരു ചെറുപ്പക്കാരിയായ സ്ത്രീയുടെ ജീവിതവുമായുള്ള പോരാട്ടങ്ങൾ യാതൊരു ഒച്ചയും ബഹളവുമില്ലാതെ സംവിധായകൻ നമ്മെ കാട്ടുന്നു .അമ്മയായി അഭിനയിക്കുന്ന ഫർസാന പാലത്തിങ്കൽ തികഞ്ഞ കണിശതയോടെ അമ്മയായും ഒളിവിൽ കഴിയുന്ന സ്ത്രീയായും അഭിനയിക്കുന്നു .ബാലനായ ആദി കേശവൻ ആകട്ടെ അവർക്കൊപ്പം പിടിച്ചു നിൽക്കുന്നു.അവരുടെ ആശങ്കകൾ പ്രേക്ഷരുടെ ഭീതിയാക്കി മാറ്റാൻ കഴിയുന്നു എന്നതാണ് സംവിധാന മികവ് .

കുഞ്ഞുങ്ങളോടു ഒബെസ്ഷൻ ഉള്ള സ്നേഹം അവതരിപ്പിക്കുന്ന നിക്കോൾ കിഡ്മാന്റെ അതെര്സ് പോലെയുള്ള സിനിമകൾ നമുക്ക് മുന്നിൽ ഉണ്ട് .പക്ഷെ ഇവിടെ അമ്മയുടെ നിസ്സഹായതക്കാണ് മുൻതൂക്കം. എത്ര ശ്രമിച്ചാലും പിൻവിളിക്കുന്ന ഭൂതകാലത്തിന്റെ തടവ്കാരിയാണ് അവർ .മകനാണ് അവർക്ക് എല്ലാം . മകനു അമ്മയും .

ആദ്യപകുതിയിലെ ഈ ഒതുക്കം രണ്ടാം ഭാഗത്ത് കുറയുന്നു എങ്കിലും ബാലന്റെ സ്വാഭാവികമായ വളർച്ചയിൽ ഈ ഭാഗം പ്രധാനമാണ് .ടോവിനോയെ പോലെയുള്ള ഒരു നടനെ കുറച്ചു കൂടി ശക്തമായി അവതരിപ്പിക്കാമായിരുന്നു .പക്ഷെ ആ വീഴ്ച മോഹനമായ ദൃശ്യ ഭംഗി മറികടക്കുന്നു .ആ അമ്മയും മകനും വീണ്ടും കണ്ടു മുട്ടുമോ എന്നതാണ് ചോദ്യം.അതിനു ഉത്തരം നൽകുന്നതിലെ സവിശേഷതയാണ് ചിത്രത്തിൻറെ മനോഹാരിതയും.

യാഥാർത്യത്തെ അവതരിപ്പിക്കുന്ന പോലെ അതിനെ മറികടക്കാനും നല്ല കലക്ക് കഴിയണം .അവിടെയാണ് ചിദംബരം വിജയിക്കുന്നത് .ബാലന്റെ വിജയം ആത്യന്തികമായി നല്ല സിനിമയുടെ വിജയം ആകുന്നതും അത് കൊണ്ടു തന്നെ.

**പി എസ്**



എം. ടി. സാജു

## സൈ്വരവചനം

# വേഷങ്ങൾക്ക് പിന്നിൽ ഒരു ആശ്വാസ നാളം

**കലാകാരൻമാർ പൊതുവെ അവരുടെ പ്രശ്നങ്ങൾ പുറത്തു പറയാൻ മടിക്കുന്നവരാണ്. ഇത് മാനസികവും ശാരീരികവുമായ വിവിധ പ്രശ്നങ്ങളിലേക്ക് അവരെ നയിക്കും. ഈ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനാണ് 'സൈ്വരവചനം' ആരംഭിച്ചത്.**

കഥകളിയിലെ തന്റെ കത്തി, ചുവന്ന താടി വേഷങ്ങളിൽ ചുരുങ്ങിയകാലം കൊണ്ട് പേരെടുത്ത മുതിർന്ന കഥകളി കലാകാരൻ ഹരി ആർ നായർ കഴിഞ്ഞ മെയ് 23നു ചെറുതുരുത്തിക്കടുത്തുള്ള അദ്ദേഹത്തിന്റെ വീട്ടിൽ മരിച്ച നിലയിൽ കാണപ്പെടുകയുണ്ടായി. രണ്ടാഴ്ച മുൻപ് ഹരിയുടെ സഹോദരിയും മറ്റു ചില ബന്ധുക്കളും അദ്ദേഹത്തിന്റെ മരണത്തിൽ ദുരൂഹതയുണ്ടെന്നും, അന്വേഷണം വേണമെന്നും ആഭ്യന്തരമന്ത്രി രമേശ് ചെന്നിത്തലക്ക് കൊടുത്ത ഒരു നിവേദനത്തിൽ ആവശ്യപ്പെടുകയുണ്ടായി. അന്വേഷണം പുരോഗമിക്കുകയാണ്.



കേരള കലാമണ്ഡലത്തിലെ കഥകളി അദ്ധ്യാപകൻ കൂടിയായ ഹരിയുടെ മരണം കലാസാംസ്കാരിക മേഖലകളിൽ വലിയ ചർച്ചാവിഷയമായിരിക്കുകയാണ്.

മാനസികവും ശാരീരികവുമായ വിഷമങ്ങൾ അനുഭവിക്കുന്ന കലാകാരന്മാരെ സഹായിക്കാൻവേണ്ടി ഒരു കൂട്ടം കഥകളി ആസ്വാദകർ ചേർന്ന് 2025 ഡിസംബർ 15നു 'സൈ്വരവചനം' എന്ന പേരിൽ ഒരു



ഹരി നായർ വിവിധ
കഥകളി വേഷങ്ങളിൽ

കൗൺസിലിംഗ് സെല്ലിന് രൂപം കൊടുത്തിരുന്നു. ഈ വിവരം വാട്സാപ്പ്, ഫേസ്ബുക്ക് ഗ്രൂപ്പുകളിൽ ഷെയർ ചെയ്തിരുന്നെങ്കിലും, അന്ന് അതിനു വലിയ പ്രാധാന്യം കിട്ടിയില്ല. ഹരിയുടെ മരണത്തോടെ, 'സൈ്വരവചനം' പോലെയുള്ള സെല്ലിന്റെ പ്രസക്തി പലർക്കും ബോധ്യമാവുകയും, അത് പുനഃസംഘടിപ്പിക്കുകയും ചെയ്യുകയുണ്ടായി. 'ആരും കേൾക്കാനില്ല, ഒറ്റപ്പെടുന്നു, പ്രശ്നങ്ങൾ താങ്ങാനാവുന്നില്ല, ആരെങ്കിലും ഒന്ന് താങ്ങായി നിന്നിരുന്നെങ്കിൽ' എന്നെല്ലാം തോന്നുന്ന മനുഷ്യരെ ചേർത്തു പിടിച്ചു അവരുടെ പ്രശ്നങ്ങൾ പരിഹരിച്ചു മുന്നോട്ടുപോകാനാണ് അഞ്ചു പേരടങ്ങുന്ന ഈ സെൽ ശ്രമിക്കുന്നത്.

**മാനസികവും ശാരീരികവുമായ വിഷമങ്ങൾ അനുഭവിക്കുന്ന കലാകാരന്മാരെ സഹായിക്കാൻവേണ്ടി ഒരു കൂട്ടം കഥകളി ആസ്വാദകർ ചേർന്ന് 2025 ഡിസംബർ 15നു 'സ്വൈരവചനം' എന്ന പേരിൽ ഒരു കൗൺസിലിംഗ് സെല്ലിന് രൂപം കൊടുത്തിരുന്നു. 'ആരും കേൾക്കാനില്ല, ഒറ്റപ്പെടുന്നു, പ്രശ്നങ്ങൾ താങ്ങാനാവുന്നില്ല, ആരെങ്കിലും ഒന്ന് താങ്ങായി നിന്നിരുന്നെങ്കിൽ' എന്നെല്ലാം തോന്നുന്ന മനുഷ്യരെ ചേർത്തു പിടിച്ചു അവരുടെ പ്രശ്നങ്ങൾ പരിഹരിച്ചു മുന്നോട്ടുപോകാനാണ് അഞ്ചു പേരടങ്ങുന്ന ഈ സെൽ ശ്രമിക്കുന്നത്.**

നിഷ മേനോൻ ചെമ്പകശ്ശേരി (കഥകളി സംഘാടക), പ്രശാന്ത് കലാമണ്ഡലം (കഥകളി കലാകാരനും, അധ്യാപകനും), ആർച്ച ഗൗരി വർമ്മ (മാനസികാരോഗ്യ സാമൂഹിക പ്രവർത്തക), സഞ്ജു പാലിശ്ശേരി (ഡോക്ടർ), അകവൂർ സന്തോഷ് (ആയുർവേദ ഡോക്ടർ) എന്നിവർ അടങ്ങുന്നതാണ് ഈ സെൽ. ആർക്കും ഇവരുടെ മൊബൈൽ ഫോണിൽ എപ്പോൾ വേണമെങ്കിലും വിളിക്കാം. ആദ്യമായാണ് ഇങ്ങനെ ഒരു സെൽ രംഗകലാകൂട്ടായ്മയുടെ ഭാഗമാകുന്നത്.

കേരളത്തിൽ ഏകദേശം 850-ലധികം കഥകളി കലാകാരന്മാരുണ്ട് (നിലവിൽ സജീവമല്ലാത്തവരും ഇതിൽ ഉൾപ്പെടുന്നു). പലരും സീസണിലെ വരുമാനത്തെ മാത്രം ആശ്രയിക്കുന്നവരാണ്. മുതിർന്നവരും പേരെടുത്തവരുമായ ചില കലാകാരന്മാർ ഒഴികെ ഭൂരിപക്ഷത്തിനും ഒരു സ്ഥിര വരുമാനമില്ല. കഥകളി കലാകാരന്മാർക്കിടയിൽ ആത്മഹത്യ സാധാരണമല്ലെങ്കിലും, പലരും വിവിധ കാരണങ്ങളാൽ വിഷാദവും സമ്മർദ്ദവും അനുഭവിക്കുന്നു. ഒരു ദശാബ്ദത്തിലേറെയായി കേരളത്തിലുടനീളം കഥകളി സംഘടിപ്പിക്കുന്ന നിഷ മേനോൻ ചെമ്പകശ്ശേരി, മാനസികവും സാമ്പത്തികവുമായ



ചിത്രങ്ങൾ :
നിഷ ചെമ്പകശേരി



വെല്ലുവിളികൾ കാരണം കഷ്ടപ്പെടുന്ന കലാകാരന്മാരുടെ എണ്ണം ഇന്ന് വളരെ കൂടുതലാണെന്നു പറയുന്നു. അരക്ഷിതാവസ്ഥയും ഒറ്റപ്പെടലും അനുഭവപ്പെടുന്ന പല കലാകാരന്മാർക്കും അവരുടെ പ്രശ്നങ്ങൾ തുറന്നു പറയാൻ ഒരു വേദിയില്ല എന്നുള്ളത് ദുഖകരമാണ്. അതുകൊണ്ടാണ് അവർ ഇതുപോലൊരു സെല്ലിന് രൂപം കൊടുത്തത്.

കലാകാരൻമാർ പൊതുവെ അവരുടെ പ്രശ്നങ്ങൾ പുറത്തു പറയാൻ മടിക്കുന്നവരാണ്. പ്രശ്നങ്ങൾ അവർ തങ്ങളുടെ ഉള്ളിൽ കൂട്ടിവക്കുന്നു. ഇത് മാനസികവും ശാരീരികവുമായ വിവിധ ആരോഗ്യ പ്രശ്നങ്ങളിലേക്ക് അവരെ നയിക്കും. ചിലർ മദ്യത്തിനും മയക്കുമരുന്നിനും അടിമകളാകുന്നു. മറ്റു ചിലർക്ക് തങ്ങൾ പ്രതീക്ഷിക്കുന്ന പ്രകടനം സ്റ്റേജിൽ കാഴ്ചവെക്കാൻ കഴിയുന്നില്ല. ഈ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനാണ് 'സ്വൈരവചനം' ആരംഭിച്ചത്. ഈ സെല്ലിലെ ആരും അവരുടെ മൊബൈൽ ഫോണുകൾ ഓഫാക്കാറില്ല. ഏതു കലാകാരന് എപ്പോൾ വേണമെങ്കിലും അവരെ ബന്ധപ്പെടാം. ഒരു പ്രശ്നം അറിയിച്ചു കഴിഞ്ഞാൽ, സഹായം ആവശ്യമുള്ള വ്യക്തിയുമായി ആശയവിനിമയം നടത്താൻ കലാകാരനുമായി ഏറ്റവും അടുത്ത പാനലിലെ ഒരു അംഗത്തെ നിയോഗിക്കും. ഗ്രൂപ്പിനുള്ളിൽ ആ വ്യക്തിയുടെ പേർ ഉൾപ്പെടുത്താതെ ഇക്കാര്യം ചർച്ച ചെയ്യും. വിളിക്കുന്ന ആളിന്റെ ഐഡന്റിറ്റി അംഗങ്ങൾ രഹസ്യമായി സൂക്ഷിക്കും. കലാകാരന്മാർക്ക് മാത്രമല്ല, അവരുടെ ബന്ധുക്കൾക്കും ഈ സെല്ലിലേക്ക് വിളിക്കാവുന്നതാണ്.

**കഥകളി കലാകാരന്മാർക്കിടയിൽ ആത്മഹത്യ സാധാരണമല്ലെങ്കിലും, പലരും വിവിധ കാരണങ്ങളാൽ വിഷാദവും സമ്മർദ്ദവും അനുഭവിക്കുന്നു. ഒരു ദശാബ്ദത്തിലേറെയായി കേരളത്തിലുടനീളം കഥകളി സംഘടിപ്പിക്കുന്ന നിഷ മേനോൻ ചെമ്പകശ്ശേരി, മാനസികവും സാമ്പത്തികവുമായ വെല്ലുവിളികൾ കാരണം കഷ്ടപ്പെടുന്ന കലാകാരന്മാരുടെ എണ്ണം ഇന്ന് വളരെ കൂടുതലാണെന്നു പറയുന്നു**

ഗ്രാമപ്രദേശങ്ങളിലെ ക്ഷേത്ര കേന്ദ്രീകൃതമായ ഒരു കലാരൂപത്തിൽ നിന്ന് ടൂറിസം, പ്രാദേശിക ക്ലബ്ബുകൾ

എന്നിവയിലൂടെ സുസ്ഥിരമായ ഒരു വരുമാനം നേടിത്തരുന്ന ഒന്നായി കഥകളി ഇന്ന് മാറിയിരിക്കുന്നു. ക്ലബ്ബുകളുടെയും സ്പോൺസർഷിപ്പിന്റെയും ആവിർഭാവം നിരവധി കലാകാരന്മാർക്ക് മാന്യമായ ഒരു ഉപജീവനമാർഗ്ഗം കണ്ടെത്താൻ ഇതുമൂലം കഴിഞ്ഞിട്ടുണ്ട്. പക്ഷെ സമയം, ചിട്ട എന്നിവ കഥകളിയിൽ മറ്റെല്ലാ കലാരൂപങ്ങളിലുമെന്നപോലെ പ്രാധാന്യമർഹിക്കുന്ന ഒന്നാണ്. കലാകാരന്മാർക്ക് ഇതൊരു വെല്ലുവിളികൂടിയാണ്. മിക്ക കലാകാരന്മാരും കുടുംബത്തോടൊപ്പം വേണ്ടത്ര സമയം ചിലവഴിക്കാൻ കഴിയാതെ ഒരു സഞ്ചാര ജീവിതം നയിക്കുന്നു. പലപ്പോഴും സൂര്യാസ്തമയത്തിനു ശേഷമാണ് കളികൾ നടക്കുന്നത്, ചിലപ്പോൾ രാത്രി മുഴുവൻ നീണ്ടുനിൽക്കും. കലാകാരൻമാർ പല സ്ഥലങ്ങളിലും തങ്ങാറുണ്ട്. അവരുടെ പ്രകടനങ്ങൾ അവർക്ക് ആരാധകരെ നേടിത്തരുന്നു. ഈ ബന്ധം ചിലപ്പോൾ വിവാഹേതര ബന്ധങ്ങളിലേക്ക് നയിച്ചേക്കാമെന്നു എഴുത്തുകാരനും, സദനം കഥകളി അക്കാദമിയുടെ മുൻ മാനേജരുമായ (199395) ശ്രീവൽസൻ തിയ്യാടി പറയുന്നു. ഇതുമൂലം പല കലാകാരന്മാരുടെയും ദാമ്പത്യ ജീവിതം ബുദ്ധിമുട്ടിലാകും. പ്രസിദ്ധിയും പണവും പലരെയും മദ്യത്തിന് അടിമകളുമാക്കും. ഇത്തരം കലാകാരന്മാർക്ക് 'സൈ്വരവചനം' പോലുള്ള സംരംഭങ്ങൾ സഹായകമാകുമെന്ന് തിയ്യാടി കരുതുന്നു.

കഥകളി കാലക്രമേണ മാറ്റങ്ങൾക്ക് വിധേയമായിട്ടുണ്ടെങ്കിലും അതൊരു അസംഘടിത മേഖലയായി ഇന്നും തുടരുന്നു എന്നത് നിർഭാഗ്യകരമാണ്. സ്ഥിരപ്രതിഷ്ഠ നേടിയ കലാകാരന്മാർക്ക് വിഷമിക്കേണ്ട കാര്യമില്ല. എന്നാൽ പിന്തുണയും സ്പോൺസർഷിപ്പും ഇല്ലാതെ ഗ്രാമീണ മേഖലകളിൽ നിന്ന് വരുന്ന കലാകാരന്മാർക്ക് ഇതൊരു വലിയ പ്രശ്നമാണ്. അങ്ങനെയുള്ളവർക്ക് ശക്തമായ പിന്തുണയുമായാണ് ഈ സെല്ലിലെ എല്ലാവരും പ്രവർത്തിക്കാൻ പോകുന്നതെന്ന് ആയുർവേദ ഡോക്ടറും അംഗവുമായ അകവൂർ സന്തോഷ് പറയുന്നു.

ഇനി മറ്റൊരു കലാകാരനും ഹരിയുടെ അവസ്ഥ ഉണ്ടാവരുതെന്നു ഈ കൗൺസിലിങ് സെല്ലിലെ അംഗങ്ങൾ ആഗ്രഹിക്കുന്നു. പ്രശസ്ത

**കഥകളി കാലക്രമേണ മാറ്റങ്ങൾക്ക് വിധേയമായിട്ടുണ്ടെങ്കിലും അതൊരു അസംഘടിത മേഖലയായി ഇന്നും തുടരുന്നു എന്നത് നിർഭാഗ്യകരമാണ്. സ്ഥിരപ്രതിഷ്ഠ നേടിയ കലാകാരന്മാർക്ക് വിഷമിക്കേണ്ട കാര്യമില്ല. എന്നാൽ പിന്തുണയും സ്പോൺസർഷിപ്പും ഇല്ലാതെ ഗ്രാമീണ മേഖലകളിൽ നിന്ന് വരുന്ന കലാകാരന്മാർക്ക് ഇതൊരു വലിയ പ്രശ്നമാണ്.**

കഥകളി കലാകാരനും ചെന്നൈയിലെ കലാക്ഷേത്ര ഫൗണ്ടേഷനിലെ അധ്യാപകനുമായ കലാമണ്ഡലം (വൈക്കം) പ്രശാന്ത് പറയുന്നത് ഹരിയെപ്പോലുള്ള ഒരു മുതിർന്ന കലാകാരൻ തന്നോട് അടുപ്പമുള്ള ഒരാളോട് പ്രശ്നങ്ങൾ തുറന്നു പറഞ്ഞിരുന്നെങ്കിൽ ഒരു പക്ഷെ ഇങ്ങനൊരു വഴി സ്വീകരിക്കേണ്ടി വരില്ലായിരുന്നു എന്നാണ്. ഒരു നല്ല സുഹൃത്ത് ഇല്ലാതിരുന്നതായിരുന്നു ഹരിയുടെ പ്രശ്നം. കുറച്ച് മാസങ്ങൾക്ക് മുമ്പ് തങ്ങൾ ഒരുമിച്ച് ഒരു ഷോ നടത്തിയപ്പോഴാണ് ഹരിയെ താൻ അവസാനമായി കണ്ടതെന്നും, അദ്ദേഹത്തിന്റെ പ്രകടനം കണ്ടാൽ, അദ്ദേഹം സമ്മർദ്ദമോ വിഷാദമോ അനുഭവിക്കുന്നുണ്ടെന്ന് ആരും സംശയിക്കില്ലെന്നും പ്രശാന്ത് പറയുന്നു. താൻ നേരിടുന്ന ആന്തരിക സംഘർഷങ്ങളുടെ ലക്ഷണങ്ങളൊന്നും വെളിപ്പെടുത്താതെ ശക്തമായ പ്രകടനം അദ്ദേഹം കാഴ്ചവെക്കുമായിരുന്നു. കഥകളി കലാകാരന്മാർ ഉൾപ്പെടെ നിരവധി കലാകാരന്മാർക്ക് മാനസിക സഹായം തേടുന്നത് ഒരു മോശപ്പെട്ട കാര്യമായാണ് കരുതുന്നത്. ഇവിടെയാണ് 'സൈ്വരവചനം' എന്ന കൂട്ടായ്മയുടെ പ്രാധാന്യം. ഹരിയുടെ മരണശേഷം 'സൈ്വരവചനം' പുനരാരംഭിച്ചതിന് തൊട്ടുപിന്നാലെ ഒരു കഥകളി കലാകാരൻ പ്രശാന്തിനെ വിളിച്ചു. അയാൾക്ക് ഉറങ്ങാൻ കഴിയുന്നില്ലെന്ന് പറഞ്ഞു. ഒരു മണിക്കൂറോളം പ്രശാന്ത് അദ്ദേഹത്തോട് സംസാരിച്ചു. വീണ്ടും വിളിക്കുമെന്ന് അദ്ദേഹം പറഞ്ഞപ്പോൾ, ദയവായി അങ്ങനെ ചെയ്യാൻ പറഞ്ഞു ഫോൺ വച്ചു. ഇനി വിളിക്കുമ്പോൾ താൻ ക്ലാസ്സിലാണെങ്കിൽ തിരിച്ചു വിളിക്കുമെന്ന് ഉറപ്പു നൽകി. വിളിച്ചയാൾ ഇതുകേട്ട് വളരെ സന്തോഷവാനായെന്നും, ഒരിക്കലും ഒരു കടുത്ത നടപടിയും സ്വീകരിക്കില്ലെന്ന് പ്രശാന്തിനു വാക്ക് കൊടുക്കുകയും ചെയ്യുകയുണ്ടായി.

നിങ്ങളുടെ പ്രശ്നങ്ങൾ ചെറുതോ വലുതോ ആകട്ടെ, അവ കുടുംബവുമായോ ജോലിയുമായോ ബന്ധപ്പെട്ടതായാലും, മാനസികമോ ശാരീരികമോ ആയാലും അവക്കെല്ലാം പരിഹാരങ്ങൾ ഉണ്ട്. എന്തെങ്കിലു തരത്തിലുള്ള അസ്വസ്ഥത വളരെക്കാലമായി നിലനിൽക്കുന്നുണ്ടെങ്കിൽ അതിനെ മറികടക്കാൻ പിന്തുണയും, പങ്കുവെക്കലിനായി ഒരു ഇടവും തേടേണ്ടത് അത്യാവശ്യമാണെന്ന് നിഷ പറയുന്നു. 'സൈ്വരവചനം' എന്ന കൗൺസിലിംഗ് സെല്ലിന്റെ ഉദ്ദേശവും അതാണ്. പക്ഷെ പരിഹാരങ്ങൾ വേണ്ടവർ മുന്നോട്ട് വരണം എന്നതാണ് പ്രധാനം. അയാൾ സെല്ലിലെ ഏതെങ്കിലും ഒരാളെ സമീപിച്ചാൽ മാത്രമേ അവർക്കു അയാളെ സഹായിക്കാൻ കഴിയൂ. അതേസമയം, 'സൈ്വരവചനം' ഒരു പടി മുന്നോട്ട് പോകാൻ ആഗ്രഹിക്കുന്നു. തീവ്രമായ പ്രശ്നങ്ങൾ അനുഭവിക്കുന്ന



കലാകാരന്മാരെ കണ്ടെത്തി, അവരുടെ പ്രശ്നങ്ങൾക്ക് പരിഹരിച്ചു സാധാരണ ജീവിതത്തിലേക്ക് കൊണ്ടുവരുകയെന്നതാണത്. അത്തരത്തിലുള്ള ആരെയെങ്കിലും കുറിച്ചറിയാമെങ്കിൽ സെല്ലിലേക്ക് ആർക്കും വിളിക്കാവുന്നതാണെന്നും നിഷ പറഞ്ഞു.

ഇന്ത്യൻ നാവികസേനയിലെ മുൻ സർജൻ ലെഫ്റ്റനന്റ് കമാൻഡറും സെല്ലിലെ ഒരംഗവുമായ സഞ്ജു പാലശ്ശേരിക്ക് മാനസികവും ശാരീരികവുമായ വിവിധ വിഷയങ്ങളിൽ നല്ല പരിചയമുണ്ട്. ശരീരവും മനസ്സും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നതിനാൽ അവയെ പരിപാലിക്കേണ്ടതുണ്ടെന്ന് സഞ്ജു പറഞ്ഞു. നിങ്ങളുടെ മനസ്സ് സുഖകരമല്ലെങ്കിൽ, അത് നിങ്ങളുടെ ശരീരത്തിൽ പ്രകടമാകും. ക്ഷീണത്തിന്റെ അടിസ്ഥാന കാരണം സമ്മർദ്ദമായിരിക്കാം. 'സ്വൈരവചനം' സെൽ പുനഃസംഘടിപ്പിച്ച ശേഷം ഒരുപാടു കലാകാരൻമാർ വിളിക്കാറുണ്ടെന്നു കേരള സർക്കാരിന്റെ ആരോഗ്യ കുടുംബക്ഷേമ വകുപ്പിൽ മെഡിക്കൽ ഓഫീസറായി ഇപ്പോൾ സേവനമനുഷ്ഠിക്കുന്ന സഞ്ജു പറഞ്ഞു. കലാകാരന്മാർ ഭാര്യയെയും കുട്ടികളെയും അവഗണിച്ചുകൊണ്ട് ആഡംബര ജീവിതം നയിക്കുന്ന സാഹചര്യങ്ങളുമുണ്ട്. അങ്ങനെയുള്ള കാലമാരന്മാരുടെ കുടുംബാംഗങ്ങൾ വിളിക്കാറുണ്ടെന്നും, മിക്കതിനും പരിഹാരം കണ്ടെത്താൻ കഴിഞ്ഞെന്നും മറ്റൊരു പാനൽ അംഗമായ അകവൂർ സന്തോഷ് പറയുന്നു.

**നിങ്ങളുടെ പ്രശ്നങ്ങൾ ചെറുതോ വലുതോ ആകട്ടെ, അവ കുടുംബവുമായോ ജോലിയുമായോ ബന്ധപ്പെട്ടതായാലും, മാനസികമോ ശാരീരികമോ ആയാലും അവക്കെല്ലാം പരിഹാരങ്ങൾ ഉണ്ട്. എന്തെങ്കിലു തരത്തിലുള്ള അസ്വസ്ഥത വളരെക്കാലമായി നിലനിൽക്കുന്നുണ്ടെങ്കിൽ അതിനെ മറികടക്കാൻ പിന്തുണയും, പങ്കുവെക്കലിനായി ഒരു ഇടവും തേടേണ്ടത് അത്യാവശ്യമാണെന്ന് നിഷ പറയുന്നു**

വിവിധ പ്രായത്തിലുള്ള കലാകാരൻമാർ അവരുടെ പ്രശ്നങ്ങൾക്ക് പരിഹാരം തേടി തന്റെ അടുക്കൽ വരാറുണ്ടെന്ന് മുതിർന്ന കഥകളി കലാകാരനായ ദാമോദരൻ പാഴൂർ പറയുന്നു. ചിലർക്ക് പ്രശ്നങ്ങൾ വിദ്യാഭ്യാസപരമാണ്, മറ്റുള്ളവർക്ക് അവ വ്യക്തിപരമാണ്. അവരെ അലട്ടുന്ന വിഷയങ്ങൾ ചർച്ച ചെയ്യാൻ അദ്ദേഹം പലപ്പോഴും മണിക്കൂറുകൾ ചിലവഴിക്കാറുണ്ട്. ഗ്രൂപ്പിസവും പക്ഷപാതവും എല്ലായിടത്തും ഉണ്ടെന്നും ഒരു കലയും അതിൽ നിന്ന് മുക്തമല്ലെന്നും അദ്ദേഹം പറയുന്നു. 'സ്വൈരവചനം' പോലുള്ള സംരംഭങ്ങൾ തീർച്ചയായും കലാകാരന്മാർക്ക് ഗുണം ചെയ്യും എന്നാണ് പാഴൂരിന്റെ അഭിപ്രായം.

# NEW CAR KEYS

## ARE KEY TO SAVING ON CAR INSURANCE

*Call me today to see*
*How much you can save with*
*Allstate's New Car Discount*



Allstate®
You're in good hands.

CALL

**718 831 6500**

**Joseph V Thomas**
(റജി വലിയകാല)
256-10 Union Turnpike
Floral Park, NY 11004
josephthomas@allstate.com
www.jvtassociates.com

30 Plus years
in Insurance
Business

**We Offer 6 Hours Defensive Driving Course in NY/NJ**





കണ്ണൻ ഹാർമോണിയം.
കഥാപ്രസംഗ കാലം.
ബാബുരാജിന്റെ ആലാപനം.
രവീന്ദ്രന്റെ ഗാനവിസ്മയം.
ഹാർമോണിയത്തിന്റെ
ഭാഗ്യവിപര്യയങ്ങൾ

എന്റെ സംഗീത വഴികൾ - 17

# എന്റെ ഹാർമോണിയപ്പെട്ടി

എസ് രാജേന്ദ്ര ബാബു

എനിക്ക് ഓർമ്മവച്ച കാലം മുതൽ വീട്ടിൽ ഹാർമോണിയം ഉണ്ട്. മനസ്സിൽ ആദ്യം തെളിയുന്നത് അച്ഛൻ വായിച്ചിരുന്ന ';ചവിട്ടാർമോണിയം'(ഫുട്-പമ്പ് ഹാർമോണിയം) ആണ്. ഒരു സാധാരണ മേശയുടെ ഉയരവും വലിപ്പവും ഉണ്ടാകും അതിന്. പാദങ്ങൾ കൊണ്ട് ചവുട്ടി വശങ്ങളിലുള്ള പൈപ്പുകളിലൂടെ കടത്തിവിടുന്ന കാറ്റ് ബെല്ലോസ് വഴി റീഡുകളിൽ സ്വരവീചികൾ ഉണർത്തുന്ന ഹാർമോണിയപ്പെട്ടി.

വെള്ളയും കറുപ്പും ഇടകലർന്ന കട്ടകളിലൂടെ രണ്ടു കൈകൾ കൊണ്ടു വായിച്ച് നാദപ്രപഞ്ചം സൃഷ്ടിക്കുകയാണ് ഹാർമോണിസ്റ്റ് ചെയ്യുന്നത്. പണ്ടത്തെ ചരിത്ര-പുരാണ നാടകങ്ങളുടെ അവിഭാജ്യഘടകമായിരുന്നു ചവിട്ടാർമോണിയം. മറ്റ് സംഗീതോപകരണങ്ങൾ കർട്ടനു പിന്നിൽ ഒതുങ്ങിക്കൂടിയപ്പോൾ ഹാർമോണിസ്റ്റ് മാത്രം കസവ് വസ്ത്രവും സ്വർണാഭരണങ്ങളും ധരിച്ച് പ്രൗഢഗംഭീരനായി സ്റ്റേജിൽ തന്നെ ഉപവിഷ്ടനാവുകയാണ് പതിവ്.




ഫുട് പമ്പ്ഡ ഹാർമോണിയം

ആലാപനത്തിലും ഹാർമോണിയം വായനയിലുമുള്ള ഭാഗവതരുടെ പാണ്ഡിത്യപ്രകടനത്തിനു ശേഷമേ നാടകം ആരംഭിച്ചിരുന്നുള്ളു. നായകനും ഭാഗവതരും മത്സരിച്ചുള്ള ആലാപനവും പതിവായിരുന്നു. സാമൂഹിക പ്രസക്തിയുള്ള നാടകങ്ങൾ രംഗപ്രവേശം ചെയ്തതോടെ ഹാർമോണിയവും ഭാഗവതരും കർട്ടനു പിന്നിലായി.

വലിപ്പവും ഭാരവും കൊണ്ട് ചവിട്ടാർമോണിയം കൈകാര്യം ചെയ്യാൻ ബുദ്ധിമുട്ട് ഏറിയപ്പോൾ ഒരു കൈകൊണ്ട് ബെല്ലോസ് പ്രവർത്തിപ്പിച്ച് മറുകൈ കൊണ്ട് വായിക്കുന്ന, വലിപ്പം കുറഞ്ഞ ഹാർമോണിയം നിലവിൽ വന്നു. സിംഗിൾ റീഡ്, ഡബിൾ റീഡ്, ത്രിബിൾ റീഡ്, ഫോർ സെറ്റ് എന്നിങ്ങനെ വിവിധതരം ഹാർമോണിയം ലഭ്യമാണ്.

കഥാപ്രസംഗകല കേരളത്തിൽ ജനമനസ്സുകളെ കീഴടക്കിയപ്പോൾ മുതൽ സംഗീതരംഗത്ത് ഹാർമോണിയത്തിൻറെ പ്രസക്തിയേറി. നാടകം, ഡാൻസ്, ഗാനമേള തുടങ്ങിയ കലാരൂപങ്ങൾക്കും ഹാർമോണിയം അവിഭാജ്യ ഘടകമായി. എൻറെ അച്ഛൻ സദാശിവൻ ഭാഗവതരും അമ്മ നളിനിയും ഹാർമോണിയം വായിച്ച് പാടാൻ കഴിവുള്ള സംഗീതജ്ഞരായിരുന്നു. പ്രശസ്ത കാഥിക?ാരായ കെടാമംഗലം സദാനന്ദൻ, വി സാംബശിവൻ, കടവൂർ ബാലൻ, വി ഹർഷകുമാർ തുടങ്ങിയവരുടെയൊക്കെ ഹാർമോണിസ്റ്റായി അച്ഛൻ സഹകരിച്ചിട്ടുണ്ട്. ചെറുപ്പം മുതൽ തന്നെ ഹാർമോണിയത്തിൽ കൈവച്ച ഞാൻ പതിനാലു വയസ്സു മുതൽ സ്കൂളിലും തുടർന്ന് കോളെജിലും സംഗീത വേദികളിലെ ഹാർമോണിസ്റ്റായി.

വിദ്യാഭ്യാസ കാലഘട്ടം കഴിഞ്ഞ് മിക്ക സുഹൃത്തുക്കളും തൊഴിൽരഹിതരായി അലഞ്ഞു നടന്നപ്പോൾ ഞാൻ കാഥികനായും (ആശ്രാമം ബാബു) ഗാനമേളകളിലും നാടകരംഗത്തും ഗായകനായും ഹാർമോണിസ്റ്റായും സംഗീത സംവിധായകനായുമൊക്കെ വിലസി നടന്നു.



**അർജുനൻ മാസ്റ്ററും ശ്രീകുമാരൻ തമ്പിയും**

എൻറെ കുട്ടിക്കാലത്ത് കടപ്പാക്കടയിൽ കെപിഎസി അവതരിപ്പിച്ച സംഗീതപരിപാടിയിൽ എം എസ് ബാബുരാജ് ഹാർമോണിയം വായിച്ചു പാടിയത് ഇന്നും വിസ്മയത്തോടെ മാത്രമേ ഓർക്കാനാവൂ. രാത്രി ഏറെ വൈകി ഉറക്കച്ചടവിൽ മയങ്ങിയിരുന്ന സദസ്യർ ഞെട്ടിയുണരും വിധം ഹാർമോണിയം വായനയുടെ ശക്തിയും സൗന്ദര്യവും ഒരുപോലെ പ്രകടമാക്കുന്ന തരത്തിലായിരുന്നു അദ്ദേഹം ഹാർമോണിയത്തിൽ വിരലോടിച്ചു പാടിയത്.

ഇന്ത്യയിലെ തന്നെ ഏറ്റവും മികച്ച ഹാർമോണിയം നിർമ്മിക്കുന്നത് മദിരാശിയിലെ മിൻറ് സ്ട്രീറ്റിലുള്ള കണ്ണൻ ഹാർമ്മോണിയം വർക്ക്സ് ആണ്. കൊൽക്കത്തയിലും മികച്ച ഹാർമോണിയം നിർമ്മിച്ച് വിപണിയിൽ എത്തിക്കുന്നുണ്ട്.

കണ്ണൻറെ ഹാർമോണിയം സ്വന്തമാക്കുകയെന്നത് അക്കാലത്തെ എല്ലാ ഹാർമോണിസ്റ്റുകളുടെയും

**പണ്ടത്തെ ചരിത്ര – പുരാണനാടകങ്ങളുടെ അവിഭാജ്യഘടകമായിരുന്നു ചവിട്ടാർമോണിയം. മറ്റ് സംഗീതോപകരണങ്ങൾ കർട്ടനു പിന്നിൽ ഒതുങ്ങി ക്കൂടിയപ്പോൾ ഹാർമോണിസ്റ്റ് മാത്രം കസവ് വസ്ത്രവും സ്വർണാഭരണങ്ങളും ധരിച്ച് പ്രൗഢഗംഭീരനായി സ്റ്റേജിൽ തന്നെ ഉപവിഷ്ടനാവുകയാണ് പതിവ്. ആലാപനത്തിലും ഹാർമോണിയം വായനയിലുമുള്ള ഭാഗവതരുടെ പാണ്ഡിത്യപ്രകടനത്തിനു ശേഷമേ നാടകം ആരംഭിച്ചിരുന്നുള്ളു.**

വലിയ സ്വപ്നമായിരുന്നു. ഒരു ഫോർ സെറ്റ് കണ്ണൻ ഹാർമോണിയം സ്വന്തമാക്കാൻ എന്നെ സഹായിച്ചത് എൻറെ സുഹൃത്തും തബൺലിസ്റ്റുമായ പത്തനംതിട്ട ഭാസിയാണ് (മികച്ച ഹാർമോണിസ്റ്റും ഗായകനും സംഗീത സംവിധായകനുമായ പത്തനംതിട്ട രാജൻറെ സഹോദരൻ).

കൊല്ലത്ത് അക്കാലത്ത് മറ്റാർക്കും ഫോർ സെറ്റ് കണ്ണൻ ഹാർമോണിയം സ്വന്തമായി ഇല്ലാതിരുന്നതു കൊണ്ട് മറ്റ് കലാകാരന്മാർക്ക് എന്നോടുണ്ടായിരുന്ന മതിപ്പ് (അതോ അസൂയയോ) അൽപം വർദ്ധിച്ചിരുന്നില്ലേ എന്നു സംശയിക്കാതെയും വയ്യ.

കൊല്ലത്ത് തങ്കശ്ശേരി കേന്ദ്രമാക്കി പ്രവർത്തിച്ചു തുടങ്ങിയ പുതിയൊരു നാടകസമിതിയിൽ സംഗീതം പകരാൻ എത്തിയ കണ്ണൂർ രാജനെ പരിചയപ്പെട്ടത് ഈ അവസരത്തിലാണ്. എൻറെ സ്നേഹിതനും ഗാനരചയിതാവുമായ ചവറ ജെയിംസ് അതിനു വഴിയൊരുക്കി. തുടർന്ന് ഞാൻ കണ്ണൂർ രാജൻറെ അസിസ്റ്റൻറായി നാടകത്തിലും സിനിമയിലും വർഷങ്ങളോളം പ്രവർത്തിച്ചു. കുമരകം രാജപ്പൻ, ആലപ്പി സരസൻ, കലവൂർ ബാലൻ, തിയഡോർ, വൈപ്പിൻ സുരേന്ദ്രൻ, ആൽബർട്ട് വിജയൻ തുടങ്ങി നിരവധി കലാകാരന്മാർ ഹാർമോണിയം വായനയിൽ പ്രാഗത്ഭ്യം തെളിയിച്ചവരാണ്.

മദിരാശിയിലെത്തിയപ്പോൾ എൻറെ ഹാർമോണിയത്തിൻറെ പകിട്ട് അൽപം മങ്ങാതിരുന്നില്ല.

**എൻറെ അച്ഛൻ സദാശിവൻ ഭാഗവതരും അമ്മ നളിനിയും ഹാർമോണിയം വായിച്ച് പാടാൻ കഴിവുള്ള സംഗീതജ്ഞരായിരുന്നു. പ്രശസ്ത കാഥിക?രായ കെടാമംഗലം സദാനന്ദൻ, വി സാംബശിവൻ, കടവൂർ ബാലൻ, വി ഹർഷകുമാർ തുടങ്ങിയവരുടെയൊക്കെ ഹാർമോണിസ്റ്റായി അച്ഛൻ സഹകരിച്ചിട്ടുണ്ട്.**



ബാബുരാജ്

മദിരാശിയിൽ നിന്ന് നിർമ്മിച്ചിറക്കുന്ന ഫോർ സെറ്റ് കണ്ണൻ ഹാർമോണിയം കോടമ്പാക്കത്തെ പല കലാകാര?ാരും സ്വന്തമാക്കിയിരുന്നു.

റെക്കോഡിംഗ് സ്റ്റുഡിയോയുടെ വിശാലമായ ഹാളിൻറെ നടുവിൽ സംഗീത സംവിധായകൻറെ മുന്നിലിരിക്കുന്ന ഹാർമോണിയത്തിൻറെ പിന്നിൽ അണിനിരന്ന് വിവിധ വാദ്യോപകരണ വിദഗ്ദ്ധന്മാർ നൊട്ടേഷൻ എഴുതിയെടുക്കുമ്പോൾ എല്ലാ വാദ്യോപകരണങ്ങളുടെയും അടിസ്ഥാനവാദ്യമായ ഹാർമോണിയത്തിന് രാജകീയ പ്രൗഢിയായിരിക്കും.

ഒട്ടുമിക്ക സംഗീത സംവിധായകരും ഗാനങ്ങളും പശ്ചാത്തല സംഗീതവും ചിട്ടപ്പെടുത്താൻ ഹാർമോണിയത്തെയാണ് ആശ്രയിച്ചിരുന്നത്. എംഎസ് വിശ്വനാഥൻ, പുകഴേന്തി, ആർകെ ശേഖർ (എആർ റഹ്മാൻറെ പിതാവ്), അർജുനൻ മാസ്റ്റർ, കെജെ ജോയ് തുടങ്ങിയവരെല്ലാം ഹാർമോണിയം വായനയിൽ പ്രഗത്ഭരായിരുന്നു.

സ്റ്റുഡിയോയിൽ വാദ്യകലാകാരാർ നൊട്ടേഷൻ എഴുതിക്കഴി



എം എസ് വിശ്വനാഥൻ



നോട്ടേഷൻസ് പറഞ്ഞു കൊടുക്കുന്ന ജോൺസൻ

പുസ്തകം വായിക്കാൻ കൊടുത്താലുള്ള അതേ അവസ്ഥ! ഹാർമോണിയം മറ്റൊരാൾക്ക് കൈമാറാൻ ഞാൻ മടികാണിച്ചിരുന്നത് ഇക്കാരണങ്ങളാലാണ്.

കോടമ്പാക്കത്തെ വണ്ണിയാർ സ്ട്രീറ്റിൽ സംഗീത സംവിധായകൻ രവീന്ദ്രൻറെ അയൽക്കാരനായിരുന്നു ഞാൻ. കോറസ് ഗായക

**എൻറെ കുട്ടിക്കാലത്ത് കടപ്പാക്കടയിൽ കെപിഎസി അവതരിപ്പിച്ച സംഗീതപരിപാടിയിൽ എംഎസ് ബാബുരാജ് ഹാർമോണിയം വായിച്ചു പാടിയത് ഇന്നും വിസ്മയത്തോടെ മാത്രമേ ഓർക്കാനാവൂ. രാത്രി ഏറെ വൈകി ഉറക്കച്ചടവിൽ മയങ്ങിയിരുന്ന സദസ്യർ ഞെട്ടിയുണരും വിധം ഹാർമോണിയം വായനയുടെ ശക്തിയും സൗന്ദര്യവും ഒരുപോലെ പ്രകടമാക്കുന്ന തരത്തിലായിരുന്നു അദ്ദേഹം ഹാർമോണിയത്തിൽ വിരലോടിച്ചു പാടിയത്.**

ഞ്ഞാൽ പിന്നെ മറ്റ് വാദ്യങ്ങളുടെ നാദവിസ്മയമാകും ഉയരുക.

സ്റ്റുഡിയോയിൽ മുഴങ്ങുന്ന വൈവിധ്യപൂർണമായ സംഗീതശിൽപം പിറന്നത് ഹാർമോണിയത്തിലാണെങ്കിലും റെക്കോഡിംഗ് സമയത്ത് പൂർണമായും അവഗണിക്കപ്പെടുന്ന ഹാർമോണിയത്തിന് ഇന്നും ശാപമോക്ഷം ലഭിച്ചിട്ടില്ല. അപൂർവം ചില സന്ദർഭങ്ങളിൽ മാത്രം ഉപയോഗപ്പെടുത്തിയാലായി.

മാതാ അമൃതാനന്ദമയിയുടെ ആശ്രമം മദിരാശിയിലെ സാലിഗ്രാമത്തിൽ പ്രവർത്തനം ആരംഭിച്ചപ്പോൾ നടനും ഗായകനും ഡബ്ബിംഗ് ആർട്ടിസ്റ്റുമായ കൃഷ്ണചന്ദ്രൻ ഭക്തിഗാനങ്ങൾ അവതരിപ്പിക്കാനായി എൻറെ കണ്ണൻ ഹാർമോണിയം ഉപയോഗപ്പെടുത്തി. ദിവസങ്ങളോളം അത് ആശ്രമത്തിലിരുന്നു. അതോടെ പല സുഹൃത്തുക്കളും എൻറെ പക്കലുള്ള ഹാർമോണിയത്തെക്കുറിച്ച് അറിഞ്ഞു.

പല പല ആവശ്യങ്ങൾക്കായി പലരും പിന്നീട് എന്നോട് ഹാർമോണിയം ആവശ്യപ്പെടാൻ തുടങ്ങി. അതെനിക്കു ബുദ്ധിമുട്ടായി. ആവശ്യം കഴിഞ്ഞാൽ ഹാർമോണിയം വേഗം തിരികെയെത്തിക്കാൻ പലർക്കും മടിയായിരുന്നു. മറ്റുചിലരാകട്ടെ ഉപകരണം നന്നായി സൂക്ഷിക്കാറുമില്ല. സുഹൃത്തുക്കൾക്ക്



ലതികയെയും ശാലിനിയെയും പഠിപ്പിക്കുന്ന രാജേന്ദ്ര ബാബു

നായും ഡബ്ബിംഗ് ആർട്ടിസ്റ്റായും അറിയപ്പെട്ടിരുന്ന കുളത്തൂപ്പുഴ രവിയെ ';ചൂള'എന്ന ചിത്രത്തിലൂടെ സംഗീത സംവിധായകനാക്കി മാറ്റിയത് കെജെ യേശുദാസ് ആണ്. സംഗീത സംവിധായകനായി നിശ്ചയിച്ച വിവരം രവിയേട്ടനെ നേരിട്ടറിയിക്കാൻ ദാസേട്ടനു വഴി കാട്ടിയായത് ഞാനും.

രവിയേട്ടനുമായി സംസാരിച്ച് മടങ്ങുമ്പോൾ കുളത്തൂപ്പുഴ രവിയെ രവീന്ദ്രനാക്കിയ കഥ ദാസേട്ടൻ കാറിലിരുന്ന് സരസമായി വിശദീകരിച്ചത് ഞാനോർക്കുന്നു. രവി എന്നാൽ സൂര്യൻ. കുളത്തിലും പുഴയിലുമൊന്നും കിടന്നാൽ സൂര്യൻ പ്രകാശിക്കില്ല. അച്ഛനമ്മമാർ ഇട്ട പേരല്ലേ നല്ലത് - രവീന്ദ്രൻ. സംഗീത സംവിധായകനായി രവീന്ദ്രൻ എന്നറിയപ്പെട്ടാൽ മതിയെന്ന ദാസേട്ടൻറെ നിർദ്ദേശം രവിയേട്ടൻ സർവാത്മനാ സ്വീകരിച്ചു.

മറ്റ് പാട്ടുകൾ പാടുന്നതിനു പകരം സ്വന്തമായി വരികളെഴുതി അവയ്ക്ക് ഈണം നൽകി പാടിനടക്കുക അക്കാലത്ത് രവിയേട്ടൻറെ ശീലമായിരുന്നു. അങ്ങനെ ഈണം പകർന്ന ഗാനങ്ങൾ ഓരോന്നും അദ്ദേഹം എന്നെ പാടി കേൾപ്പിച്ചിരുന്നു. സംഗീതവേദികളിൽ ഞാൻ അക്കാലത്ത് സജീവമായിരുന്നതുകൊണ്ട്, തൻറെ ഈണം മറ്റേതെങ്കിലും പാട്ടിൻറെ ഛായ കലർന്നതാണോ എന്നറിയാനാണ് അദ്ദേഹം എൻറെ സഹായം തേടിയത്.

മറ്റേതെങ്കിലും സംഗീതസംവിധായകൻറെ ശൈലിയുമായി തൻറെ ഗാനങ്ങൾക്ക് സാമ്യമുണ്ടോ എന്നാണ് അദ്ദേഹത്തിന് അറിയേണ്ടത്. സലിൽ ചൗധരിയുടെ ഗാനങ്ങളുമായി സാമ്യം തോന്നുമോ എന്നതായിരുന്നു പ്രധാനപ്പെട്ട ആശങ്ക. തികച്ചും



രവീന്ദ്രൻ മാസ്റ്റർ

**കൊല്ലത്ത് അക്കാലത്ത് മറ്റാർക്കും ഫോർ സെറ്റ് കണ്ണൻ ഹാർമോണിയം സ്വന്തമായി ഇല്ലാതിരുന്നതു കൊണ്ട് മറ്റ് കലാകാരന്മാർക്ക് എന്നോടുണ്ടായിരുന്ന മതിപ്പ് (അതോ അസൂയയോ) അൽപം വർദ്ധിച്ചിരുന്നില്ലേ എന്നു സംശയിക്കാതെയും വയ്യ. കൊല്ലത്ത് തങ്കശ്ശേരി കേന്ദ്രമാക്കി പ്രവർത്തിച്ചു തുടങ്ങിയ പുതിയൊരു നാടകസമിതിയിൽ സംഗീതം പകരാൻ എത്തിയ കണ്ണൂർ രാജനെ പരിചയപ്പെട്ടത് ഈ അവസരത്തിലാണ്.**

മൗലികമായ ഈണങ്ങളാണ് രവിയേട്ടൻറേതെന്ന് ഞാൻ തറപ്പിച്ചു പറഞ്ഞു. ';താരകേ... മിഴിയിതളിൽ കണ്ണീരുമായി'എന്ന ഗാനം ഇത്തരത്തിൽ മുൻകൂട്ടി ചിട്ടപ്പെടുത്തിയിരുന്ന ഗാനങ്ങളിൽ ഒന്നാണ്. ഈണത്തിനനുസരിച്ച് സത്യൻ അന്തിക്കാട് 'ചൂള'യ്ക്കു വേണ്ടി പിന്നീട് പുതിയ വരികൾ എഴുതുകയായിരുന്നു.

അക്കാലത്താണ് എൻറെ കൈവശമുള്ള കണ്ണൻ ഹാർമോണിയത്തെ കുറിച്ച് രവിയേട്ടൻ അറിയുന്നത്. ഞാൻ രഹസ്യമായി സൂക്ഷിച്ചിരുന്ന ഹാർമോണിയം കാണാനായി രവിയേട്ടൻ ഒരു ദിവസം വീട്ടിൽ വന്നു.

അതോടെ എൻറെയുള്ളിൽ നേരിയ ഒരു അസ്വസ്ഥത അനുഭവപ്പെടാൻ തുടങ്ങി. ഈ വിവരം എൻറെ സുഹൃത്തായ തബല ബാലനോട് പറഞ്ഞപ്പോഴുണ്ടായ പൊട്ടിച്ചിരി എന്നെ കൂടുതൽ അസ്വസ്ഥനാക്കി - ഇനി ആ ഹാർമോണിയം ബാബു മറന്നേക്ക്. രവിയേട്ടൻ എങ്ങനെയെങ്കിലും അതു കൈക്കലാക്കും. അധിക ദിവസങ്ങൾ



ഹാൻഡ് ഹാർമോണിയം

കഴിഞ്ഞില്ല, രവിയേട്ടൻ കാറുമായി വന്നു.

ബാബൂ, ഒരു കമ്പോസിംഗ് ഉണ്ട്. ഹാർമോണിയം ഒന്നു വേണം. നാളെ തിരികെ തരാം.

ഹാർമോണിയം കൊടുക്കാൻ എനിക്ക് മനസ്സില്ല. എന്നാൽ രവിയേട്ടനോട് എതിർത്ത് പറയാനും വയ്യ. ഞാൻ ധർമ്മസങ്കടത്തിലായി. രവിയേട്ടൻ ഹാർമോണിയം കാറിൽ എടുത്തുവച്ച് പാഞ്ഞുപോയി. ദിവസങ്ങൾ കഴിഞ്ഞ് തമ്മിൽ കണ്ടപ്പോൾ നിറഞ്ഞ ചിരിയായിരുന്നു അദ്ദേഹത്തിൻറെ മുഖത്ത്.

ഒന്നാന്തരം ഹാർമോണിയം! വിരലൊന്നു തൊട്ടാൽ മതി, ഈണങ്ങൾ താനേ വിരിയും. തൻറെ സ്വന്തം ഹാർമോണിയത്തെപ്പറ്റി വിശദീകരിക്കുന്നതുപോലെ അദ്ദേഹം എൻറെ തോളിൽ കൈയിട്ട് വാചാലനായപ്പോൾ അസഹിഷ്ണുത കൊണ്ട് ഞാൻ വീർപ്പുമുട്ടി. ബാബൂ, അതെൻറെ കൈയിൽ ഇരിക്കട്ടെ.

നിനക്ക് എപ്പോൾ ആവശ്യമുണ്ടെങ്കിലും ഉടൻ ഈ രവിയേട്ടൻ തിരികെ എത്തിക്കും. ശരിക്കും സ്നേഹം കൊണ്ട് അദ്ദേഹം എന്നെ ഉള്ളംകൈയിലൊതുക്കി. മറുപടിക്കു വാക്കുകൾ കിട്ടാതെ ഞാൻ കുടുങ്ങി. മാസങ്ങൾ കഴിഞ്ഞതോടെ ഇനി എൻറെ ഹാർമോണിയം തിരികെ കിട്ടുകില്ലെന്ന് ഉറപ്പായതോടെ ഞാൻ അതു വിൽക്കാൻ പോവുകയാണെന്നും വാങ്ങാൻ ആളുണ്ടെന്നും രവിയേട്ടനോട് പിന്നീടൊരു കള്ളം പറഞ്ഞു.

അതു കൂടുതൽ വിനയായി. വേറെ ആർക്കും കൊടുക്കണ്ട, അതു ഞാൻ വാങ്ങിക്കൊള്ളാം. നല്ല വില തരാം? എന്നായി അദ്ദേഹം. ഇങ്ങനെ ഒരു ഊരാക്കുടുക്കിൽ മുമ്പൊരിക്കലും ഞാൻ പെട്ടിട്ടില്ല. വില തരാതെ തന്നെ എൻറെ ഹാർമോണിയം രവിയേട്ടനു സ്വന്തമായി.

വളരെ കാലം കഴിഞ്ഞാണ്



**ആർ കെ ശേഖർ**

അതിൻറെ വില രവിയേട്ടൻ തന്നത്. വില വാങ്ങിയെങ്കിലും ആ ഹാർമോണിയം എൻറെ സ്വന്തമാണെന്നു വിശ്വസിക്കാനാണ് ഇന്നും എനിക്കിഷ്ടം. പിൽക്കാലത്ത് എത്രയെത്ര മനോഹരങ്ങളായ ഗാനങ്ങളാണ് ആ ഹാർമോണിയത്തിൽ അദ്ദേഹം ചിട്ടപ്പെടുത്തിയത്!

അവയോരോന്നും കേൾക്കുമ്പോൾ അവാച്യമായ ഒരാത്മബന്ധം ആ പാട്ടുകളോട് എനിക്കുള്ളതു പോലെ തോന്നി.

രവിയേട്ടനു പിന്നീട് തിരക്കോട് തിരക്ക്. ഓരോ ചിത്രത്തിലെയും ഗാനങ്ങൾ അദ്ദേഹത്തെ പ്രശസ്

> **ആ ഹാർമോണിയം എൻറെ സ്വന്തമാണെന്നു വിശ്വസിക്കാനാണ് ഇന്നും എനിക്കിഷ്ടം. പിൽക്കാലത്ത് എത്രയെത്ര മനോഹരങ്ങളായ ഗാനങ്ങളാണ് ആ ഹാർമോണിയത്തിൽ അദ്ദേഹം ചിട്ടപ്പെടുത്തിയത്! അവയോരോന്നും കേൾക്കുമ്പോൾ അവാച്യമായ ഒരാത്മബന്ധം ആ പാട്ടുകളോട് എനിക്കുള്ളതു പോലെ തോന്നി.**

തിയുടെ കൊടുമുടിയിലെത്തിച്ചുകൊണ്ടിരുന്നു. 1990-ൽ വേണു നാഗവള്ളിയുടെ സംവിധാനത്തിൽ മോഹൻലാൽ നായകനായ ''കിഴക്കുണരും പക്ഷി' എന്ന ചിത്രത്തിൻറെ പശ്ചാത്തല സംഗീത സംവിധാനം രവീന്ദ്രൻറെ മേൽനോട്ടത്തിൽ തുടർച്ചയായി മദിരാശിയിലെ മീഡിയ ആർട്ടിസ്റ്റ് സ്റ്റുഡിയോയിൽ നടക്കുകയാണ്.

റെക്കോഡിംഗ് കഴിഞ്ഞ് രാത്രിയിൽ പലരും തങ്ങളുടെ വാദ്യോപകരണങ്ങൾ സ്റ്റുഡിയോയിൽ തന്നെ സൂക്ഷിച്ച് വീട്ടിലേക്കു മടങ്ങി.

അടുത്ത ദിവസവും റെക്കോഡിംഗ് തുടരാനുള്ളതാണ്. രാത്രിയുടെ അന്ത്യയാമങ്ങളിലെപ്പൊഴോ സ്റ്റുഡിയോയിൽ ഷോർട്ട് സർക്യൂട്ട് മൂലം തീ പടർന്നു.

ആളിക്കത്തിയ അഗ്നിനാളങ്ങളിൽ പാർത്ഥസാരഥിയുടെ വീണ, നവീൻ ഉപയോഗിച്ചിരുന്ന ഫ്ളൂട്ടുകളുടെ ബോക്സ്, ചന്ദ്രശേഖറിൻറെ കീ ബോഡ്, രമണയുടെ റിഥം ബോക്സ് ഒക്കെ പൂർണമായും കത്തിനശിച്ചു. ഒപ്പം എനിക്ക് ആത്മബന്ധമുള്ള ആ കണ്ണൻ ഹാർമോണിയവും.



● അഞ്ജലി

## ഭാരതിരാജ

**1941 ജൂലൈ 17 -2026 ജൂൺ 10**

# മുതൽ മര്യാദ!

തമിഴ് സിനിമക്ക് ആധുനിക സിനിമയുടെ രൂപവും ഭാവവും നൽകിയ ഭാരതിരാജക്ക് (84) മുതൽ മരിയാതൈ !കെ ബാലചന്ദറിനും മഹേന്ദ്രനും കൂടി അർഹതപ്പെട്ടതാണ് ഈ വിശേഷണം എങ്കിലും സിനിമയുടെ ദൃശ്യഭാഷ തമിഴ് സിനിമയിൽ അടയാളപ്പെടുത്തിയ സംവിധായകൻ എന്ന നിലയിൽ ബുധനാഴ്ച ജൂൺ പത്തിന് അന്തരിച്ച ഭാരതിരാജ മുന്നിൽ നിൽക്കുന്നു.ഇന്ന് തമിഴ് സിനിമയുടെ ഗ്രാഫ് ഏറെ ഉയർന്നു നിൽക്കുന്നു എങ്കിൽ അതിനു പിന്നിൽ ഭാരതിരാജയുടെ സിനിമകളാണ്




എന്ന് നിസ്സംശയം പറയാം .തമിഴിലെ നടന ഇതിഹാസമായ ശിവജി ഗണേശനെ കേന്ദ്ര കഥാപാത്രമാക്കി അദ്ദേഹം സംവിധാനം ചെയ്ത ചിത്രമായിരുന്നു മുതൽ മരിയാതൈ .തന്നെ സർഗ്ഗാൽമ്കകമായി ഉദ്ദീപിപ്പിച്ച മഹാനടനുള്ള ആദരവായിരുന്നു ആ ചിത്രം എന്നദ്ദേഹം പറഞ്ഞു .

കട്ടിയുള്ള മേക് അപ്പൊ അലങ്കാര വസ്ത്രങ്ങളോ കൊട്ടാര സമാനമായ സെറ്റോ ഇല്ലാതെ നിർമ്മിച്ച ആ സിനിമ  തമിഴിലെ ഒരിക്കലും മറക്കാനാകാത്ത പ്രണയ കഥയുടെ ചിത്രീകരണമാണ്.ഇള





യരാജയുടെ സംഗീതത്തിൽ വൈരമുത്തുവിൻറെ കവിതയിൽ പിറന്ന അപൂർവ്വ പ്രണയത്തിന്റെ കഥ .

കൗമാര പ്രായത്തിലുള്ള നടി രാധയും വിവാഹിതനും പ്രായമേറെ ചെന്നവനുമായ ശിവജി ഗണേശനുമായുള്ള പ്രണയം സാധാരണ പ്രണയ സങ്കൽപ്പങ്ങളെ തക്ക്ക്കുന്നതായിരുന്നു.ചിത്രം അവ്തരിപ്പിച്ചു കൊണ്ടു ശ്രീവിദ്യ പറഞ്ഞു ,''എത്രയോ ദുഖത്തിൽ ആണ്ടു ഏകാന്തമായി കഴിയുന്നവരെയും ആശ്വസിപ്പിച്ചു കൊണ്ടു ആരെങ്കിലും അകലെയെവിടെയോ നിങ്ങൾക്ക് വേണ്ടി പാടുന്നുണ്ടാകും''.ആ എശൈ പ്പാട്ട് ആണ് ഈ സിനിമയുടെ കാതൽ .രാധയുടെയും ശിവാജിയുടെയും അഭിനയ ജീവിതത്തിലെ അവിസ്മരണീയ മുഹൂർത്തം .ഇരുവർക്കും മികച്ച നടനും നടിക്കുമുള്ള അവാർഡ് കിട്ടേണ്ടതായിരുന്നു .പക്ഷെ മറ്റു കാരണങ്ങളാൽ അത് ശശി കപൂറിനും സുഹാസിനിക്കുമാണ് കിട്ടിയതെന്നു അന്നു അവാർഡ് കമ്മിറ്റിയിൽ ഉണ്ടായിരുന്ന വി കെ മാധവൻ കുട്ടി എന്നോടു പറഞ്ഞു.

തേനിയിലെ അല്ലിനഗരത്തു നിന്ന് 14 രൂപയുമായി മദ്രാസിൽ വന്ന ഭാരതിരാജക്ക് അതൊന്നും ഒരു പ്രശ്നമായിരുന്നില്ല . സിനിമയിൽ തകർന്നു പോയാലും തനിക്കു ഒരു വിഷമവും ഇല്ല എന്ന് അദ്ദേഹം എന്നോടു പറഞ്ഞു .14 രൂപ കൊണ്ടു കരുപ്പിടിപ്പിച്ചതാണ് ഇതെല്ലാം ..അദ്ദേഹത്തോടൊപ്പം അവിടെ നിന്ന് സിനിമയെ ഇളക്കിമറിച്ച ഇളയരാജയും വൈരമുത്തുവും മദ്രാസ്സിൽ എത്തി .ഇന്നും അവസാനിക്കാത്ത ഒരു തരംഗത്തിൻറെ തുടക്കം കൂടിയായിരുന്നു അത് . അങ്ങനെ 1977 –ഇൽ സിനിമയെ മോഹിപ്പിച്ച ഒരു ചിത്രം പിറന്നു –16വയതിനിലെ .ശ്രീദേവിയും കമൽഹാസനും നായികാനായകന്മാരായി അഭിനയിച്ച ചിത്രത്തിലെ വില്ലനായിരുന്നു തമിഴിനെ ഇളക്കിമറിച്ച രജനി കാന്ത് എന്ന ശിവ



ജി റാവു ഗൈക്കാദ്.ചോക്കലേറ്റ് നായക പരിവേഷം മാറ്റി വെച്ചു ചാപ്പാണി മുത്തുവിനെ അവതരിപ്പിച്ച കമൽഹാസനായിരുന്നു ഭാരതിരാജക്ക് ശക്തി പകർന്നത് .തമിഴ് ഗ്രാമങ്ങളുടെയും ഗ്രാമീണ ജീവിതത്തിന്റെയും ശീലുകൾ ഒപ്പിയെടുത്ത ചിത്രമായിരുന്നു അത് .എസ് ജാനകി ആലപിച്ച സിന്ദൂര പൂവേ എന്ന ഗാനം ദേശീയ അവാർഡ് നേടി .പിൽക്കാല സിനിമകളെ അവ പ്രചോദിപ്പിച്ചു .



തൻറെ സിനിമയിൽ മലയാളത്തോടുള്ള കടപ്പാട് അദ്ദേഹം വ്യക്തമാക്കുന്നുണ്ട് . പി എൻ മേനോൻ ആണ് തന്നെ ഏറെ സ്വാധീനിച്ച സംവിധായകൻ എന്ന് അദ്ദേഹം പറയുകയുണ്ടായി .സേതുമാധവന്റെയും എം കൃഷ്ണന നായരുടെയും സഹസംവിധായകൻ കൂടിയായിരുന്നു അദ്ദേഹം പുതിയ ആധുനിക ആശയങ്ങളോടുള്ള പ്രതിബദ്ധത് അദ്ദേഹത്തിൻറെ സിനിമയിൽ നന്നായി നിഴലിക്കുന്നു .മൺ വാസന ആണെങ്കിലും വേദം പുതുത് ആണെങ്കിലും അദ്ദേഹം യാഥാസ്ഥിതികത്വത്തെ നിഷേധിക്കുന്നു .ഒരു പക്ഷെ തമിഴ് പെണ്ണിന് ധീരത പകർന്ന സിനിമകളാണ് അദ്ദേഹത്തിൻറെ എല്ലാ ചിത്രങ്ങളും .

നായിക നായകന്മാരെ കണ്ടെത്തുന്നതിലും അവരിൽ നിന്ന് പരമാവധി അഭിനയം നേടുന്നതിലും അദ്ദേഹത്തിനു അസാധാരണ സിദ്ധിവിശേഷം ഉണ്ട് .അദ്ദേഹം സെറ്റിൽ അഭിനയിച്ചു കാട്ടുമെന്നു നടൻ വിജയൻ പറഞ്ഞതോർക്കുന്നു .ഒരവസരത്തിൽ ഒരു പ്രമുഖ നടിയുടെ കവിളിൽ അദ്ദേഹത്തിൻറെ കയ്യു പതിഞ്ഞു .അദ്ദേഹത്തിൻറെ സ്വരം മലയാളത്തിൽ നിന്ന് തമിഴിൽ വന്ന നടന്മാർക്ക് അനുഗ്രഹമായി.

രേവതിയെ അദ്ദേഹം കണ്ടെത്തുന്നത് ഒരു ബസ് സ്ടോപ്പിൽ നിന്നാണ് . മൺവാസനയിലെ അഭിനയം രേവതിയുടെ ജീവിതത്തിലെ നാഴികക്കല്ലായി .രാധയുടെ ജീവിതത്തിലെ നല്ല വേഷം മുതൽ


മരിയാതെ ആയിരുന്നു .രഞ്ജിനി ആ ചിത്രത്തിലൂടെ നായികയായി . കിഴക്ക് പോകും റെയിലിൽ അഭിനയിച്ച രാധിക പ്രതാപ് പോത്തന്റെ ആദ്യ ഭാര്യയായി .നടൻ വിജയന്റെ ശക്തമായ വേഷം അതിലായിരുന്നു .അവർ ഇപ്പോഴും സിനിമയിലെ വലിയ സാനിധ്യമാണ് .രേഖ കടലോരക്കവിതകളിൽ നിറഞ്ഞു നിന്നു .സത്യരാജിന്റെ നല്ല ചില ചിത്രങ്ങൾ അദ്ദേഹത്തിന്റെതാണ്

തേനിയിൽനിന്നു വന്ന ആ സുഹൃദ് സംഘം യഥാർത്ഥത്തിൽ തമിഴ് സിനിമയുടെ ഭാവുകത്വം മാറ്റിയെഴുതി .ഭാർതിരാജയോടു എക്കാലവും തമിഴ് സിനിമ കടപ്പെട്ടിരിക്കുന്നു

-പി എസ്

# തമിഴ് സിനിമ ഭാരതിരാജക്ക് മുൻപും ശേഷവും

ഞാൻ തമിഴ് സിനിമകൾ ഇഷ്ടപ്പെട്ട് തുടങ്ങിയത് ഭാരതിരാജയുടെ സിനിമകൾ കാണാൻ തുടങ്ങിയത് മുതല്ക്കാണ്. ജീവിത ഗന്ധിയായ കഥകൾ ഗ്രാമീണ പശ്ചാത്തലത്തിൽ ഭാരതിരാജ അവതരിപ്പിക്കുമ്പോൾ അതിന് ഒരു ക്ലാസ്സിക് തലം കൈവരുമായിരുന്നു. സത്യത്തിൽ തമിഴ് സിനിമയുടെ ചരിത്രം രചിക്കപ്പെടുമ്പോൾ ഭാരതിരാജക്ക് മുൻപും അതിനു ശേഷവും എന്നിങ്ങനെ രണ്ടു കാലഘട്ടം ഉണ്ടായിരിക്കും.



അതിഭാവുകത്വവും, മെലോഡ്രാമയും നിറഞ്ഞ തട്ടുപൊളിപ്പൻ സിനിമകളായിരുന്നു അതുവരെ തമിഴ് പ്രേക്ഷകർ കണ്ടു കൊണ്ടിരുന്നത്. സ്റ്റുഡിയോ ഫ്ലോറുകളിൽ തളിച്ചിട്ടിരുന്ന സിനിമ ചിത്രീകരണത്തെ മനോഹരമായ ഗ്രാമീണ ലൊക്കേഷനുകളിലേക്ക് അദ്ദേഹം പറിച്ചു നട്ടു. 'മയിൽ ' എന്ന കഥയെ ആസ്പദമാക്കിയെടുത്ത 16 വയതിനിലേ എന്ന ചിത്രം അതുവരെ കണ്ട തമിഴ് സിനിമകൾ പോലെയല്ലായിരുന്നു എം.ജി.ആർ, ശിവാജി, ജെമിനി ഗണേശൻ തുടങ്ങിയവർ അരങ്ങ് വാണിരുന്ന സ്ഥാനത്തേക്ക് താരതമ്യേന പുതുമുഖങ്ങളായ കമൽ, രജനി, ശ്രീദേവി തുടങ്ങി വരെ അദ്ദേഹം അവതരിപ്പിച്ചു. ആ സിനിമ തിയേറ്ററുകളിൽ ഒരു വർഷം തികച്ച് ഓടി എല്ലാ കളക്ഷൻ റെക്കാർഡുകളും ഭേദിച്ചു. അതൊരു ജൈത്രയുടെ തുടക്കം മാത്രമായിരുന്നു. തുടർന്ന് മൺവാസനൈ, അലൈകൾ ഒയ്തവതില്ലൈ, നിറം മാറാത പൂക്കൾ തുടങ്ങി എത്രയെത വൈവിദ്ധ്യമാർന്ന ചിത്രങ്ങൾ.. എല്ലാം ഹിറ്റുകൾ.

ഭാരതിരാജ സിനിമകളിൽ എനിക്കേറ്റവും പ്രിയപ്പെട്ടത് 'മുതൽ മര്യാദൈ' ആണ്. വിവാഹിതനായ ഒരു മധ്യവയസ്കൻ (ശിവാജി),

ഗ്രാമീണയായ ഒരു യുവതിയുമായി(രാധ) പ്രണയത്തിലാവുന്നു. രണ്ടു പേർക്കുമിടയിൽ രൂപപ്പെട്ടുവരുന്ന പ്രണയത്തെ ഇളയരാജയുടെ പാട്ടുകളുമായി സമന്വയിപ്പിച്ച് ഭാരതിരാജ ഇതിനെ അതിമനോഹരമായ ഒരു ചലച്ചിത്ര കാവ്യമാക്കി മാറ്റി.

എടുത്ത പറയേണ്ട മറ്റൊരു കാര്യം അമിതാഭിനയ പ്രവണതയിൽ നിന്ന് ശിവാജി ഗണേശനെ മെരുക്കിയെടുത്തതാണ്. ഈ ചിത്രം പിന്നീട് നിരവധി അവാർഡുകൾ വാരിക്കൂട്ടി. ഇന്ന് ശിവാജിയുടെ ഏറ്റവും മികച്ച സിനിമ ഏതെന്ന് ചോദിച്ചാൽ മുതൽ മര്യാദ ആണെന്ന് പ്രേക്ഷകർ മറുപടി പറയും.

കുറച്ച് മുൻപ് ഉണ്ടായ മകന്റെ (മനോജ് ഭാരതി രാജ) അകാല നിര്യാണം ഇദ്ദേഹത്തെ പാടെ തകർത്തു കളഞ്ഞു. പിതാവ് സംവിധാനം ചെയ്ത 'താജ്മഹൽ' എന്ന ചിത്രത്തിലൂടെയാണ് മനോജ് നായകനാവുന്നത്.

മകന്റെ മരണം അദ്ദേഹത്തെ പെട്ടെന്ന് വൃദ്ധനാക്കി മാറ്റിയ പോലെ തോന്നിച്ചു. അവസാന കാലത്ത് ഭാരതിരാജ കുറെ ചിത്രങ്ങളിൽ നല്ല വേഷങ്ങളിൽ അഭിനയിച്ചിരുന്നു.. അതിലൊന്നാണ് മോഹൻലാൽ നായകനായ തുടരും എന്ന ചിത്രം.

ഇന്ന് ഭാരതിരാജ അന്തരിച്ചു. ഈ ലോകം വിട്ടുപോയെങ്കിലും അദ്ദേഹത്തിന്റെ മികച്ച സിനിമകൾ എക്കാലത്തും അദ്ദേഹത്തിന്റെ നിത്യസ്മാരകങ്ങളായി നിലനില്കുമെന്ന് ഉറപ്പാണ്..

**പി എൻ നാസർ**

# 16 വയതിനിലേ അതിമോഹങ്ങളും സാമൂഹിക നിയന്ത്രണങ്ങളും

16 വയതിനിലേ എന്ന സിനിമ മനുഷ്യന്റെ ആഗ്രഹങ്ങളെയും (അതിമോഹങ്ങളെയും) അതിന്മേലുള്ള സാമൂഹിക നിയന്ത്രണങ്ങളെയും (പോലീസിംഗിനെയും) കുറിച്ചുള്ള ഒരു പഠനമാണ്.

പതിനാറു വയസ്സുകാരിയായ മയിലിന് ഒരു സ്കൂൾ ടീച്ചർ ആകണമെന്നാണ് മോഹം. , സ്വന്തം ഭാവിയെ കരുപ്പിടിക്കാനുള്ള ബുദ്ധിമതി. മയിലിനു ചുറ്റുമായി മൂന്ന് പുരുഷന്മാരെ വിന്യസിച്ചിരിക്കുന്നു.

1 ചപ്പാനി - മറ്റുള്ളവരുടെ പരിഹാസങ്ങൾ ഏറ്റുവാങ്ങുന്ന, മുടന്തനായ ട്ടം തൊഴിലാളി.ആത്മസമർപ്പണത്തിൽ മാത്രമാണ്ജീവിതം. യാതൊരുവിധ ലാഭേച്ഛയുമില്ലാത്ത യഥാർത്ഥ പ്രണയത്തിന്റെ പ്രതിനിധി.

2 പരട്ടൈ - ഒരു തീപ്പെട്ടിക്കൊള്ളിയിലൂടെയും പിൽക്കാലത്ത് തമിഴ് സിനിമയുടെ ഗതി മാറ്റിയ 'ഇതു എപ്പടി ഇരുക്ക്' എന്ന ഡയലോഗിലൂടെയും രജനീകാന്ത് തന്റെ ഭീകരത പൂർണ്ണമായി ആവാഹിച്ചെടുത്ത ആ ഗ്രാമീണ ഗുണ്ട;

3 നഗരത്തിൽ നിന്നെത്തിയ മൃഗഡോക്ടറായ സത്യജിത്ത് - അവന്റെ ആഢംബരത്തിന് പിന്നിൽ ഒളിഞ്ഞിരിക്കുന്നത് മനുഷ്യന്റെ ഏറ്റവും പഴയ വേട്ടയാടൽ മനോഭാവം (കാമം) മാത്രമാണ്.


"16 വയതിനിലേ" പടത്തിൽ കമൽ, ശ്രീദേവി.

ഗ്രാമം മയിലിനെ സംരക്ഷിക്കുകയല്ല, മറിച്ച് അവളെ നിരന്തരം നിരീക്ഷിക്കുകയാണ് ചെയ്യുന്നത്. വിദ്യാഭ്യാസം അവളെ മറ്റുള്ളവരിൽ നിന്ന് വേറിട്ടു നിർത്തുന്നു, അതുപോലെ സൗന്ദര്യം അവളെ കൂടുതൽ ദുർബലയാക്കുന്നു; ഈ രണ്ട് ഘടകങ്ങളും വന്നുചേരുന്ന കൃത്യമായൊരു ജംഗ്ഷനിലാണ് സിനിമയുടെ ദാരുണമായ ദുരന്തം നിർമ്മിക്കപ്പെട്ടിരിക്കുന്നത്. ഒടുവിൽ ആ അക്രമം പൊട്ടിപ്പുറപ്പെടുമ്പോൾ, അത് ചപ്പാനിയുടെ ഒരു പരിവർത്തനമായാണ് വരുന്നത്. സമൂഹം അതുവരെ വെറുപ്പോടെ നോക്കിക്കണ്ട ആ മനുഷ്യൻ , ആ ഗ്രാമക്കൂട്ടായ്മ നൽകാൻ വിസമ്മതിച്ച നീതി നടപ്പാക്കാനുള്ള ഒരു ആയുധമായി മാറുകയാണ് ചെയ്യുന്നത്

**മാത്യു സണ്ണി കെ**



## സലിംകുമാർ
## (1970-2026)

# മായാത്ത ചിരി

ജീവിതം തന്നെ കറുത്ത ഹാസ്യമാകുന്ന ഈ കാലത്ത് സലിംകുമാറിന്റെ വിയോഗം നമുക്ക് വലിയ നഷ്ടമാണ് .ആ ചിരിയും അദ്ദേഹം ജീവൻ നൽകിയ വാക്കുകളും സന്ദർഭങ്ങളും മലയാളിക്ക് ഒരിക്കലും മറക്കാനാകില്ല

ആദാമിന്റെമകൻ  അബു കണ്ടതിനു ശേഷം ഇന്നും എന്നും മനസ്സിൽ സലിം കുമാർ ഒരു മുസ്ലിമാണ് .അല്ല എന്ന് അറിഞ്ഞിട്ടും ആ ധാരണ മാറുന്നില്ല .അത്ര തന്മയത്വത്തോടെയാണ് ഹജ്ജിനു പോകാൻ മോഹിക്കുന്ന ഒരു സാധു മനുഷ്യൻറെ കഥ /റോൾ അദ്ദേഹം ചെയ്യുന്നത് .ഉജ്ജ്വലമായിരുന്നു ആ അഭിനയം .അതെ പോലെയായിരുന്നു കടുത്ത കോൺഗ്രസ് അനുഭാവി ആയിട്ടും അദ്ദേഹം ഇടതുപക്ഷക്കാരൻ ആണെന്ന തോന്നൽ.നല്ല മൂല്യങ്ങളോടുള്ള ആ പ്രതിബദ്ധത ആകാം അങ്ങനെയൊരു ധാരണ രൂപപെട്ടതിന് മുന്നിൽ . ആ ചിത്രത്തിലൂടെ മികച്ച നടന് ദേശീയ അവാർഡ് നേടിയ അദ്ദേഹം മാമൂൽ നായക സങ്കൽപ്പങ്ങളെ തിരുത്തിയെഴുതി .അതിനു മുൻപേ അച്ഛനുറങ്ങാത്ത വീട്ടിൽ എന്ന ചിത്രത്തിലൂടെ അദ്ദേഹം മികച്ച രണ്ടാമത്തെ നടനുള്ള അവാർഡും നേടിയിരുന്നു.എങ്കിലും അദ്ദേഹം കുടുതൽ അറിയപ്പെട്ടത് ഹാസ്യ നടനായിട്ടാണ് .ഹാസ്യം നന്നായി വഴങ്ങുന്ന അസാധാരണ നടൻ ആണ് അദ്ദേഹം എന്നതാണ് യാഥാർത്ഥ്യം .ഒരു പക്ഷെ ഹാസ്യത്തിൽ തളക്കപ്പെട്ടത്  മൂലം നല്ല

**ആദാമിന്റെമകൻ  അബു കണ്ടതിനു ശേഷം ഇന്നും എന്നും മനസ്സിൽ സലിം കുമാർ ഒരു മുസ്ലിമാണ് . അല്ല എന്ന് അറിഞ്ഞിട്ടും ആ ധാരണ മാറുന്നില്ല . അത്ര തന്മയത്വത്തോടെയാണ് ഹജ്ജിനു നപോകാൻ മോഹിക്കുന്ന ഒരു സാധു മനുഷ്യൻറെ കഥ /റോൾ അദ്ദേഹം ചെയ്യുന്നത് . ഉജ്ജ്വലമായിരുന്നു ആ അഭിനയം .**

നടൻ എന്ന സ്ഥാനം നഷ്ടപ്പെട്ട അടൂർ ഭാസിയോടാണ് സലിംകുമാറിനെ താരതമ്യപ്പെടുത്താൻ കഴിയുക.അദ്ദേഹത്തിൻറെ ചെറിയാച്ചന്റെ ക്രൂര ക്രുത്യങ്ങൾ ഒരു ഉദാഹരണം.സിനിമയിൽ ഹാസ്യ നടൻ ഇല്ല, നടനെ ഉള്ളൂ  എന്ന് വാദിച്ചവരായിരുന്നു ഇരുവരും.പക്ഷെ സിനിമക്ക് അവശ്യം അവരുടെ ഹാസ്യ വേഷമായിരുന്നു അവരുടെ മൂർച്ചയേറിയ ഫലിതങ്ങളായിരുന്നു.

മാത്രമല്ല വളരെ സങ്കീർണ്ണമായ ഈ ലോകത്തിൽ റീലുകളും കോമഡി ക്ലിപ്പുകളും നിറയുന്ന ഈ സമൂഹ മാധ്യമകാലത്ത് പ്രേക്ഷകരെ ചിരിപ്പിക്കാൻ അതുല്യ നടനു മാത്രമേ കഴിയൂ .തൊട്ടതെല്ലാം പൊന്നാക്കിയ ,പ്രേക്ഷകരെ കുടു കുടെ ചിരിപ്പിച്ച നടനായിരുന്നു സലിംകുമാർ.തെരഞ്ഞെടുപ്പു പ്രചാരണത്തിൽ പോലും, തുടർഭരണം എന്ന് പറയുന്നവരെ ചികിത്സിക്കാൻ കുടം കുളത്ത് നിന്ന് വൈദ്യുതി വാങ്ങേണ്ടി വരും എന്ന് പറഞ്ഞു ചിരിപ്പിച്ച പ്രാസംഗികൻ കൂടിയാണ് അദ്ദേഹം.

സലിംകുമാറിന്റെ കഥാപാത്രങ്ങൾ എല്ലാവർക്കും ഹൃദിസ്ഥമാണ് .മിമിക്രിയിൽ നിന്ന് വന്ന പല ന്ടന്മാരെയുംപോലെ പ്രേക്ഷകരെ അദ്ദേഹത്തിന് കയ്യിലെടുക്കാൻ ബുദ്ധിമുട്ട് ഉണ്ടായില്ല .ഇഷ്ടമാണ് നൂറു വട്ടം എന്ന സിനിമയിലെ കൃശഗാത്രനായ യുവാവ് തൻറെ പ്രകടനം കൊണ്ടു ശാരീരിക പരിമിതികളെ പിന്നിലാക്കി .ആ പരിമിതി തന്നെ അദ്ദേഹത്തിൻറെ തുറപ്പ് ശീട്ടായി .

നായകന്റെയോ സഹ നടന്റെയോ എത്രയോ താഴെയാകും ഒരു ഹാസ്യ നടൻറെ സ്ഥാനം.അദ്ദേഹം നായകന് തൊട്ടു നേരെ നിന്നു. ചിലപ്പോൾ നായകനെ അമ്പരപ്പിക്കുന്ന അഭിനയ ശേഷിയോടെ . ചതിക്കാത്ത ചന്തുവിലെ മൈക്കൽ ജാക്സനെ ഓർക്കുക.

**മികച്ച അഭിനേതാക്കളുടെ വലിയ ഒരു ശ്രേണി തന്നെ മലയാളത്തിൽ ഉണ്ട് . പക്ഷെ നർമ്മരസം തുളുമ്പുന്ന കഥാപാത്രങ്ങളെ അവതരിപ്പിക്കാൻ കഴിയുന്ന നടന്മാർ വളരെ കുറവാണ് നമുക്ക് . ജീവിതം തന്നെ കറുത്ത ഹാസ്യമാകുന്ന ഈ കാലത്ത് സലിംകുമാറിന്റെ വിയോഗം നമുക്ക് വലിയ നഷ്ടമാണ് .**



പൂണ്ടു വിളയാടുകയായിരുന്നു സലിംകുമാർ.

തെങ്കാശി പട്ടണത്തിൽ അദ്ദേഹം ഒരു കോമിക് ത്രില്ലറിന് ശക്തി പകർന്നു .   ഗ്രാമ ഫോണിൽ തബല ഭാസ്കരൻറെ അപൂർവ്വ മികവുള്ള വേഷം നമുക്ക് മറക്കാനാകില്ല . മുരളിക്ക് ഒപ്പം നിൽക്കുന്നു സലിംകുമാർ ചിത്രത്തിൽ .

വടക്കൻ പറവൂരിൽ ഒരു സാധാരണ കുടുംബത്തിൽ ജനിച്ചു ഭരതൻ മാഷ് മൂലം മഹാരാജാസിൽ അഡ്മിഷൻ നേടിയ ഒരു ബാലൻ 56 ആം വയസ്സിൽ അന്തരിക്കുമ്പോൾ ഒരു നാട് മുഴുവൻ തല കുനിക്കുന്നു .പൊതുവേ സാംസ്കാരികരംഗം കയ്യടക്കിയിരിക്കുന്ന ഇടതു പക്ഷക്കാരൻ അല്ലെങ്കിലും , ആജീവനാന്ത കോൺഗ്രസ് എന്ന് ഉറച്ചു പ്രഖ്യാപിച്ചിട്ടും സലിംകുമാർ സംസ്കാരിക ഭൂമികയിൽനിന്നു അപ്രത്യക്ഷൻ ആയില്ല . രാഷ്ട്രീയവും തൻറെ ലൂക്കും എതിരായിട്ടും അതിനെതിരെ പൊരുതി നിന്നു  എന്നതാണ് സലിംകുമാറിൻറെപ്രത്യേകത.യഥാർത്ഥത്തിൽ സൗന്ദര്യ സങ്കൽപ്പങ്ങളെ മാറ്റി മറിച്ച ഒരു കാലഘട്ടത്തിലാണ് അദ്ദേഹം ജീവിച്ചതെങ്കിലും ആകാരം  ഒരു പ്രശ്നമായി തുടർന്നു എന്ന് വേണം കരുതാൻ. മീശ മാധവനിൽ  തനിക്കു ലുക്ക് ഇല്ലന്നെ ഉള്ളൂ എന്ന്  തികഞ്ഞ ആല്മവിശ്വാസത്തോടെ നടൻ പറയുന്നുണ്ട്. ചോക്കലേറ്റ് നായകന്മാരിൽ അഭിരമിച്ചിരുന്ന കാലഘട്ടത്തിൽനിന്നു മാറിയെങ്കിലും സലിംകുമാറിനെ പോലെയുള്ളവർക്ക് അരികു വേഷങ്ങളിൽ പ്രത്യക്ഷപ്പെടാനായിരുന്നു യോഗം .

പക്ഷെ തല്ലു മാല എടുക്കുക. ജോക്കർ വേഷത്തിൽ ചെറിയ ഒരു ഗാന രംഗത്ത് വരുന്ന നടൻ നമ്മെ അതിശയിപ്പിക്കുന്നു.അതെ പോലെ മൈക്കൽ ജക്സനായി ഉയരങ്ങളിൽ എത്തുന്നു .ഇതേ നടനു മായാവിയിൽ മമ്മൂട്ടിയോടൊപ്പം തിളങ്ങുന്നത് .അൽ  കമലാസനനായി മമ്മൂട്ടിയോടൊപ്പം പിടിച്ചു നിൽക്കുന്നത് . സ്വയം ഇകഴ്ത്തുന്ന ഹാസ്യ കഥാപാത്രങ്ങൾക്ക് പകരം നായകനൊപ്പം നിൽക്കുന്ന താരമായി സലിംകുമാർ ഉയരുന്നു.

മികച്ച അഭിനേതാക്കളുടെ വലിയ ഒരു ശ്രേണി തന്നെ മലയാളത്തിൽ ഉണ്ട് .പക്ഷെ നർമ്മരസം തുളുമ്പുന്ന കഥാപാത്രങ്ങളെ അവതരിപ്പിക്കാൻ കഴിയുന്ന നടന്മാർ വളരെ കുറവാണ് നമുക്ക് .ജീവിതം തന്നെ കറുത്ത ഹാസ്യമാകുന്ന ഈ കാലത്ത് സലിംകുമാറിന്റെ വിയോഗം നമുക്ക് വലിയ നഷ്ടമാണ് .ആ ചിരിയും അദ്ദേഹം ജീവൻ നൽകിയ വാക്കുകളും സന്ദർഭങ്ങളും മലയാളിക്ക് ഒരിക്കലും മറക്കാനാകില്ല

**പി എസ്**

# സ്വർണ്ണം വിൽക്കാൻ ഏറ്റവും നല്ലത് നമ്മുടെ അച്ചായൻസ് തന്നെ



SINCE 2005

21 Year Legacy of Trust & Quality

40+ BRANCHES

KERALA'S NO.1 GOLD BUYER

## അച്ചായൻസ് ഗോൾഡ്

916 HALLMARKED JEWELLERY

എറണാകുളം, കോട്ടയം
ഇടുക്കി, പത്തനംതിട്ട, ആലപ്പുഴ, കൊല്ലം

**85900 46 916 | 90613 50 916**

www.achayansgold.in

വിദേശ പഠനം / ജോലി
തുടങ്ങിയ ആവശ്യങ്ങൾക്കായി
സ്വർണ്ണം വിൽക്കുമ്പോൾ*
**BRANDED TROLLEY BAG**
സമ്മാനമായി നൽകുന്നു.
*(4 Lakhs and above*)*




**FOR SPECIAL NRI SERVICES**
CONTACT: Mr. Shinil Kurian
**90723 88 173**

# ചിത്രലോകം

പെയിന്റിംഗ്:
**വത്സരാജ്**




KALYAN SILKS
Dressing up India. Since 1909.
KING OF
KANCHIPURAM


445+
SHOWROOMS
14 COUNTRIES
MALABAR
GOLD & DIAMONDS
GOLDEN SUMMER
A Season Of Golden Rewards
Up to
50% off
On Gold Making Charges
& Diamond Value
*T&C Apply
Offer Not Valid In Santa Clara
Valid from
27th June to 26th July, 2026